Date of publication : 1 മാർച്ച് 2022
വോള്യം 18/ലക്കം 22
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



# മുന്നേറ്റവഴികൾ



വായിക്കാം സംഘടിതയിലൂടെ
പുതിയ കാലത്തെ
സ്ത്രീയെ
പുനർനിർവ്വചിക്കുന്ന
സ്ത്രീപക്ഷ മാസിക
സംഘടിത
www.sanghaditha.com

# സംഘടിത

മാർച്ച് 2022/ വോള്യം 18/ലക്കം 22





**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
ജ്യോതി നാരായണൻ
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



തൊഴിലിലെ സ്ത്രീകളുടെ പങ്കാളിത്തം: സാദ്ധ്യതകൾ, പരിമിതികൾ
**ഡോ. സോണിയ ജോർജ്ജ്** 6

സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകളും സുരക്ഷയ്ക്കുള്ള സംവിധാനങ്ങളും
**ഡോ. അമൃത കെ. പി. എൻ.** 15

ഇന്ത്യൻ രാഷ്ട്രീയം അകത്തളങ്ങളിൽ
**ജ്യോതി നാരായണൻ** 21

മാധ്യമരംഗത്തെ സ്ത്രീകൾ
**കെ. എ. ബീന** 28

'സ്ത്രീ' ഒരു ഗവേഷണ-പഠന വിഷയമാകുമ്പോൾ
**ഹമീദ സീ. കെ.** 34

സമകാലിക സാഹിത്യത്തിലെ സ്ത്രീയവസ്ഥകൾ
**ഉപ്പും മുളകും /ഗീത** 44

സങ്കേതികവിദ്യയും സ്ത്രീകളും
**ജഗതി പി.** 47

കുടുംബം : ഒരു തിരിഞ്ഞുനോട്ടം
**ശോഭ** 52

ചലച്ചിത്രങ്ങളിലെ ബദലിടം
**ഡോ. അനു പാപ്പച്ചൻ** 55

കെ.എ. ബീന :ഗിമ്മിക്കുകളില്ലാത്ത എഴുത്തുകാരി
**അഭിമുഖം /തസ്മിൻ** 58

ഈ യുദ്ധം നമുക്ക് ജയിച്ചേ പറ്റൂ!
**പെൺപക്ഷം /അജിത കെ.** 62

ഇയ കിവ യുദ്ധം എന്ന മഹാദുഃഖം
**വഴിത്താരകൾ /ജാനകി** 63

വാടക വീടുകളും ഉച്ച ഭക്ഷണവും : ജോൺ ഡിഡിയൻ പ്രൗസ്റ്റ് ചോദ്യാവലിക്ക് മറുപടി പറയുന്നു
**ആർച്ച എൻ. ജി.** 64

നമ്മുടെ മക്കൾ സ്വാതന്ത്ര്യം ശ്വസിക്കട്ടെ
**വാസ്തവം /ഡോ. ജാൻസി ജോസ്** 68

യുദ്ധകാല വനിതാദിന ചിന്തകൾ
**ഡോ. നീന ജോസഫ്** 69

അറിയണം എസ്തർ മിറിയം സിമ്മർ ലെഡർബെർഗിനെ
**ശാസ്ത്രം /സീമ ശ്രീലയം** 72

# മുഖവുര



ഷീബ കെ.എം.

റഷ്യയുടെ യൂക്രെയ്ൻ അധിനിവേശാക്രമണം ഏറെ ആശങ്കാജനകമായി തുടരുകയാണ് . യുദ്ധഭൂമിയിൽ നിന്നുള്ള ദുരന്തചിത്രങ്ങളാൽ മനസ്സ് തകരുന്നു. രാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങൾക്ക് അക്രമത്തിലൂടെ മാത്രമേ പരിഹാരം കണ്ടെത്താൻ സാധിക്കൂ എന്ന യുക്തി ആണത്ത പ്രധാനമായ രാഷ്ട്രീയ സങ്കല്പങ്ങളുടെ ഉത്പന്നമാണ്. ആരുടെ പക്ഷത്താണ് ശരി എന്നല്ല ആരാണ് യുദ്ധവെറിയുടെ പക്ഷത്ത് എന്ന ചോദ്യം മാത്രമേ അവശേഷിക്കുന്നുള്ളൂ. സംഘർഷഭൂമികളിൽ ഏറ്റവും ദുരിതമനുഭവിക്കുന്നവർ സ്ത്രീകളാണെന്നത് കൂടി ചേർത്ത് ആലോചിക്കുമ്പോൾ ലോകത്തിലെ എല്ലാ യുദ്ധങ്ങളും അവസാനിക്കാനായുള്ള സമാധാന ആഹ്വാനങ്ങളുമായി ഇനിയും ഐക്യപ്പെടാതിരിക്കാനാവില്ല.

രാജ്യത്തെ ക്രിമിനൽ നിയമാവലികൾ ഭേദഗതി ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണല്ലോ.ദാമ്പത്യബന്ധങ്ങൾക്കകത്ത് നടക്കുന്ന ലൈംഗിക ബലാൽക്കാരങ്ങളെ കുറ്റകരമാക്കാനുള്ള നീക്കങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. വിവാഹ ഉടമ്പടിയിൽ ലൈംഗികബന്ധത്തിനായുള്ള അനുവാദം അടങ്ങിയിട്ടുണ്ട് എന്നാണ് ഇന്ത്യൻ ശിക്ഷാനിയമത്തിൽ(1860) വിവക്ഷിച്ചിരിക്കുന്നത്. എന്നാൽ അനുവാദമില്ലാത്ത ലിംഗപ്രവേശം ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 375 പ്രകാരം ലൈംഗിക ബലാൽക്കാരമായി പരിഗണിക്കുന്നുണ്ട് താനും. വകുപ്പ് 375 ലെ രണ്ടാം അപവാദത്തിൽ 18 വയസ്സിന് താഴെയാണ് ഭാര്യ എങ്കിൽ മാത്രമേ ലൈംഗികബന്ധം ബലാൽക്കാരത്തിന്റെ പട്ടികയിൽ പെടുകയുള്ളൂ. ദാമ്പത്യബന്ധങ്ങളെ അധികാരപ്രയോഗങ്ങളുടേയും അതിക്രമങ്ങളുടേയും സാധ്യതകളായി നിലനിർത്തുന്നതിൽ ഈ സ്ത്രീവിരുദ്ധ നിയമങ്ങൾക്ക് ഗൗരവമായ പങ്കുണ്ട്. വിവാഹം എന്ന സമ്പ്രദായം ഏതു വിധേനയും പരിപോഷിപ്പിച്ചു നിർത്തണം എന്ന നിലപാട് അത്യന്തം അപലപിനീയമാണ്.

സംസ്ഥാനത്തെ ബി.എഡ്. കോളേജുകളിൽ അധ്യാപകവിദ്യാർത്ഥികൾക്ക് പരിശീലന കാലയളവിൽ 'സൗകര്യപ്രദവും മാന്യവുമായ' എത് വസ്ത്രവും ധരിക്കാമെന്ന് സർക്കാർ ഉത്തരവിട്ടിരിക്കുന്നു. ഇത് തികച്ചും സ്വാഗതാർഹമാണെങ്കിലും മാന്യതയുടെ ആവർത്തന പ്രയോഗങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.


സെന്ന ഹെഗ്ഡെയുടെ '1744 വൈറ്റ് ആൾട്ടോ' എന്ന ചലച്ചിത്രത്തിന്റെ നിർമ്മാണത്തിന് ലൈംഗികപീഡന പരാതിപരിഹാരസമിതി രൂപീകരിച്ചിരിക്കുന്നു എന്നറിയുന്നതിൽ സന്തോഷം. മലയാള ചലച്ചിത്ര നിർമ്മാണ രംഗത്ത് ലൈംഗികപീഡനം നീറുന്ന പ്രശ്നമായി തുടരുന്ന സാഹചര്യത്തിൽ ഏറ്റവും ശ്ലാഘനീയമായ ഒരു നടപടിയാണിത്.

ആൺ പെൺ ലിംഗലൈംഗികസ്വത്വ വ്യത്യാസമില്ലാതെ കുട്ടികൾക്ക് പഠനം, വിനോദം, കായികം, കല, സാഹിത്യം എന്നീ മേഖലകളിൽ തുല്യ അവസരങ്ങൾ ലഭ്യമാക്കാൻ കുടുംബശ്രീ ജില്ലാ മിഷനുകളും സ്നേഹിത ജെൻഡർ ഹെല്പ് ഡെസ്ക്കും ചേർന്ന് സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ജെൻഡർ ക്ലബ്ബുകൾ ആരംഭിക്കുകയാണ്. ഏറെ ആശാവഹമാണീ തീരുമാനം.

സംസ്ഥാനത്ത് 28 പോക്സോ കോടതികൾ കൂടി സ്ഥാപിക്കപ്പെടുകയാണ്. അപ്പോൾ ആകെ എണ്ണം 56 ആയി ഉയരും. കോടതികൾ മാത്രം പോരെന്നും നീതി നടത്തിപ്പു കൂടി ഉറപ്പാക്കാൻ കഴിയണം എന്നും വാളയാർ കേസ്സിന്റെ പശ്ചാത്തലത്തിൽ ഓർമ്മിപ്പിച്ചു പോവുകയാണ്.

മറ്റൊരു അന്താരാഷ്ട്ര വനിതാദിനം കൂടി വന്നെത്തിയിരിക്കുന്നു. ആണധികാരവ്യവസ്ഥയ്ക്കെതിരെയുള്ള കഠിന പോരാട്ടങ്ങളുടേയും ഇനിയും ഏറ്റെടുക്കേണ്ടുന്ന സമരങ്ങളുടെയും ഓർമ്മപ്പെടുത്തലാണ് ഈ സന്ദർഭം. നടന്നുതീർത്ത വഴികളെക്കുറിച്ചുള്ള ചെറു അവലോകനമാണ് ജ്യോതി നാരായണൻ അതിഥിപത്രാധിപയായി 'മുന്നേറ്റ വഴികൾ' ചർച്ചചെയ്യുന്ന മാർച്ച് മാസം സംഘടിത. വനിതാദിന ദൃഢപ്രതിജ്ഞാ ആശംസകളോടെ സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



**ജ്യോതി നാരായണൻ**
സാമൂഹിക പ്രവർത്തക

മാർച്ച് മാസം വർഷാവസാനത്തിന്റേയും പരീക്ഷാചൂടിന്റേയും കഴിഞ്ഞ രണ്ട് വർഷങ്ങളായി പരീക്ഷകൾ ഓൺലൈൻ ഓഫ് ലൈൻ അനിശ്ചിതത്വത്തിന്റേയും കോവിഡ് 19 എന്ന മഹാമാരി കൂടുതൽ ആളുകളിൽ വ്യാപിച്ച് അത് സ്വാഭാവികമായി ജനങ്ങൾ സ്വീകരിച്ചു കൊണ്ടിരിക്കുമ്പോഴും കോവിഡാനന്തര ആരോഗ്യ-സാമ്പത്തിക-സാമൂഹ്യ പ്രശ്നങ്ങളുടെ പ്രതിസന്ധിയിലാണ് എല്ലാവരും.

കെ റെയിലിന്റെ ഭാഗമായി സിൽവർ ലൈൻ പദ്ധതി നടപ്പാക്കുമ്പോൾ കിടപ്പാടവും ഉപജീവനവും നഷ്ടപ്പെടുന്നതിന്റെ ഭയാശങ്കകളിലും എന്റോസൾഫാൻ കീടനാശിനി തളിച്ചതിന്റെ ഭാഗമായി ഉണ്ടായ ദുരിതങ്ങളുടെ പരിഹാരത്തിനായി സമരങ്ങൾ ആവർത്തിച്ച് ചെയ്യേണ്ടിവരുന്നതിന്റെ നോവിന്റേയും. റഷ്യ ഉക്രൈനെ ആക്രമിച്ചുകൊണ്ടുള്ള യുദ്ധം സുഹൃത്തുക്കളടക്കം നിരവധി പേർ ഇതിനിടയിൽ കുരുങ്ങികിടക്കുന്നതിലെ ഭയത്തിന്റേയും ഇതിന്റെ ഫലമായി ഇനിയും ഉയരാനിരിക്കുന്ന വില കയറ്റത്തിന്റേയും നാം തൊട്ടും കണ്ടും വായിച്ചും അറിഞ്ഞതും അറിയാത്തതുമായ നിരവധി സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അക്രമങ്ങളുടേയും കൊലപാതകങ്ങളുടേയും, നീതിന്യായ സംവിധാനങ്ങളിൽ നിന്നു പോലുമുണ്ടാകുന്ന നീതി നിഷേധങ്ങളുടേയും എല്ലാം സങ്കീർണ്ണമായ മാനസീകവസ്ഥയിലാണ് നാം.

ഈ മാസത്തെ സംഘടിതയുടെ ഗസ്റ്റ് എഡിറ്റർ ജോലി അപ്രതീക്ഷിതമായി പെട്ടെന്ന് ഏറ്റെടുത്തതാണ്. അതുകൊണ്ടുതന്നെ വേണ്ടത്ര മുൻകരുതലുകൾ ഇല്ല. മാർച്ച് എട്ടാം തീയതി വനിതാദിനം ആണ്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് സ്ത്രീകളുടെ ജീവിതത്തിനും ശൈലിക്കും എല്ലാരംഗത്തും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതു ഇടങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കാലങ്ങൾ പിന്നിടുമ്പോഴും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, നമ്മൾ അവസാനിപ്പിച്ചു എന്ന് വിചാരിക്കുന്ന വിലക്കുകളും അതിക്രമങ്ങളും പോലും പുതിയ രൂപത്തിലും ഭാവത്തിലും വീണ്ടും വന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ജീവിതത്തിലെ എല്ലാ മേഖലകളിലും സ്ത്രീകളുടെ അവസ്ഥ ഒന്ന് അവലോകനം ചെയ്യാൻ ശ്രമിക്കുകയാണ്. രാഷ്ട്രീയം, പ്രസ്ഥാനങ്ങൾ, സാഹിത്യം, സംസ്കാരം, സാങ്കേതികവിദ്യ, കുടുംബം ഇങ്ങനെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും എവിടെയാണ് സ്ത്രീ ഇന്ന് എത്തിനിൽക്കുന്നത്. ഇതെല്ലാം ഒരേ ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളാണ്; പരസ്പര ബന്ധിതമാണ്. അവസ്ഥയുടെ കാരണങ്ങളും ഫലങ്ങളുമാണ് .

ചർച്ചാവിഷയം



ഡോ.സോണിയ ജോർജ്ജ്
സേവ (SEWA) യൂണിയൻ
ജനറൽ സെക്രട്ടറി

# തൊഴിലിലെ സ്ത്രീകളുടെ പങ്കാളിത്തം:
# സാദ്ധ്യതകൾ, പരിമിതികൾ



സമസ്ത മേഖലകളേയും അടിമുടി ഉലച്ച കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് മാത്രമേ തൊഴിലുമായി ബന്ധപ്പെട്ട വിശകലനങ്ങളും നടത്താനാവുകയുള്ളൂ. കോവിഡിനു മുമ്പുള്ള കാലങ്ങളേക്കാൾ രൂക്ഷമായ അവസ്ഥയിലാണ് തൊഴിൽ മേഖല മുമ്പോട്ടു പോകുന്നത്. അസംഘടിത തൊഴിലാളികൾ ഭൂരിപക്ഷമുള്ള ഇന്ത്യയിലെ തൊഴിൽ മേഖലയിൽ തൊഴിൽ നിലനിർത്തുന്നതിനോ തൊഴിലാളികളെ സംരക്ഷിക്കുന്നതിനോ ഭരണകൂടങ്ങൾ യാതൊരു ജാഗ്രതയും പുലർത്താതിരിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ അനുദിനാദ്ധ്വാനത്തിലൂടെ ഉപജീവനം കണ്ടെത്തുന്ന ജനവിഭാഗം തൊഴിൽ പൂർണ്ണമായും നഷ്ടപ്പെട്ട അവസ്ഥയിലാണ് മുന്നോട്ട് പോയത്. ഒന്നാം തരംഗത്തിന്റെ ആഘാതത്തിൽ നിന്ന് കരകയറുന്നതിനുള്ള ശ്രമങ്ങൾക്കിടയിലാണ് കോവിഡ് രണ്ടാം തരംഗവും ഇപ്പോൾ മൂന്നാം തരംഗവും അതിരൂക്ഷമായി ആഞ്ഞടിച്ചത്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലാകുന്നവർ അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികളാണ് എന്ന് ഉറപ്പിച്ചു പറയുന്നതിന് കണക്കിന്റെ പിൻബലം ഒന്നും ആവശ്യമില്ല. ഇന്ത്യയിലെ 6-7% വരുന്ന സംഘടിത തൊഴിലാളി വർഗ്ഗം എണ്ണത്തിൽ ചുരുങ്ങി കൊണ്ടിരിക്കുമ്പോൾ അസംഘടിതരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ലോകത്താകമാനം സംഭവിക്കുന്ന അതിസങ്കീർണ്ണമായ സാമ്പത്തിക മാറ്റങ്ങളും തൊഴിലിന്റെ രൂപഭേദങ്ങളും സൂക്ഷ്മ തലങ്ങളിൽ വലിയ സ്വാധീനം ചെലുത്തി കൊണ്ടിരിക്കുന്നു. സംഘടിത മേഖലകളെ ശിഥിലീകരിച്ചു കൊണ്ടു വർദ്ധിക്കുന്ന അസംഘടിതവൽക്കരണം നിലനിൽക്കുന്ന നിയമ, നയ, മറ്റ് പിന്തുണ സംവിധാനങ്ങളുടെയെല്ലാം അപര്യാപ്തത കൃത്യമായി ചൂണ്ടിക്കാട്ടുന്നുണ്ട്.

ഈ സാഹചര്യത്തിൽ നിന്നു കൊണ്ട് വേണം സ്ത്രീ തൊഴിലാളികളുടെ ഇന്നത്തെ അവസ്ഥ

യെ കുറിച്ച് ചിന്തിക്കേണ്ടത്. ഇന്ത്യയിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് കഴിഞ്ഞ കുറേ വർഷങ്ങളിലായി കുറഞ്ഞു വരുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. 2017–18 മുതൽ 19–20 വരെയുള്ള കാലഘട്ടങ്ങളിൽ 18 – 20 ശതമാനമാനത്തിനിടക്കാണ് സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് (PLFS data). നഗര മേഖലകളിലെ പങ്കാളിത്ത നിരക്കുകളിൽ ക്രമാതീതമായ കുറവുകൾ കാണുന്നു. സാമ്പത്തിക വളർച്ചയിലെ പുരോഗതിയും കുറയുന്ന ഗർഭധാരണ നിരക്കുകൾ , പെൺകുട്ടികളുടെ വിദ്യാഭ്യാസ നിരക്കിലെ വർദ്ധനവുമൊക്കെ സംഭവിക്കുമ്പോഴും ഗ്രാമീണ/നഗരമേഖലകളിലും തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിക്കുന്നില്ല. ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ എടുക്കുന്ന സ്ത്രീകളിൽ 40 ശതമാനത്തിലേറെ പേർ വീടു കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സംരംഭങ്ങളിൽ കൂലിയില്ലാതെയോ തുച്ഛമായോ കൂലിക്കോ ആണ് പണിയെടുക്കുന്നത്. 30 ശതമാനത്തോളം സ്ത്രീകൾ മറ്റ് സ്വകാര്യ മേഖലകളിൽ ലഭ്യമായിട്ടുള്ള പണികളാണെടുക്കുന്നത്. സർക്കാർ പദ്ധതിയായ മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതി പോലെയുള്ള പൊതു തൊഴിൽ പരിപാടികളിൽ ഏർപ്പെടുന്നവർ 3 – 4 ശതമാനം മാത്രമേ ഉള്ളൂ. ബാക്കിയെല്ലാവരും തികച്ചും അസംഘടിതമായ തൊഴിലുകളിൽ ആണ് ഏർപ്പെടുന്നത്. നഗര പ്രദേശങ്ങളിലാവട്ടെ തൊഴിലെടുക്കുന്ന സ്ത്രീകളിൽ പകുതിയിലേറെപ്പേർ സ്ഥിരമായ വേതനമുള്ള തൊഴിലുകളിൽ ആണ് ഏർപ്പെടുന്നത്. വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ പ്രവർത്തന, ഗാർഹിക തൊഴിൽ മേഖലകളിൽ നഗര / ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ സ്ത്രീകൾ പങ്കാളികളാവുന്നുണ്ട്. എന്നാൽ സ്ഥിര വേതനമുള്ള തൊഴിലുകളിൽ 80 ശതമാനവും പുരുഷന്മാരാണ് പണിയെടുക്കുന്നത്. സ്ത്രീകൾ പ്രവേശിക്കുന്ന തൊഴിൽ മേഖലകൾ കൂടുതലും അസംഘടിതവും യാതൊരു തരത്തിലുള്ള തൊഴിൽ സുരക്ഷയോ സാമൂഹ്യ സുരക്ഷയോ ഇല്ലാത്തവയുമാണ് .



### കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം

ദേശീയ ശരാശരിയേക്കാളും കുറഞ്ഞ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കായിരുന്നു കേരളത്തിന്റേത്. എന്നാൽ 2018–19 കാലഘട്ടത്തിൽ നേരിയ തോതിൽ തൊഴിൽ പങ്കാളിത്തം വർദ്ധിക്കുന്നതായി കാണുന്നു. 2018 19 ലെ പീരിയോഡിക്ക് ലേബർ ഫോഴ്സ് സർവ്വേ പ്രകാരം 127 ലക്ഷം തൊഴിലാളികളുള്ള കേരളത്തിൽ സ്ത്രീ തൊഴിലാളികൾ 33.4 ലക്ഷം ആണ് (PLFS 2018-19). 20.4 ശതമാനം മാത്രമാണ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും രാഷ്ട്രീയ പ്രബുദ്ധതയിലും മുന്നിൽ നിൽ

ക്കുന്ന കേരളത്തിൽ കുറയുന്ന സ്ത്രീ പങ്കാളിത്ത നിരക്ക് വിരൽ ചൂണ്ടുന്നത് എന്തിലേക്കാണ് ? അഭ്യസ്തവിദ്യരായ സ്ത്രീകൾ ഏറ്റവും കൂടുതലുള്ള നാട്ടിൽ തൊഴിൽ വിപണിയിൽ അവരുടെ ദൃശ്യതയില്ലായ്മയുടെ കാരണം വളരെ ഗൗരവത്തോടെ അന്വേഷിക്കേണ്ട വിഷയമാണ്. വിദ്യാഭ്യാസം ചില പ്രത്യേക തൊഴിലുകൾ ( വെള്ള/ പിങ്ക് കോളർ )തെരഞ്ഞെടുക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നത് കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിനും വേതന വിടവിനും കാരണമാകുന്നുണ്ടോ ?

കുടുംബത്തിലെ ഉത്തരവാദിത്തങ്ങൾ ആണ് സ്ത്രീകളെ തൊഴിലിൽ നിന്ന് അകറ്റി നിർത്തുന്നതിൽ ഏറ്റവും പ്രധാന കാരണം എന്നാണ് പൊതുവേയുള്ള ധാരണ. പ്രത്യേകിച്ചും വിവാഹാനന്തര ചുറ്റുപാടുകളും പ്രത്യുല്പാദന ചുമതലകളും സ്ത്രീകളുടെ ചലനാത്മകതയെ നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. വീട്ടിനുള്ളിൽ ഇരുന്നു കൊണ്ട് ചെയ്യാനാവുന്നതും വീടിന് ചുറ്റുപാടും ലഭ്യമായിട്ടുള്ളതുമായ തൊഴിലുകൾക്ക്

മുൻഗണന നൽകാൻ താല്പര്യമുള്ള ഒട്ടേറെ സ്ത്രീകളുണ്ട്. വീട്ടിലെ ആവശ്യങ്ങൾ എല്ലാം നിർവ്വഹിച്ച ശേഷം കുട്ടികളെ സ്കൂളിൽ അയച്ച് അവർ തിരിച്ചു വരുന്ന സമയത്തിനുള്ളിൽ മാത്രം തൊഴിലെടുക്കുവാൻ അവസരമുള്ളവരാണിവർ. എന്നാൽ കുടുംബം നിലനിർത്തുന്നതിനായി സമയക്രമങ്ങൾ ഒന്നും ഗൗനിക്കാതെ ഏതു തരത്തിലുള്ള തൊഴിലുകൾ ഏറ്റെടുക്കാനും തയ്യാറായുള്ള ഒട്ടനവധി സ്ത്രീകളുമുണ്ട്. വ്യത്യസ്തമായ ഈ സാഹചര്യങ്ങളെ അതിന്റെ സ്വാഭാവികതയിൽ മനസ്സിലാക്കിയാൽ മാത്രമേ സ്ത്രീ തൊഴിൽ പങ്കാളിത്തത്തിന്റെ ചിത്രം നമുക്ക് ലഭ്യമാവുകയുള്ളു.

ഇതോടൊപ്പം തന്നെ വിലയിരുത്തേണ്ട വിഷയമാണ് വേതനത്തിലെ വിടവുകളും. തുല്യ ജോലിക്ക് തുല്യ വേതനമെന്ന നിയമവും മിനിമം വേതന നിയമവുമൊക്കെ ഉണ്ടായിരുന്ന ഒരു രാജ്യത്ത് ഇപ്പോഴും നിലനിൽക്കുന്ന പുരുഷന്റേയും സ്ത്രീയുടേയും വേതനങ്ങളിലെ വിടവ് വലിയ ആശങ്ക ഉളവാക്കുന്നതാണ്. ഭൂരിപക്ഷം തൊഴിലുകളിലും പുരുഷ തൊഴിലാളിക്ക് ലഭിക്കുന്ന വേതനത്തിന്റെ പകുതിയോ അതിൽ കുറവോ മാത്രമേ സ്ത്രീ തൊഴിലാളിക്ക് ലഭിക്കുന്നുള്ളു. ഗ്രാമീണ മേഖലയിൽ ഈ അന്തരം വളരെ പ്രകടമാണ് . സ്വയം തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്റെ വരുമാനത്തിന്റെ 30-40 ശതമാനം മാത്രമേ ആ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നുള്ളു. സാധാരണ മേഖലകളിൽ പുരുഷ വേതനത്തിന്റെ 52 - 67 ശതമാനം വരെ. ഗ്രാമീണ മേഖലയിലെ സ്വയം തൊഴിലുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ആണ് നടക്കുന്നത്. എന്നാൽ നഗരങ്ങളിൽ ഉലപാദനം, വിപണനം, ഭക്ഷ്യ ഉല്പന്നങ്ങൾ, സേവനം തുടങ്ങിയ മേഖലകളിൽ ആണ് ചെറുകിട സംരംഭങ്ങൾ കൂടുതലും സ്ത്രീകൾ ആരംഭിക്കുന്നത്.

അസംഘടിത തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന ഈ സ്ത്രീകളുടെ തൊഴിലവസ്ഥകൾ ഈ അന്തരങ്ങളുടെ യാഥാർത്ഥ്യങ്ങളിലേക്ക്



നമ്മെ എത്തിക്കും. സ്വന്തം ജീവിതവും കുടുംബത്തിന്റെ ഉപജീവനവും മുന്നോട്ടു കൊണ്ടു പോകുന്നതിനായി യാതൊരു അംഗീകാരവും ഇല്ലാത്ത തൊഴിൽ സ്വീകരിക്കാൻ നിർബന്ധിതരായി പണിയെടുക്കുന്ന സ്ത്രീകളുടെ അനുഭവങ്ങൾ ആണ് കേരളത്തിൽ തൊഴിലെടുക്കുന്ന ഭൂരിഭാഗം സ്ത്രീകളുടെയും അവസ്ഥ. ഇതിൽ തന്നെ തികച്ചും അസംഘടിതരായി സംഘടിത മേഖലയിൽ

കാടും അതിലെ ഉല്പന്നങ്ങളും വൻകിട മുതലാളിത്ത ശക്തികൾക്ക് ഭരണകൂടം തീറെഴുതുമ്പോൾ അതിനെ ആശ്രയിച്ചു മാത്രം ജീവിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ വഴിയാധാരമാവുന്നു. പ്രകൃതി സമ്പത്തിന്റെ ഉടമസ്ഥാവകാശം അതിനെ ആശ്രയിച്ചു ജീവിക്കുന്നവരുടേതാകണമെന്ന സമീപനത്തിന് വിരുദ്ധമാണിത്.



തൊഴിലെടുക്കുന്ന ധാരാളം പേരുണ്ട്. ടെക്സ്റ്റൈയിൽമേഖലകളിൽ, സൂപ്പർ മാർക്കറ്റുകൾ, കടകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ധാരാളം പേരുണ്ട്. ചെയ്യുന്ന ജോലിക്ക് മുതലാളി നിശ്ചയിച്ച കൂലിക്ക് അപ്പുറം മറ്റു തൊഴിലവകാശങ്ങൾ ഒന്നും ഉറപ്പിക്കാനാവാത്തത്ര അസംഘടിതരാണ് ഈ സ്ത്രീ തൊഴിലാളികളെല്ലാം. കോവിഡ് മഹാമാരിയിൽ ഈ തൊഴിലിടങ്ങളൊന്നും ഇവർക്ക് കൈത്താങ്ങായില്ല എന്നത് പ്രത്യക്ഷ ഉദാഹരണമാണ്. ഉടമക്ക് ആവശ്യമില്ലാത്തപ്പോൾ ഇവരെ പറഞ്ഞു വിടാം, തൊഴിൽ അവകാശങ്ങളൊക്കെ നിർദ്ദാക്ഷിണ്യം നിരാകരിക്കാം , സംഘം ചേർന്നുള്ള എതിർ ശബ്ദങ്ങൾ ഉണ്ടാവാനുള്ള സാദ്ധ്യതയില്ല എന്നതൊക്കെ ഈ സാഹചര്യങ്ങളെ ലഘൂകരിക്കുന്നു. പൊതു ഇടങ്ങളിൽ തങ്ങളുടെ ഉപജീവനം കണ്ടെത്താൻ ശ്രമിക്കുന്നവരുടെ നിലനില്പും വല്ലാത്ത പ്രതിസന്ധിയിലാണ്. നീളുന്ന കോവിഡ് മാനദണ്ഡങ്ങൾ അവരുടെ ദൈനംദിന ജീവിതാവസ്ഥ ദുഷ്ക്കരമാക്കുന്നു. പ്രകൃതി വിഭവങ്ങളിൽ ആശ്രയിച്ചു ജീവിക്കുന്നവർക്ക് വിഭവങ്ങളിന്മേലുള്ള പ്രാപ്യത തന്നെ ഇല്ലാതാകുന്നു. കടലും

### സേവന/ പരിചരണ മേഖല

സേവന / പരിചരണ ( service /care) മേഖലയിലാണ് സ്ത്രീകളുടെ പങ്കാളിത്തം ഇന്ന് ഏറ്റവും കൂടുതൽ കാണുന്നത്. പരിചരണ സമ്പദ്ഘടന (കെയർ ഇക്കോണമി) ഇന്ന് അന്താരാഷ്ട്ര തൊഴിൽ വിപണിയിൽ നിർണ്ണായക സ്വാധീനം ചെലുത്തി കഴിഞ്ഞിരിക്കുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളുടെ പരിചരണ വൈദഗ്ദ്ധ്യം ആഗോള വിപണിയിൽ വളരെ കുറഞ്ഞ വേതനത്തിന് ലഭ്യമാണ് എന്നുള്ളതാണ് ഈ സമ്പദ്ഘടനക്ക് ഇത്രയേറെ പരിഗണന ലഭിക്കുന്നത്. ഇന്ത്യ, ശ്രീലങ്ക, നേപ്പാൾ, ബംഗ്ലാദേശ് തുടങ്ങിയ ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്ന് കുടിയേറ്റം ചെയ്യുന്ന തൊഴിലാളികളിൽ 50 ശതമാനത്തോളം ഗാർഹിക തൊഴിൽ, നഴ്സിംഗ് അസിസ്റ്റൻറ്, ക്ളീനിംഗ് തുടങ്ങിയ വിഭാഗങ്ങളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളാണ്. അനധികൃത കടത്തലും അതിനെ തുടർന്നുണ്ടാവുന്ന പ്രശ്നങ്ങളും ഈ മേഖലകളിൽ വളരെ സാധാരണമാണ്. ഇവിടെയും പരിചരണം വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള മേഖലയായിക്കഴിഞ്ഞു. ഔദ്യോഗിക കണക്കു

കളനുസരിച്ച് 33. 4 ലക്ഷം തൊഴിൽ ചെയ്യുന്ന സ്ത്രീകളുള്ള കേരളത്തിൽ 19.7 ലക്ഷം പേരും സേവന മേഖലയിലാണ് തൊഴിലെടുക്കുന്നത് (PFLS, 2017-18). ഈ മേഖലയിലെ ഒരു പ്രധാന പ്പെട്ട തൊഴിലായ ഗാർഹിക തൊഴിലിന്റെ കാര്യ മെടുത്ത് നോക്കാം. മറ്റൊരു വീട്ടിൽ (സ്വകാര്യയി ടം) കൃത്യമായ ഒരു തൊഴിൽ ദാതാവുള്ള തൊഴി ലാളിയാണത്. എന്നാൽ ഈ ബന്ധം തെളിയിക്കു ന്നതിന് രേഖകളോ നിയമപരമായ സംവിധാനങ്ങ ളോ ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നിലവിൽ നിർവചിക്കപ്പെട്ടിട്ടുള്ള തൊഴിലിടങ്ങളിൽ (establishments) മറ്റൊരാളുടെ വീട് തൊഴിലിടമാ കുന്നില്ല. ഇന്ത്യയിൽ നിരവധി തൊഴിൽ നിയമ ങ്ങൾ റദ്ദുചെയ്തു കൊണ്ട് 4 ലേബർ കോഡുകൾ

ന്നെ അദൃശ്യരായി ഇവിടെ മാറുന്നു. രേഖാമൂലമു ള്ള തൊഴിൽ ബന്ധങ്ങൾ നിലവിൽ ഇല്ലാതെ തൊ ഴിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിനോ ശ ബ്ദമുയർത്തുന്നതിനോ സാധിക്കുന്നില്ല. അന്താരാ ഷ്ട്ര തൊഴിൽ കൺവെൻഷൻ 189ലൂടെ ഗാർഹിക തൊഴിൽ അന്തസ്സുള്ള തൊഴിൽ എന്ന് അംഗീക രിക്കപ്പെട്ടിട്ടുണ്ട്. 32 രാജ്യങ്ങൾ ഈ കൺവെൻ ഷൻ സാധൂകരിച്ചിട്ടും ഇന്ത്യയിൽ അതിനുള്ള പ്രാ ഥമിക ചർച്ച പോലും നടന്നിട്ടില്ല. ഇന്ത്യയിലും കേ രളത്തിലും എത്ര ഗാർഹിക തൊഴിലാളികൾ ഉ ണ്ട് എന്ന ലഭ്യമായിട്ടുള്ള കണക്കുകൾ നോക്കി യാൽ മനസ്സിലാവും ഈ തൊഴിലാളികളുടെ എ ണ്ണം കണക്കാക്കുന്നതിനായി ഇന്ന് നിലവിലുള്ള രീതിശാസ്ത്രത്തിന്റെ തന്നെ പരിമിതികൾ.അവർ



നിലവിൽ വന്നത് ഈ വിവേചനങ്ങളെ സാധൂക രിച്ചു കൊണ്ടാണ്. തൊഴിൽ നിയമങ്ങളിൽ ഉൾ പ്പെടാതെയിരുന്ന അസംഘടിത മേഖലയെ ഉൾപ്പെ ടുത്താനെന്ന മട്ടിൽ അവതരിപ്പിക്കപ്പെട്ട പരിഷ്ക്ക രണങ്ങളിൽ നിന്ന് അവരെ മാറ്റി നിർത്തിയപ്പോൾ ഈ ഉദ്യമത്തിന്റെ ലക്ഷ്യം തന്നെ വ്യക്തമാകും. പരമ്പരാഗത മേഖലകളുടെ തകർച്ചയും തൊഴി ലില്ലായ്മയും വർദ്ധിച്ചു വരുന്ന നഗര വൽക്കരണ പ്രവണതയും ഗാർഹിക തൊഴിലിന്റെ സാദ്ധ്യത കൾ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ 'മ റ്റൊരു വീട്' എന്ന അപ്രഖ്യാപിത തൊഴിലിടം സ്വീ കരിക്കുമ്പോൾ തൊഴിലാളി എന്ന ദൃശ്യതയും അവകാശവും പലപ്പോഴും ഉയർത്തുന്നതിനായി സാധിക്കുന്നില്ല. തൊഴിലുടമകൾ ദൃശ്യതയിൽ ത

ക്ക് ലഭ്യമാകേണ്ട അംഗീകാരങ്ങൾ, അന്തസ്സാർന്ന തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിത ത്വ അവകാശങ്ങൾ - എല്ലാം തന്നെ ഈ അനി ശ്ചിതത്വങ്ങൾ മൂലം നഷ്ടമാകുന്നു.

### വീട് കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്നവർ

സ്ത്രീകൾ എറ്റവും കൂടുതൽ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത് തങ്ങളുടെ സ്വന്തം വീടുകളി ലാണ്. സ്വന്തം വീട് തൊഴിലിടം എന്ന യാഥാർ ത്ഥ്യം ഇന്നും വേണ്ട തരത്തിൽ ചർച്ചയായിട്ടില്ല. ഫാക്ടറികളും ചെറുകിട വ്യവസായങ്ങളും ഉല്പാ ദന തൊഴിൽ മേഖല ആയി കണക്കാക്കപ്പെടു മ്പോൾ അവിടെ തൊഴിൽ ചെയ്യുന്നവർ മാത്രം ഔ ദ്യോഗികമായി ഉല്പാദന മേഖലകളിലെ തൊഴി

ലാളികളായി രേഖപ്പെടുത്തപ്പെടുന്നു. വിതരണ ശൃംഖലകളുടെ ഭാഗമായി ഉല്പാദനം ഏറ്റവും താഴേത്തട്ടിലേക്ക് എത്തപ്പെടുമ്പോൾ വീടുകൾ തൊഴിൽ സ്ഥലങ്ങളായി പരിണമിക്കപ്പെടുന്നു. തങ്ങളുടെ ഗാർഹിക ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചതിനു ശേഷം ബാക്കിയുള്ള സമയത്തോ അല്ലെങ്കിൽ 'നേരം പോക്കാ'യോ ഈ നിർമ്മാണ പ്രവർത്തനങ്ങൾ സ്ത്രീകൾ ഏറ്റെടുക്കുമ്പോൾ വീട് എന്ന തൊഴിലിടത്തെ അടയാളപ്പെടുത്തി കൊണ്ട് അവരെ തൊഴിലാളികളായി കാണാനുള്ള ശേഷി ഇന്ന് നിലനിൽക്കുന്ന മുഖ്യധാര കാനേഷുമാരി സംവിധാനങ്ങൾക്കോ തൊഴിൽ വകുപ്പിനോ ഇല്ല. അതു കൊണ്ട് തന്നെ ഈ തൊഴിലാളി സ്ത്രീകളൊന്നും ഉല്പാദന മേഖലയിലെ തൊഴിലാളികളായി എണ്ണപ്പെടുന്നില്ല. ഈ ശൃംഖലകളുടെ മുതലാളിമാർ ഈ പ്രകിയകളിൽ ഒന്നും പങ്കാളികളാവുന്നില്ല. അതോടൊപ്പം ഭരണകൂടത്തിന്റെ അംഗീകാരമില്ലായ്മയും സമ്പദ്ഘടനയിലുള്ള ഇവരുടെ സംഭാവനകളെ നിരാകരിക്കുന്നതിന് കാരണമാവുന്നു. മിനിമം വേതനമോ മറ്റു തൊഴിലവകാശങ്ങളോ ഒന്നും ഈ പീസ് റേറ്റ് ജോലിക്കില്ല. ഇടനിലക്കാരാണ് (സബ് കോൺട്രാക്ടർ) ഇവരുടെ അദ്ധ്വാനത്തിന്റെ ലാഭം കൂടുതൽ എടുക്കുന്നത്. വീടുകൾ കേന്ദ്രീകരിച്ച് മറ്റു പരമ്പരാഗത, സ്വയം തൊഴിലുകളിൽ ഏർപ്പെടുന്നവരുടേയും അവസ്ഥ ഇതു തന്നെയാണ്. പുരുഷന്മാർക്ക് മുൻതൂക്കം ഉണ്ടായിരുന്ന കയർ, കൈത്തറി, ഈറ്റ, മൺപാത്ര നിർമ്മാണം, കശുവണ്ടി തുടങ്ങിയ പരമ്പരാഗത തൊഴിലുകളെല്ലാം ഇന്ന് നിലനിർത്തപ്പെടുന്നത് സ്ത്രീകളിലൂടെയാണ്. കുറഞ്ഞകൂലിയും മറ്റൊരു ആനുകൂല്യങ്ങളും ഇല്ലാത്ത തൊഴിൽ അവസ്ഥക്ക് ഏറ്റവും പറ്റിയത് സ്ത്രീകളാണല്ലോ. വസ്ത്ര നിർമ്മാണം, ഭക്ഷ്യ സംസ്ക്കരണം, കച്ചവടം, കൃഷി, ക്ഷീര കൃഷി തുടങ്ങിയ മേഖലകളിലൂടെ ഒരു പാട് സ്ത്രീകൾ സ്വയം തൊഴിൽ ചെയ്യുന്നവരായി മാറുന്നു. സ്വയം തൊഴിൽ സംരംഭമായി മാറ്റപ്പെടുമ്പോൾ ഇവർ തന്നെ തൊഴിലാളിയും മുതലാളിയുമായി മാറുന്നു. ഇത്തരം മേഖലകളുടേയും പ്രത്യേകിച്ച് സ്വയം തൊഴിലുകളുടേയും ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാർ പിൻവാങ്ങുമ്പോൾ ഈ സ്ത്രീ തൊഴിലാളികൾ സ്ഥിരതയില്ലാത്ത സംരംഭക പട്ടികയിൽ സ്ഥാനം പിടിക്കുന്നു. തൊഴിലാളി പട്ടികയിൽ നിന്ന് പുറത്താവുകയും ചെയ്യുന്നു.

### സ്ത്രീ തൊഴിൽ പങ്കാളിത്തം എങ്ങനെ ഉയർത്താം

തുല്യ ജോലിക്ക് തുല്യ വേതന നിയമം(1976), മിനിമം വേതന നിയമം (1948) എന്നിവ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ടതും അടിസ്ഥാനവുമായ തൊഴിൽ നിയമങ്ങളായിരുന്നു. തൊഴിൽ നിയമ പരിഷ്ക്കാരങ്ങളിലൂടെ ഇന്ത്യയിലെ പ്രധാനപ്പെട്ട 29 തൊഴിൽ നിയമങ്ങൾ റദ്ദുചെയ്യപ്പെട്ടപ്പോൾ ഈ നിയമങ്ങൾ നിലവിലില്ലാതായി. സ്ത്രീകൾക്ക് തുല്യ കൂലി നിഷേധിക്കുന്നത്, മിനിമം വേതനത്തെക്കാളും താണ കൂലി നല്കുക എന്നുള്ളതൊക്കെ വളരെ കാതലായ പ്രശ്നങ്ങളാണ്. ആൺകോയ്മ സംവിധാനത്തിലൂന്നിയ വ്യവസ്ഥകൾ സൃഷ്ടിച്ചിട്ടുള്ള അസമത്വങ്ങൾ തൊഴിലിലെ സ്ത്രീയുടെ പങ്കാളിത്തത്തേയും അവകാശങ്ങളേയും സാരമായി ബാധിച്ചിട്ടുണ്ട്. തുല്യ ജോലികൾക്ക് പുരുഷന് കൂടുതൽ വേതനവും സ്ത്രീക്ക് വളരെ കുറഞ്ഞ വേതനവുമെന്ന അലിഖിത സാമൂഹ്യ ചിട്ട വളരെ സ്വാഭാവികമെന്നോണം സമൂഹത്തിൽ രൂഢമൂലമാകുന്നു. അസംഘടിത തൊഴിൽ മേഖലയിലെ മിക്ക തൊഴിലുകളിലും ഇതു തന്നെയാണ് സ്ഥിതി. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെടുത്താൽ കേരളത്തിൽ 95 ശതമാനവും സ്ത്രീകളാണ് പണിയെടുക്കുന്നത്. പ്രായമായ കുറച്ചു പുരുഷന്മാർ മാത്രമാണ് ഇതിനൊരപവാദം. ഇന്ന് നിലവിലുള്ള കൂലിയായ 290 രൂപയ്ക്ക് തൊഴിൽ ചെയ്യാൻ പുരുഷന്മാരൊന്നും തയ്യാറാവില്ല എന്നതാണ് വളരെ ലഘുവായ യുക്തി. തൊഴിൽ ലഭ്യ



മല്ലാതായാലും വീട്ടിൽ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ ആണെങ്കിൽ പോലും കേരളത്തിലെ പുരുഷന്മാരൊന്നും തൊഴിലുറപ്പു പണി തെരഞ്ഞെടുക്കാറില്ല. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ കോവിഡ് ലോക്ക് ഡൗണാനന്തര കുടിയേറ്റ തൊഴിലാളികളുടെ സ്വന്തം ഗ്രാമങ്ങളിലേക്കുള്ള മടങ്ങിയെത്തലിന്റെ ഭാഗമായി പല പുരുഷ തൊഴിലാളികളും തങ്ങളുടെ കുടുംബത്തിലെ സ്ത്രീകളുടെ തൊഴിലുറപ്പു തൊഴിൽ എറ്റെടുത്തതായി അറിയുന്നു. ആ വരുമാനം സ്വീകരിക്കുന്നതിൽ അവിടുത്തെ പുരുഷന്മാർക്ക് ബുദ്ധിമുട്ടില്ല. അതോടെ ആ സ്ത്രീകൾ തൊഴിൽ രഹിതരുമായി. സ്ത്രീ പുരുഷ വേതനത്തിലെ വലിയ വിടവ് കേരളം ഇന്ന് ന

യപരമായി, ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. വേതനം നിശ്ചയിക്കുന്നതിന്റെ പുതിയ മാനങ്ങൾ തീരുമാനിക്കേണ്ടത് മാറി വരുന്ന സാഹചര്യങ്ങളെ കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലാവണം.

### വൈദഗ്ദ്ധ്യ നിർണ്ണയത്തിന്റെ മാനദണ്ഡം

മറ്റൊരു പ്രധാനപ്പെട്ട വിഷയം സ്ത്രീകളുടെ വൈദഗ്ദ്ധ്യത്തെ കുറിച്ചുള്ള സമീപനമാണ്. സ്ത്രീകൾ ഭൂരിഭാഗമുള്ള തൊഴിൽ മേഖലകളിലെല്ലാം അവരുടെ തൊഴിൽ വൈദഗ്ദ്ധ്യമില്ലാത്തതായോ ഭാഗിക വൈദഗ്ദ്ധ്യമുള്ളതായോ ആണ് കണക്കാക്കപ്പെടുന്നത്. വൈദഗ്ദ്ധ്യം തൊഴിലിന്റെ മൂല്യം നിശ്ചയിക്കുന്ന പ്രധാന അളവുകോലാണെന്നത് കൊണ്ട് വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലുകൾ അത് ചെയ്യുന്നവരുടെ തൊഴിൽ വിപണിയിലെ മൂല്യമില്ലായ്മ തന്നെയാണ് വെളിവാക്കുന്നത്. സ്കിൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായുള്ള ദേശീയ വൈദഗ്ദ്ധ്യവികസന കോർപ്പറേഷന്റെ ഭാഗമായി 38 സെക്ടർ സ്കിൽ കൗൺസിലുകൾ ഉണ്ട് ഇന്ത്യയിൽ. ഇവയുടെ ഭാഗമായി വരുത്തേണ്ട അടിയന്തര മാറ്റങ്ങളൊന്നും തൊഴിൽ വൈദഗ്ദ്ധ്യവികസന



ശ്രേണിയിൽ പ്രതിഫലിക്കുന്നില്ല. അതോടൊപ്പം മിനിമം വേതന വർദ്ധനയിലും ഈ പദ്ധതിക്ക് ഒരു സ്വാധീനവുമില്ല. മിനിമം വേതന നിർണ്ണയ കമ്മിറ്റിയും (Minimum Wages Committee) വേതനത്തിന്റെ അടിസ്ഥാനം നിർണ്ണയിക്കുന്നത് കാലങ്ങൾ പഴക്കമുള്ള, നിശ്ചയിക്കപ്പെട്ടിട്ടുള്ള ശേഷിയുടെ അടിസ്ഥാനത്തിലാണ്. ഈ കാഴ്ച്ചപ്പാടുകൾ മാറുന്നതിനുള്ള ശ്രമങ്ങൾ ക്രിയാത്മകമായി വരുത്തിയേ പറ്റൂ. ഉദാഹരണത്തിന് ഭക്ഷണം ഹോട്ടലിൽ പുരുഷൻ ഉണ്ടാക്കുമ്പോൾ 'ഷെഫ്' എന്ന വിഭാഗത്തിൽ വൈദഗ്ദ്ധ്യം നിശ്ചയിക്കപ്പെടുമ്പോൾ അതിരുചികരമായി സ്വയം തൊഴിലെന്ന നിലയിലും മറ്റു വീടുകളിലും സ്ത്രീകൾ ചെയ്യുമ്പോൾ അത് കുടുംബത്തിലെ ജോലിയുടെ തുടർ ജോലിയായി കണക്കാക്കപ്പെടുന്നു. മൂല്യത്തിന്റെ നിർണ്ണയത്തിൽ വലിയ അന്തരമാണ് ഇവ തമ്മിൽ. രോഗീ ശുശ്രൂഷയുടെ അവസ്ഥയും ഇതു തന്നെ. ഒറ്റക്ക് ഒരു കിടപ്പു രോഗിയെ പരിചരിക്കണമെങ്കിൽ അസാമാന്യ വൈദഗ്ദ്ധ്യവും ശേഷിയും വേണം. എന്നാൽ ആ ജോലികളെയെല്ലാം ഗാർഹിക തൊഴിൽ എന്ന് കണ്ടു കൊണ്ട് മിനിമം വേതനത്തിൽ തന്നെ കുറഞ്ഞത് നിശ്ചയിക്കപ്പെടുന്നത് കൊണ്ട് തന്നെ ഈ സ്ത്രീ തൊഴിലാളികളുടെയെല്ലാം വേതനം വളരെ കുറവാണ്.

### സംഘടിത മേഖലയിലെ അസംഘടിത തൊഴിൽ വിഭാഗങ്ങൾ

ഔദ്യോഗിക സാമ്പത്തിക മേഖലയിൽ വർദ്ധിച്ചു വരുന്ന അസംഘടിതവൽക്കരണം സ്ത്രീ തൊഴിലാളികളുടെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്നു. കോവിഡ് പശ്ചാത്തലത്തിൽ ചെറിയ നിർമ്മാണ ശാലകൾ, കടകൾ, സംരംഭങ്ങൾ തുടങ്ങിയവയിൽ തൊഴിൽ ചെയ്തു കൊണ്ടിരുന്നവരുടെ അവസ്ഥ തന്നെ ഉദാഹരണം. ഈ സ്ഥാപനങ്ങളുടെ ഔദ്യോഗിക രേഖയിലൊന്നും ഇവരൊന്നും തൊഴിലാളികളായി ചേർക്കപ്പെട്ടിട്ടില്ല. അതു കൊണ്ട് തന്നെ പൂട്ടിയിടൽ സമയത്തൊന്നും വേതനമോ മറ്റ് പിന്തുണകളോ നല്കാൻ ഉടമകൾ ബാദ്ധ്യസ്ഥരല്ല എന്നതാണ് ഇതിന്റെ അർത്ഥം. ലോകം മുഴുവൻ ഈ പ്രവണത ഇന്ന് ദൃശ്യമാണ്. ഔദ്യോഗിക/സംഘടിത മേഖല ഇന്ന് അനുഭവിക്കുന്ന സുരക്ഷിതത്വം ശക്തമായ തൊഴിലാളി പോരാട്ടങ്ങളുടെ പരിണിത ഫലമാണ് എന്നുള്ളതിന് യാതൊരു സംശയവുമില്ല. മുതലാളിത്ത തൊഴിൽ വിപണിയുടെ പുതിയ തന്ത്രമാണ് ഇന്ന് വർദ്ധിച്ചു വരുന്ന സംഘടിതമേഖലയിലെ അസംഘടിത വൽക്കരണം. ഇതിന് ഇരയാവുന്നതോ സ്ത്രീകളും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളും. സ്ഥിരത ഒരിക്കലും ഉറപ്പിക്കാനാവാത്ത തൊഴിലനുഭവങ്ങൾ ആണ് ഇവരുടേത്. പുതിയ തൊഴിൽ നിയമ ഭേദഗതികളുടെ ഭാഗമായി സംഘടി

ത തൊഴിൽ മേഖലയിൽ വേണ്ട മിനിമം തൊഴിലാളികളുടെ എണ്ണം 20 ഉം 40 ആയി മാറുമ്പോൾ കൂടുതൽ പേർ അസംഘടിതരായി മാറ്റപ്പെടും. മിനിമം കൂലി പോലും നൽകാൻ തൊഴിൽ ഉടമകൾ ബാദ്ധ്യസ്ഥരല്ലാത്ത സാഹചര്യത്തിലേക്കാണ് കാര്യങ്ങൾ എത്തി ച്ചേരുന്നത്. ഇതിന്റെ ഭവിഷ്യത്ത് ഏറ്റവും കൂടുതൽ അനുഭവിക്കുന്നതിനായി പോകുന്നത് സ്ത്രീകളാണെന്നത് ഉറപ്പാണ്. വൈദഗ്ദ്ധ്യമില്ലായ്മ, അസംഘടിതവൽക്കരണം , തൊഴിൽ ദാതാക്കളുടെ സാന്നിദ്ധ്യമില്ലായ്മ – ഇതിന്റെ ഒക്കെ പാർശ്വഫലങ്ങൾ സ്ത്രീകളുടെ മേൽ കെട്ടിയേല്പിച്ചാൽ ഉല്പാദനം കുറഞ്ഞ ചിലവിൽ നടക്കുമല്ലോ.

### ഘടനാപരമായ പരിമിതികൾ , അദ്ധ്വാന മൂല്യനിർണ്ണയത്തിന്റെ പുതിയ രീതി ശാസ്ത്രം

വ്യവസായവൽക്കരണ വർഗ്ഗ സമൂഹത്തിലെ തൊഴിൽ ഘടനയാണല്ലോ ഇന്നും തൊഴിൽ ബന്ധങ്ങളുടെ അടിസ്ഥാനം. തൊഴിലുടമ– തൊഴിലാളി (employer - employee) ബന്ധത്തിലധിഷ്ഠിതമായ തൊഴിൽ സ്വഭാവങ്ങളാണ് മാതൃക തൊഴിൽ ബന്ധമായി കാണുന്നതും തൊഴിലവകാശങ്ങൾ നിർണ്ണയിക്കുന്നതും. എന്നാൽ ഔദ്യോഗിക/സംഘടിത മേഖല ശുഷ്കിച്ചു കൊണ്ട് അനൗദ്യോഗിക / അസംഘടിത മേഖല വികസിച്ചു കൊണ്ടിരിക്കുകയാണ്. ലോകമാകമാനമുള്ള തൊഴിൽ വിപണിയുടെ മാറ്റങ്ങൾ ഏറ്റവും പ്രാദേശിക –സൂക്ഷ്മ തലങ്ങളിൽ വരെ പ്രതിഫലിക്കുന്നുണ്ട്. അനൗദ്യോഗിക സമ്പദ്ഘടനയുടെ ഔദ്യോഗിക വൽക്കരണം എന്ന അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ 204 –ാം ശുപാർശ ലോക രാജ്യങ്ങൾ ഗൗരവമായി ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന സമയത്താണ് ഇന്ത്യ പോലെയുള്ള രാജ്യത്ത് വർദ്ധിച്ചു വരുന്ന അസംഘടിതവൽക്കരണ പ്രവണതകൾ നാം കാണുന്നത്. മുകളിൽ വിശദീകരിക്കപ്പെട്ട തൊഴിൽ മേഖലകൾ ആണ് ഇന്ന് വികസിച്ചു വരുന്ന അനൗദ്യോഗിക തൊഴിൽ വിപണിയുടെ സാദ്ധ്യതകൾ. തൊഴിൽ ഉടമ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഈ മേഖലകളിലെല്ലാം കണ്ടു വരുന്നത്. അതു കൊണ്ട് തൊഴിൽ ദാതാവ് – തൊഴിലാളി സംവിധാനത്തിലൂന്നിയ തൊഴിൽ ബന്ധങ്ങൾ ഇവയിലൊന്നും പ്രസക്തമാകുന്നില്ല. സ്വന്തം വീട്, ചുറ്റുപാടുകൾ, മറ്റുള്ളവരുടെ വീട്, പൊതു ഇടങ്ങൾ തുടങ്ങിയവ തൊഴിലിടമാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഈ ഇടങ്ങളിൽ ചിലതിൽ തൊഴിലുടമ അദൃശ്യമായിരിക്കും , ചിലതിൽ ഉണ്ടാവില്ല, ചിലതിൽ മധ്യവർത്തികൾ തൊഴിലുടമയുടെ ഏജൻറുകളായി പ്രവർത്തിക്കും. രേഖീയമായ ഒരു കൈമാറ്റവും ഈ തൊഴിൽ ബന്ധങ്ങളുടെ ഭാഗമായി ഉണ്ടാവുന്നില്ല. തൊഴിൽ സ്ഥിരത ഒട്ടുമേ ഉണ്ടാവില്ല. സ്വയം തൊഴിലാളികൾ, സ്വന്തം ഉത്തരവാദിത്വത്തിലെ സംരംഭങ്ങൾ, പീസ് റേറ്റ് പണിയിലേർപ്പെടുന്നവർ, പ്ളാറ്റ്ഫോം തൊഴിലാളികൾ, ഗിഗ് സമ്പദ് വ്യവസ്ഥതൊഴിലാളികൾ എന്നൊക്കെയാണ് ഇവർ അറിയപ്പെടുന്നത്. സ്ത്രീകളും മറ്റു പാർശ്വവല്ക്കരിക്കപ്പെട്ട തൊഴിലാളികളുമാണ് ഇവരിലേറെയും. ത്രികക്ഷി വിലപേശൽ (Tripartite bargaining) സംവിധാനത്തിൽ ഇവരുടെ തൊഴിൽ ദാതാവായി ആരും ഉണ്ടാവുന്നില്ല. അതു കൊണ്ട് തന്നെ അപൂർണ്ണവും നീതിയുക്തമല്ലാത്തതുമായ വിലപേശൽ ആണ് ഇന്ന് നടക്കുന്നത്. ഭരണകൂടത്തിന്റെ ഇടപെടൽ ശക്തമായി ഉണ്ടാവേണ്ട സാഹചര്യത്തിലേക്കാണിത് വിരൽ ചൂണ്ടുന്നത്. അന്തസ്സുള്ള തൊഴിൽ എന്ന സുസ്ഥിര വികസന ലക്ഷ്യത്തിന്റെ (SDG,2030) 8ാം അജണ്ട നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന ഇന്ത്യ പോലുള്ള രാജ്യങ്ങൾ മാറി വരുന്ന ഈ തൊഴിൽ രീതികളുടെ യഥാർത്ഥ്യങ്ങളെ വേണ്ട വിധം ഉൾക്കൊണ്ടിട്ടുണ്ടോ? കോവിഡ് മഹാമാരി സാധാരണക്കാരിൽ സാധാരണക്കാരായ ഈ തൊഴിലാ



ളികളുടെ ദുരവസ്ഥ തുറന്നു കാട്ടുന്നു. പൊടുന്ന നെയുള്ള തൊഴിൽ നഷ്ടവും സാമൂഹ്യ സുരക്ഷ സംവിധാനങ്ങളുടെ പരിമിതിയും ഇവരെ ദുരിതത്തിലാക്കി. ഉത്തരവാദിത്വത്തോടെ പെരുമാറാൻ ഭരണകൂടങ്ങൾക്ക് ഏറെ പരിമിതികളുണ്ടായി. നവ സാധാരണത്വത്തിന്റെ ( new normal) പ്രതിസന്ധി എന്ന് പറഞ്ഞ് വേണ്ട വിധം ശ്രദ്ധിക്കാതെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവുമൊക്കെ സഹാനുഭൂതിയിലേക്ക് വഴിമാറി. വീട്ടിലിരുന്ന് തൊഴിൽ ചെയ്യുക എന്നത് നവ സാധാരണത്വത്തിന്റെ പുതിയ യാഥാർത്ഥ്യമായി മാറി. കോവിഡ് പശ്ചാത്തലത്തിൽ നടക്കുന്ന ഇത്തരം മാറ്റങ്ങൾ കൂടുതൽ സ്ത്രീകളെ അസംഘടിതരാക്കും എന്നതിന് സംശയമില്ല. തൊഴിൽ ദാതാവിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള പിന്മാറ്റം ആയിരിക്കും ഇനി ഉണ്ടാവുക. അതിലൂടെ 'വർക്ക് ഫ്രം ഹോം' സ്ത്രീ തൊഴിൽ പങ്കാളിത്തത്തിന്റെ സവിശേഷ ഘടകമായി സ്ഥാപിക്കപ്പെടും. കോവിഡ് കാലത്ത് ഇന്ത്യയിൽ 100ൽ 76 സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് CMIE - CPHS കണക്കുകൾ (December,2020) സൂചിപ്പിക്കുന്നു. അതിൽ 24 സ്ത്രീകൾ മാത്രമാണ് ലോക്ക് ഡൗണിന് ശേഷം തൊഴിലിൽ തിരികെ കയറിയത്. അതേ സമയം 100ൽ 36 പുരുഷന്മാർക്ക്മാത്രമേ തൊഴിൽ നഷ്ടപ്പെട്ടുള്ളൂ. അതിൽ 24 പേരും തിരികെ ജോലിയിൽ പ്രവേശിച്ചു. ഇതിൽ നിന്നും പുതിയ സാഹചര്യങ്ങൾ ആരെയായിരിക്കും മോശമായി ബാധിക്കുക എന്ന് വ്യക്തമാണ്.

ഇന്നിന്റെയും നാളെയുടേയും യാഥാർത്ഥ്യങ്ങളാണ് ഇത്തരം പുതിയ തൊഴിൽ സാഹചര്യങ്ങൾ.



അതു കൊണ്ട് തന്നെ ഉപജീവന ബദലുകളായി വ്യത്യസ്തമായ തൊഴിലുകളും തൊഴിൽ സാദ്ധ്യതകളും മാറുമ്പോൾ അതിനെ തൊഴിലാളിക്കനുകൂലമായി മാറ്റാനാവുന്ന പുതിയ ചർച്ചകളും വിലപേശലുകളും അതിലൂടെ പുതിയ സംവിധാനങ്ങളും ഉരുത്തിരിയണം. അദ്ധ്വാന മൂല്യനിർണ്ണയത്തിന്റെ പുതിയ രീതി ശാസ്ത്രമായി അത് മാറപ്പെടണം. ഇത്തരം തൊഴിലാളികളുടെ ഔദ്യോഗിക/സംഘടിത വൽക്കരണം എങ്ങനെയായിരിക്കണം എന്നതിനുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടായി വരണം. 8 മണിക്കൂർ തൊഴിൽ, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്ന യുക്തിയിലൂടെ ഈ പ്രക്രിയ നടപ്പാവില്ല. തൊഴിലിൽ ഏർപ്പെടുന്നവരുടെ പ്രത്യേക സവിശേഷതകളിലൂടെയാവണം ഈ നയ രൂപീകരണം നടക്കേണ്ടത്. മത്സ്യ വിപണനം നടത്തുന്ന ഒരു സ്ത്രീക്ക് മത്സ്യം ലഭിക്കുന്ന സമയത്ത് തീരത്തെത്തിയാൽ മാത്രമേ അവരുടെ ഉപജീവനത്തിനുള്ള സാഹചര്യം സാദ്ധ്യമാവുകയുള്ളൂ. എടുക്കുന്ന മത്സ്യം വിറ്റുപോകുന്നതു വരെ കച്ചവടം ചെയ്തേ പറ്റുകയുള്ളൂ. ഇങ്ങനെ ഓരോ മേഖലകൾക്കും തനതായ പ്രത്യേകതകൾ ഉണ്ട്. ഇവ മനസ്സിലാക്കി ഘടനാപരമായ പൊളിച്ചെഴുത്തലുകൾ നടത്തിയാലേ ലിംഗ പദവി (Gender) അടിസ്ഥാനമാക്കിയുള്ള അന്തസ്സുള്ള തൊഴിൽ (decent work) എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കെത്തുകയുള്ളൂ. അല്ലെങ്കിൽ അസംഘടിതമേഖല കൂടുതൽ രൂക്ഷമായ സാഹചര്യങ്ങളിലേക്ക് തള്ളി നീക്കപ്പെടും. അന്തസ്സുള്ള വേതനമോ, സാമൂഹ്യ സുരക്ഷാസംവിധാനങ്ങളോ ഇവർക്ക് ലഭ്യമാവാതെ വരും. 'പാവങ്ങൾ' അല്ലെങ്കിൽ 'ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ' എന്ന വിഭാഗത്തിൽ അസംഘടിതർ പെട്ടു പോകും. നിലനില്പിനെ നിർണ്ണയിക്കുന്ന ഘടനയിൽ നിന്ന് തൊഴിലാളി എന്ന സ്വത്വം പുറന്തള്ളപ്പെടും, ഇതോടൊപ്പം തൊഴിലവകാശങ്ങളും. തൊഴിലാളി സംഘടനകൾ ഈ തിരിച്ചറിവിലേക്കെത്തിയാൽ മാത്രമേ അസംഘടിത തൊഴിൽ വിഭാഗങ്ങളുടെ, സ്ത്രീ തൊഴിലാളികളുടെ അംഗീകാരം സാദ്ധ്യമാവുകയുള്ളൂ. സംഘാടനത്തിന്റെ പുതിയ സമവാക്യങ്ങളും തന്ത്രങ്ങളും ഈ ഗതിയിൽ പ്രധാനമാണ്. ഇത്തരം പുതിയ ചിന്തകളിലൂടെ മാത്രമേ സ്ത്രീകളുടേയും പാർശ്വവല്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടേയും തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിപ്പിക്കുന്നതിനും തൊഴിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിനും സാധ്യമാവുകയുള്ളൂ.

ചർച്ചാവിഷയം

# സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകളും സുരക്ഷയ്ക്കുള്ള സംവിധാനങ്ങളും



**ഡോ.അമൃത.കെ.പി.എൻ.**
ഗവേഷക സഹായി, KILA




സാർവ്വദേശീയ, ദേശീയ തലങ്ങളിൽ ലിംഗ തുല്യതക്കും നീതിക്കും വേണ്ടിയുള്ള ഒട്ടേറെ നടപടികളും കരാറുകളും ഉടമ്പടികളും ഉണ്ടായിട്ടുണ്ട്. ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, വിവിധ സർക്കാരുകൾ തുടങ്ങി അന്തർദ്ദേശീയ, പ്രാദേശികതലങ്ങൾ വരെ ഇപ്പോൾ സാധാരണയായി ജെൻഡർ, ലിംഗനീതി, ലിംഗസമത്വം, ശാക്തീകരണം തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ജനാധിപത്യപരവും ഫലപ്രദവുമായ, എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള ഒരു ഭരണ സംവിധാനത്തിന് ലിംഗനീതി പരിഗണന ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

തുല്യത, മനുഷ്യാവകാശം എന്നിവ ആഗോളതലത്തിൽ ചർച്ച ചെയ്യാനും ഇവ നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്താനും ആരംഭിച്ചത് “ജനാധിപത്യം” എന്ന ആശയത്തിന് വ്യാപക പ്രചാരം ലഭിച്ച പത്തൊൻപതാം നൂറ്റാണ്ടിലാണ്. സ്ത്രീ - പുരുഷ തുല്യതക്ക് വേണ്ടിയുള്ള ചർച്ചകളും പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് തുടങ്ങിവെച്ചത്. സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടി നടന്ന സഫ്രാജെറ്റ് പ്രസ്ഥാനം യൂറോപ്യൻ രാജ്യങ്ങളിൽ പ്രക്ഷോഭമായി പടർന്നു. എഴുപത്തിരണ്ട് വർഷക്കാലത്തോളം നീണ്ടുനിന്ന സമരത്തിനൊടുവിൽ 1920-ലാണ് അമേരിക്കയിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കുന്നത്. എലിസബത്ത്ക്യാഡി സ്റ്റാൻടൺ, ലുക്രേഷ്യമോട്ട് എന്നിവരുടെ നേതൃത്വത്തിൽ 1848ൽ ന്യൂയോർക്കിൽ ആരംഭിച്ച സ്ത്രീകളുടെ വോട്ടവകാശത്തിനു വേണ്ടിയുള്ള പ്രക്ഷോഭമായിരുന്നു സ്ത്രീകളുടെ അടിമത്തത്തിനെതിരായ ആദ്യ സംഘടിത പോരാട്ടം എന്ന് വിലയിരുത്താവുന്നതാണ്. സഫ്രാജെറ്റ് പ്രക്ഷോഭം തുടർന്ന് സ്ത്രീകളുടെ രാഷ്ട്രീയ, സാമൂഹ്യ തുല്യതക്ക് വേണ്ടിയുള്ള പ്രക്ഷോഭമായി മാറി.പി

ന്നീട് ഒന്നാം ലോകമഹായുദ്ധാനന്തര കാലത്ത് പല യൂറോപ്യൻ രാജ്യങ്ങളും സ്ത്രീകളുടെ സാമൂഹ്യ-രാഷ്ട്രീയ തുല്യതക്കായി ചില നിയമങ്ങൾ നിർമ്മിക്കുകയുണ്ടായി. സമൂഹത്തിൽ നിലനിൽക്കുന്ന അവകാശങ്ങളും അവസരങ്ങളും എന്തുകൊണ്ട് സ്ത്രീകൾക്ക് മാത്രം നിഷേധിക്കപ്പെടുന്നു എന്ന സൂക്ഷ്മ ചിന്തയും 1950 നു ശേഷം ഉള്ള കാലം സ്ത്രീ വാദങ്ങൾക്കകത്ത് ഉയർന്നുവന്നു.

താരതമ്യേന കൂടുതൽ പുരുഷകേന്ദ്രീകൃത മൂല്യങ്ങൾ നിലനിന്നിരുന്ന ഇന്ത്യൻ സമൂഹത്തിൽ ബ്രിട്ടീഷ് അധിനിവേശത്തിനെതിരായി നടന്ന പോരാട്ടങ്ങളോടൊപ്പം വളർന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന അജണ്ടകളിൽ ഒന്ന് സ്ത്രീശാക്തീകരണം ആയിരുന്നു. 1829 ലാണ് ഇന്ത്യയിൽ സതി നിരോധിക്കപ്പെടുന്നത്. 1848ൽ സാവിത്രി ഫൂലെ വിദ്യാഭ്യാസം നേടിയ ആദ്യ വനിതയാകുന്നു. 1856ൽ ഹിന്ദു വിധവാ പുനർവിവാഹ നിയമം നിലവിൽ വന്നു. 1937ൽ സ്ത്രീകളുടെ സ്വത്തവകാശ നിയമം തുടങ്ങിയ നിയമനിർമ്മാണങ്ങൾ നടന്നു. 1949 നവംബർ 26 നാണ് ഇന്ത്യൻ സ്ത്രീക്ക് പൂർണമായും വോട്ടവകാശം ലഭിക്കുന്നത്.ഇന്ത്യൻ സമൂഹത്തിലെ സ്ത്രീകളുടെ തുല്യതയും അവകാശങ്ങളും കൃത്യമായി പരിഗണിച്ചത് ഇന്ത്യൻ ഭരണഘടന തന്നെയാണ്. ആർട്ടിക്കിൾ 14, 15, 16, 39A, 42, 51A എന്നിവ സ്ത്രീകളുടെ വിവിധ തലങ്ങളിലുള്ള അവകാശങ്ങളെ സംരക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

19-ാം നൂറ്റുണ്ടിന്റെ അവസാനദശകങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും കേരളമാകെ ശക്തമായി പ്രവർത്തിച്ച സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ കേരള സമൂഹത്തെ നവീകരിക്കുന്നതിന് ശക്തമായ സ്വാധീനം ചെലുത്തി. ഈ പരിഷ്ക്കരണശ്രമങ്ങൾ സ്ത്രീകളുടെ വിദ്യാഭ്യാസം, വികസനം, വീടിന് പുറത്ത് പുതിയ ഉദ്യോഗങ്ങൾ സ്വീകരിക്കൽ, കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള മാറ്റം, പിൻതുടർച്ചാവകാശങ്ങളിലെ മാറ്റം എന്നിവയിലൂടെ സ്ത്രീകൾക്കിടയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ കൊണ്ടുവന്നു.

ഇക്കാലങ്ങളിൽ ശക്തിപ്രാപിച്ച സ്വാതന്ത്ര്യസമരം, ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക പ്രസ്ഥാനങ്ങൾ,വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യ പുനർനിർമ്മാണ പ്രവർത്തനങ്ങൾ, തൊഴിലാളി സംഘടനകൾ, വിവിധ സർവ്വീസ് സംഘടനകൾ, പ്രസാധനം തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകളുടെ ശക്തമായ പങ്കാളിത്തം ഉണ്ടായിരുന്നു.കേരളസംസ്ഥാനം രൂപം കൊണ്ടതിനുശേഷം നടപ്പാക്കിയ വിവിധ ക്ഷേമപ്രവർത്തനങ്ങളുടേയും നയപരിപാടികളുടേയും ഫലമായി കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമൂഹ്യ വികസനത്തിൽ വലിയ പുരോഗതി കൈവരിച്ചു. കേരളവികസന മാതൃകയെന്ന് ലോകമാകമാനം അറിയപ്പെട്ട നമ്മുടെ വികസന സമീപനത്തിൽ സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിത ദൈർഘ്യം, സാക്ഷരത തുടങ്ങിയ പുരോഗമന വികസന സൂചികകൾ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ ഉയർന്നു നിന്നു.എന്നാൽ സമൂഹത്തിൽ ഈ സൂചികകൾ ഉയർന്നു നിൽക്കുമ്പോഴും സ്ത്രീകളുടെ സാമൂഹ്യപങ്കാളിത്തം, തൊഴിൽ പങ്കാളിത്ത നിരക്ക് എന്നിവ കുറഞ്ഞു വരികയും സ്ത്രീകൾ




ക്കെതിരായി വീടിനകത്തും പുറത്തും നടക്കുന്ന അതിക്രമങ്ങളുടെ തോത് വർധിക്കുകയും സ്ത്രീധനം പോലുള്ള സ്ത്രീകൾക്കെതിരായ സംഗതികൾ വ്യാപകമാകുകയും ചെയ്യുന്ന തരത്തിലുള്ള പ്രതിലോമ പ്രവണതകൾ ദൃശ്യമാകുന്നതായുള്ള വിമർശനം ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ ശക്തിപ്രാപിച്ചു. നിരവധി സ്ത്രീ സംഘടനകളും വ്യക്തികളും ഗവേഷകരും മാധ്യമപ്രവർത്തകരും നയരൂപീകരണ വിദഗ്ദ്ധരും ഈ വിരോധാഭാസം ഉന്നയിക്കുവാൻ തുടങ്ങി. ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ രൂപമെടുത്ത സ്ത്രീസ്വാതന്ത്ര്യ പ്രവർത്തനങ്ങളും തുടർന്നു വന്ന സമ്പൂർണസാക്ഷരതായജ്ഞവും സ്ത്രീകളുടെ പങ്കാളിത്തത്താൽ ശ്രദ്ധേയമായിരുന്നു. 1996-ൽ 33% സ്ത്രീ സംവരണത്തോടെ നിലവിൽ വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യ

ത്തിൽ നേതൃത്വപരമായ ഇടപെടലുകൾക്കു തുടക്കമിടാൻ സാധിച്ചു.

## സ്ത്രീകളുടെ അവകാശസംരക്ഷണ പ്രഖ്യാപനങ്ങൾ, കമ്മീഷനുകൾ, നിയമങ്ങൾ

### അന്താരാഷ്ട്രതലം

1975 ൽ മെക്സിക്കോയിൽ വെച്ച ചേർന്ന സമ്മേളനം ആ വർഷം സാർവ്വദേശീയ വനിതാവർഷമായി പ്രഖ്യാപിച്ചു.അതിനെ തുടർന്ന് 1975-85 വനിതാദശകമായി ആചരിക്കാൻ യു.എൻആഹ്വാനം ചെയ്തു.

1977 ൽ മാർച്ച് 8 സാർവ്വദേശീയ വനിതാദിനമായിപ്രഖ്യാപനം.

1857 മാർച്ച് 8ന്, ന്യൂയോർക്കിലെ വനിതകൾ നടത്തിയ സമരവും പ്രക്ഷോഭവുമാണ് വനിതാദിനത്തിന് തുടക്കമായത്. തുണിമില്ലുകളിൽ ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് സ്ത്രീകൾ സംഘടിച്ച്, കുറഞ്ഞ ശമ്പളത്തിനെതിരായുംദീർഘസമയത്തെ ജോലി ഒഴിവാക്കുവാനും മുതലാളിത്തത്തിന് എതിരെ വോട്ടുചെയ്യാനുമുള്ളഅവകാശത്തിനുവേണ്ടിയും ആദ്യമായി സ്വരമുയർത്തിയപ്പോൾ അത് ചരിത്രത്തിന്റെ ഭാഗമാവുകയായിരുന്നു. പിന്നീട് ലോകവനിതാദിനമെന്ന ആശയം കടന്നുവന്നപ്പോൾ മാർച്ച് എട്ട് ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെടാനും കാരണം മറ്റൊന്നല്ല.

1980ൽ കോപ്പൻഹേഗൻ സമ്മേളനവും 1985 ൽ 2000 ആണ്ടിലേക്കുള്ളപരിപ്രേക്ഷ്യം (Forward looking strategies for women 2000) തയ്യാറാക്കാനായി നെയ്റോബി സമ്മേളനവും നടന്നു.

### CEDAW പ്രഖ്യാപനം

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രധാനപ്പെട്ട അന്താരാഷ്ട്ര രേഖയാണ് കൺവെൻഷൻ ഓൺ എലിമിനേഷൻ ഓഫ് ഓൾ ഫോംസ് ഓഫ് ഡിസ്ക്രിമിനേഷൻ എഗയ്ൻസ്റ്റ് വിമെൻ (CEDAW) പ്രഖ്യാപനം. 1979 ൽ നടന്ന ഈ കൺവെൻഷനിൽ വച്ച് ഐക്യരാഷ്ട്രസഭ പാസ്സാക്കിയ ഈ അവകാശ പ്രഖ്യാപന രേഖ, സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ വിധ വിവേചനങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ട്, സ്ത്രീകളുടെ സമത്വത്തിനുള്ള അവകാശം ഉറപ്പു വരുത്തുവാൻ എല്ലാ അംഗരാഷ്ട്രങ്ങളും നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചു. ഇന്ത്യ ഉൾപ്പടെ 189 രാജ്യങ്ങൾ ഈ പ്രഖ്യാപനരേഖ അംഗീകരിച്ചിട്ടുണ്ട്.ഈ കൺവെൻഷനിൽ പങ്കെടുത്ത രാജ്യങ്ങൾ സ്ത്രീകളോടുള്ള വിവേചനത്തിനെതിരായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടു.

- വിവേചനത്തിൽ അധിഷ്ഠിതമായ എല്ലാ നിയമങ്ങളും എടുത്തുകളഞ്ഞ് സ്ത്രീ-പുരുഷ തുല്യതയിൽ ഊന്നിയ നിയമസംവിധാനം രൂപപ്പെടുത്തുക.
- സ്ത്രീകളുടെ സുരക്ഷിതത്വത്തിന് ആവശ്യമായ ട്രിബ്യൂണുകളും പൊതുസ്ഥാപനങ്ങളും സ്ഥാപിക്കുക.
- വ്യക്തികൾ മുഖേനയോ, സംഘടനകളോ സ്ഥാപനങ്ങളോ മുഖേനയുള്ള സ്ത്രീകളോട് പ്രകടിപ്പിക്കുന്ന വിവേചനം ഇല്ലാതാക്കുക.
- 1980 ജൂലൈ 30 നാണ് ഇന്ത്യ ഇതിൽഒപ്പുവെക്കുന്നത്. 1993 ലാണ് പൂർണ്ണമായി അംഗീകരിക്കപ്പെടുന്നത്.

### ബീജിംഗ് പ്രഖ്യാപനം

1995 ൽ ബീജിങ്ങിൽ നടന്ന നാലാമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൽ സ്ത്രീകളുടെ അവകാശ നിഷേധങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും ?ബീജിംഗ് പ്രഖ്യാപനം? എന്ന പേരിൽ സ്ത്രീകളുടെ അവകാശ സംരക്ഷണ രേഖയും, രേഖയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തു. ഗാർഹികാതിക്രമത്തെ അക്രമ പ്രവർത്തിയെന്ന് കണ്ട് അതിനെതിരെ ബോധവൽക്കരണം നടത്താനും ഈ സമ്മേളനം തീരുമാനിക്കുകയുണ്ടായി.

സ്ത്രീകളുടെ അവകാശങ്ങൾക്കായുള്ള ഏറ്റവും പുരോഗമനപരമായ രേഖ എന്നാണ് യുഎൻ വിമൻ ഇതിനെ വിശേഷിപ്പിച്ചത് പ്രധാനമായും പന്ത്രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളിൽ ആണ് ഈ പ്രഖ്യാപനം ശ്രദ്ധകേന്ദ്രീകരിച്ചത്.

- സ്ത്രീകളും ദാരിദ്ര്യവും
- സ്ത്രീകൾക്ക് വിദ്യാഭ്യാസവും മതിയായ പരിശീലനവും
- സ്ത്രീകളും ആരോഗ്യവും
- സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ
- സായുധ പോരാട്ടങ്ങൾ
- പ്രത്യേകമായി സ്ത്രീകളെ ബാധിക്കുന്നത്
- സ്ത്രീകളും സമ്പദ്ഘടനയും
- സ്ത്രീകൾ അധികാരത്തിൽ, തീരുമാനമെടുക്കൽ പ്രക്രിയയിൽ
- സ്ഥാപന സംവിധാനങ്ങൾ
- സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ
- സ്ത്രീകളും മാധ്യമങ്ങളും
- സ്ത്രീകളും പരിസ്ഥിതിയും പെൺകുട്ടികൾ

### ബീജിംഗ് +5 പ്രഖ്യാപനം

ബീജിംഗ് പ്രഖ്യാപനത്തിൻറെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയുടെ പ്രത്യേക സെഷൻ. 2000 ൽ ന്യൂയോർക്കിൽ വെച്ച് ?ബെയ്ജിംഗ് +5 ?എന്ന പേരിൽ ചേരുകയും സ്ത്രീകളുടെ അവ

കാശ സംരക്ഷണത്തിനായുള്ള തുടർ നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തു.

### ബീജിംഗ് +20

1995 ൽ നടന്ന ബീജിംഗ് പ്രഖ്യാപനത്തിൻറെ ഇരുപത് വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും ബീജിംഗ് പ്രഖ്യാപനത്തിലെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 2015 സെപ്തംബർ 27 ന് UN Women, ചൈന എന്നിവയുടെ സംയുക്തമാഭിമുഖ്യത്തിൽ ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് വച്ച് 1995 ലെ ബീജിംഗ് കൺവെൻഷൻ പങ്കെടുത്ത രാഷ്ട്രങ്ങളിലെ നേതാക്കളുടെ ഒരു അന്താരാഷ്ട്ര സമ്മേളനം നടക്കുകയുണ്ടായി. 2030 നകം ബീജിംഗ് പ്രഖ്യാപനത്തിൽ ലക്ഷ്യമിട്ട ലിംഗസമത്വവും സ്ത്രീശാക്തീകരണവും കൈവരിക്കുന്നതിനുള്ള നടപടികളുടെ പ്രഖ്യാപനമാണ് ഈ ആഗോള സമ്മേളനത്തിൽ ഉണ്ടായത്. ബീജിംഗ് +20 എന്ന പേരിലാണ് ഈ ആഗോള കൺവെൻഷൻ സംഘടിപ്പിക്കപ്പെട്ടത്.

### Committee on Status of Women (CSW)

1946 ജൂൺ 21ന് രൂപീകൃതമായ ഇടണ ജെൻഡർ സമത്വത്തിനും സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട Intergovernmental സമിതിയാണ്. ബെയ്ജിങ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനുള്ള ബാധ്യത ഏറ്റെടുത്തിട്ടുള്ള ഇടണ അതിനായി പ്രവർത്തിക്കുന്ന സ്ത്രീ ഫെമിനിസ്റ്റുകൾ, സർക്കാർ സംവിധാനങ്ങൾ, സിവിൽ സമൂഹം എന്നിവരടങ്ങിയ സംഘം ഉണ്ടാക്കി പ്രവർത്തിച്ചുവരുന്നു.

### ദേശീയതലം
### ഭരണഘടനാവ്യവസ്ഥകൾ

അനുച്ഛേദം 14 : തുല്യതക്കുള്ള അവകാശം

അനുച്ഛേദം 15 : വിവേചനരാഹിത്യം.

അനുച്ഛേദം 15 (3) : സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തെ അധികാരപ്പെടുത്തൽ

അനുച്ഛേദം 16 : സർക്കാർ ജോലിയിൽ അവസരസമത്വം

അനുച്ഛേദം 19 :

1. അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം
2.സമ്മേളന സ്വാതന്ത്ര്യം
3.സംഘടനാ സ്വാതന്ത്ര്യം
4.സഞ്ചാരസ്വാതന്ത്ര്യം
5.താമസിക്കാൻ സ്വാതന്ത്ര്യം
6.തൊഴിൽ, ബിസിനസ് മുതലായവ നടത്താനുള്ള സ്വാതന്ത്ര്യം

അനുച്ഛേദം 21 : അന്തസ്സോടെയും മറ്റും ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യം

അനുച്ഛേദം 23 : മനുഷ്യക്കടത്ത്, നിർബന്ധിത തൊഴിൽ മുതലായ ചൂഷണത്തിൽ നിന്നുമുള്ള സംരക്ഷണം

അനുച്ഛേദം 32 : ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് നേടിയെടുക്കുന്നതിനുള്ള പരിഹാരങ്ങൾ

അനുച്ഛേദം 39 : തുല്ല്യ ജോലിക്ക് തുല്ല്യ വേതനം, കഴിവിനു യോജിക്കാത്ത ജോലി എടുക്കാൻ നിർബന്ധിക്കരുതെന്ന നിർദ്ദേശം

അനുച്ഛേദം 42 : ജോലി സ്ഥലം ആരോഗ്യകരമാകണമെന്നും പ്രസവാനുകൂല്യം നൽകണമെന്നുമുള്ള വ്യവസ്ഥകൾ

അനുച്ഛേദം51 എ(ഇ) : സ്ത്രീയുടെ അന്തസ്സും അഭിമാനവും ഹനിക്കത്തക്ക പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്.

### ദേശീയ വനിതാ കമ്മീഷൻ

സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി 1990 ൽ ഇന്ത്യൻ പാർലമെൻറ് ദേശീയ വനിതാ കമ്മീഷൻ നിയമം പാസാക്കുകയും തുടർന്ന് സ്ത്രീകളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ1992 ജനുവരിയിൽ ദേശീയ വനിതാ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു.കേന്ദ്ര ഗവൺമെൻറ് നോമിനേറ്റ് ചെയ്യുന്ന ഒരു ചെയർപേഴ്സണും 5 അംഗങ്ങളും (ഒരംഗം എസ്സി എസ്.ടി വിഭാഗത്തിൽ നിന്ന്) ഒരു മെമ്പർ സെക്രട്ടറിയും അടങ്ങുന്നതാണ് ദേശീയ വനിതാ കമ്മീഷൻ. താഴെപറയുന്നവയാണ് പ്രധാന ചുമതലകൾ

- നിയമ സംരക്ഷണ നടപടികളുടെ മേലുള്ള നിരീക്ഷണം.
- അവശ്യ സന്ദർഭങ്ങളിൽ നിയമ നടപടികൾക്ക് ശുപാർശ ചെയ്യൽ.
- സ്ത്രീകളുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കൽ.
- സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് ആവശ്യമായ നയങ്ങൾ രൂപീകരിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തൽ.

### ദേശീയ വനിതാ നയം, 2001

സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതി നേടിയെടുക്കുന്നതിന് വേണ്ട സമൂഹ്യ-സാമ്പത്തിക-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക, അതിലൂടെ സ്ത്രീകളുടെ പൂർണ്ണ വ്യക്തി വികാസം സാധ്യമാക്കുക എന്നതാണ് 2001 ലെ ദേശീയ വനിതാ നയം മുന്നോട്ട് വെക്കുന്ന കാഴ്ച്ചപ്പാട്.

ദേശീയനയം താഴെപ്പറയുന്നവ ലക്ഷ്യമാക്കുന്നു.

- സ്ത്രീകളുടെ കാര്യശേഷിയെ പൂർണമായും

കണക്കിലെടുക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കൽ.

- സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ നൽകൽ, തുല്യ പങ്കാളിത്തം ഉറപ്പു വരുത്തൽ, തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം.
- ഫലപ്രദമായ രീതിയിൽ സ്ത്രീകൾക്ക് ആരോഗ്യ, വിദ്യാഭ്യാസ സേവനങ്ങൾ ലഭ്യമാക്കുക.
- തുല്യവേതനം ഉറപ്പാക്കൽ.
- വിവേചനങ്ങൾക്കെതിരായി നിയമവ്യവസ്ഥയും കോടതികളും പ്രവർത്തിക്കൽ.

സ്ത്രീകൾ ഇന്ന് നേരിടുന്ന എല്ലാവിധ വെല്ലുവിളികളേയും നേരിടാൻ അവരെ പ്രാപ്തമാക്കുന്നതിനും എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ ദേശീയ വനിതാനയം (National Policy for The Empowerment of Women 2016) കേന്ദ്രസർക്കാർ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2001 ലെ നയത്തിൻറെ പരിഷ്ക്കരിച്ച രൂപമാണ് 2016 ലെ കരട് നയം. 2016 ലെ നയം അംഗീകരിക്കുന്നതോടെ 2001 ലെ നയം പ്രാബല്യത്തിലുണ്ടാകുകയില്ല.

ഇതെല്ലാമായിട്ടും 2020ലെ Global Gender Gap റിപ്പോർട്ട് പ്രകാരം 187 രാജ്യങ്ങളിൽ 112 മത് രാജ്യം മാത്രമാണ് ഇന്ത്യ എന്നത് ഈ നയങ്ങൾ എത്രത്തോളം ജനങ്ങളിൽ നിന്ന് അകലെയാണ് എന്നതിന്റെ സൂചനയാണ് .

## സംസ്ഥാനതലം

### സംസ്ഥാന വനിതാകമ്മീഷൻ

ദേശീയ വനിതാ കമ്മീഷൻ നിയമം 1990 ൽ പാർലമെൻറ് പാസ്സാക്കിയതിനെ തുടർന്ന് 1990 ൽ കേരള നിയമസഭ കേരള സംസ്ഥാന വനിതാ കമ്മീഷൻ ബിൽ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ചെങ്കിലും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് 1995 ലാണ്. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1995 ൽ കേരള വനിതാ കമ്മീഷൻ നിയമം പാസ്സാക്കുകയും 1996 ൽ സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

### ജാഗ്രതാസമിതി സംവിധാനം

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും അവ പരിഹരിക്കുന്നതിന് പ്രാദേശികതലത്തിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്നതിന് പ്രാദേശികതലത്തിൽ തന്നെ ഔദ്യോഗിക സംവിധാനം ഉണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന വനിതാ കമ്മീഷൻറെ മേൽനോട്ടത്തിൽ ജില്ലാ-പ്രാദേശികതലങ്ങളിൽ ജാഗ്രതാസമിതികൾ ഉണ്ടാകണമെന്ന് തീരുമാനിച്ചത്.

### സംസ്ഥാന വനിതാ നയം 2015

ദേശീയ വനിതാ നയം പ്രഖ്യാപിച്ചതിന്റെ തുടർച്ചയെന്നോണം 2005 ൽ സംസ്ഥാന വനിതാ നയം പ്രഖ്യാപിക്കുകയുണ്ടായി. 2009 ൽ അത് പരിഷ്ക്കരിക്കുകയുണ്ടായി. തുടർന്ന് 2015 ൽ സാമൂഹികവും, സാംസ്കാരികവും, രാഷ്ട്രീയപരവും, സാമ്പത്തികവുമായ ശാക്തീകരണത്തെ ആശ്രയിച്ചാണ് സ്ത്രീകളുടെ ക്ഷേമാവസ്ഥ എന്ന് വിലയിരുത്തിക്കൊണ്ട് കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുക എന്ന ലക്ഷ്യത്തോടെ വീണ്ടും പരിഷ്ക്കരിക്കുകയുണ്ടായി. അതിന് ശേഷം 2015 ൽ തന്നെ Gender Equity and Women Empowerment Policy 2015 (GEWE 2015) എന്ന പേരിൽ വീണ്ടും പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO (MS) No.207/2015/SJD dt 16.04.2015) പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ സ്ത്രീപുരുഷബന്ധങ്ങൾ, തുല്യമായ പ്രാപ്യതയും നിയന്ത്രണവും, തുല്യമായ അവസരങ്ങൾ, വികസനപ്രവർത്തനങ്ങളിൽ തുല്യപങ്കാളിത്തം എന്നിവയാണ് ഈ നയത്തിൽ പരാമർശിക്കപ്പെടുന്നത്.

വനിതാനയം നിലവിൽ വന്നതിനെത്തുടർന്ന് ഒട്ടനവധി പദ്ധതികളും സ്കീമുകളും സ്ത്രീകളുടെ ശാക്തീകരണത്തിനും, സ്ത്രീസുരക്ഷ ലക്ഷ്യമാക്കിയും നടപ്പിലാക്കപ്പെട്ടു വരുന്നുണ്ട്.

2017 ലാണ് കേരളത്തിൽ വനിതാ ശിശു വികസന വകുപ്പ് രൂപംകൊള്ളുന്നത്. അതുവരെയും സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ നടന്നു വന്നിരുന്ന പദ്ധതികളും സംവിധാനങ്ങളും പുതിയതായി രൂപീകരിച്ച വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. വനിതാനയം നടപ്പിലാക്കാൻ വകുപ്പ് പ്രതിജ്ഞാബദ്ധം ആകുന്നു. ഈ മേഖലയിലെ ഒട്ടനവധി സ്കീമുകളും സേവനങ്ങളും ഏകോപിപ്പിക്കുക എന്നതുകൂടിയാണ് വനിതാ-ശിശു വികസന വകുപ്പിന്റെ ലക്ഷ്യം.

### പ്രാദേശിക തലത്തിലെ പ്രവർത്തനങ്ങൾ

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന നയങ്ങളിൽ ലിംഗനീതി പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നു. സ്ത്രീകളുടെ നിർണായക ആവശ്യങ്ങൾ (Strategic Needs) അവ ചർച്ച ചെയ്യുകയും അവ വികസന വിടവുകളായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പോരായ്മകൾ കുറെയേറെ നിലനിൽക്കുന്നുണ്ടെങ്കിലും “വനിതാ ഘടക പദ്ധതി”സ്ത്രീകളുടെ സാമൂഹ്യ, സാമ്പത്തിക പദവി ഉയർത്തുന്നതിന് ശ്രമം നടത്തി വരുന്നുണ്ട്. ജെൻഡർ അസമത്വങ്ങളെ പഞ്ചായത്തീരാജ് / നഗരപാലിക നിയമങ്ങൾ അഭിസംബോധന ചെയ്യുന്നുണ്ട്. വനിതാ ഘടക പദ്ധതിക്കപ്പുറം പൊ

തു പദ്ധതികളിലും പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കാനുള്ള ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് അവർക്ക് ബോധ്യപ്പെടുന്നുണ്ട്.

## നിയമവ്യവസ്ഥകൾ

I.അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ

a. ഇന്ത്യൻ ശിക്ഷാ നിയമം 1860 (Indian Penal Code 1860)

- ലൈംഗിക കുറ്റങ്ങൾ
- വിവാഹസംബന്ധമായ കുറ്റങ്ങൾ

b. കേരള പോലീസ് നിയമം, 2011

c. ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, 2005

d. സ്ത്രീധനനിരോധന നിയമം 1961

e. ഗർഭചിദ്രം നിയമം 1971

f. സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ നിരോധന നിയമം 1986

g. സൈബർ നിയമം 2000 (വിവരസാങ്കേതിക വിദ്യാനിയമം, 2000)

h. അസാൻമാർഗ്ഗികവ്യാപാരം തടയൽ നിയമം,1956

i. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം, 2013

j.ക്രിമിനൽ നടപടിക്രമ നിയമം, 1973

## II. വ്യക്തി നിയമങ്ങൾ :

സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളിൽ വിവാഹം, പിൻതുടർച്ച മുതലായവ വിഷയങ്ങൾ തീരുമാനിക്കുന്നത് മതാധിഷ്ഠിതമായ വ്യക്തി നിയമങ്ങളാണ്.

- വിവാഹ നിയമങ്ങൾ
- ഹിന്ദു വിവാഹ നിയമം
- ക്രിസ്ത്യൻ വിവാഹ നിയമം.
- മുസ്ലിം വിവാഹ നിയമം.
- മുസ്ലീം വിവാഹമോചന നിയമം 1939)
- സ്പെഷൽ മാര്യേജ് ആക്ട് 1994
- ജീവനാംശ നിയമങ്ങൾ
- പിൻതുടർച്ചാവകാശ നിയമങ്ങൾ
- തൊഴിൽ നിയമങ്ങൾ
- ഫാക്ടറി നിയമം 1948
- എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം 1948)
- മൈൻസ് നിയമം 1952
- പ്രസവാനുകൂല്യ നിയമം 1961
- തുല്യവേതന, 1976
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം 2013

## നയങ്ങളുടേയും, പ്രഖ്യാപനങ്ങളുടേയും പ്രസക്തി

ഈലേഖനത്തിൽ നയങ്ങളുടെ,പ്രഖ്യാപനങ്ങളുടെ, നിയമങ്ങളുടെ  ഒരു വിമർശനാത്മക പരിശോധനനടത്തിയിട്ടില്ല. അവയുടെ ഉള്ളടക്കം പരിചയപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൂടാതെ, പ്രധാനപ്പെട്ട നയങ്ങളും പ്രഖ്യാപനങ്ങളും മാത്രം ഉൾപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

അസമത്വങ്ങൾ ഉള്ള, ജെൻഡർ ബന്ധങ്ങൾ നിലനിൽക്കുന്ന സമൂഹത്തെ മാറ്റിമറിക്കാൻ നയങ്ങൾക്കും നിയമങ്ങൾക്കും ഒരു പരിധിവരെയേ കഴിയൂ. ഭരണകൂട സ്വഭാവത്തിന്റെ എല്ലാ രീതികളും പ്രയോഗങ്ങളും നിയമങ്ങളുടേയും സംവിധാനങ്ങളുടേയും പ്രവർത്തനങ്ങളിൽ കാണാം. അതിനപ്പുറമുള്ള കൂട്ടായ്മകൾക്കും പോരാട്ടങ്ങൾക്കും വലിയ പ്രസക്തിയുണ്ട്. പ്രശ്നങ്ങളുടെ സൂക്ഷ്മാംശങ്ങളിലേക്ക് പോകാനോ രൂഢമൂലമായ പുരുഷാധിപത്യ മൂല്യങ്ങളെ വെളിപ്പെടുത്താനോ ഈ നയങ്ങളിൽ പലതിനും പൂർണ്ണമായി കഴിഞ്ഞിട്ടില്ല. സ്ത്രീകളുടെ വികസന ആവശ്യങ്ങളെ ക്ഷേമാടിസ്ഥാനത്തിൽ കാണുന്നതിനുപരി അവകാശാധിഷ്ഠിതമായി കാണുന്നതിന് ഊന്നൽ കൊടുക്കേണ്ടതുണ്ട്. അതോടൊപ്പം എല്ലാ വിഭാഗത്തിലും പെട്ട സ്ത്രീകളെ നയരൂപീകരണത്തിലും തീരുമാനമെടുക്കൽ പ്രക്രിയകളിലും പങ്കാളികളുമാക്കേണ്ടതുമുണ്ട്.അതിനു തടസ്സം നിൽക്കുന്ന സ്ത്രീകളുടെ സമയപരിമിതിക്കും അനുഭവക്കുറവിനും കാരണമായ ജെൻഡർ റോളുകളിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഗാർഹിക ജോലികൾ പങ്കു വയ്ക്കപ്പെടേണ്ടതുണ്ട്. പുറത്തേക്കു നോക്കുന്നതോടൊപ്പം നാം അകത്തേക്കു കൂടി നോക്കുകയും അസമത്വങ്ങൾ തിരിച്ചറിയുകയും വേണം.

മറ്റൊരു പ്രശ്നം, ഈ നയങ്ങൾ, അതിനെത്തുടർന്നുള്ള നിയമങ്ങൾ എത്രകണ്ട് സാധാരണ ജനങ്ങൾക്ക് അറിവുണ്ട് എന്നതും പ്രാപ്യമാണ് എന്നതുമാണ്. സ്ത്രീധന നിരോധന നിയമം അതിനൊരു ഉദാഹരണം മാത്രം. ആ നിയമത്തിന് കീഴിൽ പരാതികൾ ലഭിക്കുന്നില്ല എന്നതുകൊണ്ടു മാത്രം കേരളത്തിൽ സ്ത്രീധനം നൽകി വിവാഹം നടക്കാതിരിക്കുന്നില്ലല്ലോ. അതുകൊണ്ടുതന്നെ പൊതുജനങ്ങളെ അറിയിക്കുക, അവർക്ക് പ്രാപ്യമാക്കുക എന്നത് വളരെ പ്രധാനമാണ്. ഇത്രയും നയപരിപാടികളും സംവിധാനങ്ങളും എല്ലാം ഉണ്ടായിട്ടും കേരളത്തിൽ സ്ത്രീകളും പെൺകുട്ടികളും ട്രാൻസ്ജെൻഡർ വ്യക്തികളും വീടിനകത്തും പുറത്തും അരക്ഷിതരെങ്കിൽ മേൽപ്പറഞ്ഞ നയങ്ങളും തുടർന്നുവരുന്ന നിയമങ്ങളുമെല്ലാം കാലാനുസൃതമായി പരിഷ്കരിക്കപ്പെടുകയും പ്രായോഗിക ഇടപെടലുകളിലേക്ക് എത്തിക്കാനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

ചർച്ചാവിഷയം



ജ്യോതി നാരായണൻ
സാമൂഹിക പ്രവർത്തക

# ഇന്ത്യൻ രാഷ്ട്രീയം അകത്തളങ്ങളിൽ

രാഷ്ട്രീയം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് അധികാര രാഷ്ട്രീയമാണ്. ഇത് ജീവിതത്തിന്റെ സമസ്ഥ മേഖലകളുമായി കൂടി കുഴഞ്ഞ് കിടക്കുന്നു. ഒന്നിൽ നിന്നും വേർപെടുത്തി പറയാനാവില്ല. ചരിത്രവും വർത്തമാനവും ഭാവിയുമായും കൂടി കിടക്കുന്നു. ഭൗതികവും ആശയപരനും മാനസികവും ശാരീരികവും അധികാരത്താൽ പ്രത്യക്ഷമായും പരോക്ഷമായും നിയന്ത്രിക്കുന്നു.

ഇന്ന് നാടിന്റെ വളർച്ച കച്ചവടം നടത്തുമ്പോൾ നടക്കുന്ന ജി.ഡി.പി.യുടെ അളവിലാണോ സമാധാനവും സന്തോഷവുമായി മനുഷ്യർ ജീവിച്ചതിന്റെ അളവിലോ എന്ന് തീരുമാനിക്കുന്നത് ഈ അധികാരമാണ്. ജനങ്ങളുടെ ജീവിത രീതിയും വികസനവും തീരുമാനിക്കുന്നത് ഈ അധികാരമാണ്. യുദ്ധോപകരണങ്ങൾ വാങ്ങണോ ഭക്ഷ്യ കാർഷിക വിഭവങ്ങൾ ഉണ്ടാക്കണോ എന്ന് തീരുമാനിക്കുന്നത് ഈ അധികാരമാണ്. ലൈംഗിക ബന്ധം ആരോട് ആവാം ആരോട് പാടില്ല എന്ന് തീരുമാനിക്കുന്നത് അധികാരമാണ്. ലോകം ഒരു ഗ്ലോബൽ വില്ലേജ് ആയ കാലത്ത് വ്യക്തിക്കോ വീടിനോ പ്രദേശത്തിനോ രാജ്യത്തിനോ മാത്രമായി അധികാരം പ്രയോഗിക്കാനാവില്ല.

അധികാരം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് 'പ്രകൃതിവിഭവങ്ങളും മനുഷ്യ അധ്വാനവും സ്വത്തും അറിവുകളും (Knowledge & Intellectual property) എല്ലാം നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും വിതരണം ചെയ്യുന്നതും മുൻഗണനകൾ നൽകുന്നതും നിയന്ത്രിക്കുക' എന്നതാണ്. എഴുതപ്പെട്ട ചരിത്രത്തിൽ എല്ലാം തന്നെ ഈ അധികാരത്തിൽ ബോധപൂർവ്വം ഇടപെടാനുള്ള സ്ത്രീയുടെ സാഹചര്യം വളരെ വളരെ പരിമിതമായിരുന്നു. തലമുറകൾ കൈമാറുന്ന സ്വത്ത് അതായത് സ്വകാര്യ സ്വത്തിന്റെ ആവിർഭാവത്തോടെ തന്നെ സ്ത്രീകളുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പുകൾ അസാദ്ധ്യമായി. പുരുഷന്റെ

പിൻതുടർച്ചാവകാശിയെ ഉറപ്പാക്കുന്നത് സ്ത്രീയുടെ ലൈംഗീകതയെ , സ്ത്രീയെ നിയന്ത്രിച്ചു കൊണ്ടാണല്ലോ. അതിജീവനത്തിൽ നിന്ന് സ്വത്ത് സമ്പാദനത്തിലേക്ക് മാറിയപ്പോൾ പെണ്ണിന്റെ അധികാരം നഷ്ടമായി. സ്ത്രീയുടെ യവ്വന കാലം മുഴുവൻ മനുഷ്യരാശിയുടെ നിലനിൽപ്പിന് ആവശ്യമായ ഗർഭധാരണം, പ്രസവം. ശിശു സംരക്ഷണം തുടങ്ങിയവക്കായി മാറ്റിവയ്ക്കുമ്പോൾ പുരുഷനോട് മത്സരിച്ച് സ്വത്ത് സമ്പാദനം ക്ലേശകരമായിരുന്നു . പിന്നീട് സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങൾ എല്ലാം സ്വകാര്യസ്വത്ത് ശരിയും അതിന്റെ അടിസ്ഥാനത്തിലുമായിരുന്നെന്ന് കാണാം. അതുകൊണ്ടു തന്നെ പിന്നിടുള്ള എല്ലാ കാലത്തും ഉല്പാദന ഉപയോഗ വിതരണ നിയന്ത്രണത്തിൽ സ്ത്രീക്ക് അധികാരമുണ്ടായിരുന്നില്ല. മാത്രമല്ല തുടർന്നു എല്ലാത്തിന്റേയും മൂല്യങ്ങൾ നിർണയിക്കുന്നത് ഈ പുരുഷ അധികാരത്തിന്റെ ഭാഗത്തുനിന്നു കൊണ്ടായിരുന്നു. സ്ത്രീയുടെ മൂല്യം കല്പിച്ചിരുന്നത് അധികാരിയായ പുരുഷ വർഗ്ഗത്തിന് എത്രമാത്രം ആശ്രിതത്വം ഉണ്ട് എന്നതിനെ അടിസ്ഥാനമാക്കിയായിരുന്നു.

നീതി, ന്യായം, ധർമ്മം, ശരി, നല്ലത്, സുന്ദരം എല്ലാം നിർണ്ണയിക്കപ്പെട്ടത് അധികാരിയായ പുരുഷന്റെ പ്രയോജനത്തെ അടിസ്ഥാനമാക്കിയായിരുന്നു. അവരുടെ അധികാരത്തെ തടസ്സപ്പെടുന്നതും ചോദ്യം ചെയ്യുന്നതുമെല്ലാം മ്ലേഛവും തെറ്റും കുറ്റകരവുമായിരുന്നു.

ഒന്നിന്റെ മൂല്യവും വിലയും തീരുമാനിക്കുന്നത് അധികാരിയാ പുരുഷേഛക്ക് എത്രമാത്രം ഗുണപ്രദമാണ് എന്നത് അടിസ്ഥാനമാക്കിയാണ്. ശക്തിയും ബലപ്രയോഗവും വഴി നേടിയ അധികാരം ഈ വിധം മൂല്യങ്ങൾ സൃഷ്ടിച്ച് ബോധനിർമ്മിതിയോടെ ഉറപ്പിച്ചു. ആരോഗ്യമുള്ള, കാര്യങ്ങൾ ഗ്രഹിക്കാൻ പ്രാപ്തിയുള്ള, ജോലി ചെയ്യാൻ കഴിവുള്ള സ്ത്രീയല്ല, പുരുഷന്റെ കാഴ്ചക്കും സുഖത്തിനും , പറ്റുന്നവരാണ് സ്വീകരിക്കപ്പെടുന്നത്. ഈ സമൂഹത്തിൽ ഗർഭധാരണം പ്രസവം മുലയൂട്ടൽ പോലുള്ള പെൺ ശക്തിയാൽ മറികടക്കുക സാദ്ധ്യമല്ലെന്ന് മാത്രമല്ല, സ്ത്രീയുടെ ഈ കഴിവുകൾ നീചമാവും കഴിവുകേടുകളായും സ്ഥാപിക്കുകയും ചെയ്തു. പുരുഷൻറെ ഇഛരക്കല്ലാതെയുള്ള സ്ത്രീയുടെ ലൈംഗികതയും ഗർഭധാരണവും ശിശുക്കളും നീചവും നിന്ദ്യവും അപമാനകരവും ശിക്ഷാർഹവുമാക്കി .



വിഭവങ്ങളുടെ ദൗർലഭ്യവും, കേന്ദ്രീകരണവും നിലനിൽപിനും അധികാരത്തിനുമൊക്കെയുള്ള സംഘർഷങ്ങൾ എക്കാലത്തും സംഭവിച്ചു കൊണ്ടിരുന്നു. ദേശത്തിന്റേയും ഭാഷയുടേയും വംശത്തിന്റേയും ഗോത്രങ്ങളുടേയും മതങ്ങളുടേയും കുടുംബങ്ങളുടയും, രാജ്യങ്ങളുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും എല്ലാം പേരിൽ സംഘടിക്കുകയും അധികാരത്തിനു വേണ്ടി യുദ്ധങ്ങളും സംഘട്ടനങ്ങളും മത്സരങ്ങളും നിരന്തര സംഭവങ്ങളാണ്. ഇതൊന്നും സ്ത്രീകൾക്ക് അധികാരം ലഭിക്കാനായിരുന്നില്ല. ഈ എല്ലാ സംഘട്ടനങ്ങളിലും സ്ത്രീ വിധേയരോ ചുരുങ്ങിയിടങ്ങളിൽ നടത്തിപ്പുകാരോ ആയിട്ടുണ്ട്. എന്നാൽ ഒറ്റക്കും ഒറ്റപ്പെട്ടതുമായ നിരവധി പ്രതിഷേധങ്ങൾ സ്ത്രീകളുടെ ഭാഗത്തുനിന്ന് നിലനിൽപ്പിനും സ്വത്വാവിഷ്കാരത്തിനും വേണ്ടി ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യമെന്നാൽ തെരഞ്ഞെടുക്കാനുള്ള അധികാരമാണ്. സ്ത്രീകളുടെ ഈ അധികാരങ്ങൾക്കു വേണ്ടി അവരുടെ പരിമിതമായ ജനാധിപത്യ ബോധത്തിന്റെ ഭാഗമായും , തന്റെ സ്വകാര്യ സ്വത്തായ സ്ത്രീയുടെ സംരക്ഷണത്തിനായും ചില പുരുഷന്മാരും , സ്ത്രീ അധികാരത്തിനായ ഇത്തരം സമരങ്ങളിൽ പങ്കാളികളാവുകയോ . നേതൃത്വം നൽകുകയോ ചെയ്യാറുണ്ട്.

സ്ത്രീകളുടെ ഇത്തരം മുന്നേറ്റങ്ങളിൽ പരിമിതമായ രീതിയിൽ സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടായികൊണ്ടിരുന്നു. പല വിധത്തിലാണ് സ്ത്രീകൾ ഇത്തരത്തിൽ അധികാരത്തിൽ ദൃശ്യപ്പെട്ടുകൊണ്ടിരുന്നത്. പുരുഷ കേന്ദ്രീകൃത മൂല്യബോധത്തിൽ അംഗീകരിക്കപ്പെട്ടവർ. പരമ്പരാഗതമായ രീതിയിൽ അധികാര കസേരയിൽ എത്തപ്പെട്ടവർ.

ഉദാഹരണത്തിന് 1236 മുതൽ 1240 വരെ ഡൽഹി ഭരിച്ച റസീയ സുൽത്താനയെ പോലെ .അധികാരത്തിൽ വന്നവർ. റാണി ലക്ഷ്മി ബായ് , കർണാടകയിലെ കിട്ടൂരിലെ റാണി ചെന്നമ്മ .... രാജ്ഞിമാർ , ഗോത്ര മാതാവ് .... അധികാര പദവിയിൽ എത്തുന്നു.

ഇതിൽ അധികാര പദവിയിൽ സ്ത്രീ ,. തിരുമാനത്തിനടിയിൽ ഒപ്പിടുന്നത് സ്ത്രീ, എന്നതു മാത്രം. ഒരു പുരുഷനാണെങ്കിലും ആ തീരുമാനം അതു തന്നെയായിരിക്കും. നയങ്ങളിലും തീരുമാനങ്ങളിലും മുൻഗണനകളിലും ഒന്നും ഒരു മാറ്റവും ഉണ്ടാക്കുന്നില്ല. മറ്റൊന്ന് പുരുഷാധികാരത്തെ തൃപ്തിപ്പെടുത്തി കൊണ്ട് സൗന്ദര്യം, ലൈംഗീകത , കലകൾ, സാഹിത്യം എല്ലാംതന്നെ അംഗീകാരം നേടി അധികാര സ്വാധീനം ചെലുത്തിയിട്ടുള്ള ധാരാളം സ്ത്രികൾ ഉണ്ട്. മറ്റൊന്ന് ഇന്ദിരാ ഗാന്ധിയെ പോലെ പുരുഷാഅധികാര കേന്ദ്രീകൃത സംവിധാനത്തിൽ മാറ്റുരച്ച് മുൻ നിരയിൽ വന്നവർ . അതായത് അവർ എടുത്ത തീരുമാനങ്ങൾ പുരുഷനേക്കാൾ ഭംഗിയായി നടപ്പിലാക്കാൻ പ്രാപ്തിയുള്ള സ്ത്രീ പ്രതിഭകൾ, . ആൺകോയ്മ സംവിധാനത്തിൽ നടത്തപ്പെടുന്ന മത്സരങ്ങളിൽ പോലും



പുരുഷനേക്കാൾ മുന്നിലെത്തിയവർ. ഇവരെല്ലാം കൂടുതലും നടപ്പിലാക്കുന്നതിനുള്ള അധികാരമാണ് കയ്യാളിയിരുന്നത്. അതുകൊണ്ട് സ്ത്രീ ഭരിച്ചെങ്കിലും സ്ത്രീ എന്ന സ്വത്വത്തിൽ പിന്നിട് അധികാരത്തിൽ എത്താൻ കഴിയുന്നില്ല.

രാജ്യങ്ങൾ തമ്മിലും ദേശങ്ങളും വംശങ്ങളും മതങ്ങളും വർഗ്ഗങ്ങളും സഹോദരന്മാർ തമ്മിൽ പോലും നടന്നതു പോലുള്ള ഒരു യുദ്ധം സ്ത്രീകൾ ഒരു വർഗ്ഗം എന്ന വിധത്തിൽ അധികാരം പിടിച്ചെടുക്കാനായി നടന്നതായി ചരിത്രത്തിൽ കാണുന്നില്ല.

അനാചാരങ്ങൾക്കെതിരേയും, തൊഴിലെടുക്കാനും , സ്ത്രീകൾക്ക് വസ്ത്രം ധരിക്കാനും , വിധവാ വിവാഹത്തിനും , ലൈംഗീകാതിക്രമങ്ങളിൽ നിന്ന് രക്ഷ നേടാനും , വഴിനടക്കാനും , വിദ്യാഭ്യാസം നേടാനും നാനാ വിധത്തിലുള്ള സമരങ്ങൾ നിന്നിട്ടുണ്ട്. കൂടാതെ ഭരണാധികാരത്തിലേക്ക് നയിക്കുന്ന വോട്ടവകാശം, സീറ്റ് സംവരണം പോലുള്ള ധാരാളം അവകാശങ്ങൾക്കായി സ്ത്രീകളുടെ നേതൃത്വത്തിൽ പലവിധ സമരങ്ങൾ ലോകത്തിൽ എല്ലായിടത്തും നടന്നിട്ടുണ്ട്. ഇതെല്ലാം നിലവിലുള്ളതിന്റെ പരിഷ്കരണം മാത്രമായിരുന്നു. സ്ത്രീ ശരീരവും അതിന്റെ സ്വഭാവങ്ങളും ലൈംഗികതയും മനുഷ്യരാശിയുടെ നിലനില്പിനെ നിയന്ത്രിക്കുന്ന അധികാരമായിട്ടല്ല, പ്രയോഗികുന്നത് മറിച്ച് സ്ത്രീയുടെ പരാധീനതകളായി സമൂഹത്തെ കണ്ടീഷൻ ചെയ്തിരിക്കുന്നു. അധികാരികളായ പുരുഷൻ മാത്രമല്ല, രണ്ടാം തരം പൗരന്മാരായി ജീവിക്കേണ്ട സ്ത്രീകളും ഈ ബോധത്താൽ

കണ്ടീഷൻ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഈ അധികാര കേന്ദ്രങ്ങൾ തകർക്കുക എളുപ്പമല്ല. ശക്തരായ കാട്ടാനകളെ മെരുക്കി മനുഷന്റെ വൈകൃതങ്ങൾക്ക് ഇരയാക്കുന്നതിന് താപ്പാനകളേയും കുങ്കി ആനകളേയും ഉപയോഗിക്കുന്നതു പോലെ ആൺകോയ്മയെ നിലനിർത്താർ സ്ത്രീകളെ തന്നെ ഉപയോഗിക്കുന്നു. ശത്രുവിനെ തോല്പിച്ച് അധികാരം നേടുമ്പോൾ നിലനില്പിനോ അധികസുഖ സൗകര്യങ്ങൾക്കോ അധികാരത്തിന്റെ ഉന്മാദത്തിനോ വൈകാരീകത തടസമാകുന്നില്ല. എന്നാൽ സംഘടിതമായ വർഗ്ഗ ബോധമില്ലാത്ത സ്ത്രീ സമൂഹത്തിന് വൈകാരീക വെല്ലുവിളികൾ കൂടി നേരിടേണ്ടിവരും. രാഷ്ട്രിയാധികാരത്തിലേക്ക് എത്തണമെങ്കിൽ അതിലേക്ക് കടക്കുന്നതിനെ തടയുന്ന വൈകാരീക ബന്ധങ്ങളുള്ള കുടുംബം , ജാതിമതാചരങ്ങൾ, തുടങ്ങി എല്ലാ സാമൂഹ്യ സ്ഥാപനങ്ങളേയും ചോദ്യം ചെയ്യുകയും തകർക്കുകയും ചെയ്യേണ്ടിവരും. കുടുംബവും മതങ്ങളുമൊക്കെ സ്ത്രീകൾ രാഷ്ട്രിയാധികാരത്തിലേക്കെത്തുന്നതിനെ ബോധപൂർവ്വവും അബോധപൂർവ്വവും തടയുന്നത് ബലപ്രയോഗത്തിലൂടെ മാത്രമല്ല, സ്നേഹം,വാൽസല്യം, സംരക്ഷണം, കടമാ , ബാദ്ധ്യത , ദൈവകോപം, സാമൂഹ്യ ഒറ്റപ്പെടുത്തൽ തുടങ്ങിയ നിരവധി വൈകാരീക സമ്മർദ്ദത്തിലൂടെകൂടിയാവാം. മരണം, മരണാനന്തര ജീവിതം പോലെയുള്ള നമ്മുടെ അനിശ്ചിതങ്ങളേയും കൂട്ട് പിടിക്കുന്നു. ഇത് മറി കടക്കുക എന്നത് നേരിട്ടുള്ള യുദ്ധത്തേക്കാൾ ബുദ്ധിമുട്ടാണ്.

സ്ത്രീകൾക്ക് രാഷ്ട്രീയ അധികാരത്തിക്ക് വരണമെങ്കിൽ സ്ത്രീ ശരീരത്തെക്കുറിച്ചും ലൈംഗീകതയെ കുറിച്ചും നിലവിലുള്ള ബോധത്തെ പാടെ തകർത്തുകളയണം. കാരണം ഇതിലാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള പ്രത്യക്ഷ വ്യത്യാസം. വ്യത്യസ്തതകളുടെ അവസര സമത്വം ബോദ്ധ്യപ്പെടുക പ്രയാസമാണ്.

പടകുതിരകളിൽ നിന്ന് പന്തയകുതിരകളിലേക്കും പന്തയകുതിരകളിൽ നിന്ന് ജീനിയും കടിഞ്ഞാണും ആവശ്യമില്ലാത്ത കഴുതകളിലേക്കും പരിവർത്തനം ചെയ്യപ്പെട്ടതു പോലെ ഈ സമൂഹ്യ മൂല്യബോധത്തിൽ കണ്ടീഷൻ ചെയ്യപ്പെട്ടവർ അധികാര കസേരകളിൽ ഇരുന്നാലും അടിസ്ഥാനപരമായി ഒന്നും തന്നെ മാറുന്നില്ല. നമ്മുടെ പഞ്ചായത്തുകളിലെ പകുതിയിലധികം റിസർവേഷനിലൂടെ സ്ത്രീകൾ അധികാര കസേരകളിൽ ഇരുന്നിട്ടും സാമ്പത്തിക നയങ്ങളിലിൽ മാത്രമല്ല, സ്ത്രീധന മരണത്തിനും സെക്സ് റാക്കറ്റിനും ലൈംഗീക കൊലപാതകങ്ങൾക്കു പോലും കുറവു പോലും വരുത്താൻ കഴിയുന്നില്ല. മോദി സർക്കാരിൽ നിർമ്മലാ സീതാരാമൻ എന്ന സ്ത്രീ ബഡ്ജറ്റ് അവതരിപ്പിച്ചതു കൊണ്ട് പ്രത്യേക ഗുണമൊന്നും സംഭവിക്കുന്നില്ല. പൊതു മുതൽ വിറ്റുതുലക്കുന്ന, മൾട്ടി നാഷണൽ കമ്പനികൾക്ക് സാധാരണക്കാര ഇഷ്ടം പോലെ ചൂഷണം ചെയ്യാൻ സൗകര്യമൊരുക്കുന്ന സ്ത്രീകളെ രണ്ടാം തരം പൗരത്വത്തിൽ ഉറപ്പിക്കുന്ന സാമ്പത്തിക നയങ്ങൾക്കനുസരണമായ ബഡ്ജറ്റ് തന്നെയാണ്. വാളയാറിലെ രണ്ട് പെൺകുട്ടികൾ കൊല്ലപ്പെട്ടപ്പോൾ സാമൂഹ്യ നീതി വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ഷൈലജ എന്ന വനിതാ മന്ത്രിയായിരുന്നെങ്കിലും അത്തരം മരണം തടയാനോ ചെയ്തവരെ കൃത്യമായി കണ്ടെത്തി സമൂഹത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാത്ത വിധം ഒരു തിരുത്തൽ പ്രക്രിയ നടത്തുവാനോ കഴിഞ്ഞില്ല. ഇതിന് മുമ്പും പിമ്പും അതിക്രമങ്ങൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നു. അധികാരത്തിൽ സ്ത്രികൾ എത്തുക എന്നതല്ല സ്ത്രീ കേന്ദ്രീകൃത മൂല്യങ്ങളാൽ ഭരിക്കുക എന്നതാണ് ലക്ഷ്യം..

**സ്ത്രീകൾക്ക് രാഷ്ട്രീയ അധികാരത്തിക്ക് വരണമെങ്കിൽ സ്ത്രീ ശരീരത്തെക്കുറിച്ചും ലൈംഗീകതയെ കുറിച്ചും നിലവിലുള്ള ബോധത്തെ പാടെ തകർത്തുകളയണം. കാരണം ഇതിലാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള പ്രത്യക്ഷ വ്യത്യാസം. വ്യത്യസ്തതകളുടെ അവസര സമത്വം ബോദ്ധ്യപ്പെടുക പ്രയാസമാണ്.**

അണ്ടിയോ മൂത്തത് മാങ്ങയോ മൂത്തത് എന്ന ചോദ്യം പോലെ സ്ത്രീകളുടെ സ്വത്വത്തെ തിരിച്ചറിഞ്ഞവർ അധികാരത്തിൽ വിഭവങ്ങളുടെയും അധ്വാനത്തിന്റെയും അറിവിന്റേയും ഉല്പാദനവും വിതരണവും നിയന്ത്രിച്ച് മൂല്യ ബോധത്തെ ഉടച്ച് വാർത്ത് കുടുംബം മുതൽ രാഷ്ട്രിയ പ്രസ്ഥാനങ്ങൾ വരെയുള്ള എല്ലാത്തിനേയും പുനസംഘടിപ്പിച്ചാൽ മാത്രമെ ഇന്നത്തെ സ്ത്രീകളുടെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി ആനന്ദകരമായ ജീവിതം സാദ്ധ്യമാകു . എന്നാൽ അധികാരത്തിലേക്ക് സ്ത്രീകൾക്ക് എത്തണമെങ്കിൽ പ്രത്യക്ഷമായും പരോ

ക്ഷമായും സ്ത്രീയെ ആശ്രിതയാക്കി സ്ഥാപിക്കുന്ന സ്ത്രീ ശക്തികളെ പരാധീനതയായി ഉറപ്പിക്കുന്ന കുടുംബം, ജാതിമതാചാരങ്ങൾ, വിദ്യാഭ്യാസം, മാധ്യമങ്ങൾ, നീതി ന്യായ സംവിധാനങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഭാഷ, കല സാഹിത്യം കായികം ഭക്ഷണം... ജിവിതത്തിന്റെ നിർണ്ണയിക്കുന്ന സർവ സ്ഥാപനവല്ലരിക്കപ്പെട്ട മണ്ഡലങ്ങളിലും സ്ത്രീ കേന്ദ്രീകൃത മൂല്യങ്ങളാൽ തിരുത്തപ്പെടണം. എങ്കിൽ മാത്രമേ സ്ത്രീക്ക് അധികാര കേന്ദ്രങ്ങൾ എത്തപ്പെടാനാവൂ.

ഇതിൽ ഒന്ന് മറ്റേതിന്റെ കാരണമായതിനാൽ രണ്ടും പ്രയാസമേറിയ പ്രക്രിയകളാണ്. ഇത്തരത്തിൽ അധികാരത്തിൽ നിന്ന് സ്ത്രീകൾ ഒഴിവാക്കപ്പെടുന്നതിനു നിരവധി കാരണങ്ങൾ ഉണ്ടെന്ന് അറിയുകയും അതിനെ മറികടന്ന് സ്ത്രീകൾ അധികാരത്തിൽ വരികയും വിഭവങ്ങളിൽ അവകാശങ്ങൾ നേടി അത് ഉപയോഗിച്ച് സമാധാനത്തോടെ ജീവിക്കുകയും വേണമെന്ന് വിശ്വസിക്കുമ്പോഴും എന്തുകൊണ്ട് കഴിയുന്നില്ല !

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ജനാധിപത്യമെന്നാൽ ജനങ്ങളുടെ ആധിപത്യം. സ്ത്രീക്കും പുരുഷനും വോട്ട് ചെയ്യാൻ തുല്യ അവകാശവും തുല്യ മൂല്യവും ഉണ്ടെങ്കിലും അധികാരത്തിൽ വരുന്ന സ്ത്രീകളുടെ എണ്ണത്തിൽ കുറവ്, ഭരിക്കപ്പെടുന്നതിൽ സ്ത്രീകളോടുള്ള വിവേചനവും .... പറയേണ്ടതില്ല. താത്വികമായി തുല്യ അവകാശങ്ങൾ എന്ന് അംഗികരിക്കുമ്പോഴും എന്തുകൊണ്ട് പ്രായോഗീകമായി ലഭ്യമാകുന്നില്ല.



അധികാര കസരയിൽ ഇരിക്കുന്ന നമ്മൾ കാണുന്ന വ്യക്തികൾ മാത്രമല്ലാ അധികാരം പ്രയോഗിക്കുന്നത്. ഭരണകൂടം എന്നത് ഒരു സംവിധാനമാണ്. ഇവിടെ ജനാധിപത്യമെന്നാൽ ജനം എന്ന നിലയിൽ വിഭവങ്ങൾ എങ്ങനെ നിയന്ത്രിക്കണമെന്ന് നേരിട്ട് പറയാൻ കഴിയില്ല. അതായത് ഒരു പങ്കാളിത്ത ജനാധിപത്യമല്ല, പ്രതിനിധ്യ ജനാധിപത്യമാണ്. സമൂഹത്തിന് ഗുണപ്രദമായി അധികാരം ഉപയോഗിക്കുമെന്നു ഉറപ്പുള്ള വ്യക്തികളെ തെരഞ്ഞെടുക്കാനാവില്ല.. മത്സരിക്കുന്നതിൽ ഒരു വ്യക്തിയെ ജനങ്ങൾക്ക് പ്രതിനിധിയാക്കാനാകു. പ്രത്യക്ഷത്തിൽ കക്ഷിരാഷ്ട്രീയ പാർട്ടികളും പരോക്ഷമായി ജാതിയും മതവും സമ്പത്തും മറ്റ് നിരവധി ഘടകങ്ങളും ആശ്രയിച്ചാണ് ഈ സ്ഥാനാർത്ഥികളെ തീരുമാനിക്കുന്നത്.

വളരെ രസകരമായ ഒരു വസ്തുത തെരഞ്ഞെടുപ്പുകൾ അധികാര സ്ഥാനങ്ങളിലേക്ക് വിജയിക്കുക എന്നത് മാത്രമല്ല, സ്ഥാനാർഥിയാകുക എന്നതു പോലും ലാഭകരമായ ഒന്നാണ്.

തെരഞ്ഞെടുപ്പിനെ സ്വാധീധിക്കുന്ന പെയ്ഡ് സീറ്റും പെയ്ഡ് ന്യൂസും പരസ്യമായ രഹസ്യമാണ്. തങ്ങളുടെ അഴിമതിക്കും ലാഭത്തിനും താല്പര്യങ്ങൾക്കും കൂട്ടുനിൽക്കുന്നവരെ അധികാര കസേരയിൽ ഉറപ്പിക്കാൻ പണം ചെലവഴിക്കുകയും അതു വഴി ജനങ്ങളെ സ്വാധീനിക്കുകയും പാവ സർക്കാരുകളെ സ്ഥാപിച്ച് അധികാരം കയ്യാളുകയും ചെയ്യുന്നു.. ഭൂരിപക്ഷം ജനങ്ങളുടെ പ്രതിനിധികളല്ല, ചെയ്ത വോട്ടുകളിൽ കൂടുതൽ ലഭിച്ച വരാണ് ഭരിക്കുന്നത്. ആകെ ജനങ്ങളുടെ മുപ്പത്

ശതമാനത്തിന്റെ പ്രതിനിധി പോലുമായിരിക്കില്ല മുഴുവൻ ജനങ്ങൾക്കും വേണ്ടി തീരുമാനമെടുക്കുന്നത്.

എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും പ്രത്യേയ ശാസ്ത്രവും പ്രവർത്തന ശൈലിയും ഉണ്ടെന്നാണ് സങ്കല്പം. അതായത് ചരിത്രപരമായി വിശകലനം ചെയ്ത് നമ്മുടെ ഭാവി എന്തായിരിക്കണമെന്നും അതിന് എങ്ങനെ പ്രവർത്തിക്കണമെന്നും ദിശാബോധം നൽകുന്ന ഒരു രീതിശാത്രം. അതിൽ ഏറ്റവും ശരിയായതിനെ തെരഞ്ഞെടുക്കാം , അതിനായി ഒന്നിച്ച് പ്രവർത്തിക്കുന്നവരുടെ സംഘമാണ് രാഷ്ട്രിയ പാർട്ടികൾ. ലക്ഷ്യം നേടുന്നതിന് രീതിശാത്രത്തിൽ വ്യത്യസ്തതകൾ ഉള്ളതു കൊണ്ടാണ് വ്യത്യസ്ത രാഷ്ട്രിയ പാർട്ടികൾ ആകുന്നത്. വൈരുദ്ധ്യാത്മക ഭൗതികവാദത്തിലധിഷ്ഠിതടങ്ങിയ ഒരു വൈവിധ്യങ്ങളെയും ഉൾക്കൊള്ളതെ സാമ്പത്തികത്തിൽ മാത്രം ഒതുങ്ങിയാ ണത് വികസിക്കുന്നത്. പാർളിമെന്ററി ജനാധിപത്യത്തിൽ അത് ഇന്ന് പ്രവർത്തിക്കുന്നത് ജാതി, മത ആചാര സാമ്പത്തിക ഉപഭോഗ പ്രലോഭനങ്ങളിലും സ്വേഛാധിപത്യത്തിലുമാണ്. സ്വരാജ് പോലെയുള്ള ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ അം ആദ്മി പോലെയുള്ള രാഷ്ട്രിയ പ്രസ്ഥാനങ്ങൾക്ക് പരമ്പാരാഗത രാഷ്രീയ ഭരണ സംവിധാനങ്ങളെ മറികടക്കാനാവുന്നില്ല. ഊർജ്ജം മുഴുവൻ നിലനിൽപ്പിനും പ്രതിരോധത്തിനും ചെലവഴിക്കേണ്ടി വരുന്നു. ഒരു പൂർണ്ണ വ്യക്തി എന്ന നിലയിൽ സ്ത്രീയെ അംഗീകരിക്കാനും ഇന്നതിന് തടസ്സം നിൽക്കുന്ന എല്ലാത്തിനേയും മാറ്റിപ്പണിയുന്ന ലക്ഷ്യമുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമല്ല. ചുരുക്കി പറഞ്ഞാൽ ഈ



മായ സോഷ്യലിസ്റ്റ് - കമ്മ്യൂണിസ്റ്റ് വ്യവസ്ഥയും (വിഭവങ്ങൾ എങ്ങനെ വിതരണം ചെയ്യപ്പെടണം എന്നതിന്റെ മാനദണ്ഡം) കോൺഗ്രസ്, ഗാന്ധിയൻ (നെഹ്രുവിയൻ...) മൂല്യങ്ങളിലും, പിന്നെ ഹൈന്ദവാചാരങ്ങളുടെ വിശ്വാസത്തിലോ , അള്ളാഹുവിലുള്ള വിശ്വാസത്തിൽ

അടിസ്ഥാനമാക്കിയോ, പല വിധത്തിലാണ് പാർട്ടികൾ രൂപം കൊള്ളുന്നത്. എല്ലാവർക്കും അവസര സമത്വം എന്നത് ഇതിൽ ആദ്യം പറഞ്ഞ ഒരു പ്രസ്ഥാനത്തിനു മാത്രമെ സൈദ്ധാന്തികമായി തന്നെ കഴിയൂ. എന്നാൽ ജാതി , ജെന്റർ, വംശം തുനിലനിൽക്കുന്ന രാഷ്ട്രിയ പാർട്ടികളിലൂടെ സ്ത്രീകൾക്ക് അധികാരമുള്ള ഒരു ഭരണകൂടം സാദ്ധ്യമല്ല.

ഇന്ന് മത്സരാർത്ഥികളുടെ വിവിധ മുഖങ്ങൾ കാണുന്നെങ്കിലും അവരെ ജയിപ്പിച്ച് ആ കസേരയിൽ ഇരുത്താൻ പണമിറക്കിയവർക്ക് സാധാരണ ജനങ്ങളുടെ വിഭവങ്ങളെല്ലാം പ്രതിഷേധങ്ങളില്ലാതെ കൈക്കലാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കി നൽകുക എന്നതാണ് ചെയ്യുന്നത്. എതിർപ്പുകളെ അധികാരമുപയോഗിച്ച് അടിച്ചമർത്തുക. തങ്ങൾക്കും തങ്ങളുടെ തലമുറകൾക്കും സുഖലോലുപത ഉറ

പ്പാക്കുക. ഇത് നേടുന്നത് പ്രത്യക്ഷമായ അഴിമതിയിലൂടെ മാത്രമല്ല, തങ്ങൾക്കനുകൂലമായ നിയമ നിർമ്മാണങ്ങൾ നടത്തി നിയമ വിധേയമായി തന്നെ ചെയ്യുന്നു. നമ്മൾ ചോദ്യം ചെയ്യുമ്പോൾ നമ്മൾ നല്കിയ നികുതി പണം കൊണ്ട് ശമ്പളം കൊടുക്കുന്ന പോലീസിനെ കൊണ്ട് നമ്മളെ തല്ലിക്കുന്നു. ഇതിനെ മറികടക്കാൻ കഴിയാത്ത വിധം ജനങ്ങളെ രാഷ്ട്രീയ പാർട്ടികൾ, മതങ്ങൾ, ജാതി, ഭാഷ, ദേശം, നിറം, ഔദ്യോഗിക പദവികൾ, ജെന്റർ, വിവിധ കള്ളികളിയാക്കി പരസ്പരം പോരടിപ്പിക്കുന്നു. ഇങ്ങനെ തങ്ങളുടെ അവ

ക്കുകയാണ്.

എല്ലാ ഭരണകൂടങ്ങളും എപ്പോഴും അധികാരം വർദ്ധിപ്പിക്കുന്നതിനും നിലനിർത്താനും ശ്രമിച്ചു കൊണ്ടിരിക്കും. സ്ത്രീകൾക്ക് പൂർണ്ണ വ്യക്തി എന്ന നിലയിൽ സ്വതന്ത്രമായി ജീവിക്കണമെങ്കിൽ അവർ ഒരു വർഗ്ഗം എന്ന നിലയിൽ ഒന്നിച്ച് നിൽക്കുകയും ലഭ്യമായ അവകാശങ്ങൾ ഉപയോഗിച്ച് അധികാരത്തിൽ വരികയും സ്ത്രകേന്ദ്രീകൃത മൂല്യങ്ങളാൽ എല്ലാ മേഖലയും മാറ്റി തീർക്കുന്ന പ്രക്രിയ നിരന്തരം നടത്തേണ്ടിയിരിക്കുന്നു. സ്ത്രീകൾക്ക് ഒരു വർഗ്ഗം എന്ന നിലയിൽ സംഘടിക്ക



സ്ഥക്ക് കാരണക്കാരായ ഭരണകൂടത്തിനോടുള്ള പ്രതിഷേധവും മാറ്റിപ്പണിയലും നടത്തേണ്ട ജനങ്ങളെ ഭിന്നിപ്പിച്ച് പ്രതിഷേധങ്ങൾ ഒഴിവാക്കുന്ന തന്ത്രം പ്രയോഗിക്കുന്നു.

നീതിന്യായ വ്യവസ്ഥയും നിയന്ത്രിക്കുന്നത് പ്രത്യക്ഷമായും പരോക്ഷമായും ഈ ഭരണാധികാരികൾ തന്നെയാണ്. നീതി നടപ്പാക്കേണ്ട ജഡ്ജിമാരേയും ഗവ. പ്ലീഡർ മാരേയും നിയമിക്കുന്നത് എങ്ങനെയാണെന്ന് നമുക്ക് അറിയാം. ലോകായുക്ത പോലെയുള്ള സംവിധാനങ്ങൾ തങ്ങളുടെ ഇഛക്കു മേൽ വരുമെന്ന് തോന്നിയുപ്പാൾ കേരളത്തിൽ ഓർഡിനൻസ് എന്ന അധികാരം ഉപയോഗിച്ച് നേരിടുന്നത് നാം കണ്ടു കൊണ്ടിരി

ണമെങ്കിൽ അവർക്കിടയിലുള്ള ആൺകോയ്മയുടെ ഉല്പന്നമായ ജാതി മതം, പദവി, നിറം തുടങ്ങിയവയുടെ പേരിലുള്ള സ്ത്രികൾ തമ്മിലുള്ള വിവേചനം മറികടക്കാൻ കഴിയണം. ഇന്ത്യൻ സ്വാതന്ത്ര്യ സമരം പോലെ ബ്രിട്ടീഷ്കാർ പോയെങ്കിലും ജാതി മത ലിംഗ വർണ്ണ വിവേചനങ്ങളും സാമ്പത്തീക കേന്ദ്രീകരണവും തുടർന്നു. അതു പോലെ അധികാരകൈമാറ്റമല്ല അധികാരവികേന്ദ്രീകരണവും പങ്കു വയ്ക്കലും , പരസ്പരാശ്രിതത്വവും സഹകരണവും സന്തോഷകരമായ ജീവിതവും ആണ് ലക്ഷ്യം. അതിന് എത്ര വനിതാ ദിനങ്ങൾ കഴിയേണ്ടി വരും!





കെ.എ.ബീന
എഴുത്തുകാരി,
പത്രപ്രവർത്തക

# മാധ്യമരംഗത്തെ സ്ത്രീകൾ

'സ്ഥാപിത താൽപര്യങ്ങളെ പ്രതിരോധിക്കാനുള്ള ഏക വഴി ജനാധിപത്യത്തിന്റെ അവസാനിക്കാത്ത അത്താണിയായ സ്വതന്ത്ര മാധ്യമങ്ങളും നീതിന്യായവ്യവസ്ഥയും ആണ് .അവ സ്വതന്ത്രവും ധീരവും സത്യസന്ധവും അല്ലാത്തിടത്തോളം കാലം നമ്മുടെ രാഷ്ട്രം മാത്രമല്ല ഈ ഭൂഗോളം ആകെ അപകടത്തിലാണ്'.

1997ൽ ചമേലി ജെയിൻ മാധ്യമ പുരസ്കാരം സ്വീകരിച്ചുകൊണ്ട് പ്രശസ്ത മാധ്യമപ്രവർത്തക അനിതാ പ്രതാപ് പറഞ്ഞു .

മാധ്യമലോകം വിശ്വാസ്യതയിൽ നിന്നും സ്വതന്ത്ര നിലപാടുകളിൽ നിന്നും അകന്നു പോയിക്കൊണ്ടിരിക്കുന്നു എന്ന വിമർശനം നേരിടുന്ന ഇക്കാലത്ത് കടുത്ത മൂല്യബോധത്തിന്റെ അടിത്തറ ഇളകാതെ മുന്നോട്ടുപോകുന്ന വനിതാ മാധ്യമപ്രവർത്തകരാണ് പ്രതീക്ഷ ബാക്കി വെക്കുന്നത്. അവരിൽ പ്രധാനിയാണ് അനിത പ്രതാപ്.


അനിത പ്രതാപ്

1995 ൽ ഐക്യരാഷ്ട്രസഭയുടെ സ്ത്രീകൾക്കായുള്ള കമ്മീഷൻ ബീജിങ്ങിൽ സംഘടിപ്പിച്ച സമ്മേളനം 'മാധ്യമങ്ങളും സ്ത്രീയും' എന്ന വിഷയത്തെക്കുറിച്ച് ആഴത്തിൽ ചർച്ച ചെയ്തു. മാധ്യമ രംഗത്ത് സ്ത്രീകളുടെ സാന്നിധ്യവും പങ്കാളിത്തവും വർദ്ധിപ്പിക്കുക, ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലേക്ക് സ്ത്രീകളെ കൊണ്ടുവരിക, പരമ്പരാഗത വാർപ്പുമാതൃകകൾക്ക് പുറത്തേക്ക് വരുന്ന

രീതിയിൽ സ്ത്രീകളെ അവതരിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സമ്മേളനം മുന്നോട്ടുവെച്ചു. കാൽ നൂറ്റാണ്ട് കഴിയുമ്പോൾ സ്ഥിതിഗതികളിൽ കുറച്ചൊക്കെ മാറ്റം ഉണ്ടായി എന്ന് മാത്രമേ പറയാൻ കഴിയൂ. മനുഷ്യാവകാശങ്ങൾ സ്ത്രീകൾ അർഹിക്കുന്നു എന്ന് മനസ്സിലാക്കാൻ മാധ്യമലോകം ഇനിയും പ്രാപ്തി കൈവരിച്ചു എന്ന് പൂർണ്ണമായും പറയാൻ കഴിയില്ല. എങ്കിലും മാറ്റത്തിന്റെ വഴിയിലാണ് മാധ്യമരംഗം . രാത്രി സഞ്ചാരത്തിന്റേയും താമസസൗകര്യത്തിന്റേയും കുട്ടികളെ നോക്കുന്ന ക്രഷുകളുടേയും ഒക്കെ കാര്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരിൽ അവബോധം സൃഷ്ടിക്കാനും ചെറുതെങ്കിലും ക്രിയാത്മകമായ ചുവടുവെപ്പുകൾ ഉണ്ടാക്കാനും വനിതാ മാധ്യമ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളുടെ വരവ്,മലയാള മാധ്യമ രംഗത്തെ സ്ത്രീസാന്നിധ്യത്തിന് ഉയരാൻ സാഹചര്യങ്ങൾ സൃഷ്ടിച്ചു. ഇന്ന് രാഷ്ട്രീയവും വികസനവും എന്ന് വേണ്ട ഏത് വാർത്തയും കൈകാര്യം ചെയ്യാൻ സ്ത്രീകളുമുണ്ട്. മുമ്പ് കലാ-സാംസ്കാരിക പാചക-ഫാഷൻ വാർത്തകളിൽ ഒതുക്കപ്പെട്ടിരുന്ന സ്ത്രീകൾ മാധ്യമരംഗത്ത് കഴിവും പ്രാഗത്ഭ്യവും തെളിയിച്ച് തലയെടുപ്പോടെ നിൽക്കുന്നുവെന്നത് അഭിമാനം നൽകുന്ന കാര്യമാണ്. മാധ്യമങ്ങളും സ്ത്രീകളും എന്ന വിഷയത്തെ പല രീതിയിൽ സമീപിക്കേണ്ടിയിരിക്കുന്നു. ഉള്ളടക്കം , ചിത്രീകരണം എന്നിവയിൽ എങ്ങനെയാണ് സ്ത്രീകൾക്ക് നീതി ലഭിക്കുന്നത് എന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. സ്ത്രീ എന്ന നിലയിൽ അവർക്ക് കാണാനും കേൾക്കാനും വായിക്കാനും ലഭിക്കുന്നത് എന്തൊക്കെയാണ് എന്നത് മറ്റൊരു വിഷയമാണ്. മാധ്യമങ്ങൾ നയിക്കുന്ന ഒരു ലോകത്ത് സ്ത്രീ ജീവിതങ്ങളെ എങ്ങനെയാണ് അവ സ്വാധീനിക്കുന്നതും ബാധിക്കുന്നതും എന്നത് വളരെ പ്രധാനപ്പെട്ടതാണ്. മറ്റൊന്ന് മാധ്യമങ്ങൾക്ക് ഉള്ളിൽ സ്ത്രീകൾക്ക് എത്രമാത്രം പങ്കാളിത്തം ഉണ്ട് എന്നുള്ള വസ്തുതയാണ്. നടത്തിപ്പിലും തീരുമാനങ്ങൾ എടുക്കുന്നതിനും മാധ്യമരംഗത്ത് സ്ത്രീക്ക് എത്രത്തോളം ഇടപെടാൻ ആവുന്നുണ്ട് എന്നത് എക്കാലവും ചർച്ചചെയ്യപ്പെടുന്ന കാര്യമാണ്. ലോകത്തിലെ ആദ്യത്തെ പത്രപ്രവർത്തകയായി അറിയപ്പെടുന്ന ഫ്രെഡ്രികാ റൂനേ ബെർഗ് 1830 കളിൽ തന്റെ ലേഖനങ്ങളും കവിതകളും ഭർത്താവായ ജൊഹാൻ ലുഡ്‌വിഗ് റൂനെ ബർഗിന്റെ പേരിലാണ് എഴുതിയിരുന്നത്. ഭർത്താവിന്റെ പേര് ഉപയോഗിച്ച് എഴുതുന്ന കാലത്ത് നിന്ന് മാധ്യമ രംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിയുന്ന സാഹചര്യത്തിലേക്ക് സ്ത്രീകൾ എത്തിച്ചേർന്നത് സുഗമമായ വഴികളിലൂടെ ആയിരുന്നില്ല. ഇന്ത്യയിലെ ആദ്യത്തെ പത്രപ്രവർത്തകയായി കണക്കാക്കപ്പെടുന്ന വിദ്യാ മുൻഷി റൂസി, കരഞ്ചിയയുടെ ബ്ലിറ്റ്സ് ഉൾപ്പെടെ നിരവധി പത്രങ്ങളിലും പ്രവർത്തിച്ചിരുന്ന ശക്തയായ സ്ത്രീയായിരുന്നു. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്ന 1942ൽ ഗ്രേറ്റ് ബ്രിട്ടണിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിദ്യാ മുൻഷി ചേർന്നിരുന്നു. അസൻസോളിലെ ചിനകുറി ഖനിസ്ഫോടനം, സുന്ദർബൻസിലൂടെ സ്വർണ്ണക്കടത്തിന് ശ്രമിച്ച രണ്ട് കനേഡിയൻ പൈലറ്റുമാരെ കുറിച്ചുള്ള വാർത്ത തുടങ്ങി ദേശീയ ശ്രദ്ധ ആകർഷിച്ച നിരവധി




വാർത്താ സ്റ്റോറികൾ വിദ്യാ മുൻഷി ചെയ്തിട്ടുണ്ട് . ഇന്ത്യയിലെ ആദ്യത്തെ വനിതാ ഫോട്ടോഗ്രാഫറും മാധ്യമരംഗത്ത് സുവർണ ലിപികളിൽ തന്നെ തന്റെ പേര് കോറിയിട്ടിട്ടുണ്ട്. ഹോമായ് വെരാവല്ല . 1930കളിൽ തന്നെ അവർ പ്രവർത്തന രംഗത്തെത്തിരുന്നു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു , മുഹമ്മദാലി ജിന്ന, ഇന്ദിരാഗാന്ധി തുടങ്ങിയ നിരവധി പേർ വെരാവല്ലയുടെ ക്യാമറയിൽ പതിഞ്ഞിട്ടുണ്ട് . രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രശസ്തമായ ഫോട്ടോകൾ എടുക്കാൻ ഹോമയ് വെരാ വല്ലയ്ക്ക് കഴിഞ്ഞു. തുടക്കക്കാർ എന്ന നിലയിൽ മാത്രമല്ല, ഗൗരവപരമായി പത്രപ്രവർത്തനരംഗത്തെ സമീപിച്ചവർ എന്ന നിലയിലും വിദ്യ മുൻഷിയും ഹോമയ് വെരാവല്ലയും ക

ണക്കാക്കപ്പെടുന്നു .

കേരളത്തിൽ എത്തുമ്പോൾ ആദ്യത്തെ സ്ത്രീ മാസിക തുടങ്ങിയത് പുരുഷന്മാരായിരുന്നു. 'കേരളീയ സുഗുണബോധിനി ' 1885ൽ തിരുവനന്തപുരത്ത് ആരംഭിച്ച് ആറുമാസക്കാലം നിലനിന്നു. പിന്നീട് 1892ൽ അത് വീണ്ടും പ്രസിദ്ധീകരിക്കാൻ തുടങ്ങി. അന്ന് അതിന്റെ ലക്ഷ്യമായി നടത്തിപ്പുകാർ എഴുതി . 'കേരളത്തിൽ മലയാളഭാഷയിൽ അനേകം വർത്തമാന പത്രങ്ങളും മാസികാ പുസ്തകങ്ങളും ഓരോ മഹാന്മാരാൽ ശ്ലാഘനീയമായ വിധത്തിൽ നടത്തപ്പെട്ടു വരുന്നുണ്ട്. അവയെല്ലാം കേരളീയ പുരുഷന്മാരെ ഉദ്ദേശിച്ച് പ്രസിദ്ധം ചെയ്യപ്പെട്ടു വരുന്നവയാകുന്നു. സ്ത്രീജനങ്ങളുടെ ജ്ഞാനവർദ്ധനവിനും വിനോദത്തിനുമായി പ്രത്യേകിച്ച് ഒരു പുസ്തകമാവട്ടെ കേരളീയ സുഗുണബോധിനി.'

'ശാരദ'യാണ് രണ്ടാമത്തെ വനിതാ മാസികയായി കണക്കാക്കപ്പെടുന്നത്. 1904ൽ തൃപ്പൂണിത്തുറയിൽ നിന്ന് പ്രസിദ്ധീകരിച്ച ഈ മാസികയുടെ ഉടമസ്ഥൻ കെ നാരായണമേനോൻ ആയിരുന്നു. മറ്റ് പ്രവർത്തകരെല്ലാം സ്ത്രീകളായിരുന്നു. റാണി സേതുലക്ഷ്മിഭായി, റാണി പാർവ്വതീ ഭായി തമ്പുരാട്ടി , ഇക്കുവമ്മ തമ്പുരാട്ടി എന്നിവർ രക്ഷാധികാരികളും ടി.സി. കല്യാണിയമ്മ ,,അമ്മുക്കുട്ടിയമ്മ, ബി.കല്യാണിയമ്മ എന്നിവർ പ്രസാധകരുമായി തുടങ്ങിയ ശാരദ രണ്ട് വർഷം നിലനിന്നു. പിന്നീട് ഒരു വർഷത്തിനു ശേഷം സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ നേതൃത്വത്തിൽ ബി. കല്യാണിയമ്മ മേൽനോട്ടം വഹിച്ചുകൊണ്ട് ശാരദ വീണ്ടും പ്രസിദ്ധീകരിച്ചു. സ്ത്രീവിഷയങ്ങൾ ശക്തമായി കൈകാര്യം ചെയ്തിരുന്ന ശാരദ 1910 സെപ്റ്റംബർ 26ന് സ്വദേശാഭിമാനി പത്രം കണ്ടുകെട്ടി പത്രാധിപരെ നാടുകടത്തിയതോടെ പ്രസിദ്ധീകരണം നിലച്ചു . ശാരദ, മഹിളാരത്നം, ശ്രീമതി തുടങ്ങി നിരവധി സ്ത്രീമാസികകൾ തുടർന്നുള്ള കാലങ്ങളിൽ പല സ്ഥലങ്ങളിൽ നിന്ന് സ്ത്രീകൾക്കായി പ്രസിദ്ധീകരിക്കപ്പെട്ടു. സ്വാതന്ത്ര്യസമരകാലത്ത് പത്രപ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും തമ്മിൽ ചേർന്ന് വ്യത്യസ്തമായ ഒരു ശൈലി കേരളത്തിൽ പ്രബലമായി. കെ. കല്യാണിക്കുട്ടിയമ്മ, എ.പി. കുട്ടിമാളുഅമ്മ, യശോദ ടീച്ചർ തുടങ്ങിയ നിരവധി സ്ത്രീകൾ പത്രപ്രവർത്തനരംഗത്തെ രാഷ്ട്രീയവുമായി ഇഴചേർത്ത് ശക്തമായി പ്രവർത്തിച്ചു . യശോദ ടീച്ചറിനെ മലയാള പത്രപ്രവർത്തന ചരിത്രത്തിലെ ആദ്യത്തെ സ്വന്തം ലേഖിക (സ്വലേ) എന്ന് പറയാം. സഹോദരൻ പത്രത്തിന്റെ പത്രാധിപർ അയ്യപ്പന്റെ ഭാര്യ പാർവതി, അന്നാചാണ്ടി, പ്രിയദത്ത കല്ലാട്ട് തുടങ്ങി നിരവധി സ്ത്രീകൾ പത്രപ്രവർത്തനരംഗത്ത് ഈ കാലയളവിൽ പ്രവർത്തിച്ചു. മലയാളത്തിലെ ആദ്യ

**'ശാരദ'യാണ് രണ്ടാമത്തെ വനിതാ മാസികയായി കണക്കാക്കപ്പെടുന്നത്. 1904ൽ തൃപ്പൂണിത്തുറയിൽ നിന്ന് പ്രസിദ്ധീകരിച്ച ഈ മാസികയുടെ ഉടമസ്ഥൻ കെ നാരായണമേനോൻ ആയിരുന്നു. മറ്റ് പ്രവർത്തകരെല്ലാം സ്ത്രീകളായിരുന്നു. റാണി സേതുലക്ഷ്മിഭായി, റാണി പാർവ്വതീ ഭായി തമ്പുരാട്ടി , ഇക്കുവമ്മ തമ്പുരാട്ടി എന്നിവർ രക്ഷാധികാരികളും ടി.സി. കല്യാണിയമ്മ ,.അമ്മുക്കുട്ടിയമ്മ, ബി.കല്യാണിയമ്മ എന്നിവർ പ്രസാധകരുമായി തുടങ്ങിയ ശാരദ രണ്ട് വർഷം നിലനിന്നു. പിന്നീട് ഒരു വർഷത്തിനു ശേഷം സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ നേതൃത്വത്തിൽ ബി. കല്യാണിയമ്മ മേൽനോട്ടം വഹിച്ചുകൊണ്ട് ശാരദ വീണ്ടും പ്രസിദ്ധീകരിച്ചു.**

മുസ്ലിം പത്രാധിപ എന്ന നിലയിൽ ഈ അടുത്ത കാലത്ത് പ്രസിദ്ധിയിലേക്ക് വന്ന എം. ഹലീമ ബീവി ആവേശമുണർത്തുന്ന കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. 1940 കാലഘട്ടത്തിൽ മൂന്ന് പ്രസിദ്ധീകരണങ്ങൾ അവർ നടത്തി. മുസ്ലിം വനിത, ഭാരതചന്ദ്രിക, ആധുനിക വനിത. തിരുവല്ലയിൽ സ്വന്തമായി പ്രസ്സ് നടത്തുകയും അച്ച് നിരത്തുന്നതു മുതലുള്ള ജോലികൾ സ്വയം ചെയ്യുകയും ചെയ്തിരുന്ന ഹലീമാബീവി സർ സി പിക്കെതിരായ സമരത്തിൽ ധൈര്യപൂർവ്വം പങ്കെടുക്കുകയും ലഘുലേഖകളും മറ്റും അച്ചടിച്ച് കൊടുത്ത് പ്രക്ഷോഭകാരികൾക്ക് പിന്തുണ നൽകുകയും ചെയ്തു. പുരുഷനുള്ള അവകാശങ്ങൾ സ്ത്രീക്കുമുണ്ടെന്ന് അവർ പ്രസ്താവിച്ചു . 1938ൽ തിരുവല്ലയിൽ അഖില തിരുവിതാംകൂർ മുസ്ലിം വനിതാ സമാജം രൂപീകരിക്കാൻ വിളിച്ചു കൂട്ടിയ സമ്മേളനത്തിൽ ഹലീമ ബീവി നടത്തിയ സ്വാഗത പ്രസംഗം എത്രമാത്രം ധീര യായിരുന്നു അവരെന്ന് തെളിയിക്കുന്നതായിരുന്നു. 1938 മുതൽ 1945 വരെ തിരുവല്ല മുൻസിപ്പൽ കൗൺസിലർ ആയിരുന്നു ഹലീമാദേവി . ഖുർആനും ഹദീസുകളും സ്ത്രീയുടെ പരിപ്രേക്ഷ്യത്തിൽ നോക്കിക്കാണാൻ അവർ ധൈര്യം കാട്ടി. രാഷ്ട്രീയ പ്രവർത്തനത്തിന് അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിലായി. രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിച്ചാൽ ഉന്നത ഉദ്യോഗം നൽകാമെന്ന് സി.പി.രാമസ്വാമി അയ്യർ നൽകിയ വാഗ്ദാനം അ

വഗണിച്ച ഹലീമാബീവി പക്ഷേ, ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തപ്പെട്ടില്ല. കേരള നടുവാതൽ മുജാഹിദീൻ പ്രവർത്തനങ്ങളുമായി സഹകരിച്ചിരുന്ന അവർ 1959ൽ നടന്ന മുജാഹിദ്ദീന്റെ സമ്മേളനത്തിന്റെ അധ്യക്ഷയായിരുന്നു . എന്നാൽ മുസ്‌ലിം നവോത്ഥാന ചരിത്രത്തിലും അവരുടെ പേരില്ല . എഴുത്തുകാരൻ മുജീബ് റഹ്മാൻ കിണാലൂർ കേരളത്തിലെ മുസ്ലിം നവോത്ഥാനത്തെ കുറിച്ചുള്ള ഒരു പഠനത്തിനു വേണ്ടി വിവരങ്ങൾ സമാഹരിക്കുന്നതിന് ഇടയിൽ അപ്രതീക്ഷിതമായി ഹലീമയുടെ പേര് കാണുകയും അദ്ദേഹത്തിൽ നിന്ന് നൂറ, നൂർ ജഹാൻ എന്നീ രണ്ട് ഗവേഷകർ അവരുടെ ചരിത്രം തേടി പോവുകയും ചെയ്തതിലൂടെയാണ് ഏറെയൊന്നും ദൂരെയല്ലാത്ത ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന മുൻസിപ്പൽ കൗൺസിലറും പബ്ലിഷറും എഡിറ്ററുമായിരുന്ന ഹലീമയുടെ ജീവിതകഥ എത്ര ക്രൂരമായി ചരിത്രത്തിൽ നിന്ന് ഇല്ലാതാക്കി എന്നും കണ്ടെത്തിയത്. സ്ത്രീ ആയതുകൊണ്ടും മുസ്ലിം ആയതുകൊണ്ടും ആയിരിക്കാം ഇങ്ങനെ സംഭവിച്ചത് എന്ന് അവർ ചൂണ്ടിക്കാട്ടുന്നു. പത്രപ്രവർത്തനരംഗത്ത് സ്ത്രീകൾ കടന്നുവരാൻ മടിച്ചിരുന്ന കാലത്ത് തിളക്കമാർന്ന രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു സ്ത്രീയുടെ ജീവിതമാണ് ചരിത്രത്താളുകളിൽ ഇല്ലാതെപോയത് എന്നത് ചെറിയ കാര്യമല്ല .

2020 മെയ് 11ന് അഹമ്മദാബാദിൽ വെച്ച് എൺ




പത്തെട്ടാം വയസ്സിൽ അമിനി ശിവറാം അന്തരിച്ചു എന്ന വാർത്ത വായിക്കുന്നത് വരെ അങ്ങനെ ഒരു പത്രപ്രവർത്തകയെ കുറിച്ച് പലർക്കും ഒരു നിശ്ചയവും ഇല്ലായിരുന്നു. മൂവാറ്റുപുഴ കോഴയ്ത്താട്ടു തോട്ടത്തിൽ വർക്കി മത്തായിയുടെ മകളായ അമ്മിണി എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്ന് ബിരുദവും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി 1953ൽ ബോംബെയിൽ ഫ്രീ പ്രസ് ജേർണലിന്റെ സബ് എഡിറ്ററായി ചേർന്നു. ടി.ജെ.എസ്.ജോർജ്, ബാൽ താക്കറെ, അപ്പാറാവു, പി. കെ., രവീന്ദ്രനാഥ് തുടങ്ങി നിരവധി പ്രതിഭാശാലികൾക്കൊപ്പമാണ് അവർ അവിടെ ജോലിയെടുത്തത്. അമ്നി എന്ന ബൈലൈനിൽ എഴുതിയിരുന്ന അമ്മിണി അന്ന് ചീഫ് സബ് എഡിറ്ററായി ഒപ്പമുണ്ടായിരുന്ന ശിവറാമിനെ വിവാഹം കഴിച്ചു. പത്രത്തിന്റെ ഒന്നാം പേജിൽ സോപ്പ് പൊടിയുടെ പരസ്യം പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധിച്ച് രാജിവെച്ച പത്രപ്രവർത്തകയാണ് അമ്നി. മറ്റ് സഹപ്രവർത്തകർക്കൊപ്പം രാജിവെച്ച അവർ പിന്നീട് മുഴുവൻ സമയ പത്രപ്രവർത്തനരംഗത്ത് തുടർന്നില്ല. ഇന്ത്യൻ എക്സ്പ്രസ് ഉൾപ്പെടെയുള്ള ഇംഗ്ലീഷ് പത്രങ്ങളിൽ ലേഖനങ്ങൾ എഴുതിയിരുന്നു .'മൈ ടൗൺ മൈ പീപ്പിൾ' എന്നൊരു പുസ്തകം അവർ രചിച്ചു. 1953ൽ ബോംബെയിലെ ഫ്രീ പ്രസ് ജേർണലിൽ ചേരുമ്പോൾ പുരുഷന്മാർ മാത്രമുള്ള ഒരിടമായിരുന്നു അത് . കോഫി കുടിക്കാൻ പോയിട്ട് വെള്ളം കുടിക്കാൻ പോലും പേടിയായിരുന്നുവെന്ന് അവർ പിന്നീട് പറഞ്ഞിട്ടുണ്ട്.

സ്വാതന്ത്ര്യസമരകാലത്ത് രാഷ്ട്രീയപ്രവർത്തനത്തിനൊപ്പം പത്രപ്രവർത്തനവും കൊണ്ടുപോകാൻ ധാരാളം സ്ത്രീകൾ മുന്നോട്ട് വന്നിരുന്നുവെങ്കിൽ സ്വാതന്ത്ര്യത്തിനു ശേഷമുള്ള മലയാള പത്ര പ്രവർത്തന മേഖല ഏറെക്കാലം സ്ത്രീകൾക്ക് പ്രാപ്യമല്ലാത്തതായി നിലകൊണ്ടു. ശുഷ്കം എന്ന് തന്നെ പറയാവുന്ന തരത്തിലുള്ള സ്ത്രീ സാന്നിധ്യമേ തുടർന്നുള്ള ദശകങ്ങളിൽ ഉണ്ടായിട്ടുള്ളൂ. കെ.പദ്മം, അമ്പാടി കാർത്ത്യായനിയമ്മ, വി. പാറുക്കുട്ടിയമ്മ, തങ്കം മേനോൻ തുടങ്ങിയ സ്ത്രീകൾ മാത്രമേ അക്കാലയളവിൽ പത്രസ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ എത്തിയിട്ടുള്ളൂ. അവരിൽ പലരും പരിഭാഷ, പ്രൂഫ്, ലൈബ്രറി തുടങ്ങിയ മേഖലകളിലാണ് പ്രവർത്തിച്ചിരുന്നത്. തങ്കം മേനോൻ 1973 ൽ കുറച്ചുകാലം മാതൃഭൂമിയിൽ ന്യൂസ് എഡിറ്ററുടെ ചുമതല നിർവഹിച്ചു. പിന്നീട് കുറച്ചു നാൾ അസിസ്റ്റൻറ് എഡിറ്ററായി ജോലി ചെയ്യുകയുമുണ്ടായി.. ആദ്യകാലത്ത് ജനയുഗത്തിൽ ട്രെയിനികളായി പ്രവർത്തിച്ച ഗീത നസീർ ,പി. എസ് .നിർമ്മല,ഷൈല സി. ജോർജ് എന്നിവരിൽ ഗീതാ നസീർ പിന്നീട് ജനയുഗത്തിന്റെ

കോർഡിനേറ്റിംഗ് എഡിറ്ററായി വിരമിച്ചു . പി.എസ് .നിർമ്മല മാതൃഭൂമിയിൽ പത്രപ്രവർത്തകയായി .1979 ൽ പി ബി ലൽകാർ മാതൃഭൂമിയിൽ പത്രപ്രവർത്തകയായെത്തി.പത്രപ്രവർത്തനത്തിൽ ഡോക്ടറേറ്റ് നേടിയ ലൽകാർ ദീർഘകാലം മാതൃഭൂമിയിൽ പ്രവർത്തിച്ചു.

ദേശാഭിമാനിയിൽ 1984 ൽ തുളസി ഭാസ്കരൻ സബ് എഡിറ്ററായി ചേർന്നു . അവർ അവിടെ ന്യൂസ് എഡിറ്റർ വരെ ആയി. 1987 ൽ ആർ.പാർവ്വതി ദേവി ദേശാഭിമാനിയിൽ എത്തി .1985ൽ എം .പ്രീതി ,1987ൽ എം. ബിലീന എന്നിവർ മാതൃഭൂമിയിൽ സബ് എഡിറ്റർമാർ ആയി ചേർന്നു. അവർ ബ്യൂറോ ചീഫ് ,സ്പെഷ്യൽ കറസ്പോണ്ടന്റ് സ്ഥാനങ്ങളിൽ പ്രവർത്തിച്ചു.

1987ൽ കേരളകൗമുദിയിൽ ആണ് ഞാൻ മുഴുവൻ സമയപത്ര പ്രവർത്തനമാരംഭിച്ചത്. പ്രശസ്ത എഴുത്തുകാരി കൂടിയായ കെ ആർ മീര 1993 ൽ മലയാള മനോരമയിലെ ആദ്യത്തെ വനിതാ പത്രപ്രവർത്തകയായി ചേർന്നു .വിനീതാ ഗോപി മീരയുടെ പിന്തുടർച്ചക്കാരിയായി. ലീലാമേനോൻ , പ്രേമ മന്മദൻ എന്നിവർ ഇംഗ്ലീഷ് പത്രപ്രവർത്തന രംഗത്ത് സ്വന്തമായി വ്യക്തിമുദ്രപതിപ്പിച്ച് ന്യൂസ് എഡിറ്റർ വരെ ആയി. ലീലാമേനോൻ ജന്മഭൂമി പത്രത്തിന്റെ ചീഫ് എഡിറ്റർ ആയിട്ടാണ് വിട പറഞ്ഞത്.

ഇന്ത്യൻ മാധ്യമ രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്താൻ പ്രാപ്തരായ നിരവധി വനിതാ മാധ്യമപ്രവർത്തകർ ഇക്കാലത്തിനിടയിലുണ്ടായി. പ്രഭാദത്ത് എന്ന പത്രപ്രവർത്തക 1964ൽ ന്യൂഡൽഹിയിൽ ഹിന്ദുസ്ഥാൻ ടൈംസിൽ പരിശീലനത്തിനായി ചെന്നു. പരിശീലനകാലം കഴിഞ്ഞപ്പോൾ സ്ത്രീകളെ ജോലിക്ക് എടുക്കാനാവില്ല എന്ന് സ്ഥാപനം അറിയിച്ചു. കുറച്ചുകാലം കഴിഞ്ഞ് ഹിന്ദുസ്ഥാൻ ടൈംസ് സ്ത്രീകളെ ജോലിക്ക് എടുക്കാൻ തീരുമാനിച്ചു എന്നറിഞ്ഞ് പ്രഭാദത്ത് അവിടെയെത്തി ജോലി ആവശ്യപ്പെട്ടു. ദേശീയ പത്രത്തിൽ പ്രവർത്തിക്കുന്ന ആദ്യത്തെ റിപ്പോർട്ടറായി പ്രഭാദത്ത്. പ്രഭാദത്തിന്റെ മകൾ ബർക്കാദത്ത് റിപ്പോർട്ടിംഗ് രംഗത്ത് മികവ് തെളിയിച്ച് ലോകശ്രദ്ധ പിടിച്ചുപറ്റിയ മാധ്യമപ്രവർത്തകയാണ്. 1999-ലെ കാർഗിൽ യുദ്ധം, 2008ലെ പാർലമെൻറ് ആക്രമണം എന്നിവയിൽ അവരുടെ റിപ്പോർട്ടിംഗ് ശ്രദ്ധേയമായിരുന്നു. ഏറ്റവുമൊടുവിൽ കോവിഡ് കാലത്ത് മോജോസ്റ്റോറി എന്ന സ്വന്തം ചാനലിലൂടെ ഇന്ത്യ മുഴുവൻ സഞ്ചരിച്ച് അവർ പകർത്തിയ കോവിഡ് കാല ജീവിതം വികസനോന്മുഖമായ മാധ്യമപ്രവർത്തനത്തിന് എക്കാലവും പാഠപുസ്തകമായി നിലനിൽക്കും .

ഇന്ത്യ കണ്ട മികച്ച മാധ്യമ പ്രവർത്തകയായ റാണ അയ്യൂബ് കൊവിഡ് കാലത്ത് സ്വന്തം ആരോഗ്യം പോലും നോക്കാതെ രോഗബാധിതർക്കും കുടുംബങ്ങൾക്കും ആശ്വാസം എത്തിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ട് മാതൃക സൃഷ്ടിച്ചു. അനിതാ പ്രതാപ്, സുനിത നാരായണൻ, ഉഷാ റായ്, ടീസ്റ്റ സെതൽവാദ് , ഗൗരിലങ്കേഷ് , സാഗരിക ഘോഷ്, സുചേത ദലാൽ, വാസവി കിരോ, ശാലിനി ജോഷി, ദിശ മല്ലിക് , നിരുപമ സുബ്രഹ്മണ്യൻ,വിനിത ദേശ്മുഖ്, ഷഹനാസ് ആങ്ക്ലേ സാരിയ അയ്യർ, ശിഖ ത്രിവേദി, സോനു ജെയ്ൻ, തവ് ലീൻ സിംഗ്, സെവന്തി നൈനാൻ, കല്പനാ ശർമ്മ, രത്ന ബരാലി താലൂക്ക് ദാർ , സബീന ഗാന്ധി ഹോകെ, സി. വനജ ,അവന്തിക സിങ്,മായന്തി ലങ്കർ,ശ്വേത സിംഗ്,ശൈലി ചോപ്ര,ഷെരീൻ ബാൻ, സീമ ചിഷ്ടി,ഫയേ ഡിസൂസ, നേഹ ദീക്ഷിത്, ലക്ഷ്മി മൂർത്തി , ഗീത അറുവാമുദൻ, സുചിത്ര .എം,വാസന്തി ഹരി പ്രകാശ് , പ്രിയങ്ക പുല്ല, രമാ നാഗരാജൻ, ദീന താക്കർ, പ്രഭാ രാഘവൻ, വിദ്യാ കൃഷ്ണൻ, അവന്തിക ഘോഷ്, ടി .കെ. രാജലക്ഷ്മി തുടങ്ങി നിരവധി വനിതാ മാധ്യമപ്രവർത്തകർ ഇന്ത്യയുടെ നാനാ കോണുകളിൽ വി



2010 ൽ കോഴിക്കോട് വച്ചു നടന്ന എൻ.ഡബ്ല്യു.എം.ഐ ദേശീയ സമ്മേളനം

വിധ ഭാഷകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഈ പേരുകൾക്ക് അപ്പുറത്ത് നിരവധി പേർ മാധ്യമ രംഗത്ത് തിളക്കമാർന്ന പ്രകടനം നൽകിയിട്ടുണ്ട്.

കേരളത്തിൽ സമീപകാല മാധ്യമ ചരിത്രത്തിൽ സിന്ധു സൂര്യകുമാർ,ഷാനി പ്രഭാകരൻ, എം. എസ് .ശ്രീകല, ശ്രീദേവി പിള്ള, നിഷ പുരുഷോത്തമൻ,മനില. സി .മോഹൻ, വി. എം. ദീപ, വിധു വിൻസെന്റ് ,റെജി ആർ നായർ, ഗീത ബക്ഷി, നിലീന അത്തോളി, സീമ മോഹൻലാൽ ,രേണു രാമനാഥ് , സ്മൃതി പരുത്തിക്കാട്, അനുപമ വെങ്കിടേശ്വരൻ,അപർണ കുറുപ്പ് , ശ്രീജ ശ്യാം ,ബീനാറാണി ,ടി. ആർ .രമ്യ, അഞ്ജന ശശി, രാഖി (ഫോട്ടോഗ്രാഫർ) തുടങ്ങിയ ഒരു വലിയ നിര തന്നെയുണ്ട്.

ഇന്ത്യൻ പത്ര ലോകത്ത് തികച്ചും വ്യത്യസ്തമായ പത്രപ്രവർത്തന അനുഭവങ്ങൾ കാഴ്ചവെക്കുന്ന രണ്ടു സ്ത്രീ കൂട്ടായ്മകളാണ് ആന്ധ്രയിലെ നവോദയയും ഉത്തർപ്രദേശിലെ ഖബർ ലഹാരിയയും . സമാനതകളില്ലാത്ത പ്രവർത്തനമാണ് ഇവരുടേത്. ഖബർ ലഹാരിയ ഉത്തർപ്രദേശിലെ ചിത്രകൂട് ജില്ലയിൽ 2002 മെയ് മാസത്തിലാണ് ആദ്യമായി ആരംഭിച്ചത്. ബാന്ദ ജില്ലയിലും ബീഹാറിലെ സീതാമഡി ജില്ലയിലും പിന്നീട് ഖബ്ബർ ലഹാരിയ എഡിഷനുകൾ ആരംഭിച്ചു. പുരുഷ കേന്ദ്രിതമായ മാധ്യമലോകത്ത് സ്ത്രീകൾ കൂട്ടായി നടത്തിയ പരീക്ഷണമാണിത്. ദളിത്-ആദിവാസി മുസ്ലിം വിഭാഗങ്ങളിലേയും മറ്റു പിന്നാക്ക ജാതികളി ലേയും സ്ത്രീകൾ ഈ പത്രത്തിൽ പത്രപ്രവർത്തകരായി ജോലി ചെയ്യുന്നു . മൂന്ന് എഡിഷനുകളിൽ ചിത്രകൂടിലും ബാന്ദയിലും പ്രാദേശിക ഭാഷയായ ബുന്ദേലിയിലും സീതാമഡിയിൽ വഞ്ചിക ഭാഷയിലുമാണ് പത്രം ഇറങ്ങുന്നത് . ഈ പ്രദേശത്തെ പ്രാദേശിക ഭാഷയിലുള്ള ഏക പത്രം ആണിതെന്നത് എടുത്തുപറയേണ്ടതാണ്. ആന്ധ്രാ പ്രദേശിലെ നവോദയ ഗ്രൂപ്പ് ഇതുപോലെ ഒരു ഗ്രാമീണ പത്രം നടത്തുന്നുണ്ട്.

ഇന്ത്യയിലെ വനിതാ മാധ്യമപ്രവർത്തകരുടെ ഇടയിൽ ആത്മവിശ്വാസവും സൗഹൃദവും വളർത്തിയ നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ ഇന്ത്യയെ കുറിച്ച് പറയാതെ സ്ത്രീകളും മാധ്യമവും എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാധ്യമ പ്രവർത്തനം നടത്തുന്ന സ്ത്രീകൾ ഒരുമിക്കുന്ന മനോഹരമായ കൂട്ടായ്മയാണിത്. ഓരോ സംസ്ഥാനത്തും നടക്കുന്ന സമ്മേളനങ്ങളും വാർഷിക സമ്മേളനങ്ങളും അംഗങ്ങൾക്കിടയിൽ ദൃഢമായ സൗഹൃദബന്ധങ്ങൾ ഉണ്ടാക്കാൻ സഹായിക്കുന്നു.


വനിതാമാധ്യമപ്രവർത്തകരുടെ പ്രശ്നങ്ങളിൽ എൻ.ഡബ്ല്യു.എം.ഐ ക്രിയാത്മകമായി ഇടപെടുന്നു. ഫെല്ലോഷിപ്പുകളും അവാർഡുകളും നൽകി പ്രോത്സാഹിപ്പിക്കാനും മാധ്യമമേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കാനും ഈ കൂട്ടായ്മ ശ്രദ്ധിക്കുന്നു.

2010 ൽ കോഴിക്കോട് വച്ചു നടന്ന ദേശീയ സമ്മേളനത്തോടെയാണ് കേരളത്തിൽ നെറ്റ്വർക്ക് ഓഫ് വിമൻ ഇൻ മീഡിയ സജീവമാകുന്നത്.എം.സുചിത്ര,വിധു വിൻസെന്റ്,റെജി ആർ നായർ,കെ.എ. ബീന,ചിത്രാ അജിത്,രമ്യ ടി ആർ,അഞ്ജനാശശി,ഗായത്രി തുടങ്ങിയ മാധ്യമപ്രവർത്തകരാണ് ദേശീയ സമ്മേളനം നടത്താൻ മുന്നിൽ ഉണ്ടായിരുന്നത്. തുടർന്ന് തിരുവനന്തപുരം,എറണാകുളം,കോഴിക്കോട് തുടങ്ങി മൂന്നു ഗ്രൂപ്പ് കളായി ഈ കൂട്ടായ്മ പ്രവർത്തനം തുടർന്നു.

വനിതാ മാധ്യമപ്രവർത്തകർക്ക് ഫെല്ലോഷിപ്പ് ,മികച്ച വനിതാ പ്രസിദ്ധീകരണത്തിന് അവാർഡ്, വിവിധ പുരസ്കാരങ്ങൾ നേടിയ വനിത മാധ്യമ പ്രവർത്തകർക്ക് ആദരം, മാധ്യമരംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വർക്ക് ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിക്കുക ഇവയൊക്കെ നെറ്റ്വർക്ക് ഓഫ് വിമൻ ഇൻ മീഡിയ പരിപാടികളിൽ പെടുന്നു. വനിതാ മാധ്യമ പ്രവർത്തകരെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കണ്ടെത്താനും ഇക്കാലയളവിൽ കൂട്ടായ്മക്ക് കഴിഞ്ഞിട്ടുണ്ട് .

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വനിതാ മാധ്യമപ്രവർത്തകർക്ക് തമ്മിൽ പരിചയപ്പെടാനും ഒത്തുകൂടാനും അനുഭവങ്ങൾ പങ്കു വെക്കാനുമുള്ള വേദി എന്നതിനൊപ്പം മാധ്യമരംഗത്ത് ഒരു തിരുത്തൽ ശക്തിയായി നിലനിൽക്കുന്നു എന്നതും ഈ കൂട്ടായ്മയുടെ പ്രത്യേകതയാണ്. മാധ്യമരംഗത്ത് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഇന്ത്യൻ സ്ത്രീകളുടെ നില അനുദിനം നീണ്ടുവരികയാണ് .നീതിബോധവും മൂല്യബോധമുള്ള ഈ സ്ത്രീകൾ മാധ്യമരംഗത്ത് സൃഷ്ടിക്കുന്നത് ആശാവഹമായ മാറ്റങ്ങളാണ്. ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ ഏറെ പേർക്കും കഴിയുന്നു എന്നത് ചെറിയ കാര്യമല്ല. കടന്നുവരുന്ന കാലത്തിനു വേണ്ടി അവർ സൃഷ്ടിച്ചെടുക്കുന്ന മാധ്യമസംസ്കാരം ഈടുറ്റതാണ്.

റോയിട്ടേഴ്സിന്റെ 170 വർഷത്തെ ചരിത്രത്തിൽ ആദ്യമായി എഡിറ്റർ-ഇൻ-ചീഫ് ആയി ഒരു വനിത(അലസ്സാന്ദ്ര ഗലോണി) നിയമിതയായി എന്നത് എടുത്തു പറയാവുന്ന മറ്റൊരു കാര്യമാണ്. വലിയൊരു മാറ്റത്തിന്റെ തുടക്കമോ തുടർച്ചയോ ആയി ഇതിനെ കണക്കാക്കാം.മാധ്യമരംഗത്ത് ലിംഗസമത്വത്തിന്റെ കാലം കടന്നു വരുന്നു എന്ന പ്രതീക്ഷകൾക്ക് ഇത്തരം വാർത്തകൾ വഴിയൊരുക്കുന്നു.




# 'സ്ത്രീ' ഒരു ഗവേഷണ-പഠന വിഷയമാകുമ്പോൾ



**ഹമീദ സീ. കെ.**
അധ്യാപിക, സ്ത്രീപഠനവിഭാഗം
കോഴിക്കോട് സർവ്വകലാശാല

അതാതു കാലങ്ങളിലെ പുരുഷാധിപത്യ സാമൂഹിക വ്യവസ്ഥിതികളോട് മല്ലടിച്ചാണ് സ്ത്രീയും, സ്ത്രീകൾ നേരിട്ടിരുന്ന സാമൂഹിക പ്രശ്നങ്ങളും, പുറംതള്ളലുകളും സമൂഹമധ്യത്തിൽ ദൃശ്യത കൈവരിച്ചത്. കേരളപൊതുമണ്ഡലത്തിൽ ആധുനികതയുടെ ഭാഗമായി സ്ത്രീ ഒരു വിഷയമായി ഉയർന്നു വന്നിരുന്നുവെങ്കിലും മിക്ക സാഹിത്യകൃതികളിലും ഉയർന്നു വന്ന സ്ത്രീരൂപങ്ങൾ പുരുഷാധിപത്യ അഭിരുചികളെ തൃപ്തിപ്പെടുത്തുന്നവയായിരുന്നു എന്നാണ് പല ഫെമിനിസ്റ്റ് പഠനങ്ങളും / സ്ത്രീപക്ഷ പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നത്. ഉദാഹരണത്തിന് ചന്തുമേനോൻ എഴുതിയ ഇന്ദുലേഖ എന്ന കൃതിയിലെ മുഖ്യ കഥാപാത്രമായ ഇന്ദുലേഖയുടെ ഭൗതിക ലോകം വീടും അതുമായി കൂടിച്ചേർന്ന കുടുംബം, പ്രണയം, സംബന്ധം, വിവാഹം, വീടിനുള്ളിൽ നിന്ന് ലഭിച്ച ആധുനിക വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപെടുത്തി ഉത്തമ ആധുനിക ഗൃഹസ്ഥയകാനുള്ളതിനെക്കുറിക്കുന്നതായിരുന്നു. ഇത്തരം പ്രവണതകളെയൊക്കെ പിൽക്കാലത്ത് സ്ത്രീപക്ഷ സാഹിത്യവിമർശനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും സമൂഹത്തിൽ സ്ത്രീകളെ കേന്ദ്രസ്ഥാനത്തു വച്ചുകൊണ്ടുള്ള ഗവേഷണം തുടങ്ങുന്നത് കേരള പൊതുമണ്ഡവുമായി അധികം ബന്ധമില്ലാത്ത വേറിട്ട ഇടങ്ങളിലായിരുന്നു എന്ന് "കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ ആണരശുനാട്ടിലെ കാഴ്ചകൾ" എന്ന പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 1970, 1980 കളിൽ തന്നെ ശാരദാമണി, ലീല ഗുലാത്തി തുടങ്ങിയവർ സാമൂഹ്യശാസ്ത്ര മേഖലയിൽ സ്ത്രീകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചതായി കാണാം. 1980കളുടെ അവസാനത്തിൽ കോട്ടയത്ത് തുടങ്ങിയ സഹജ എന്ന ഫെമിനിസ്റ്റ് സിദ്ധാന്തവും രാഷ്ട്രീയവും ചർച്ച ചെയ്യാൻ വേണ്ടി തുങ്ങിയ ഫെമിനിസ്റ്റ് കൂട്ടായ്മയിൽ കുറച്ച് പുരുഷന്മാരും ഉണ്ടായിരുന്നു. സഹജയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായിരുന്ന എ. കെ. രാമകൃഷ്ണനും കെ. എം. വേണുഗോപാലും 1989-ൽ എഴുതിയ പുസ്തകമാണ് "സ്ത്രീവിമോചനം, ചരിത്രം, സിദ്ധാന്തം, സമീപനം". കോട്ടയത്ത് ആരംഭിച്ച ഇത്തരം പ്രവർത്തനങ്ങളിൽ ദളിത് സ്ത്രീ പ്രശ്നം ഉന്നയിച്ചു കൊണ്ട് അന്ന് ചില ദ

ളിദ് ആക്ടിവിസ്ടുകളും രംഗത്ത് ഉണ്ടായിരുന്നു. പിന്നീട് 1990– കളിലാണ് സ്ത്രീപക്ഷ ഗവേഷണം കേരളത്തിൽ ശക്തി പ്രാപിച്ചതെന്നു നിലനിൽക്കുന്ന ചില പഠന നിരീക്ഷങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത് സാധ്യമാക്കിയത് കേരളത്തിന് പുറത്തു പഠിച്ച വിദ്യാർഥിനികളും ആയിരുന്നു എന്ന് പറയപ്പെടുന്നു. 1990 കളുടെ ആദ്യം കോട്ടയത്ത് ആരംഭിച്ചിരുന്ന സ്ത്രീപഠന കേന്ദ്രം ലിംഗാധികാരത്തെ കുറിച്ചുള്ള ചർച്ചകൾക്ക് ഇടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണെങ്കിലും രണ്ടു വർഷത്തെ സാഹിത്യക്യാമ്പിനും നാടക ക്യാമ്പിനും ശേഷം അതിൽ പ്രവർത്തിച്ചിരുന്ന പലരും പിന്നീട് കൂട്ടായ്മയിൽ നിന്നുള്ള ഊർജ്ജം ഉൾക്കൊണ്ട് വ്യക്തിഗത പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണുണ്ടായത്. കേരളത്തിലെ ഇവരുടെ പ്രവർത്തനങ്ങളിൽ എടുത്തു പറയേണ്ട ഒന്നാണ് കേരളത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിമൻസ് ലൈബ്രറി. കേരളത്തിലെ സ്ത്രീപ്രശ്നങ്ങളെപ്പറ്റി പഠിക്കാനും മനസ്സിലാക്കനും ഏറെക്കുറെ ശ്രമിച്ചത് ആദ്യകാലങ്ങളിൽ ഉയർന്നു വന്ന സ്ത്രീകൂട്ടായ്മകൾ ആയിരുന്നു. പുരുഷാധിപത്യ ഗവേഷണമേഖലയിലേക്കു ഈ ഒരു വിഷയം എത്തിപ്പെടാൻ സമയമെടുത്തു എന്നതാണ് യാഥാർഥ്യം. സ്ത്രീ എന്നതിനപ്പുറം എങ്ങിനെയാണ് മതപരവും ലിംഗപരവും വർഗ്ഗ/ജാതിപരവുമായി ആളുകൾ അധികാരങ്ങളാൽ അടിച്ചമർത്തപ്പെടുന്നതെന്നും, സമൂഹത്തിലെ വ്യത്യസ്ത തട്ടിലുള്ളവർ നേരിടുന്ന ബഹുമുഖങ്ങളായ വിവേചനങ്ങളെ പറ്റിയുമൊക്കെ ചോദ്യം ചെയ്യുന്ന ഒരു ബൃഹത് മേഖലയായി ഫെമിനിസ്റ്റ് /സ്ത്രീ പഠനമേഖലകൾ ഇന്ന് മാറിയിരിക്കുകയാണ്. ഗവേഷണ മേഖലയിലും മുഖ്യധാരയിലും തമസ്ക്കരിക്കപ്പെട്ടതും എന്നാൽ മുൻധാരണകളിൽ നിറഞ്ഞു നിന്നതുമായ കേരളത്തിലെ മുസ്ലിം സ്ത്രീകളുടെ ചരിത്രം അന്വേഷിച്ചു പോകുന്ന ചുമതല ഷംഷാദ് ഹുസൈനെപ്പോലെയുള്ള ഗവേഷകർ ഇന്ന് വാമൊഴി രീതി ശാസ്ത്രം വഴിയും, അറബിമലയാളം എഴുത്തുകളുടെ പഠനങ്ങളിലൂടെയും കാര്യമായി നിർവഹിച്ചിട്ടുണ്ട്, അതും വ്യക്തമായ സ്ത്രീപക്ഷ കാഴ്ചപ്പാടോടു കൂടി തന്നെ ആണ്. ദളിത് സ്ത്രീകളുടെ അനുഭവ ചരിത്രത്തെ ഗവേഷണ മേഖലയിലേക്ക് എത്തിച്ചതിൽ പ്രധാനപെട്ടതാണ് രേഖ രാജ് എഴുതിയ 'ദളിത് സ്ത്രീ ഇടപെടലുകൾ'.

ഉന്നത വിദ്യാഭ്യാസ തലത്തിൽ പ്രത്യേകിച്ചു യൂണിവേഴ്സിറ്റി തലത്തിൽ സ്ത്രീപഠനം തുടങ്ങണമെന്ന ആവശ്യം, അല്ലെങ്കിൽ സ്ത്രീ പഠനം ഒരു അക്കാദമിക പഠനമായി മാറണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടത് ഇന്ത്യയിലെ ആദ്യകാല ഫെമിനിസ്റ്റുകൾക്കിടയിൽ നിന്ന് ഉയർന്നു വന്ന ആവശ്യങ്ങളിൽ ഒന്നായിരുന്നു, അതും സ്ത്രീ പ്രസ്ഥാനങ്ങളുടെ ഭാഗമായിഉയർന്നു വന്ന ആവശ്യങ്ങളിൽ ഒന്നായിരുന്നു. കേരളത്തിൽ രണ്ടായിരത്തി അഞ്ചിലാണ് സ്ത്രീപഠനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ബിരുദാനന്തര ബിരുദ കോഴ്സ് കോഴിക്കോട് സർവ്വകലാശാലയിൽ ആരംഭിക്കുന്നത്. പിന്നീട് ഇവിടെ ഗവേഷണ കോഴ്സുകളും ആരംഭിക്കുകയുണ്ടായി. ഇതിന് വളരെ മുൻപ് തന്നെ തിരുവനന്തപുരത്തു കേരള സർവ്വകലാശാലയിൽ സ്ത്രീ പഠനത്തിനുള്ള ഒരു സെന്റർ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടുവെങ്കിലും ഔപചാരിക പഠനഗവേഷണ ഇടമായി മാറാൻ ഇതിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. കൊച്ചിൻ സർവകലാശാലയിലും മറ്റു കോളേജുകളിലും സ്ത്രീപഠന സെന്ററുകൾ സ്ഥാപിക്കപ്പെട്ടുവെങ്കിലും ബിരുദ കോഴ്സുകളോ ഗവേഷണ കോഴ്സുകളോ തുടങ്ങാൻ പോലുമാകാത്ത നിലയിൽ ഇവ ഇന്നും നിലനിൽക്കുന്നതിനെപ്പറ്റി അന്വേഷിക്കേണ്ടതുണ്ട്. കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ സ്ത്രീപഠനവുമായി ബന്ധപ്പെടുത്തി ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചുവെങ്കിലും പിന്നീട് അതും നിർത്തലാക്കപ്പെടുകയാണുണ്ടായത്. കേരളത്തിൽ ഉന്നത വിദ്യാഭ്യാസ തലത്തിൽ പ്രത്യേകിച്ചു യൂണിവേഴ്സിറ്റി തലത്തിൽ ഈ ഒരു വിഷയം വേണ്ടത്ര വികസിച്ചു വരാത്തതിന്റെ കാരണങ്ങൾ അന്വേഷിക്കപ്പെടുകയും അതിനാവശ്യമായ രീതിയിൽ സ്ഥാപനചട്ടക്കൂടുകളിൽ മാറ്റങ്ങൾ വരുത്താനുള്ള സമ്മർദ്ദങ്ങൾ ഉണ്ടാക്കപെടുകയും വേണം.

**ഭാഗം ഒന്ന്**

ഇന്ന് കേരളത്തിനകത്തും പുറത്തുമായി ധാരാളം വ്യക്തികൾ ഈ മേഖലയിൽ ഗവേഷണം നടത്തുന്നുണ്ട്. ഇതിൽപെട്ട മിക്ക ആളുകളേയും ഇന്ന് നമുക്ക് സുപരിചിതമാണ് താനും. രണ്ടായിരത്തി അഞ്ചിൽ ചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടുവാനായി ഞാൻ ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ പോയ സമയത്തു അന്ന് അവിടെ ഉണ്ടായിരുന്ന ഫെമിനിസ്റ്റുകളായ ഗവേഷക വിദ്യാർത്ഥികളെ പുരുഷന്മാരായ സീനിയേഴ്സും അവരുടെ വലയത്തിൽ കഴിഞ്ഞിരുന്ന വിദ്യാർത്ഥിനികളും പരിചയപ്പെടുത്തി തന്നത് 'പാമ്പുകൾ' എന്ന പേരിലായിരുന്നു ഫെമിനിസ്റ്റ് എന്ന് പറയാൻ അവർക്ക് ഭയമായിരുന്നു. കേരളത്തിൽ നിന്നുള്ള ഫെമിനിസ്റ്റുകളായ വിദ്യാർത്ഥികളുടെ കാമ്പസുകളിലെ ഇടപെടലുകൾ അവിടെയുള്ള ആണുങ്ങളെ ചൊടിപ്പിച്ചിരുന്നു എന്ന് ആദ്യകാലങ്ങളിൽ തന്നെ ഞങ്ങൾക്ക് മനസ്സിലായിരുന്നു. ഫെമിനിസ്റ്റ് ആയിരിക്കുക, ഫെമിനിസ്റ്റുകളുടെ വസ്ത്രം/ജീവിതരീതികൾ, ഫെമിനിസ്റ്റ് ഗവേഷണത്തിൽ ഏർപ്പെടുക എന്നതൊക്കെ പരിഹാസ്യമാ

യ രീതിയിലായിരുന്നു അന്ന് കാമ്പുസുകളിൽ പുരുഷന്മാർ അവതരിപ്പിച്ചിരുന്നത്. ഇതേ ക്യാമ്പസ്സുകളിലെ ഹ്യൂമാനിറ്റീസിലേയും സാമൂഹിക ശാസ്ത്രത്തിലേയും ഡിപ്പാർട്മെന്റ്കളിൽ പഠിക്കുന്ന




പെൺസുഹൃത്തുക്കൾ മെസ്സ് ഹാളുകളിലേക്ക് അവർ പഠിക്കുന്ന പുസ്തകങ്ങളുമായി വരുമായിരുന്നു. അവയിൽ ഏറിയ പങ്ക് ഫെമിനിസ്റ്റ് വായനയുമായി ബന്ധപ്പെട്ടതായിരുന്നു. തീൻ മേശയിൽ സ്ത്രീവാദ കാഴ്ചപ്പാടുള്ള കഥകളും കവിതകളും സിദ്ധാന്തങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഞാൻ പഠിക്കുന്ന ചരിത്രത്തിൽ സുപ്രിയവർമ്മയും ആനന്ദിത മുഖോപാധ്യായ് തുടങ്ങിയ അധ്യാപകർ തന്ന സ്ത്രീപക്ഷ ചരിത്ര ലേഖനങ്ങൾ ഒഴിച്ചാൽ ചരിത്രം മുഴുവൻ പുരുഷന്മാരുടെ കാഴ്ചപ്പാടിൽ നിർമ്മിക്കപ്പെട്ട പുരുഷകേന്ദ്രീകൃത ചരിത്രമായിരുന്നു. ഫെമിനിസ്റ്റ് കാഴ്ചപ്പാടോടുള്ള കോഴ്സുകൾ ഇല്ലാത്തത് ഒരു വിഷമമായിരുന്നു. സെമിനാർ പേപ്പറുകളിലൂടെ സ്ത്രീ കേന്ദ്രീകൃത ചരിത്രസാധ്യതയെ ക്ലാസ്സ് റൂമിൽ ചർച്ച ചെയ്താണ് അന്ന് സ്ത്രീയെ ഞങ്ങൾ ചരിത്ര ക്ലാസ്സുകളുടെ ഭാഗമാക്കിയത്.

പിന്നീട്, സ്ത്രീ വിഷയം കേന്ദ്രീകരിച്ച് എന്തെങ്കിലും ചെയ്യണം എന്ന ചിന്ത ഉണ്ടായിരുന്നു. അതിന്റെ ഭാഗമായാണ് ബിരുദാനന്തര ബിരുദത്തിന് ശേഷം കോഴിക്കോട് അന്വേഷിയിൽ 'എ സ്റ്റഡി ഓൺ ഡിസേബിൾഗേൾസ്' എന്ന പ്രോജക്റ്റിൽ ജോയിൻ ചെയ്തത്. ഈ പ്രോജക്ട് ചെയ്തുകൊണ്ടിരിക്കുമ്പോൾ രീതി ശാസ്ത്രപരമായി പല പ്രശ്നങ്ങളും ഞങ്ങൾ അനുഭവിച്ചിരുന്നു. മലപ്പുറത്തും കോഴിക്കോടുമായി നടന്ന ഫീൽഡ് വർക്കും അന്വേഷി വിമൻസ് ലൈബ്രറിയിലെ വായനയും എന്നെ സ്ത്രീകേന്ദ്രീകൃത ഗവേഷണത്തിലേക്ക് കൂട്ടിക്കൊണ്ടുപോവുകയായിരുന്നു. ബിരുദം കഴിഞ്ഞ് ഒരുവർഷത്തിനുശേഷം ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലുള്ള അധ്യാപകർ എന്നെ വിളിക്കുകയുണ്ടായി. അവിടെ വിമൻസ് സ്റ്റഡീസ് കോഴ്സ് ആരംഭിച്ചിട്ടുണ്ടെന്നും അപേക്ഷിക്കണം എന്നും പറഞ്ഞു. അങ്ങനെയാണ് വിമൻസ് സ്റ്റഡീസ് സെന്ററിൽ എം. ഫിൽ. ചെയ്യാൻ ഞാൻ ജോയിൻ ചെയ്യുന്നത്. പക്ഷേ അവിടെയും ഒരുപാട് പ്രശ്നങ്ങൾ ഉണ്ടായിരുന്നു.' അറബിക്കല്യാണം എ സ്റ്റഡി ഓൺ മാപ്പിള മുസ്ലിം' എന്നതായിരുന്നു എന്റെ ഗവേഷണ വിഷയം. ചരിത്രപരമായതിനെ വിശകലനം ചെയ്യേണ്ടതിനു പകരം വളരെ മുൻധാരണയോടെ കൂടി നോക്കി കാണുവാൻ ആയിരുന്നു ഡിപ്പാർട്മെന്റിൽ നിന്നുണ്ടായ ഒരു സമ്മർദ്ദം. അറബിക്കല്യാണം എന്നത് ' പ്രൊസ്റ്റിട്യൂഷൻ' എന്ന് രീതിയിലായിരുന്നു അവരവിടെ ചർച്ചചെയ്തത്. അന്തർദേശീയ സമുദ്ര വ്യാപാരവും മലബാർ തീരങ്ങളിൽ നിലനിന്നിരുന്ന മാതൃദായക സമ്പ്രദായവും തമ്മിലുള്ള ബന്ധത്തിന്റെ ഫലമാണ് അറബിക്കല്യാണം എന്ന എന്റെ വാദത്തെ അംഗീകരിക്കാതെ അത് 'മാംസ വ്യാപാരമാണ്', 'സെക്സ് ട്രേഡ്' ആണ് എന്നൊക്കെ പറഞ്ഞാണ് സ്ത്രീ പഠന വകുപ്പുകളിലെ യാഥാസ്ഥിതിക അധ്യാപകർ എന്നെ സമ്മർദ്ദത്തിൽ ആക്കിയത്. സ്ത്രീകളുടെ സമ്മതത്തോടെ അല്ലാതെയാണ് ഇത്തരം വിവാഹങ്ങൾ നടക്കുന്നത് എന്നൊക്കെ പറഞ്ഞായിരുന്നു അവർ ഈ വാദം മുന്നോട്ടുവച്ചത്. ഇന്ത്യയിൽ നടക്കുന്ന എല്ലാ അറേഞ്ച്ഡ് കല്യാണങ്ങളും ഉപയ സമ്മതമില്ലാത്തതാണെന്നും അറേഞ്ച് കല്യാണങ്ങളെ അങ്ങിനെ ആണെങ്കിൽ 'പ്രൊസ്ടിട്യൂഷൻ' എന്ന് വിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞാണ് അവരുമായി കൊമ്പ് കോർത്തത്. അറേഞ്ച്ഡ് കല്യാണം പ്രോസ്റ്റിട്യൂഷനുമായി ഉപമിച്ചതിനെ യാഥാസ്ഥിതികരായ അവർക്ക് താങ്ങാവുന്നതിനും അപ്പുറത്തായിരുന്നു.

ആരംഭത്തിൽ ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ സ്ത്രീ പഠനഗവേഷണം ആരംഭിച്ചപ്പോൾ അതിനെ ഫെമിനിസ്റ്റ് കാഴ്ചപ്പാടോടെ സമീപിക്കാൻ അവിടെ ഉണ്ടായിരുന്ന പല അധ്യാപികമാർക്ക് പോലും കഴിഞ്ഞിട്ടുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ഇത് തികച്ചും ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനം നേരിടുന്ന പ്രശ്നം തന്നെയാണ്. സ്ത്രീ എന്നത് ചേർത്ത് കുറച്ചു ഗവേഷണങ്ങൾ നടത്തുക അല്ലെങ്കിൽ സ്ത്രീ പഠനകേന്ദ്രത്തിൽ കുറച്ച് സ്ത്രീകളെ കൊണ്ടുവന്നാൽ എല്ലാമായി എന്ന ധാരണയ്ക്ക് മാറ്റം വരേണ്ടതുണ്ട്. ഇന്റർസക്ഷണൽ കാഴ്ചപ്പാടോടുകൂടി സ്ത്രീപഠ

നത്തെ സമീപിക്കേണ്ടത് അത്യാവശ്യമാണ്. ഇതേ പ്രശ്നം പിന്നീട് ഞാൻ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെൻഡിൽ ജോലി ചെയ്യുമ്പോഴും അനുഭവിക്കുകയുണ്ടായിട്ടുണ്ട്. അന്ന് അവിടെ ഉണ്ടായിരുന്ന ഒരു ഉയർന്ന ജാതിക്കാരിയായ അധ്യാപിക പാഠ്യപദ്ധതിയിൽ ജാതിയും, സെക്ഷാലിറ്റിയും ഉണ്ടായിരുന്നിട്ടു കൂടിയും കുട്ടികൾക്ക് ജാതിയുമായി, ലൈംഗികതയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ ഒന്നും തന്നെ പഠിപ്പിച്ചു കൊടുക്കേണ്ട എന്ന് കർശനമായി നിർദ്ദേശിച്ചിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ സെർവറിൽ നിന്ന് 'ലൈംഗികത' എന്ന വാക്ക് പോലും അവർ ബ്ലോക്ക് ചെയ്തിരുന്നു അന്ന്. സെക്ഷാലിറ്റിയിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അത് വലിയൊരു പ്രശ്നം തന്നെയായിരുന്നു. സെക്സ്, സെക്ഷ്വലിറ്റി എന്ന പദങ്ങൾ ഇല്ലാതെ നിങ്ങൾ എങ്ങനെയാണ് ജൻഡർ സ്റ്റഡീസ് പഠിക്കുക? ഇവിടെ ആണെങ്കിൽ കേരളത്തിൽ നിന്നുള്ള ഒരുപാട് കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു. അവരുടെയൊക്കെ ഗവേഷണത്തെ ഇത് സാരമായി ബാധിച്ചിരുന്നു. ഇത്തരം പ്രവണതകൾ ഒരു അധ്യാപിക എന്ന നിലയിൽ എന്നെ സമ്മർദ്ദത്തിലാക്കിയിരുന്നു. വളരെ പേടിയോടു കൂടിയാണ് ജെൻഡർ സ്റ്റഡീസിനെ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് കണ്ടിരുന്നത്. ഡിപ്പാർട്ട്മെൻഡ് അടച്ചുപൂട്ടാനുള്ള ശ്രമങ്ങൾ അവിടെ വ്യാപകമായിരുന്നു. പോലീസുകാർക്കും ഐഎഎസ് ഒഫീഷ്യൽസിനും ജെൻഡർ അവയർനെസ് കൊടുക്കാനുള്ള ഒരു കേന്ദ്രം എന്നതിലപ്പുറം അവരതിനെ കണ്ടിരുന്നില്ല. ജാതിയെ പറ്റിയും ലൈംഗികതയെ പറ്റിയും ഉള്ള വ്യവഹാരങ്ങൾ അവരെ അസ്വസ്ഥരാക്കുന്നു എന്ന് വേണം അനുമാനിക്കാൻ. ഇത്തരം അധികാര ബന്ധങ്ങളെ ചോദ്യം ചെയ്യുന്ന ഗവേഷണ വിഷയങ്ങളായിരുന്നു എം. എ. ഡെസെർട്ടെഷനു വിദ്യാർത്ഥികൾ എടുത്തിരുന്നത്. രോഹിത് വെമുലയുടെ ആത്മഹത്യ ഉണ്ടായ സമയവുമായിരുന്നു അപ്പോൾ. വിദ്യാർത്ഥികളുടെ ഗവേഷണ വിഷയങ്ങൾ പലപ്പോഴും വിദ്യാർത്ഥികളും ഡിപ്പാർട്മെന്റും തമ്മിലുള്ള കലഹങ്ങൾക്ക് ഹേതുവായിട്ടുണ്ട്. കരുതിയിരുന്നതുപോലെ ഇന്ന് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റ്'ലെ ഡിപ്പാർട്ട്മെന്റ് ഓഫ് ജൻഡർ സ്റ്റഡീസ് നിർത്തലാക്കിയിരിക്കുകയാണ്.ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന വലതുപക്ഷ സർക്കാർ വളരെ ഭീതിയോടെയാണ് സ്ത്രീ പഠന കേന്ദ്രങ്ങളെ തന്നെ നോക്കി കാണുന്നത്. കേന്ദ്രത്തിൽ എൻ ഡി എ ഭരണത്തിൽ വന്നതിന് ശേഷം സ്ത്രീ പഠന കേന്ദ്രങ്ങൾക്ക് ഫണ്ട് വെട്ടിക്കുറച്ചും, നൽകാതെയും പല സംസ്ഥാനങ്ങളിലും ഉള്ള ഡിപ്പാർട്മെന്റുകളെ പൂട്ടിക്കുന്നതിൽ വരെ കാര്യങ്ങൾ എത്തിയിരിക്കുകയാണ്.


ജെ. ദേവിക

### ഭാഗം രണ്ട്

കേരളത്തിലെ ഫെമിനിസ്റ്റ് / സ്ത്രീ ഗവേഷണ നാൾവഴികളെ പറ്റി തന്റെ അനുഭവങ്ങളെ മുൻനിർത്തി സംസാരിക്കുകയാണ് ഫെമിനിസ്റ്റ് ഗവേഷകയും തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് അധ്യാപികയുമായ ഡോക്ടർ ജെ. ദേവിക

ഹമീദ സി. കെ. : ഒരു ഗവേഷണ മേഖല എന്ന നിലയിൽ സ്ത്രീപക്ഷ ഗവേഷണം സ്ഥാപനങ്ങളുടെ ചട്ടക്കൂടിൽ ഉണ്ടാക്കിയ സമ്മർദ്ദങ്ങൾ എന്തായിരുന്നു?

ജെ. ദേവിക : സ്ത്രീപക്ഷ ഗവേഷണം നമ്മുടെ ജ്ഞാന നിർമ്മാണ മേഖലകളിൽ ചെലുത്തിയ സമ്മർദ്ദം പ്രധാനമായിട്ടും വിമർശനാത്മകം ആണ് എന്ന് പറയാം. അതായത് 'സ്ത്രീ' എന്ന വിഷയത്തെ അങ്ങോട്ട് കൂട്ടിച്ചേർത്താൽ പ്രശ്നം അവസാനിച്ചു എന്നുള്ള ആ തോന്നൽ തുടക്കം മുതൽ തന്നെ സ്ത്രീപക്ഷ ഗവേഷണം, ഫെമിനിസ്റ്റ് ഗവേഷണം എതിർത്തു എന്നുള്ളതാണ്. ഞങ്ങളൊക്കെ ഈ ഒരു രംഗത്തേക്ക് കടന്നു വരുമ്പോൾ വിഷയം എന്ന നിലക്ക് സ്ത്രീകൾ എന്നുള്ളത് ചേർത്താൽ മതി എന്ന ധാരണ വളരെ വ്യാപകമായിരുന്നു, ഏതു വിഷയമാണെങ്കിലും അതിപ്പോൾ വികസന പഠനങ്ങൾ മുതൽ സാംസ്കാരിക പഠനങ്ങൾ വരെയും, സ്ത്രീകളെ കുറിച്ചുള്ള ഡീറ്റെയിൽസ് ആഡ് ചെയ്താൽ മതി എന്നുള്ളതായിരുന്നു അന്നത്തെ സ്ത്രീപക്ഷത്തു നിന്നുള്ള വിമർശനങ്ങളെ നേരിടാനുള്ള ഒരു മാർഗ്ഗം. പണ്ട് രാഷ്ട്രീയരംഗത്തും അങ്ങനെ തന്നെയായിരുന്നു. മിക്കവാറും രാഷ്ട്രീയ കക്ഷികളുടെ പ്രത്യേകിച്ച് ഇടത് വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ ഒക്കെ സമ്മേളനങ്ങൾക്ക് ശേഷം ഉള്ള വിലയിരുത്തൽ സമയത്ത് ഒരു വിമർശനം നടത്തും. അതിൽ ഏതെങ്കിലും ഒരു പെൺകുട്ടി എഴുന്നേറ്റു പോയിട്ട് പെൺകുട്ടികളുടെ എണ്ണം തീരെ കുറഞ്ഞു പോയി എന്നൊക്കെ പറയും. അപ്പോൾ ആ പ്രശ്നം പരിഹരിക്കണമെങ്കിൽ കുറേ പെൺകുട്ടികളുടെ എണ്ണം കൂട്ടിയാൽ മതി. അല്ലെങ്കിൽ ജ്ഞാന രംഗത്ത് ആണെങ്കിൽ ഏതെങ്കിലും വിഷയങ്ങളുടെ കൂടെ സ്ത്രീകളുമായി ബന്ധപ്പെട്ട കുറച്ച് വിവരങ്ങൾ കൂട്ടിച്ചേർത്താൽ മതി എന്ന ധാരണ വ്യാപകമായിരുന്നു. അതിനെയാണ് ഫെമിനിസ്റ്റ് ഗവേഷണം എതിർത്തത്. അങ്ങനെ കൂട്ടിച്ചേർക്കൽ മാ

ത്രം പോര മറിച്ച് പ്രശ്നത്തെ തന്നെ വിമർശനാത്മകമായി സ്ത്രീ പക്ഷത്തുനിന്നും വായിക്കണമെന്ന ഒരു ആവശ്യം ഉന്നയിച്ചു. അതുകൊണ്ടാണ് ഈ ഫെമിനിസ്റ്റുകൾ റീസണബിൾ അല്ല അനാവശ്യമായി ഒരുപാട് ഡിമാൻഡുകൾ വയ്ക്കും എന്നൊക്കെയുള്ള വിമർശനങ്ങൾ ഉണ്ടായത്. എന്താ നിങ്ങൾക്ക് ഇതൊക്കെ പോരെ? നിങ്ങൾക്ക് ഒരു അപ്പക്കഷണം തന്നില്ലേ? ഇനി എന്തിനാണ് നിങ്ങൾ വിമർശിക്കുന്നത് എന്ന് ചോദിക്കുന്നതിന് സമാനമായ ഒരു അവസ്ഥയായിരുന്നു തുടക്കത്തിൽ ഉണ്ടായിരുന്നത്. ആ ഒരു സ്വാധീനം ആ ഒരു സമ്മർദ്ദം എനിക്കു തോന്നുന്നു വളരെ ഫലപ്രദമായിരുന്നു എന്ന് തന്നെയാണ്. ഇന്ന് ഇതിപ്പോൾ നമുക്കിടയിൽ ഒരു സാമാന്യബോധം മാത്രം ആണ്. ഫെമിനിസ്റ്റ് പ്രേക്ഷകരുടെ ഇടയിൽ കൂട്ടിച്ചേർക്കൽ മാത്രം പോരാ എന്നുള്ളത് നമ്മുടെ ഇടയിൽ ഇന്ന് നിലനിൽക്കുന്ന ഒരു പൊതുസമ്മതമാണ്, ഒരു കൺസെൻസ് ആണ്.

പിന്നെ മറ്റൊരു വ്യത്യാസം ഉണ്ടാക്കിയത് എന്തെന്ന് വച്ചാൽ സ്ത്രീപക്ഷ ഗവേഷണം ഒരു സാധ്യതയായി വന്നപ്പോൾ തന്നെ സ്ത്രീകൾ ധാരാളം ഗവേഷണ രംഗത്തേക്ക് കടന്നു വരുന്ന സമയവുമായി അത് കോയിൻസൈഡ് ചെയ്തു എന്നുള്ളതാണ്. ഇപ്പോൾ പ്രത്യേകിച്ച് സാമൂഹികശാസ്ത്ര മാനവികവിഷയങ്ങളിൽ ഒക്കെ സ്ത്രീകളുടെ സാന്നിധ്യം ഉള്ള ഒരു സന്ദർഭത്തിലാണ് സ്ത്രീപക്ഷ ഗവേഷണ സാധ്യതകളും ഉയർന്നുവന്നത്. അപ്പോൾ അതുകൊണ്ടുതന്നെ ആൺകുട്ടികൾ മാത്രമുണ്ടായിരുന്ന ഡിപ്പാർട്ട്മെന്റ് കളിൽ പെട്ടെന്ന് പെൺകുട്ടികളുടെ സാന്നിധ്യം ഒരുപാട് കൂടുകയും, അവിടെയുള്ള സാമൂഹികതയുടെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ ഒക്കെ വന്നു തുടങ്ങുകയും ചെയ്തു ആ മാറ്റങ്ങളൊക്കെ പൂർണ്ണമാകുന്നു എന്നൊന്നും ഞാൻ ഒരിക്കലും പറയില്ല. ഇപ്പോഴും പൂർണ്ണമായിട്ടില്ല അത് ശരിക്കും അവിടുത്തെ ഈ ആൺ സാമൂഹികതയിൽ ചില ടെൻഷൻസ് ഉണ്ടാക്കിയിട്ടുണ്ട്. അത് എന്റെ ഓർമ്മയിൽ നല്ലവണ്ണം ഉണ്ട്. ആണിടത്തിലേക്ക് പ്രവേശിക്കാൻ ഒരു ചെറിയ കോൺ എങ്കിലും കിട്ടണമെന്ന് ആഗ്രഹിക്കുന്ന സ്ത്രീ വല്ലാത്ത ഒറ്റപ്പെടൽ അനുഭവിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അത് എന്റെ ഓർമ്മയിൽ നല്ലതുപോലെ ഉണ്ട്. എങ്കിലും നമ്മൾ ഈ ആൺ സാമൂഹികതയിലേക്ക് ഇഴുകിച്ചേരണം, ഇത്തരം ബുദ്ധിജീവി ചർച്ചകളും അത്തരം ഇഷ്ടാനിഷ്ടങ്ങളും, അതിനകത്ത് ഉണ്ടായി വരുന്ന ദൈനംദിനമായ സംഭാഷണങ്ങളും താമശകളും എല്ലാം ആസ്വദിക്കാൻ നമ്മൾ പഠിക്കണം, അതല്ല അങ്ങിനെ പോരാ നമ്മൾ വിമർശനാത്മകമായി സമീപിക്കാണോ? എന്നുവന്നാൽ സത്യത്തിൽ വല്ലാത്ത ഒറ്റപ്പെടൽ നമ്മൾ അനുഭവിക്കും എന്ന അവസ്ഥ വരുമായിരുന്നു. അപ്പൊ നമ്മള് ഒരുകണക്കിന് ഈ ആൺസാമൂഹികതയോട് യോജിച്ചു പോകുന്ന സ്ത്രീകൾക്ക് ഒരുപാട് മെച്ചം കിട്ടുമായിരുന്നു. ഒന്ന് പറഞ്ഞാൽ അവരുടെ ഈ തിയററ്റിക്കൽ ചോയ്സസ് ഒക്കെ ഒന്നുകൂടി എളുപ്പമാകുമായിരുന്നു. ഞാൻ പഠിക്കുന്ന സമയത്ത്, ഫെമിനിസ്റ്റ് തിയറി വളരെ സീരിയസായ ഒരു സാധ്യതയായി നമ്മുടെ ഗവേഷണ രംഗത്ത് ഉയർന്നുവന്ന് അവൈലബിൾ ആയി തുടങ്ങിയ ഒരു സമയത്ത് തന്നെയാണ് നമ്മുടെ ഇവിടുത്തെ പുരുഷ ബുദ്ധിജീവികളിൽ പലരും പ്രത്യേകിച്ച് നമ്മുടെ യൂണിവേഴ്സിറ്റി വൃത്തങ്ങളിൽ ഉള്ള പുരുഷ ബുദ്ധിജീവികൾ പോസ്റ്റ് മോഡേണിസവും, പോസ്റ്റ്സ്ട്രക്ച്ചറിലിസാവും ഒക്കെ വായിച്ചു തുടങ്ങുന്നത്. അപ്പോൾ അതിന്റെ അകത്തുനിന്നും വരുന്ന വിമർശനത്തെ അതായത് മാനവവാദ വേരുകളുള്ള രാഷ്ട്രീയങ്ങളെ അതായത് ഫെമിനിസമായാലും അതിപ്പോൾ ദളിത് പൊളിറ്റിക്സ് ആയാലും ഒക്കെ തന്നെ അതെല്ലാം ഒരുതരം ഈ പറഞ്ഞ മോഡേണിസ്റ്റ് ആണ്. ഈ മോഡേൺ രാഷ്ട്രീയത്തിന് എല്ലാ പരിമിതികളും അതിനുണ്ട് എന്നൊക്കെ പറയുന്ന തരത്തിലുള്ള വളരെ ഫ്രജൈൽ ആയിട്ടുള്ള ഒരു തരം വിമർശനം ഈ പറയുന്ന ആൺ വൃത്തങ്ങളിൽ നിന്നും ഉണ്ടാകുമായിരുന്നു. അതിനൊക്കെ എതിരെ പിടിച്ചുനിൽക്കാനുള്ള ബൗദ്ധികമായ ശേഷി എന്റെ ഒക്കെ ജനറേഷനിലെ ഫെമിനിസ്റ്റ്കൾക്ക് സ്വയം ഉണ്ടാക്കി എടുക്കേണ്ടി വന്നിരുന്നു. അപ്പോൾ ഈ ആൺ സാമൂഹികതയിൽ യോജിച്ചു പോകുന്ന അക്കഡമിക്ക് സ്ത്രീകളെ സംബന്ധിച്ച് ഇതൊരു പ്രശ്നമേ അല്ലായിരുന്നു. കാരണം അവരുടെ ചോയ്സ് ഒക്കെ ഇതുപോലെ അത്തരം വൃത്തങ്ങളുടെ ഉള്ളിൽ ഫാഷനബിൾ ആയിട്ട് ഉയർന്നുവരുന്ന എന്താണോ അതങ്ങ് സ്വീകരിച്ചാൽ മതി എന്നുള്ളതായിരുന്നു. അല്ലെങ്കിൽ സ്ത്രീകൾക്ക് ഞാൻ തന്നെ കേട്ടിട്ടുണ്ട് 'ഓ! സ്ത്രീകൾക്ക് ഇതൊക്കെ പറ്റുവൊള്ളോ?' അതുകൊണ്ട് ആ ലെവലിൽ ഉള്ള എന്തെങ്കിലുമൊക്കെ ഒരു ചെറിയ തിയററ്റിക്കൽ ഫ്രെയിം വർക്കിൽ അവർക്ക് കൈകാര്യം ചെയ്യാൻ പറ്റുന്ന പോലെ എന്നാൽ വളരെ കോണ്ടസന്റിങ്ങ് ആയിട്ട് നമ്മുടെ ഈ പോസ്റ്റ് മോഡേണിസ്റ്റ്, പോസ്റ്റ് സ്ട്രക്ചറലിസ്റ്റ് ബുദ്ധിജീവികൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ അതിനെതിരെ ഒക്കെ പിടിച്ചു നിൽക്കുക എന്നതായിരുന്നു അന്നത്തെ ഏറ്റവും വലിയ വെല്ലുവിളി. അതുതന്നെയായിരുന്നു നമ്മളീ പറയുന്ന അക്കാദമിക് വൃത്തങ്ങളുടെ മേൽ ചെലുത്തിയ സമ്മർദ്ദം എന്ന് എനിക്ക് തോന്നുന്നത്.

ഹമീദ : കേരളത്തിലെ സ്ത്രീപക്ഷ ഗവേഷണം തുടക്കത്തിൽ കൈകാര്യം ചെയ്ത വിഷയങ്ങളും അത് വികസിച്ചു വന്ന വഴികളും ഒന്ന് വി

വരിക്കാമോ?

ദേവിക : സ്ത്രീകൾ എന്നൊരു കാറ്റഗറി, കേരളത്തിൽ അല്ലെങ്കിൽ മലയാളി സമൂഹത്തിനെ പറ്റിയുള്ള സാമൂഹിക ശാസ്ത്രപരമായിട്ട്, നരവംശശാസ്ത്ര പരമായിട്ടുള്ള, ഗവേഷണത്തിൽ ഒക്കെ തന്നെ വന്നിട്ടുള്ളതാണ്. പ്രത്യേകിച്ചും മരുമക്കത്തായം പോലെയുള്ള ദായക്രമങ്ങൾക്കുള്ളിൽ ജീവിച്ച സ്ത്രീകൾ ഒരു കൗതുകമായി ഗവേഷകർക്ക് 1940 മുതൽ ചിലപ്പോൾ അതിനുമുമ്പ് മുതൽ തന്നെയും ഉണ്ടായിരുന്നു എന്നുള്ളത് വാസ്തവമാണ്. സ്ത്രീകൾ അധികവും ഉണ്ടായിരുന്നത് അങ്ങനത്തെ ചർച്ചകളിലാണ്. പിന്നീട് ഈ കേരള മാതൃക എന്ന ചർച്ച വരുമ്പോഴാണ് സ്ത്രീകൾ വീണ്ടും ചർച്ചാവിഷയമാകുന്നത്. കേരളമാതൃക നേട്ടങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക പ്രാധാന്യമുണ്ടെന്ന് റോബിൻ ജഫ്റിയെ പോലുള്ളവർ എൻപതുകളിൽ ഒക്കെ പറയുമ്പോളാണ് സ്ത്രീകൾ എന്ന വിഷയം പെട്ടെന്ന് ഇതിനുള്ളിൽ സജീവമാകുന്നത്.

അപ്പോൾ ഞങ്ങളുടെ ഒക്കെ ഒരു ജനറേഷനിൽ ഉള്ളവർ, 1980കളിൽ ഒക്കെ കോളേജിൽ പോകുകയും, 1990കളിൽ ഗവേഷണ രംഗത്തേക്കു വരികയും ചെയ്ത ആ തലമുറയെ സംബന്ധിച്ചെടുത്തോളം ഇരുപതാം നൂറ്റാണ്ടിലെ ഈ സ്ത്രീ വ്യവഹാരങ്ങളെ കൈകാര്യം ചെയ്യുക, വിമർശനപരമായി തിരിഞ്ഞു നോക്കുക എന്നുള്ളത് വലിയൊരു ദൗത്യമായി മുന്നിലുണ്ടായിരുന്നു. ആ സമയത്ത് ഇരുപതാം നൂറ്റാണ്ടിലെ സ്ത്രീകളുടെ വിഷയങ്ങളെ കേന്ദ്രത്തിൽ വച്ചുകൊണ്ടുള്ള ഒന്നുരണ്ടു പ്രധാനപ്പെട്ട വ്യവഹാരങ്ങൾ ഉണ്ടായിരുന്നു. ഞാനന്ന് പത്തിരുപത് വയസ്സുള്ള വിദ്യാർത്ഥിനി എന്ന നിലയ്ക്ക് എന്റെ ഏറ്റവും വലിയ ആഗ്രഹം, സ്ത്രീകളെ കേന്ദ്രത്തിൽ ഇരുത്തിയ ഒരു നാലഞ്ച് ഇരുപതാം നൂറ്റാണ്ട് വ്യവഹാരങ്ങൾ ഉണ്ടായിരുന്നു, അവയെ എല്ലാം വിമർശനപരമായി പഠിക്കുക എന്നുള്ളതായിരുന്നു അന്നത്തെ എന്റെ സ്റ്റഡീസ് അജണ്ട. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വികസന വ്യവഹാരം തന്നെയാണ്. കേരള വികസന മാതൃകയിൽ സ്ത്രീകൾക്ക് പ്രത്യേക സെൻട്രലിറ്റി ഉണ്ട് എന്ന് പുരുഷന്മാരായ ഗവേഷകർ അവകാശപ്പെടുന്നു. അപ്പോൾ ആ പ്രസ്താവത്തെ എങ്ങനെയാണ് വിമർശനാത്മകമായി കാണാൻ പറ്റുക? അത്തരം അഭിനന്ദനം ഈ പറഞ്ഞ ഇടതുകൈകൊണ്ട് തരുന്ന അഭിനന്ദനം ആണോ? അല്ലെങ്കിൽ ഈ അഭിനന്ദനം എന്തിനെയാണ് അദൃശ്യമാകുന്നത്? എന്നൊക്കെയായിരുന്നു അതിൽ ഒരു ചോദ്യം. പിന്നെ രണ്ടാമത്തെ വ്യവഹാരം സാമൂഹിക അല്ലെങ്കിൽ സമുദായ പരിഷ്കരണത്തിന്റെ വ്യവഹാരം ആയിരുന്നു. അവിടെയും ഈ പറഞ്ഞതുപോലെ സ്ത്രീകളെ പുരുഷന്മാർ ആയിട്ടുള്ള സാമൂഹിക, സമുദായ പരിഷ്കർത്താക്കൾ സമുദായത്തിന്റെ ഉള്ളിൽ അകപ്പെട്ടുപോയ സ്ത്രീകളെ പലതരത്തിൽ സാമൂഹിക പരിഷ്കരണത്തിലൂടെയും ആധുനിക വിദ്യാഭ്യാസത്തിലൂടെയും ഒക്കെ അവരെ വിമോചിപ്പിക്കുന്ന ഒരു വ്യവഹാരം, അവിടെയും ഈ സ്ത്രീകളുടെ ഒരു സെൻട്രലിറ്റി ഈ വ്യവഹാരത്തിലും ഉണ്ട്. അങ്ങനെയുള്ള ഒരു വ്യവഹാരത്തെ നമ്മൾ ഈ പറഞ്ഞതുപോലെ നമ്മൾ അങ്ങേയറ്റം വിമർശനാത്മകമായി പരിശോധിക്കുകയും ഇന്ന് അതായത് ഈ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ഉള്ള ഞങ്ങളെപ്പോലുള്ള ചെറുപ്പക്കാർ അനുഭവിച്ച ഈ പിതൃമേധാവിത്തത്തെ എങ്ങിനെ രൂപപ്പെടുത്തി എന്നൊക്കെ ഉള്ള ചോദ്യങ്ങൾ അവരോട് ചോദിക്കുകയും ചെയ്തു എന്നതായിരുന്നു മറ്റൊരു പ്രധാനപ്പെട്ട കാര്യം. മൂന്നാമതായി രാഷ്ട്രീയവ്യവഹാരം, ഇതെല്ലാമാണെങ്കിലും രാഷ്ട്രീയത്തിൽ സ്ത്രീകൾ പാടില്ല, വലിയതോതിൽ യൂണിയനൈസേഷൻ നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. ഈ പറഞ്ഞ തൊഴിലാളി യൂണിയനുകളിൽ വൻതോതിലുള്ള യൂണിയനൈസേഷന് വിധേയർ ആയിട്ടുള്ളവരാണ് സ്ത്രീ തൊഴിലാളികൾ. അതുകൊണ്ടുതന്നെ കേരളത്തിലെ തൊഴിലാളി സമരങ്ങളിൽ വലിയ പങ്ക് തൊഴിലാളി സ്ത്രീകളുടെ വൻ സാന്നിധ്യത്താൽ പ്രത്യേകത ഉള്ളവയായിരുന്നു. എങ്കിലും ആ നേതൃത്വത്തിലേക്ക് സ്ത്രീകളും ഉയർന്നില്ല. രാഷ്ട്രീയം എന്ന സ്ഥാപനം തന്നെ സ്ത്രീകൾക്ക് അന്യമാണെന്ന മട്ടിലുള്ള നിലയിലായിരുന്നു കാര്യങ്ങളുടെ കിടപ്പ്. ഇത് എന്തുകൊണ്ട്? എന്ന് പഠിക്കാനുള്ള താൽപര്യം ആണ് പിന്നീട് തൊണ്ണൂറുകളിൽ ഉണ്ടായി വരുന്നത്. പ്രത്യേകിച്ചും ജനകീയാസൂത്രണം പോലെയുള്ള പരിപാടികൾ മുന്നോട്ടുവരികയും ചില സ്ത്രീകൾക്ക് സംവരണം ആ തരത്തിൽ ഉണ്ടാവുകയും ഒക്കെ ചെയ്തത്. എന്തുകൊണ്ടാണ് ഇരുപതാം നൂറ്റാണ്ടിൽ ആ രാഷ്ട്രീയവ്യവഹാരത്തിൽ സ്ത്രീകൾ ഇല്ലാതെ പോയത് എന്ന് ചിന്തിക്കാൻ ഒരു കൗതുകം ഞങ്ങളുടെ ജനറേഷനിൽ പലർക്കും ഉണ്ടായി. അതുകൊണ്ട് തന്നെ അങ്ങിനെയുള്ള ഒഴിവാക്കൽ ഈ പറയുന്ന ജനകീയാസൂത്രണം വഴിയും, സ്ത്രീസംവരണം വഴിയും, പഞ്ചായത്തുകളിലെ സ്ത്രീസംവരണം വഴിയും ഒക്കെ ഇല്ലാതാകുമോ പരിഹരിക്കപ്പെടുമോ എന്നൊക്കെയുള്ള ചോദ്യങ്ങളും ഞങ്ങളുടെ മുന്നിൽ ഉണ്ടായിരുന്നു. നാലാമത് സ്ത്രീകളുടെ എക്സ്ക്ലൂഷനാൽ മാർക്ക് ചെയ്യപ്പെട്ട ഒരു വ്യവഹാരം ആണ്. അത് ഞാൻ നേരത്തെ പറഞ്ഞ രണ്ട് വ്യവഹാരങ്ങളിൽ സ്ത്രീകൾ കേന്ദ്രത്തിൽ ഇരിക്കെ, രണ്ടു വ്യവഹാരങ്ങളിൽ അവർ എക്സ്ക്ലൂഡ് ചെയ്യപ്പെട്ടത് കൊണ്ട് തന്നെ ഉറച്ച് നിൽക്കുകയും ചെയ്യുന്ന വ്യവഹാരങ്ങളായി

രുന്നു എനിക്ക് പഠിക്കാൻ താല്പര്യം ഉണ്ടായിരുന്നത്. നാലാമത്തെ വ്യവഹാരം സംസ്കാരമാണ്. സ്ത്രീകൾ ഒരേ സമയം കേന്ദ്രത്തിൽ ഇരിക്കുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന വ്യവഹാരം. ഇത്തരത്തിലുള്ള വ്യവഹാരങ്ങൾ ആണ് ഞങ്ങളുടെ തലമുറയിലുള്ളവർ കാര്യമായിട്ട് പഠിക്കാൻ താൽപര്യപ്പെട്ടത്. ഞാൻ തന്നെയാണെങ്കിൽ സാമൂഹിക പരിഷ്കരണത്തിന്റെ വ്യവഹാരമാണ് എന്റെ പി എച്ച് ഡി ഗവേഷണത്തിന്റെ ഭാഗമാക്കിയത്. ഞാൻ അത് കഴിഞ്ഞ് ചെയ്ത ആദ്യത്തെ ഗവേഷണപഠനം ഈ വികസന വ്യവഹാരത്തെ പറ്റി ഉള്ളതാണ്. അതുകഴിഞ്ഞ് എന്റെ ജീവിതത്തിൽ എന്റെ പത്ത് പന്ത്രണ്ട് വർഷത്തെ ഗവേഷണ കരിയറിൽ പതിനഞ്ചു വർഷം ഒക്കെ കഴിഞ്ഞപ്പോൾ ഞാൻ ഏറെക്കുറെ ഈ പറഞ്ഞ നാലു വിഷയങ്ങളും എക്സ്പ്ലോർ ചെയ്തു കഴിഞ്ഞു എന്നുള്ളതാണ്. ഞാൻ മാത്രം എന്നുള്ളതല്ല എന്റെ തലമുറയിൽ നിന്ന് അന്ന് വന്ന വിമൻസ് സ്റ്റഡീസിലും ജൻഡർ സ്റ്റഡീസിലും പേരെടുത്ത എന്റെ സഹപ്രവർത്തകരും, എന്റെ തലമുറക്കാരികളും ആയിട്ടുള്ള നിരവധി ഗവേഷകർ ഈ പറഞ്ഞ വിഷയങ്ങളിൽ ആണ് അവരുടെ പഠനം ചെയ്തത്. അതെ സമയം ഇരുപതാം നൂറ്റാണ്ടിനു ശേഷം ഉണ്ടായ പല മാറ്റങ്ങളും പലരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഉദാഹരണത്തിന് സെക്സ് വർക്കേഴ്സ്ന്റെ മൊബിലൈസേഷൻ ഉണ്ടായത്, ട്രാൻസ് സ്ത്രീകളുടെ അസർഷൻ, ട്രാൻസ് ജെൻഡർ മനുഷ്യരുടെ പബ്ലിക്ക് അസർസൻസും ഒക്കെയാണ് ഇപ്പോൾ ആൾക്കാർ പഠിക്കുന്ന വിഷയങ്ങൾ.

ഹമീദ : ആദ്യകാലത്ത് ഈ മേഖല നേരിട്ട വെല്ലുവിളികൾ എന്തെല്ലാമായിരുന്നു?

ദേവിക : ആദ്യ കാലത്തെ ഏറ്റവും വലിയ വെല്ലുവിളി എന്നു പറഞ്ഞാൽ നമ്മളെ ആരും സീരിയസ് ആയി എടുക്കില്ല എന്നതായിരുന്നു. നേരത്തെ ഞാൻ പറഞ്ഞില്ലേ ആഡ് ആന്റ് സ്റ്റർ എന്നുള്ള കാഴ്ചപ്പാട് തന്നെ ധാരാളം മതി അതിനപ്പുറം നിങ്ങൾ എന്തെങ്കിലും ചോദിച്ചു കഴിഞ്ഞാൽ നിങ്ങൾ ചുമ്മാ ഹിസ്റ്റീരിയ ബാധിച്ച ആൾക്കാരാണ്, എത്ര അറ്റൻഷൻ കിട്ടിയാലും പോരാത്തവരാണ് അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ചിണുങ്ങി കൊണ്ടിരിക്കുന്നത്, എന്നുള്ള മട്ടിലുള്ള പ്രതികരണങ്ങൾ ഞാൻ ഒരുപാട് സ്ഥലങ്ങളിൽ നിന്നും കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ 'നിങ്ങൾ ഈ ചെയ്യുന്നവർക്ക് ഒന്നും അത്ര പ്രാധാന്യം ഉള്ള ഒന്നുമല്ല' എന്നും. 'കുറച്ച് കാര്യങ്ങളിങ്ങനെ അല്ലെങ്കിൽ ചരിത്രത്തിൽ എങ്ങനെ ആയിട്ടുള്ള കുറച്ച് ആളുകളുടെ വിവരങ്ങൾ ശേഖരിക്കുന്നു' എന്നുള്ള തരം നിലപാട് ഒരു പാട് പേരിൽ നിന്നും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. ഞാനെന്റെ തീസിസിന് വേണ്ടി കളക്ട് ചെയ്ത മെറ്റീരിയലിൽ ഈപത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം ഇരുപതാം നൂറ്റാണ്ടിലെ തുടക്കത്തിലും സ്ത്രീകളായ ബുദ്ധിജീവികൾ എഴുതിയ  ലേഖനങ്ങളുടെ ഒരു സമാഹാരം എനിക്ക് ഇറക്കണമെന്ന് വലിയ ആഗ്രഹമായിരുന്നു. തീസിസ് ഇറക്കുന്നതിനു മുൻപ് തന്നെ ഇറക്കണമെന്ന് വലിയ ആഗ്രഹമായിരുന്നു. ഈ പറഞ്ഞ സ്ത്രീകളുടെ എഴുത്ത് ശൈലി ഒക്കെ തന്നെയാണ് എന്റെ എഴുത്തിന്റെ ശൈലിയെ തന്നെ കാര്യമായി രൂപപ്പെടുത്തിയത്. അത്ര ഗംഭീരം എഴുത്താണ് അവരുടെ. ആദ്യം ഞാൻ ഇതെല്ലാം കലക്ട് ചെയ്തു ഡി സി ബുക്സിൽ പരിചയമുള്ള ഒരു എഡിറ്ററെ വിളിച്ച് താല്പര്യമുണ്ടോ എന്ന് ചോദിച്ചു. അയാൾ അത് അയച്ചു കൊടുക്കാൻ പറഞ്ഞു ഞാൻ അത് അയച്ചു കൊടുത്തു. എന്നിട്ട് അത് എഴുതി റിവ്യൂവിന്  പോയി എന്നാണ് എന്നോട് പറഞ്ഞത്. തൃശ്ശൂർ ഉള്ള ഏതോ കോളേജ് അധ്യാപകൻ ആയിരുന്നു റിവ്യൂവർ. അദ്ദേഹം ഇത് നോക്കിയിട്ട് പറഞ്ഞത്രേ 'അയ്യോ ഇതൊന്നും വിശ്വസിക്കാൻ കൊള്ളില്ല ഇതൊന്നും സ്ത്രീകൾ എഴുതിയത് ആവാൻ ഒരു വഴിയുമില്ല. സ്ത്രീകൾക്ക് ഇങ്ങനെയൊന്നും എഴുതാൻ സാധിക്കില്ല. ഇത് ഒക്കെ ഏതെങ്കിലും ആളുകൾ കള്ളപ്പേരിൽ എഴുതിയത് ആവും'.അല്ല കള്ള പേരിൽ എഴുതുന്ന രീതി അന്നും ഉണ്ട്. പിന്നീട് 1980കൾ വരെയും ആൺ ബുദ്ധിജീവികൾ സ്ത്രീകളുടെ  കള്ളപ്പേരിൽ എഴുതുന്ന രീതി ഉണ്ടായിരുന്നു.  1930കളിൽ വീ. ട്ടി. ഭട്ടത്തിരിപ്പാട് മുതൽ 1980കളിൽ നോവലിസ്റ്റ് നാരായണപിള്ള വരെ പിന്തുടർന്ന് വന്നിട്ടുള്ള ഒരു കാര്യമാണത്. എങ്കിലും 'ഈ പറയുന്ന വനിതകളിൽ പലരേയും അവരുടെ സഹോദരന്മാരെയും അച്ഛന്മാരെയും ഭർത്താക്കന്മാരേയും നമുക്കറിയാം,  പക്ഷേ ഇവരെ നമുക്ക് അറിയില്ല' എന്ന മട്ടിൽ ഉള്ളതായിരുന്നു. അപ്പോ ഇത് റിവ്യൂവറായ ആ പ്രൊഫസറിന് എന്തായാലും ഒന്നും അറിയില്ല എന്നത് വളരെ വ്യക്തമായിരുന്നു. എങ്കിലും ഇങ്ങനെ എഴുതാൻ സ്ത്രീകൾക്ക് കഴിയില്ല എന്ന് പറയാൻ മാത്രമുള്ള മൗഢ്യം അയാൾക്കുണ്ടായിരുന്നു. അപ്പോൾ ഇങ്ങനെയുള്ള മൗഢ്യത്തെ നമ്മൾ എങ്ങനെ മറികടക്കും എന്നുള്ളതായിരുന്നു അന്നുള്ള വലിയ വെല്ലുവിളി. രണ്ടാമത്തേത് ഡിപ്പാർട്ട്മെന്റ്ലും ഇതേ പ്രശ്നം ഉണ്ടായിരുന്നു അതായത് നിങ്ങൾ സ്ത്രീപക്ഷ ഗവേഷണം എന്ന് പറയുമ്പോൾ സാധാരണ മറ്റൊരു വിഷയം തെരഞ്ഞെടുക്കുന്ന ഒരാൾക്ക് തന്റെ പ്രൊപ്പോസലിനെ ഡിഫന്റ് ചെയ്യാൻ ആവശ്യമുള്ള വാദങ്ങളും തയ്യാറെടുപ്പുകളും ഒരു മൂന്നോ നാലോ ഇരട്ടി ഈ സ്ത്രീപക്ഷ ഗവേഷണത്തിനു തയ്യാറെടുക്കുന്ന ആൾക്കു ഉണ്ടായിരിക്കണമായിരുന്നു അല്ലെങ്കിൽ ഇത് വെറും മുദ്രാ

വാക്യം ആണെന്ന് മറ്റുള്ളവർ പറഞ്ഞ് നമ്മളെ അങ്ങ് അടിച്ച് താഴ്ത്തുന്ന ഒരു രീതി ഉണ്ടായിരുന്നു. എനിക്ക് തോന്നുന്നു അതൊക്കെയാണ് സമീപകാലത്ത് ഒരുപാട് മാറ്റങ്ങൾ വന്നിരിക്കുന്നത്. ഇന്ന് അതിനു സാധിക്കില്ല എന്ന് തന്നെയാണ് ഞാൻ വിചാരിക്കുന്നത്. അതുപോലെതന്നെ ഈ പുതിയ നൂറ്റാണ്ടിൽ സെക്സ് വർക്ക് തൊഴിൽ ആണ് എന്നൊക്കെയുള്ള,ആളുകളെ കൺവിൻസ് ചെയ്യാനുള്ള നല്ല പരിശ്രമം ഫെമിനിസ്റ്റുകൾക്ക്, അക്കാദമിക ഇടങ്ങളിലെ ഫെമിനിസ്റ്റുകൾക്ക് വേണ്ടി വന്നിട്ടുണ്ട്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ പോലും ഒരു എംഫിൽ ഡെസർട്ടേഷൻ എന്റെ ഒരു വിദ്യാർത്ഥിനി ആയ നേഹ കൂയി (ഇപ്പോൾ യുകെയിൽ യൂണിവേഴ്സിറ്റിയിൽ അധ്യാപികയാണ്) ഡൽഹിയിലെ ജി ബി റോഡിൽ ഉള്ള സെക്സ് വർക്ക്സിനെ കുറിച്ച് പഠിക്കാനുള്ള ഒരു പ്രൊപ്പോസൽ അവതരിപ്പിച്ചു. സെന്റർ ഫോർ ഡെവലപ്പ്മന്റ് സ്റ്റഡീസ് പോലെയുള്ള ആഗോളതലത്തിൽതന്നെ ബന്ധമുള്ള സ്ഥാപനത്തിൽ പണിയെടുക്കുന്ന ആളുകൾ പോലും അയ്യേ എന്ന് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഞാനെന്റെ ഡെസ്ർട്ടേഷൻ പ്രസന്റ് ചെയ്യുന്ന സമയത്ത് എങ്ങിനെയാണ് ഇവിടെ ഈ ആൺ പെൺ ചട്ടക്കൂട് സെയിം സെക്സ് പ്രണയങ്ങളെ മുഴുവനും തമസ്കരിച്ചു കൊണ്ട് രംഗത്ത് വന്നത് എന്ന് വിവരിച്ചപ്പോൾ അയ്യേ ഇതൊക്കെ വെറും ഹോമോസെക്ഷ്വാലിറ്റി അല്ലേ ഇതൊക്കെ ആണോ നിങ്ങളൊക്കെ പറയുന്നത് ഇതൊക്കെ പറഞ്ഞ് നമ്മളെ അപഹസിക്കാൻ ഓഡിയൻസിൽ ആളുകൾ ഉണ്ടായിരുന്നതൊക്ക ഞാൻ ഇന്നും ഓർക്കുന്നുണ്ട്. അതിൽനിന്നൊക്കെ വലിയ വലിയ മുന്നേറ്റങ്ങൾ ഇന്ന് ഉണ്ടായിട്ടുണ്ട് എന്നുള്ളതിൽ വലിയ തർക്കമൊന്നുമില്ല. അതുപോലെ തന്നെ ഇന്ന് പൂർവാധികം ഉള്ള ഇന്റർസെക്ഷനാലിറ്റിയെ കുറിച്ച് നമ്മൾ ഒരുപാട് കാര്യങ്ങൾ ഇന്ന് പറയുന്നതുകൊണ്ട് ഇന്റർസെക്ഷനാലിറ്റി എന്നുപറയുന്ന ഒരു രീതിയിൽ വേണം എല്ലാ ലിംഗബന്ധങ്ങളും എന്നും ഉള്ള തിരിച്ചറിവ് ഇന്ന് നമ്മൾ ഉയർത്തിപ്പിടിക്കുന്നുണ്ട് എന്നുള്ളതും മറ്റൊരു കാര്യമാണ്. അത് അങ്ങിനെ ഉയർത്തിപ്പിടിക്കുന്നത് മാത്രം മതിയോ അതോ ശരിക്കും ഗവേഷണത്തിന് ആവശ്യമുള്ള ഒരു ചട്ടക്കൂട് ആ തിരിച്ചറിവിൽ നിന്ന് ഉണ്ടാവാണോ എന്ന് ചോദിച്ചാൽ ഞാൻ പറയും രണ്ടാമത്തേത് തന്നെയാണ് ശരി. അങ്ങനെയൊരു തിരിച്ചറിവ് ഉണ്ടാവുകയാണ് വേണ്ടത് പുതിയൊരു ചട്ടക്കൂടിൽ നിന്നും ഗവേഷണം എങ്ങനെ ചെയ്യാം എന്നുള്ളതിനെ കുറിച്ച് കൂടുതൽ മൂർത്തമായ നിർദ്ദേശങ്ങൾ ഉണ്ടാകണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. എങ്കിലും ഈ ഇന്റസക്ഷനാലിറ്റിയെ തിരിച്ചറിയുക എന്നുള്ളത് തന്നെ വലിയ മുന്നേറ്റം ആണെന്ന് എനിക്ക് തോന്നുന്നു.

ഹമീദ : സ്ത്രീപക്ഷത്തിനുള്ളിൽ തന്നെ ഉയർന്നുവന്ന സങ്കീർണതകളെ ഈ ഗവേഷണ മേഖല അഭിസംബോധന ചെയ്തിട്ടുണ്ടോ?

ദേവിക : സ്ത്രീപക്ഷ ഗവേഷണത്തിന്റെ ഉള്ളിൽ ഉയർന്നുവന്ന സങ്കീർണ്ണതകൾ വേണ്ടത്ര അഭിസംബോധന ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്ന് തന്നെ എനിക്ക് പറയാനുള്ളൂ. ഇന്ന് ഞാൻ പൊതുവിൽ കണ്ടിട്ടുള്ള പ്രവണത വികസനപഠനം എന്ന മേഖലയിലാണ് ശരിക്ക് ആദ്യമായിട്ട് ഈ സ്ത്രീപക്ഷ വീക്ഷണം കാര്യമായിട്ട് ഉന്നയിക്കപ്പെട്ട തുടങ്ങിയത്. അത് കേരളത്തിന്റെ സാഹചര്യത്തിൽ അതിശയം ഒന്നും ഇല്ലായിരുന്നു താനും അതൊരു പ്രബലമായ മേഖല ആയതുകൊണ്ടും, 'നമ്മുടെ കേരളം' എന്ന ഒരു സാമൂഹിക ബോധത്തെ തന്നെ നിർണയിക്കുന്നതിന് വലിയൊരു പങ്ക് ഉണ്ടായിരുന്നതുകൊണ്ടും ആ മേഖലയിലാണ് ധാരാളം പഠനം ആദ്യം ഉണ്ടായിരുന്നത്. പിന്നീട് സാംസ്കാരിക പഠനങ്ങളിലേക്ക് കാര്യമായിട്ട് ഉണ്ടായിട്ടുണ്ട്. ചരിത്ര പഠനങ്ങളിൽ ഒരുപരിധിവരെ വന്നിട്ടുണ്ട്. പക്ഷേ ഏറ്റവും വലിയ ഒരു കുറവ് ആയിട്ട് എനിക്ക് തോന്നിയിട്ടുള്ളത് ശക്തമായ സാമൂഹ്യശാസ്ത്ര സോഷ്യോളജിക്കൽ ആയ പഠനം ഇനിയും ഉണ്ടായിട്ടില്ല എന്നതാണ്. ഇപ്പോൾ ഫാമിലിയെ കുറിച്ചൊക്കെ തന്നെ ഒരു പോസ്റ്റ് സോഷ്യൽ റീഫോം ഫാമിലി ഫോമിനെ കുറിച്ച് ഒന്നും തന്നെ മതിയായ രീതിയിലുള്ള, ശക്തമായ രീതിയിലുള്ള ഫെമിനിസ്റ്റ് പഠനങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നതാണ്. തൊഴിലാളിവർഗ്ഗത്തിന് ഇടയിലോ അല്ലെങ്കിൽ കീഴാള വർഗ്ഗങ്ങൾക്കിടയിലോ അതല്ല മിഡിൽ ക്ലാസിനിടയിൽ പോലും ഈ കുടുംബം എന്ന് പറയുന്ന സ്ഥാപനം ഈ ബോർഡ് ചെയ്യുന്നതിനെക്കുറിച്ച് ഒക്കെ വളരെ കുറച്ചു മാത്രമേ നമ്മുടെ കയ്യിലുള്ളൂ, ഉദാഹരണത്തിന് സ്ത്രീധനം പോലെയുള്ള നമ്മളെ എല്ലാവരെയും സ്പർശിക്കുന്ന വിഷയത്തെ പോലും ഫലപ്രദമായ, ഉൾക്കാഴ്ചയുള്ള എംപിരിക്കൽ ആയ സാമൂഹിക പഠനങ്ങളുടെ എണ്ണം വളരെ കുറവാണ്.

അതുപോലെതന്നെ ഇൻഡർ സെക്ഷനാലിറ്റിയുടെ പ്രശ്നങ്ങളൊക്കെ ഉന്നയിച്ച് കൊണ്ടുള്ള ചോദ്യങ്ങൾ ഇരുപത്തി രണ്ടാം നൂറ്റാണ്ടിൽ ഉയരാൻ തുടങ്ങിയപ്പോൾ സംസ്കാരിക പഠനങ്ങളിലാണ് അതിന്റെ ഒരു സ്വാധീനം ഏറേയും കണ്ടത്. വാസ്തവത്തിൽ മറ്റു സാമൂഹിക ശാസ്ത്രങ്ങളിൽ ഇന്റർസെക്ഷനാലിറ്റി കേന്ദ്രീകരിച്ചുള്ള ഗവേഷണത്തിൽ ഒക്കെ മതിയായ ഒരു രീതിശാസ്ത്രങ്ങൾ നിർമ്മിച്ചെടുക്കാൻ സ്ത്രീപക്ഷ പഠനങ്ങൾക്ക് സാധിച്ചിട്ടുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ തന്നെ ടിജി സമൂഹത്തെ പ

റ്റിയൊക്കെ തന്നെ കുറെ പഠനങ്ങൾ വരുന്നുണ്ട്. പക്ഷേ അതിൽ വിരലിലെണ്ണാവുന്ന ചിലതൊക്കെ ഒഴിച്ചാൽ ഉള്ളതൊക്കെ തന്നെയും ഉപരിപ്ലവമായി ട്ടുള്ളവയാണ്. അതുപോലെ തന്നെയാണ് സെക്ഷ്വാലിറ്റിയെ പറ്റിയുള്ള പഠനങ്ങൾ ആണെങ്കിലും ഈ പറയുന്നതുപോലെ സാംസ്കാരിക പഠനങ്ങളിൽ കാണുന്നത് അല്ലാതെ ശരിക്കും സാമൂഹികശാസ്ത്രം എങ്ങനെയാണ് മനുഷ്യരെ അല്ലെങ്കിൽ സെക്ഷ്വൽ ഐഡന്റിറ്റികളെ ഒരു നോർമൽ സാമൂഹികാവസ്ഥയിൽ നെഗോഷിയേറ്റ് ചെയ്യുന്നത്? അല്ലെങ്കിൽ നമ്മുടെ സാമൂഹിക സ്ഥാപനങ്ങളുടെ ദൈനംദിന ജീവിതത്തിൽ എങ്ങനെയാണ് സെക്ഷ്വാലിറ്റി നെഗോഷിയേറ്റ് ചെയ്യുന്നത്? എന്നുള്ള ചോദ്യങ്ങളെ പറ്റി ഒക്കെ തന്നെ നമുക്ക് കാര്യമായിട്ട് ഒന്നും ഇല്ല എന്ന് തന്നെയുള്ളതാണ്. പിന്നെ ചില കുറവുകൾ ഒക്കെ വളരെ ശക്തമായ രീതിയിൽ നമുക്ക് മുന്നിൽ തുറന്നു കാണപ്പെട്ടിട്ടുണ്ട് ഈ അടുത്തകാലത്ത്. ഉദാഹരണത്തിന് ഈ ശബരിമല വിഷയം വന്നപ്പോൾ നമ്മൾ ശ്രദ്ധിക്കുന്നത് അതായത് സ്ത്രീകൾ എന്ന സംവർഗ്ഗത്തെ കുറിച്ചുള്ള പഠനങ്ങളിൽ അധികവും പുരോഗമന പരമായ അല്ലെങ്കിൽ ഇടതു സംബന്ധമായ രാഷ്ട്രീയത്തിന്റെ പരിസരത്തിലോ പശ്ചാത്തലത്തിലോ ആണ് പഠിച്ചത് എന്ന് കാണാം. വലതുപക്ഷത്തിലെ വലിയ ഒരു വിഭാഗമാണ് സ്ത്രീകൾ, കേരളത്തിൽ നടന്ന വലതുപക്ഷ സമരങ്ങളിൽ വലിയ വലിയ പങ്ക് അവർ വഹിച്ചിട്ടുണ്ട് ചരിത്രപരമായിട്ട് തന്നെ, വിമോചനസമര കാലത്തും അതിനു ശേഷവും. എങ്കിലും വലതുപക്ഷക്കാരികളായ സ്ത്രീകളെ കുറിച്ചുള്ള പഠനങ്ങളേയില്ല. ഈ സ്ത്രീകളെ ഉൾചേർക്കുന്ന വലതുപക്ഷ പ്രത്യയശാസ്ത്രങ്ങളെ കുറിച്ച് നമുക്ക് പഠനങ്ങൾ ഇല്ല. അതാകുമ്പോൾ ഈ ഭക്തി വിശ്വാസം എന്നതുമായി ബന്ധപ്പെട്ട നിൽക്കുന്ന ഒട്ടുമിക്ക കൾട്ടുകൾ സ്ത്രീകളെ കേന്ദ്രീകരിച്ചാണ് നിൽക്കുന്നതെങ്കിലും അതിനെ കുറിച്ചൊന്നും പഠിക്കാൻ നമ്മൾ മെനക്കെട്ടില്ല എന്നത് വളരെ ഗുരുതരമായ ഒരു വീഴ്ച ആയിട്ടു തന്നെ ഞാൻ കണക്കാക്കുന്നു.

ഹമീദ : സ്ത്രീപക്ഷ ഗവേഷണ മേഖല പുരുഷാധിപത്യ സ്ഥാപനങ്ങൾക്ക് അകത്ത് മാറ്റം വരുത്തിയിട്ടുണ്ടോ?

ദേവിക : തീർച്ചയായിട്ടും മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തീർച്ചയായിട്ടും ഉണ്ടായിട്ടുണ്ട്. ഞാനും എന്റെ സഹപ്രവർത്തകയായ പ്രവീണ കോടോത്ത് ഞങ്ങൾ സി. ഡി. എസ്സിൽ. ജോലിക്ക് ജോയിൻ ചെയ്യുന്നത് 2001ലാണ്. അന്ന് മുതൽ ഇന്ന് വരെയുള്ള ഇരുപത് വർഷക്കാലത്തിന് ഇടയിൽ ഞങ്ങളാ സ്ഥാപനത്തിൽ, ഞങ്ങളെ കൊണ്ട് മാത്രമല്ല ഞങ്ങളെ ആ സ്ഥാപനത്തിലേക്ക് കൊണ്ടു വരുത്താൻ ജ്ഞാനപരം ആയിട്ടുള്ള ഒരു സമ്മർദ്ദം തീർച്ചയായിട്ടും അവിടെ പഠിപ്പിക്കുന്ന പല സമ്പ്രദായങ്ങളെ മാത്രമല്ല ആൺ–പെൺ ബന്ധങ്ങൾ ഒക്കെ തന്നെ മാറ്റി തീർത്തിട്ടുണ്ട് എന്നുള്ളതാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ എണ്ണം അധ്യാപകരായും വിദ്യാർഥികളായും വർദ്ധിക്കുന്നത് മാത്രമല്ല സ്ത്രീകളോട് എങ്ങനെ ഇടപഴകണം ഫെമിനിസ്റ്റുകളോട് എങ്ങനെ ഇടപഴകണം എന്നതിനെ ഒന്നിച്ചുള്ള മുൻധാരണകൾ ഒരുപാട് മാറ്റി തീർത്തിട്ടുണ്ട് സിഡി എസിന് അകത്ത്. പുറത്തേ കാര്യം നമ്മൾ ഈ പറയുന്നതുപോലെ എവോൾവ് ചെയ്തുവരുന്ന ഒരു സിനാരിയോ ആണ്. ഇപ്പോൾ നമ്മൾ പല കോളേജുകളിലും കാണുന്നുണ്ട് ലൈംഗിക ചുവയുള്ള പരിഹാസം ആയാലും ലൈംഗികപീഡനം ആയാലും ഒക്കെ തന്നെയും വിദ്യാർത്ഥിനികളാൽ ചോദ്യംചെയ്യപ്പെടുന്നു. പക്ഷേ അതേ സമയം കടുത്ത എതിർപ്പും വ്യവസ്ഥാപിത കക്ഷികളുടെ വശത്തുനിന്നും ഉണ്ടാകുന്നുണ്ട് എന്നത് നമ്മൾ കാണുന്നു. ഇപ്പോൾ യൂണിവേഴ്സിറ്റികളിൽ ആയാലും കോളേജുകളിൽ ആയാലും പൊതുവെ സാമാന്യം തെറ്റില്ലാത്ത ഒരു ടെൻഷന്റെ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. അത് മറ്റൊന്നും കൊണ്ടല്ല ഫെമിനിസം ഉയർത്തുന്ന ചോദ്യങ്ങൾ, ഫെമിനിസ്റ്റ് പഠനങ്ങളും, ഫെമിനിസ്റ്റ് നിലപാടുകളും ഉയർത്തുന്ന പുതിയ ചോദ്യങ്ങൾക്ക് നിലവിലുള്ള വ്യവസ്ഥയ്ക്ക് ഉത്തരം തരാൻ പറ്റാതെ അവരെടുക്കുന്ന മർക്കടമുഷ്ടി ആണ് നമ്മൾ ഇപ്പോൾ പലയിടത്തും കാണുന്നത്. അത് പരിഹരിക്കാതെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന് മുന്നോട്ടു പോകാൻ പറ്റില്ല എന്ന് ഏറ്റവും സമ്മതിച്ച് തരാൻ തയ്യാറില്ലാതിരുന്നിട്ട് പോലും അധികാരികൾക്ക് വളരെ പതുക്കെയാണെങ്കിലും വിട്ടു തരേണ്ടി വരും. അതിന്റെ ചില ലക്ഷണങ്ങൾ ഇപ്പോൾ തന്നെ കണ്ടുതുടങ്ങിയിട്ടുണ്ട്. ഒരുപക്ഷേ ഭാവിയിൽ അത് നമ്മുടെ യൂണിവേഴ്സിറ്റി ഇടങ്ങളെയും നമ്മുടെ കോളേജ് ഇടങ്ങളെയും ഒക്കെയും മാറ്റിത്തീർക്കുന്ന ഒരു ശക്തി ആയിട്ടു തന്നെ മാറിയേക്കാം.

ഹമീദ : സ്ത്രീപക്ഷ ഗവേഷണത്തിന്റെ കേരളത്തിലെ നിലവിലുള്ള സ്റ്റാറ്റസ് എന്താണ്?

ദേവിക : കേരളത്തിൽ ഇന്ന് നിലവിലുള്ള സ്ത്രീപക്ഷ ഗവേഷണത്തിന്റെ സ്റ്റാറ്റസ് എന്തെന്നു വെച്ചാൽ മുമ്പത്തേക്കാൾ എത്രയോ അധികം സ്വീകാര്യതയുണ്ട് എന്നുള്ളതാണ്. എല്ലായിടത്തും എല്ലാ ഡിപ്പാർട്ട്മെന്റിലും സ്ത്രീപക്ഷ ഗവേഷണത്തിന് ഒരു ഇടമുണ്ട്. അധ്യാപകരുടെ ഇടയിൽ ആണെങ്കിലും അതിനോടുണ്ടായിരുന്ന ഒരു തൊട്ടുകൂടായ്മ ഒക്കെ വലിയ അളവിൽ മാറിയിട്ടുണ്ട്. അത്യുന്നത നിലവാരത്തിലുള്ളതാണ് എന്നൊന്നും ഞാൻ പറയില്ല. അത് പക്ഷേ സ്ത്രീപക്ഷ ഗവേ

ഷണത്തിന്റെ മാത്രം കാര്യമല്ല അത് നിങ്ങൾ ഏതു തരം ഗവേഷണം എടുത്തു നോക്കിയാലും ആ പ്രശ്നമുണ്ട്. ഞാൻ പിന്നെ ഫെമിനിസ്റ്റ് റിസർച്ച് എന്നുള്ളതിനെ സ്ത്രീപക്ഷ ഗവേഷണം എന്ന് ട്രാൻസ്ലേറ്റ് ചെയ്യുകയും ഇല്ല. അത് തെറ്റാണ്, കാരണം ഫെമിനിസ്റ്റ് എന്ന് പറഞ്ഞാൽ സ്ത്രീ എന്നൊരു കാറ്റഗറിക്ക് ചുറ്റും മാത്രമല്ല ഇന്ന് നിലവിലുള്ളത് അപ്പോൾ അതുകൊണ്ട് സ്ത്രീ എന്ന കാറ്റഗറി തന്നെ വളരെ കൺഫ്യൂസിങ് ആയതുകൊണ്ട് തന്നെ അത്തരത്തിൽ അതിനെ കേന്ദ്രീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ അല്ലാതെ സ്ത്രീകളെ കേന്ദ്രീകരിക്കാതെ കുറെക്കൂടി വിശാലമായിട്ടുള്ള ലിംഗ ബന്ധങ്ങളെക്കുറിച്ചും



ലിംഗ അധികാരത്തെ കുറിച്ചും പഠിക്കുന്ന തരത്തിലുള്ള ഗവേഷണത്തിന്നു ഇന്ന് സ്വീകാര്യത വളരെ അധികമാണ്, പക്ഷേ അതിന്റെ മികവ് അത്ര മെച്ചമൊന്നും ആണെന്ന് പറയാൻ പറ്റുന്നില്ല. കുറെയൊക്കെ നമ്മുടെ ഗവേഷണ രംഗത്ത് ഉണ്ടായ മാറ്റങ്ങൾ തന്നെയാണ് അതിന് ഉത്തരവാദി. ഉദാഹരണത്തിന് വളരെ പെട്ടെന്ന് ഉന്നത നിലവാരത്തിലുള്ള വർക്കുകൾ പ്രൊഡ്യൂസ് ചെയ്യാനുള്ള സമ്മർദ്ദം ധാരാളം ഗവേഷകരുടെ മേൽ ഉണ്ട് അത് പലപ്പോഴും ഗവേഷകരെയും വിദ്യാർത്ഥികളെയും തെറ്റായ മാർഗ്ഗങ്ങളിലേക്ക് തന്നെ നടത്തുന്നുണ്ട്. അതായത് ആശയമോഷണം നടത്താനും, ആശയങ്ങളെ സൂത്രത്തിൽ അധികം പിടിക്കപ്പെടാത്ത രീതിയിൽ നേടാനുള്ള വാസന വലിയ വലിയ അധ്യാപകർ മുതൽ ഏറ്റവും തുടക്കക്കാരായ ഗവേഷണവിദ്യാർത്ഥികൾ വരെ അത് ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ നിലവാരത്തിന്റെ കാര്യത്തിലാണെങ്കിൽ പുതിയ കാര്യങ്ങൾ പറയാനും ശരിക്കും പുതിയ തിരിച്ചറിവുകൾ സൃഷ്ടിക്കാനും ഉള്ള ആ ഒരു പ്രേരണ, ആ ഒരു പാഷൻ വിദ്യാർത്ഥികളിൽ ഒരുപാട് ഒന്നും കാണുന്നില്ല എന്നുള്ളതാണ് സങ്കടകരമായ മറ്റൊരുകാര്യം. അതൊക്കെ തന്നെയാണ് ഇന്നത്തെ വലിയ വെല്ലുവിളികൾ. പക്ഷേ അതേ സമയം ഒരുപാട് എഴുത്തുകൾ ഉണ്ടാകുന്നു എന്നത് വാസ്തവമാണ്. അത് അധ്യാപകരുടെ മേലെ പ്രമോഷനും മറ്റും സമ്മർദ്ദം ഉണ്ടാകുമ്പോൾ എവിടെയെങ്കിലും പബ്ലിഷ് ചെയ്യണമെന്ന് ഒരു ആവശ്യം വരുന്നു. അപ്പോൾ പ്രമോഷന് വേണ്ടി എന്തെങ്കിലുമൊക്കെ തട്ടിക്കൂട്ടി ISSN ഉള്ള ജേണലുകളിൽ പബ്ലിഷ് ചെയ്തു കഴിഞ്ഞാൽ അതിനു ക്രെഡിറ്റ് എടുക്കാൻ പറ്റും. അല്ലെങ്കിൽ കുറെ ആളുകളുടെ ലേഖനങ്ങൾ ഒക്കെ എടുത്തു എഡിറ്റ് ചെയ്തു ഏതെങ്കിലും പബ്ലിഷറെ കൊണ്ടൊക്കെ പബ്ലിഷ് ചെയ്തു അതിന്റെ ക്രെഡിറ്റ് എടുക്കാൻ നോക്കുന്ന രീതി, ഇതെല്ലാം നമ്മുടെ ഫെമിനിസ്റ്റ് ഗവേഷണത്തെയും ബാധിക്കുന്നുണ്ട് നല്ലതുപോലെ, ഇതൊക്കെ തന്നെയാണ് നമ്മുടെ വെല്ലുവിളികൾ. കാരണം അളവ് കൂടുംതോറും മികവ് കുറഞ്ഞാൽ ഇതിന് ഒരു വിലയും ഇല്ലാത്ത അവസ്ഥ ഭാവിയിൽ ഉണ്ടാകും. നമ്മുടെ സമരങ്ങളെയും ഭാവിയിൽ ജനാധിപത്യവൽക്കരണത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളെയും എനർജൈസ് ചെയ്യേണ്ടത് ഈ ഗവേഷണങ്ങളാണ് എനർജൈസ് ചെയ്യാനുള്ള ഒരു കഴിവ് ഓവർ പ്രൊഡക്ഷൻ കൊണ്ട് ഇല്ലാതായി പോകുമോ എന്ന് ഭയപ്പെടേണ്ടതുണ്ട്.

## റഫറൻസ്


1. എം. ലീലാവതി (2008) *'സ്ത്രീ സ്വത്താവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ'*, കേരള സാഹിത്യ അക്കാദമി, തൃശൂർ

2. കെ. ശാരദാമണി (1999 ) *'സ്ത്രീ, സ്ത്രീ വാദം, വിമോചനം'*, ഡി സി ബുക്ക്സ്

3. ജെ. ദേവിക (2006) *'ആണരശുനാട്ടിലെ കാഴ്ചകൾ, കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ '*, വിമൻസ് ഇമ്പ്രിന്റ്

4. എ കെ രാമകൃഷ്ണൻ & കെ. എം. വേണുഗോപാൽ (1998 ) *'സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം മലയാളം സ്റ്റഡീസ് ഓൺ ഫെമിനിസം'*, നയന ബുക്ക്സ്, പയ്യന്നൂർ

5. മായ സുബ്രഹ്മണ്യൻ (2019) *'ഓട്ടോണമസ് വിമൻസ് മൂവ്മെന്റ് ഇൻ കേരള'* , ജേർണൽ ഓഫ് ഇന്റർനാഷണൽ വിമൻസ് സ്റ്റഡീസ്

6. രേഖാരാജ് (2017 ) *'ദളിത് സ്ത്രീ ഇടപെടലുകൾ '*, ഡി സി ബുക്ക്സ്


5. ഷംഷാദ് ഹുസൈൻ (2009) *'ന്യൂനപക്ഷത്തിനും ലിംഗപദവിക്കും ഇടയിൽ'*, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്

ഉപ്പും മുളകും

ഗീത



# സമകാലിക സാഹിത്യത്തിലെ സ്ത്രീയവസ്ഥകൾ


വെർജിനിയവുൾഫ്

വളരെ വിപുലവും സംഘർഷാത്മകവുമായ മേഖലയാണ് പൊതുവേ സാഹിത്യമെന്നത്. അതു സ്ത്രീകളുമായി ബന്ധപ്പെടുമ്പോൾ ആ സംഘർഷം ശത ഗുണീഭവിക്കുന്നതായി കാണാം. ഈ സന്ദർഭത്തിൽ ചർച്ചക്കെടുക്കുന്നത് മലയാള സാഹിത്യവുമായുള്ള സ്ത്രീകളുടെ ബന്ധം മാത്രമാകുന്നു.

1903 ൽ ജെ കുഞ്ഞി ലക്ഷ്മിയമ്മ എഴുതിയത്, വിദ്യാഭ്യാസമുള്ള സ്ത്രീകൾക്ക് ഏറ്റവും ആവശ്യമായത് വായിക്കാനും എഴുതാനും സ്വന്തമായി ഒരു മുറി വേണമെന്നതായിരുന്നു. വെർജിനിയവുൾഫിന്റെ സ്വന്തമായൊരു മുറി വരുന്നതിന് ഏതാണ്ടു കാൽ നൂറ്റാണ്ടു മുമ്പാണ് കുഞ്ഞി ലക്ഷ്മിയമ്മ സുധർമ്മ എന്ന പ്രസിദ്ധീകരണത്തിൽ ഇങ്ങനെ കുറിച്ചത്. സമകാലിക അവസ്ഥയിലെ പെണ്ണിന്റെ എഴുത്തിനെപ്പറ്റി ചിന്തിക്കുമ്പോൾ എന്തിനാണ് ഒരു നൂറ്റാണ്ട് പുറകിലേക്കു സഞ്ചരിക്കുന്നത് എന്നാണോ? അതിന്നും പ്രസക്തമായതിനാൽത്തന്നെ.

സ്ത്രീകൾക്കു കവിത്വമുണ്ടോ ഉണ്ടാകാൻ സാധ്യതയുണ്ടോ എന്നൊക്കെ സംശയിച്ച ഒരു സമൂഹത്തിലേക്ക് സധൈര്യം ഇറങ്ങി നിന്ന് ‘ കവിതക്കു മാത്രമാളല്ലെന്നു വന്നീടുമോ?‘ എന്നു സ്വന്തം കവിതകളും നാടകവും മുൻനിർത്തി ചോദിച്ച തോട്ടയ്ക്കാട്ട് ഇക്കാവമ്മയോട് വെണ്മണി മഹൻ പറഞ്ഞത് ‘ കവനമണി കവയ്ക്കട്ടെ കാണട്ടെ വൃത്തം ” എന്നായിരുന്നു. ഏറ്റവും പുതിയ സിനിമയായ ഗംഗുഭായി കത്തിയാവാഡിൽ കാമാത്തിപുരയിലെ ഒരുവൾ മരിച്ചപ്പോൾ അടക്കം ചെയ്യുമ്പോൾ കാലുകൾ രണ്ടും കൂട്ടിക്കെട്ടണമെന്നു ഗം

ഗുഭായി പറയുന്നുണ്ട്. കാരണം ആണുങ്ങൾക്ക് എപ്പോഴാണ് എന്താണ് തോന്നുകയെന്നറിയില്ലല്ലോ എന്ന്! പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു പുരുഷ കവി സ്വന്തം സഹപ്രവർത്തകയായിരുന്ന കവയിത്രിയോട് ' കാണട്ടെ വൃത്തം' എന്നു പറഞ്ഞതിന്റെ അതേ മനോഭാവം തന്നെയാണ് ശവമായിത്തീർന്നാൽപ്പോലും കാമാത്തിപുരയിലെ സ്ത്രീകളുടെ ശരീരത്തോട് പുരുഷനുണ്ടായിരുന്നതെന്നർഥം. കാലമോ സ്ഥലമോ ഈ കാഴ്ചയിൽ മാറ്റം വരുത്തുന്നില്ല. ' മതിയോ നിനക്ക്?' എന്നു കവിതയിലൂടെ ഇക്കാവമ്മ ചോദിച്ച മറു ചോദ്യം ഇന്നും എഴുത്തിടങ്ങളിലെ സ്ത്രീപുരുഷ ബന്ധത്തെ പിടിച്ചുലക്കുന്നതാണ്.

**സ്ത്രീകൾക്കു കവിത്വമുണ്ടോ ഉണ്ടാകാൻ സാധ്യതയുണ്ടോ എന്നൊക്കെ സംശയിച്ച ഒരു സമൂഹത്തിലേക്ക് സധൈര്യം ഇറങ്ങി നിന്ന് ' കവിതക്കു മാത്രമാളല്ലെന്നു വന്നീടുമോ?' എന്നു സ്വന്തം കവിതകളും നാടകവും മുൻനിർത്തി ചോദിച്ച തോട്ടയ്ക്കാട്ട് ഇക്കാവമ്മയോട് വെണ്മണി മഹൻ പറഞ്ഞത് ' കവനമണി കവയ്ക്കട്ടെ കാണട്ടെ വൃത്തം " എന്നായിരുന്നു. ഏറ്റവും പുതിയ സിനിമയായ ഗംഗുഭായി കത്തിയാവാഡിൽ കാമാത്തിപുരയിലെ ഒരുവൾ മരിച്ചപ്പോൾ അടക്കം ചെയ്യുമ്പോൾ കാലുകൾ രണ്ടും കൂട്ടിക്കെട്ടണമെന്നു ഗംഗുഭായി പറയുന്നുണ്ട്. കാരണം ആണുങ്ങൾക്ക് എപ്പോഴാണ് എന്താണ് തോന്നുകയെന്നറിയില്ലല്ലോ എന്ന്! പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു പുരുഷ കവി സ്വന്തം സഹപ്രവർത്തകയായിരുന്ന കവയിത്രിയോട് ' കാണട്ടെ വൃത്തം' എന്നു പറഞ്ഞതിന്റെ അതേ മനോഭാവം തന്നെയാണ് ശവമായിത്തീർന്നാൽപ്പോലും കാമാത്തിപുരയിലെ സ്ത്രീകളുടെ ശരീരത്തോട് പുരുഷനുണ്ടായിരുന്നതെന്നർഥം.**

നവോത്ഥാനത്തിലെ പുരുഷന്റെ കൈ പിടിച്ചുയർത്തലുകൾക്കു ശേഷം നവോത്ഥാനാനന്തര ആധുനികതയുടെ സാഹിത്യം പുരുഷന്റെ മാത്രം സ്വത്വാന്വേഷണത്തിന്റെ വഴികളിലൂടെയാണ് മലയാളത്തിൽ സഞ്ചരിച്ചത്. മനുഷ്യൻ പുരുഷൻ മാത്രമായിരിക്കുന്നുവെന്ന അബോധം തന്നെയാണ് സ്വത്വം പുരുഷനു മാത്രമുള്ളതാണെന്ന സാഹിത്യഭാവുകത്വത്തെ സൃഷ്ടിക്കുന്നത്. അമ്മിണിയേടത്തിയെന്നോ മൈമൂനയെന്നോ ചന്ദ്രികയെന്നോ സ്ത്രീ കഥാപാത്രത്തിന്റെ പേരു മാറാം. അവൾ ഒരു വലിയ 'ഞാൻ' പുരുഷനിൽ ഭോഗാസക്തിയുണ്ടാക്കുന്ന സമൃദ്ധമായ സ്ത്രീശരീരം മാത്രമാണ്. നവോത്ഥാനത്തോടെ പുറത്തേക്കെത്തി നോക്കിയ




എഴുത്തുകാരികളെ ബലപൂർവം മടക്കി വിളിക്കുകയായിരുന്നു നവോത്ഥാനാനന്തര ആധുനികതയെന്നത് ഞാനിസത്തിന്റെ അനിവാര്യമായ തുടർച്ചയായിരുന്നു.

ആധുനികാനന്തരതയുടെ ജീവിത സാഹിത്യ അന്വേഷണങ്ങൾ അന്നോളം മുഖ്യധാര പുറത്താക്കിയ സ്വത്വങ്ങളെ തിരിച്ചെടുക്കാനുള്ള ശ്രമത്തിന്റെ രാഷ്ട്രീയം ഉന്നയിക്കുന്നുണ്ട്. അങ്ങനെയാണ്


സ്ത്രീ സ്വത്വവാദത്തിന്റെ അലയൊലികൾ മലയാള സാഹിത്യത്തിലേക്കും കടന്നു വന്നത്. അന്നോളമുള്ള എഴുത്തുകൾ വിമർശനാത്മകമായി വായിക്കപ്പെട്ടു. പെണ്ണിന്റെ എഴുത്തുകൾ പുതിയ മേഖലകളിലേക്ക് ചിറകു വിടർത്തി. ഈ ഘട്ടത്തിൽ മലയാള സാഹിത്യത്തിലെ നാഴികക്കല്ലായി സാറാ ജോസഫിന്റെ എഴുത്തുകളെ ചരിത്രപരമായി അടയാളപ്പെടുത്തേണ്ടതുണ്ട്. പുരുഷാധികാരത്തിന്റെ യഥാർഥമായ അഴുക്കിടങ്ങൾ ഉപേക്ഷിച്ച് ഒരെഴുത്തുകാരി മേബിൾ അമ്മായിയുടെ സാങ്കല്പികമായ സ്വപ്ന വന്യതയിലേക്ക് സ്വയം എത്തിച്ചേരുന്ന ഘട്ടമാണിത്. അവിടെ ആകാശമാണവളുടെ ജീവിതത്തിന്റേയെന്ന പോലെ എഴുത്തിന്റേയും അതിർത്തി. പെണ്ണിന്റെ ആ സ്വത്വാന്വേഷണ യാത്ര ഏറെ ക്ലേശകരമായിരുന്നു. നിലനിൽക്കുന്ന മൂല്യവ്യവസ്ഥകളെ അട്ടിമറിച്ചു കൊണ്ട് വേണമായിരുന്നു അവൾക്ക് സ്വന്തം അക്ഷരമാല കണ്ടെത്താൻ . അതു കൊണ്ടു തന്നെ ഏറെ ഉത്തരവാദിത്വം നിറഞ്ഞതും കൂടിയായിരുന്നു ആ എഴുത്തന്വേഷണ യാത്ര. മലയാള സാഹിത്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ എഴുത്തുകാരികൾ ആക്രമിക്കപ്പെടുകയും തമസ്കരിക്കപ്പെടുകയും ചെയ്ത ഒരു ചരിത്ര ഘട്ടം കൂടിയായി ഇതു വരവു വെക്കപ്പെടേണ്ടതുണ്ട്. ‘കാലു വെന്ത പട്ടികളെ ‘പ്പോലെ ( പ്രയോഗം സാറാ ജോസഫിന് കടപ്പെട്ടിരിക്കുന്നു) എഴുത്തുകാരികൾ തലങ്ങും വിലങ്ങും ഏറു കൊണ്ട് ഓടിക്കൊണ്ടേയിരുന്നു.

സമൂഹമാധ്യമങ്ങളുടെ കാലത്തോടെ സംഗതികൾ വീണ്ടും മാറുകയായിരുന്നു. ഫേസ്ബുക്കിലൂടെ നിരവധി സ്ത്രീകൾ എഴുത്തുകളുമായി പ്രത്യക്ഷപ്പെട്ടു. അന്നുവരെ അടക്കി നിർത്തപ്പെട്ട സ്ത്രീകൾ സ്വന്തം ആവിഷ്കാരങ്ങളിലൂടെ സമൂഹമാധ്യമങ്ങളിൽ പൊട്ടിത്തെറിച്ചു. അവരിൽ പലരും തെറിയഭിഷേകം ചെയ്യപ്പെട്ടു. ചിലർ അമിതവും അനുചിതവുമായി ലാളിക്കപ്പെട്ടു. അതായത് ആണധികാരത്തിന് ഭീഷണിയാകാത്ത എഴുത്തുകൾ നന്ദിക്കപ്പെട്ടു. ആണധികാരത്തെ ചോദ്യം ചെയ്ത എഴുത്തുകൾ നിന്ദിക്കപ്പെട്ടു. തന്തക്കും തള്ളക്കും മാത്രമല്ല മക്കൾക്കും വിളിക്കപ്പെട്ട എഴുത്തുകാരികൾ പക്ഷേ തളർന്നു പോവുകയോ മറഞ്ഞു പോവുകയോ ചെയ്തില്ല. പകരം അവരിൽപ്പലരും എഴുത്തുകളിലേക്കു കൂടുതൽക്കൂടുതൽ വേരുകൾ ആഴ്ത്തി.

ന്യൂനപക്ഷം സ്ത്രീയെഴുത്തുകൾ ആണധികാരത്തിന്റെ സ്തുതികളിലും തലോടലുകളിലും ഭ്രമിച്ചു പോയി. എന്നാൽ സ്ത്രീ സാഹോദര്യ പരമായ കൂട്ടായ്മകൾ പലതും രൂപപ്പെട്ടു. പെൺ കവിക്കൂട്ടം (പോയട്രിയ) അക്കൂട്ടത്തിൽ പ്രത്യേകമായി എടുത്തു പറയേണ്ടുന്ന ഒരു കൂട്ടായ്മയാണ്. അവർ പെൺ കവികളെ വെച്ചു കൊണ്ടുള്ള ഒരുത്സവം തന്നെ നടത്തി. എഴുത്തിന്റെ രൂപഭാവങ്ങളിൽ ധീരമായ പരീക്ഷണങ്ങൾ പുതിയ എഴുത്തുകാരികൾക്ക് സാധ്യമായിട്ടുണ്ട്. അപ്പോഴും മറ്റെല്ലാ അക്കാദമികളെയും പോലെ,സാഹിത്യ അക്കാദമിയുടെയും മുഖ്യ ഭാരവാഹികൾ പലരും ഒട്ടും സ്ത്രീപക്ഷരല്ലാത്ത പുരുഷ കേസരികൾ തന്നെ ആയിരിക്കും. വിനീതവിധേയരായി അടി പണിയുന്നവർക്ക് മാത്രമായി ഇത്തരം ഔദ്യോഗിക സംവിധാനങ്ങൾ പലതും മാറിയിട്ടുണ്ടെങ്കിലും പെണ്ണിന്റെ എഴുത്തുകൾ അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തെ സ്വപ്നം കണ്ടു കൊണ്ട് ഉയരങ്ങളിലേക്കു കുതിക്കുകയാണ്. നിരുത്തരവാദപരവും ആണധികാര പ്രീണനപരവുമായ ചില പ്രവണതകൾ പുതിയ പെണ്ണിന്റെ എഴുത്തുകളിൽ പ്രത്യക്ഷമാണ് എങ്കിലും ആത്യന്തികമായി യഥാർഥത്തിൽ പുതുക്കപ്പെട്ട പെണ്ണ് എന്നു വെച്ചാൽ പെണ്ണായ പെണ്ണ് മണ്ണിൽ കാലുറപ്പിച്ചു കൊണ്ടു മലയാള എഴുത്തിന്റെ പുതിയ ആകാശങ്ങളിലേക്കു ചിറകു നീർത്തിക്കഴിഞ്ഞു.

**ന്യൂനപക്ഷം സ്ത്രീയെഴുത്തുകൾ ആണധികാരത്തിന്റെ സ്തുതികളിലും തലോടലുകളിലും ഭ്രമിച്ചു പോയി. എന്നാൽ സ്ത്രീ സാഹോദര്യ പരമായ കൂട്ടായ്മകൾ പലതും രൂപപ്പെട്ടു. പെൺ കവിക്കൂട്ടം (പോയട്രിയ) അക്കൂട്ടത്തിൽ പ്രത്യേകമായി എടുത്തു പറയേണ്ടുന്ന ഒരു കൂട്ടായ്മയാണ്. അവർ പെൺ കവികളെ വെച്ചു കൊണ്ടുള്ള ഒരുത്സവം തന്നെ നടത്തി. എഴുത്തിന്റെ രൂപഭാവങ്ങളിൽ ധീരമായ പരീക്ഷണങ്ങൾ പുതിയ എഴുത്തുകാരികൾക്ക് സാധ്യമായിട്ടുണ്ട്. അപ്പോഴും മറ്റെല്ലാ അക്കാദമികളെയും പോലെ,സാഹിത്യ അക്കാദമിയുടെയും മുഖ്യ ഭാരവാഹികൾ പലരും ഒട്ടും സ്ത്രീപക്ഷരല്ലാത്ത പുരുഷ കേസരികൾ തന്നെ ആയിരിക്കും. വിനീതവിധേയരായി അടി പണിയുന്നവർക്ക് മാത്രമായി ഇത്തരം ഔദ്യോഗിക സംവിധാനങ്ങൾ പലതും മാറിയിട്ടുണ്ടെങ്കിലും പെണ്ണിന്റെ എഴുത്തുകൾ അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തെ സ്വപ്നം കണ്ടു കൊണ്ട് ഉയരങ്ങളിലേക്കു കുതിക്കുകയാണ്.**

ചർച്ചാവിഷയം



ജഗതി പി.
സൈക്കോളജിസ്റ്റ്,
എൻജിനീയർ,
പാലക്കാട് ഇന്ത്യൻ
ടെലിഫോൺ
ഇൻഡസ്ട്രി



# സങ്കേതികവിദ്യയും സ്ത്രീകളും

**സ്ത്രീകളുടെ ഉടമസ്ഥാവകാശം നിയമവിരുദ്ധമായി പല രാജ്യങ്ങളും കണ്ടിരുന്നതു കൊണ്ട് ആദ്യ കാലങ്ങളിൽ ഭർത്താക്കൻമാരുടെ പേരിലായിരുന്നു സ്ത്രീകൾ പേറ്റന്റിന് അപേക്ഷിച്ചിരുന്നത്. ഇന്ന് സ്ഥിതി മാറി. 2019 ആയപ്പോൾ അമേരിക്കയിൽ മൊത്തം പേറ്റന്റിൽ 10% വും സ്ത്രീകളുടെതായി വന്നിട്ടുണ്ട്. തീർച്ചയായും ഇനിയും നമുക്കെത്തിപ്പെടാൻ ഒരു പാട് ദൂരം ഉണ്ട്. ഒരിക്കൽ നമ്മൾ അവിടെ എത്തി ചേരുക തന്നെ ചെയ്യും.**

സങ്കേതികവിദ്യയും സ്ത്രീകളും എന്ന വിഷയത്തെ കുറിച്ചു ചിന്തിക്കുമ്പോൾ സാങ്കേതിക വിദ്യ എന്ത് എന്ന് കൃത്യമായി പറയണം.

വൈദ്യുതി യന്ത്രങ്ങളോ ഉപകരണങ്ങളോ ഉപയോഗിച്ച് അറിവിന്റെ പ്രയോഗവൽക്കരണം നടത്തി മനുഷ്യ ജീവിതത്തെയോ ചുറ്റുപാടുകളെയോ മാറ്റുന്ന വിദ്യയാണ് സാങ്കേതികവിദ്യ എന്നു ലളിതമായി പറയാം.

ശാസ്ത്രം പ്രതിഭാസങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്നും എന്തുകൊണ്ടു സംഭവിക്കുന്നു എന്നുമുള്ളതിനു പ്രാധാന്യം കൊടുക്കുമ്പോൾ സാങ്കേതികവിദ്യ പ്രയോഗവൽക്കരണത്തിനു പ്രാധാന്യം കൊടുക്കുന്നു. അതിലൂടെ ജീവിതം ആഹ്ളാദകരും ഉത്പാദനക്ഷമവും ആക്കാൻ ശ്രമിക്കുന്നു.



മേരി ക്യൂറി

ഇവിടെ രണ്ടു കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യയുടെ മേഖലയിൽ പുതിയ പുതിയ കാര്യങ്ങളുടെ കണ്ടെത്തലും സാങ്കേതിക വിദ്യ ഉപയോഗിച്ച് ജോലി ചെയ്യുന്നതും സ്ത്രീകളുടെ ശാസ്ത്ര സാങ്കേതികവിദ്യാ രംഗത്തേക്കുള്ള പ്രവേശനത്തെപ്പറ്റി പറയുമ്പോൾ മേരി ക്യൂറിയെ നമസ്ക്കരിക്കാതെ തുടങ്ങാൻ പറ്റില്ല. രണ്ടു വി

ഷയങ്ങൾക്ക് – രസതന്ത്രത്തിലും ഭൗതികതന്ത്രത്തിലും നോബേൽ സമ്മാനം കിട്ടിയ മേരി ക്യൂറിയാണ് ചരിത്രത്തിൽ ഒന്നിലധികം നോബേൽ പുരസ്ക്കാരം നേടിയ ആദ്യ വ്യക്തി എന്നത് നമുക്കൊന്നടങ്കം അഭിമാനിക്കാൻ വക നൽകുന്നു.

ഇനി പേറ്റന്റിലേയ്ക്ക് കടക്കുമ്പോൾ 1809 ൽ അമേരിക്കക്കാരി മേരി കിയസ് ആണ് ആദ്യ വനിതാ ഇൻവെന്റർ ആയി അറിയപ്പെടുന്നത്. ഇതിനു മുമ്പും സ്ത്രീകളുടെ കണ്ടുപിടുത്തങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പല നാടുകളിലും ഉടമസ്ഥാവകാശനിയമം സ്ത്രീകൾക്കെതിരായിരുന്നു. സ്ത്രീകളുടെ ഉടമസ്ഥാവകാശം നിയമവിരുദ്ധമായി പല രാജ്യങ്ങളും കണ്ടിരുന്നതു കൊണ്ട് ആദ്യ കാലങ്ങളിൽ ഭർത്താക്കൻമാരുടെ പേരിലായിരുന്നു സ്ത്രീകൾ പേറ്റന്റിന് അപേക്ഷിച്ചിരുന്നത്. ഇന്ന് സ്ഥിതി മാറി. 2019 ആയപ്പോൾ അമേരിക്കയിൽ മൊത്തം പേറ്റന്റിൽ 10% വും സ്ത്രീകളുടെതായി വന്നിട്ടുണ്ട്. തീർച്ചയായും ഇനിയും നമുക്കെത്തിപ്പെടാൻ ഒരു പാട് ദൂരം ഉണ്ട്. ഒരിക്കൽ നമ്മൾ അവിടെ എത്തിച്ചേരുക തന്നെ ചെയ്യും.

നിത്യജീവിതത്തിൽ നമുക്കു സുപരിചിതമായ ഒട്ടേറെ ഉപകരണങ്ങളുണ്ട്. ജീവിതപ്രശ്നങ്ങളെ നേരിടുന്നതിനും ചുറ്റുപാടുകളെ മാറ്റുന്നതിനും എങ്ങനെയാണ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് എന്നത് നമ്മെ ഒക്കെ അത്ഭുതപ്പെടുത്തുന്ന രീതിയിൽ വളർച്ച പ്രാപിച്ചു കഴിഞ്ഞു. അടുക്കള മുതൽ ആകാശയാത്ര വരെ സാങ്കേതികവിദ്യ നമ്മെ അമ്പരപ്പിച്ചു കൊണ്ട് നിമിഷം പ്രതി മുന്നേറുകയാണ്.

സാങ്കേതികവിദ്യ അടുക്കളയിൽ ഉപയോഗിക്കാൻ സ്ത്രീകൾ പഠിച്ചു കഴിഞ്ഞു എന്ന് പ്രത്യേകം പറയേണ്ടതില്ല. എന്നാൽ അടുക്കളയിലേക്ക് സാങ്കേതികവിദ്യ വന്നപ്പോൾ പുരുഷൻ കുറെ കൂടി കംഫർട്ടബിൾ ആയി അവിടെ ജ്യോലി ചെയ്യാൻ തുടങ്ങി എന്നത് കാണാതിരുന്നു കൂട. ഇത് കുടുംബങ്ങളെ മാറ്റും എന്നതിലുപരി സ്ത്രീയ്ക്ക് കുറെ കൂടി സ്വന്തമായ സമയം കിട്ടാൻ ഇടയാക്കി. നല്ല കാര്യം തന്നെ.

അടുക്കള അവിടെ ഇരിക്കട്ടെ. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ഉപകരണം നിർമ്മിച്ചു കഴിഞ്ഞാൽ അത് പഠിച്ചെടുത്ത് നിത്യജീവിതത്തിൽ ഉപയോഗിക്കുന്നതുപോലെ തന്നെയേയുള്ളൂ ഒരു ഫാക്ടറിയിലെ യന്ത്രസംവിധാനങ്ങളെ മെരുക്കുന്നതും. ഉപകരണങ്ങൾ ഉപയോഗിക്കാനാവശ്യമായ പരിശീലനം കിട്ടിയാൽ സ്ത്രീപുരുഷ വ്യത്യാസമില്ലാതെ ആർക്കും ചെയ്യാവുന്നതേയുള്ളൂ ഒരു വിധപ്പെട്ട എല്ലാ ജോലികളും തന്നെ എന്ന് സ്ത്രീകൾ തെളിയിച്ചു കഴിഞ്ഞു. ഇനിയും സ്ത്രീകൾ കടന്നുവരാത്ത മേഖലകൾ ഏത് എന്ന് അന്വേഷണം നടത്തുന്ന 'വിങ്സ്' പോലെയുള്ള സംഘടനകൾ കൂടി നമുക്കുണ്ട് എന്നത് അഭിമാനകരമാണ്.

സമൂഹത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾ കൈയ്യൊപ്പു ചാർത്തിക്കഴിഞ്ഞു. ഇത്തരമൊരു ലേഖനമെഴുതുന്നതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ അവിടെ ഉള്ള പ്രശ്നങ്ങളെയും അതിനുള്ള പരിഹാരങ്ങളെയും ആലോചിക്കുന്നതിനും ആ മേഖലയിലേയ്ക്ക് കടന്നുവന്ന സ്ത്രീകൾക്ക് അതിൽ ഉറച്ചുനിൽക്കാനും കൂടുതൽ പേർ ഈ രംഗങ്ങളിലേക്ക് എത്താനും ഇത് സഹായകമാവും.



മേരി കിയസ്

മെഡിക്കൽ രംഗം, ഐ.എസ്സ്.ആർ.ഓ പോലുള്ള ഗവേഷണ രംഗം, ചില കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ, റെയിൽവേ പോലെയുള്ള സേവന കേന്ദ്രങ്ങൾ, മദ്യവും മറ്റും ഉത്പാദിപ്പിക്കുന്ന ചില പ്രൈവറ്റ് കമ്പനികൾ ഇവിടെ ഒക്കെ നടത്തിയ അന്വേഷണങ്ങളിൽ മനസ്സിലായത് ഈ തൊഴിലിടങ്ങൾ സ്ത്രീസൗഹൃദപരമാവാൻ ഇനിയും ഒരു പാട് ചെയ്യാനുണ്ട് എന്നാണ്. അതിലൂടെയെ സ്ത്രീകളെ ആ മേഖലയിൽ ഉറച്ചുനിർത്താനും പെൺകുട്ടികളെ ആ രംഗത്തേക്ക് ആകർഷിക്കാനും കഴിയൂ.

തൊഴിലിടങ്ങളിളെ സ്ത്രീ സാന്നിദ്ധ്യം എന്തുകൊണ്ടും കൂടുതൽ നല്ല ഒരു സമൂഹനിർമിതിയെ സഹായിക്കും എന്നുറപ്പാണ്.

ഐ.എസ്.ആർ.ഓപോലെയുള്ള ഗവേഷണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് വളരാനും വികസിക്കാനുമുള്ള അവസരങ്ങൾ ഒരേപോലെ കിട്ടുന്നുണ്ട് എന്നാണ് അവിടങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ തന്നെ അഭിപ്രായം. അവർ തൃപ്തരാണ്. അവരുടെ സംഭാവനക്കനുസരിച്ച് സ്ഥാനക്കയറ്റവും കിട്ടുന്നു.

എന്നാൽ, എയ്റോ ഡയനാമിക്സ് വിഭാഗത്തിൽ തുലോം കുറവാണ്. വിരലിൽ എണ്ണാവുന്നവർ എന്ന തലത്തിൽ തന്നെയാണ് അവിടെ സ്ത്രീ സാന്നിദ്ധ്യം. ഇപ്പറഞ്ഞ രണ്ടു സ്ഥലത്തും സാങ്കേതിക വിദ്യയുടെ പ്രയോഗം ഉണ്ടെങ്കിലും എയ്റോ ഡയനാമിക്സിൽ താരതമ്യേന ആയാസമുള്ള ജോലികളാണ്. ഐ.എസ്. ആർ.ഓ പ്രോജക്റ്റുകളുടെ കോർ ടീമിൽ സ്ത്രീകൾ കുറവാകാൻ കാരണം വളരെയധികം യാത്രകളും അലച്ചിലുകളും ഉണ്ട്

ടെ ഒരു ഘട്ടത്തിലാവും സ്ത്രീകൾ. 50 കളോടടുത്താവും അല്പം സ്വതന്ത്രരാവുക. അപ്പോഴെയ്ക്കും ചുറ്റുമുള്ളവർ പുരുഷന്മാർ സ്ഥാനക്കയറ്റങ്ങളുമായി ഒരുപാട് ഉയരങ്ങൾ എത്തിയിട്ടുണ്ടാവും. എന്നാൽ ഇതുണ്ടാക്കുന്ന മാനസിക തളർച്ച അതിജീവിച്ചാൽ കുറെ കൂടി മുന്നോട്ടു പോവാനാവും.

പൊതുമേഖല സ്ഥാപനങ്ങൾ മാതൃകാസ്ഥാപനങ്ങളായിരുന്നു. ഒരു കാലത്ത് സ്ത്രീകളുടെ എണ്ണം കൂട്ടുന്നതിൽ പ്രത്യേകമായി ശ്രദ്ധിച്ചിരുന്നു എങ്കിൽ ഇന്ന് പല സ്ഥാപനങ്ങളിലും റിട്ടയമെന്റിന് അനുസരിച്ച് പുതിയ ആളുകളെ എടുക്കുന്നില്ല എന്നത് കൊണ്ട് വ്യക്തമായ ശതമാനകണക്ക് നമുക്കു പറയാൻ പറ്റില്ല . പുതിയ ആളുകളെ എടുക്കുന്നത് കോൺട്രാകറ്റ് ആയിട്ടാണ്. ഒന്നോ രണ്ടോ മൂന്നോ വർഷത്തെ കോൺട്രാകറ്റ് . ജോലി സ്ഥിരത ഇല്ലാത്തതു കൊണ്ടു തന്നെ വിവാഹത്തോടെ പലരും ജോലി ഉപേക്ഷിക്കുന്നു. സാങ്കേതിക വിദ്യ ഉപയോഗിക്കാൻ ഉള്ള ബുദ്ധിമുട്ടല്ല. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ട് ലിംഗവ്യത്യാസവുമായി ബന്ധപ്പെട്ട് ആരും പറഞ്ഞില്ല. കമ്യൂണികേഷൻ രംഗത്തെ ഒരുകേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ നിലവിൽ 20% ത്തോളം സ്ത്രീകൾ ജോലി ചെയ്യുന്നു. തൊഴിൽപരമായി ഒരു വേർതിരിവും ആർക്കും അനുഭവമില്ല. ഒഫീഷ്യൽ ടൂറുകൾ, സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാനും സോഫ്റ്റ് വെയർ സംബന്ധിച്ചും യാത്ര ചെയ്യേണ്ടി വരികയും ആൺ / പെൺ വ്യത്യാസമില്ലാതെ ജോലികൾ കൃത്യമായി ചെയ്യുകയും ചെയ്യുന്നുണ്ട്. കുടുംബപ്രാരാബ്ധങ്ങൾ ചില സമയങ്ങളിൽ പ്രശ്നമാവാറുണ്ട്.

എത്ര തന്നെ കുടുംബപ്രശ്നങ്ങൾ ഉണ്ടെങ്കിലും ഏറ്റവും നല്ല മികവോടെ ഉത്പാദനം നടത്തുന്നതിൽ ഇവിടുത്തെ സ്ത്രീകൾ മുന്നിൽ തന്നെയാണ്.

ഉല്പാദനത്തിലും അനുബന്ധ മേഖലകളിലും സ്ത്രീ സാ



അവിടെ അവർ ഓരോ പദ്ധതിയും പൂർത്തിയാക്കാൻ സ്ത്രീ പുരുഷഭേദമില്ലാതെ രാവും പകലും ജോലിയിൽ ഏർപ്പെടുന്നുണ്ട്. പ്രത്യേകിച്ച് സാറ്റലൈറ്റുകളും മറ്റും പരീക്ഷണം നടത്താൻ ഇടവേളയില്ലാതെ ദിവസങ്ങളോളം സ്വിച്ച് ഓൺ ചെയ്ത് കൃത്യമായ നിരീക്ഷണത്തിൽ വച്ച ശേഷം മാത്രമേ ബഹിരാകാശത്തേക്ക് അയയ്ക്കാൻ സാധിക്കൂ എന്നതിനാൽ രാപ്പകൽ എല്ലാവരും ഒരേ പോലെ ജോലി ചെയ്യുന്നു. ഐ.എസ്.ആർ.ഓയിൽ ഏറ്റവും വലിയ പോസ്റ്റ് ഡയറക്ടർ പദവിയാണ്. അതിനു തൊട്ടു താഴെയുള്ള ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തു വരെ സ്ത്രീകൾ എത്തിയിട്ടുണ്ട്.

അംഗസംഖ്യയുടെ കാര്യത്തിൽ ഇലക്ട്രോണിക് വിഭാഗത്തിൽ സ്ത്രീകൾ നിറയെ ഉണ്ട്

എന്നത് കൊണ്ട് കുടുംബവുമായി ബന്ധപ്പെട്ട പല ഭാരങ്ങളുടെ കൂടെ ഇതും കൂടി എടുത്തു വയ്ക്കേണ്ട എന്ന സ്വയം പിൻവാങ്ങൽ തന്നെയാണ്.

ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യം നമ്മുടെ ചില ലിംഗ ഭേധപരമായ പുറകോട്ടുവലിക്കലുകൾ ആണ്. ഇത് മറ്റുവികസിത രാജ്യങ്ങളിൽ ഇല്ലാത്തതാണ്. അത് നമ്മുടെ വിവാഹ സങ്കൽപ്പങ്ങൾ തന്നെയാണ്. ഒരു വ്യക്തി പഠിച്ച് PHD/MD/MS level എത്തണമെങ്കിൽ 28 വയസ് ഒക്കെ കഴിയും. 30 കളിൽ ഒരു വരനെ അന്വേഷിക്കാൻ പോയാൽ കിട്ടില്ല എന്നത് നമ്മുടെ ആണധികാരവ്യവസ്ഥയുടെ പരിമിതിയാണ്. 40കളിലാണ് ഒരു നല്ല ഉദ്യോഗം കെട്ടിപ്പടുക്കുന്ന സമയം. അപ്പോഴും കുടുംബവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങളു

ന്നിദ്ധ്യം നന്നായി ഉണ്ടെങ്കിലും ഊർജ്ജോത്പാദനത്തിലും എയർ കണ്ടീഷനിങ്ങ് മേഖലകളിൽ സ്ത്രീ സാന്നിധ്യം തീരെ ഇല്ല. അതിനു കാരണം മെക്കാനിക്കൽ എൻജിനീയറിങ്ങ് പെൺകുട്ടികൾക്കുള്ളതല്ല എന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും തോന്നൽ തന്നെയാണ്. ഇപ്പോൾ എല്ലാ രംഗത്തും യന്ത്രങ്ങൾ പൂർണ്ണമായും ഒട്ടോമേറ്റഡ് ആണ്. വിവിധ തരം ഉപയോഗങ്ങൾക്കായി CNC (computer Automated control) മെഷിനുകൾ രംഗത്തുവന്നതോടെ എല്ലാം അനായാസമായി. പരിശീലനം കിട്ടിയ ആർക്കും ആ രംഗത്ത് അനായാസം ജോലി ചെയ്യാം.

പുതിയതും ശേഷി കൂടിയതുമായ പവ്വർ ജെനറേറ്ററുകൾ ആർക്കും പ്രവർത്തിപ്പിക്കാം എന്ന നിലയിലായി കാര്യങ്ങൾ. എന്നാൽ കലാലയ പ്രവേശന കാര്യത്തിൽ നമ്മൾ ഇത് ഓർക്കുന്നു കൂടിയില്ല. ഇപ്പോഴും മെക്കാനിക്ക് എൻജിനീയറിങ്ങ് പഠനം ആൺകുട്ടികളുടെ കുത്തകയായി തുടരുന്നു.

സ്വകാര്യമേഖലയിൽ ഒരു മദ്യ കമ്പനിയെയാണ് ഞാൻ തെരഞ്ഞെടുത്തത്. ആധികാരികമായി തന്നെ അവിടെ നിന്നും വിവരങ്ങൾ കിട്ടി. കമ്പനി സ്ത്രീകളെ കൂടുതലായി നിയമിക്കാനുള്ള നയത്തിലേക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്ക് ശമ്പളം കുറച്ചു കൊടുക്കാമെന്നതിനാലാണോ നയമാറ്റം എന്ന ചോദ്യത്തിന്, അവിടെ ആണിനും പെണ്ണിനും ഒരേ ശമ്പളമാണെന്നും, രാവും പകലും വർക്കു നടക്കുന്ന സ്ഥാപനമാണെന്നും, ലിക്കർ കമ്പനിയായതിനാൽ 10നുശേഷം സ്ത്രീകൾക്ക് ജോലി കൊടുക്കാൻ പാടില്ല എന്ന ചട്ടമുള്ളതിനാൽ സ്ത്രീകളെ പത്തുമണി വരെ മാത്രമേ നിർത്തുന്നുള്ളൂ എന്ന പരാധീനതയും അവർ പറഞ്ഞു. പരമ്പരാഗതമായി സ്ത്രീകളെ യന്ത്രം പ്രവർത്തിപ്പിക്കാൻ ഇതുവരെ നിയമിച്ചിട്ടില്ല. തീർച്ചയായും ഭാവിയിൽ സ്ത്രീകളെ എല്ലാ മേഖലയിലും എടുക്കുക തന്നെ ചെയ്യുമെന്നും അവർ പറഞ്ഞു. കമ്പനി പടിപടിയായി ഓരോ പുതിയ മേഖലകളിലും സ്ത്രീകൾക്ക് പുതുതായി അവസരം കൊടുത്തു തുടങ്ങി എന്നും ഒഞ ഒമിമഴലൃ പറഞ്ഞു.

ഇനി നമുക്ക് ഇന്ത്യൻ റെയിൽവേയെ ഒന്നു പരിശോധിക്കാം. അവിടെയും സാങ്കേതിക വിദഗ്ദ്ധരെ നിത്യേന ആവശ്യമുണ്ടല്ലോ. ടെയിനിന്റെ നിർമ്മാണം മുതൽ നിർവ്വഹണം വരെ . നിർവ്വഹണരംഗത്ത് സിഗ്നലിംങിനും സ്വിച്ചിങ്ങ് റൂമിലും കൂടാതെ നമ്മുടെ വാഹനത്തിന് – തീവണ്ടിക്ക് ഒരു പൈലറ്റ് വേണമല്ലോ. അവിടെ എല്ലായിടത്തും സ്ത്രീ സാന്നിദ്ധ്യം നല്ലതുപോലെ കൂടി എന്നറിയുന്നത് വളരെ ആശാവഹമാണ്. ലോക്കോ പൈലറ്റ് എന്നത്


സുരേഖാ യാദവ്

തീവണ്ടി ഓടിക്കുന്നവരെ വിളിക്കുന്ന പേരാണ്. ഇന്ത്യയിലെ ആദ്യ വനിതാ ലോക്കോ പൈലറ്റായ സുരേഖാ യാദവ് ഇന്ന് 56 വയസ്സായി.

കേരളത്തിലെ ആദ്യ ലോകോ പൈലറ്റ് മരിയ ഗുരോത്തിയാണ്. 93 ൽ മരിയ എ.എൽ.പി ആയി സർവ്വീസിൽ കയറി എങ്കിലും സമൂഹത്തിന്റെ മനോഭാവമൊന്നും പെട്ടന്നു മാറിയില്ല. ഈ അടുത്ത കാലത്ത് ആശാവഹമായ മാറ്റം വന്നിട്ടുണ്ട്. ഇന്ന് തിരുവനന്തപുരം ഡിവിഷനിൽ മാത്രം 17 വനിതാ ലോക്കോ പൈലറ്റുമാരുണ്ട്. ഈറോഡ് ഡിവിഷനിൽ 40 വനിതാ ലോക്കോ പൈലറ്റുമാരുണ്ട്. അതിൽ ഭൂരിഭാഗവും മലയാളികളാണ്. താൽപര്യത്തോടെ ഈ മേഖലയിലേയ്ക്ക് ഇറങ്ങുന്നവർക്ക് നല്ല അവസരമാണ്, കാരണം നല്ല വേതനമുണ്ട്.

എന്നിരുന്നാലും സമൂഹത്തിന്റെ ശ്രദ്ധ പതിയേണ്ട ഒരു വിഷയമുണ്ട് ഇവിടെ മൂത്രമൊഴിക്കാൻ വേണ്ട സംവിധാനമില്ല. പുരുഷൻമാർക്ക് എവിടെ എങ്കിലും മറവിൽ പെട്ടന്ന് കാര്യം സാധിക്കാൻ കഴിയുമെങ്കിലും സ്ത്രീകൾക്ക് ഇത്ര നീണ്ട കൃത്യനിർവ്വഹണ സമയം ഉള്ളപ്പോഴും ഈ സൗകര്യം കിട്ടാത്തതിന് തികച്ചും അനീതിയുണ്ട്. ഈ മേഖലയിലേയ്ക്ക് കൂടുതൽ സ്ത്രീകൾ കടന്നു വരാത്തതിന് ഒരു കാര്യം അതു തന്നെയാണ് .

ചില കാര്യങ്ങൾക്ക് പുരുഷനു കിട്ടുന്ന പരിഗണന പോലും സ്ത്രീകൾക്ക് കിട്ടുന്നില്ല. ഒരു തീവണ്ടിയിലെ ജോലി കഴിഞ്ഞ് അടുത്ത തീവണ്ടിയിൽ ജോലിക്ക്കയറുന്നതുവരെ ഉള്ള സമയം വിശ്രമമെടുക്കാൻ ഡോർമെട്രി പോലെ ഉള്ള റൂമാണ്. അവിടേയ്ക് ഒരാളെ ഡ്യൂട്ടിക് വിളിക്കാൻ (Polling) വരുന്ന ആൾ സ്ത്രീ തന്നെയായാൽ കൃത്യമായ ആളുടെ അടുത്തു തന്നെ പോയി വിളിക്കാമായിരുന്നു. ഇവിടെ പോളിംങിനു വരുന്ന ആൾ പുരുഷനായതു കൊണ്ട് വാതിലിനു വെ

ളിയിൽ നിന്നു തട്ടുമ്പോൾ എല്ലാവരും ഉറക്കത്തിൽ നിന്നുണരേണ്ടി വരുന്നു. ഒരു വനിതാപോളറെ വച്ചാൽ ഒഴിവാക്കാവുന്നതേയുള്ളൂ ഈ പ്രശ്നം.

കേരളത്തിൽ വനിതാലോകോ പൈലറ്റ് ആയി 145 പേർ 2020 ൽ ഉണ്ട് എന്നു കണക്കാക്കുന്നു. ഇനി നമുക്ക് മെഡിക്കൽ രംഗം നോക്കാം. അവിടെ പകുതിയോളമോ അതിലധികമോ ടെക്നിക്കൽ ഫീൽഡിൽ സ്ത്രീകൾ തന്നെ ആണെന്നു പറയാം. മെട്രോകളിലും തലസ്ഥാന നഗരിയിലുമാണ് കൂടുതൽ സ്ത്രീകൾ . ഉദാ. തിരുവനന്തപുരം മെഡിക്കൽ കോളേജ് കാർഡിയോവാസ്ക്കുലർ & തോറാസിക്ക് സർജറി തീയേറ്ററിൽ അനസ്തേഷ്യ ,ബോയിൽസ് മെഷീൻ , ഹാർട്ട് ലങ് മെഷീൻ തുടങ്ങിയ മെഷീനുകൾ , ഡയാലിസിസ് മെഷീൻ തുടങ്ങിയവ സ്ത്രീകൾ തന്നെയാണ് പ്രവർത്തിപ്പിക്കുന്നത്. സ്ത്രീപുരുഷ വ്യത്യസമില്ലാതെ മെഷീൻ , ഹാർട്ട് ലങ് മെഷീൻ തുടങ്ങിയ മെഷീനുകൾ , ഡയാലിസിസ് മെഷീൻ തുടങ്ങിയവ സ്ത്രീകൾ തന്നെയാണ് പ്രവർത്തിപ്പിക്കുന്നത്. സ്ത്രീപുരുഷ വ്യത്യസമില്ലാതെ താരതമ്യേന എല്ലാ സാങ്കേതിക ഉപകരണങ്ങളും പ്രവർത്തിപ്പിക്കാം എന്നു പറയുമ്പോഴും പരമ്പരാഗതമായി പല സാങ്കേതിക ഉപകരണങ്ങളും പുരുഷന്റെ ആവറേജ് ഹൈറ്റിനും വെയിറ്റിനും കംഫർട്ടബിളിനുതീ പാകത്തിന് ഉണ്ടാക്കിയവയാണ്. ഉദാ: ബസ്സിന്റെ ഉയരം, ഗ്യാസ് സിലണ്ടർ മുതൽ ഓക്സിജൻ സിലണ്ടർ വരെ . ഒരു മീഡിയം ലെവലിലേക്ക് പുതിയ ഡിസൈനുകൾ ഇവിടങ്ങളിൽ കൊണ്ടുവന്നാൽ നന്നായിരിക്കും. ഇത് പറയുമ്പോഴും നമ്മുടെ എപ്പോഴും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ശാരീരിക ആവശ്യങ്ങൾ മറന്നു കൂടാ. ആർത്തവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഗർഭസംബന്ധമായ കാര്യങ്ങൾ, ആർത്തവവിരാമവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ ഇതെല്ലാം ലഘൂകരിക്കുന്നതിനുതകുന്ന മരുന്നുകളും സങ്കേതങ്ങളുമുണ്ടെങ്കിലും

**തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷയും അവർ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരവും കുറ്റമറ്റ രീതിയിലാക്കാൻ അധികാരി കളുടെ ഭാഗത്ത് കൃത്യമായ നടപടികൾ ആവശ്യമുണ്ട്. ഇപ്പോൾ പാലക്കാട് ഒരു തുണിമില്ലിൽ സ്ത്രീകളെ രാത്രികാലങ്ങളിൽ നിർബന്ധിച്ച് പണിയെടുപ്പിക്കുന്നതിനെതിരെ സമരം നടന്നുകൊണ്ടിരിക്കുന്നത് കാണാതിരുന്നു കൂടാ. ഒരു ശിക്ഷ പോലെ നടപ്പാക്കേണ്ട കാര്യമല്ല ഇത്.**

അതിജീവനം നമ്മുടെ പൊരുതി മുന്നേറാനുള്ള ചങ്കൂറ്റം തന്നെയാണ് .

തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷയും അവർ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരവും കുറ്റമറ്റ രീതിയിലാക്കാൻ അധികാരികളുടെ ഭാഗത്ത് കൃത്യമായ നടപടികൾ ആവശ്യമുണ്ട്. ഇപ്പോൾ പാലക്കാട് ഒരു തുണിമില്ലിൽ സ്ത്രീകളെ രാത്രികാലങ്ങളിൽ നിർബന്ധിച്ച് പണിയെടുപ്പിക്കുന്നതിനെതിരെ സമരം നടന്നുകൊണ്ടിരിക്കുന്നത് കാണാതിരുന്നു കൂടാ. ഒരു ശിക്ഷപോലെ നടപ്പാക്കേണ്ട കാര്യമല്ല ഇത്. സമൂഹനിർമ്മിതിയിൽ സ്ത്രീകൾക്കുള്ള സവിശേഷമായ റോൾ പരിഗണിച്ചു മാത്രമേ ഓരോ സ്ഥാപനവും ഇത്തരം തീരുമാനങ്ങൾ എടുക്കാവൂ. തൊഴിൽ വകുപ്പ് പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ട കാര്യമാണിത്.

എല്ലാ മേഖലയും ഇപ്പോൾ നമുക്ക് പരിശോധനക്ക് വിധേയമാക്കാൻ സാധിക്കില്ല . സ്ത്രീകൾക്ക് ഇതുവരെ അപ്രാപ്യമായ പല സാങ്കേതിക രംഗങ്ങളിലും സ്ത്രീകൾ വളരെ അനായസമായി കൈകാര്യം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. തീർച്ചയായും തുടക്കത്തിൽ അവർക്ക് സമൂഹത്തിന്റെയും വീട്ടുകാരുടെയും ധാരാളം എതിർപ്പുകളെ മറികടക്കേണ്ടതായി വന്നിട്ടുണ്ട്. ഒരു തൊഴിൽ മേഖല എന്ന നിലയിൽ ഓരോ അവസരങ്ങളും വെട്ടിപിടിക്കാനുള്ള താൽപര്യം (Passion) കൊണ്ടും കുടുംബം പുലർത്തുന്നതിനും തൊഴിൽ ചെയ്യേണ്ട അത്യാവശ്യം കൊണ്ടും സ്ത്രീകൾ കടന്നുവരുന്നത് തീർച്ചയായും പ്രോൽസാഹിപ്പിക്കപ്പെടേണ്ടതു തന്നെയാണ്. ഇന്നു നമ്മൾ സ്ത്രീകൾ ഏർപ്പെടുന്ന ഓരോ തൊഴിലിടവും അങ്ങനെ ചിലർ മുന്നോട്ടു വന്നതു കൊണ്ടു മാത്രമാണ് നമുക്കൊക്കെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ സാധിച്ചത്.

അതുകൊണ്ടു തന്നെ സീ ക്യാപ്റ്റൻ (Ship Master Skipper) ഹരിത ചന്ത്രിരൂർ ഉം രാജ്യത്തെ ആദ്യ ഡീപ്പ് സീ ഫിഷിംങ് ലൈസൻസ് നേടിയ രേഖയും DRDOയിലെ ടെസ്സി തോമസ് ടാങ്കർ ലോറി ഓടിക്കുന്ന തൃശ്ശൂർ സ്വദേശി ഡെലീഷ ഡേവീസുമെല്ലാം വളരെ ആദരവർഹിക്കുന്നു. നമ്മൾ മലയാളികളുടെ അഭിമാനമാണ് ഇവരെല്ലാം.

പുതിയ കാര്യങ്ങളിലേക്ക്, പുതിയ തൊഴിലിടങ്ങളിലേക്ക് കടക്കുമ്പോൾ മറ്റുള്ളവരുടെ പിന്തുണ വളരെ പ്രധാനപ്പെട്ടതാണ്. കുടുംബത്തിലെ സപ്പോർട്ട് ഇവരെ – മുമ്പേ പറക്കുന്ന ഈ പക്ഷികളെ പുതിയ മേഖലകളിലേക്ക് കൈപിടിച്ചുയർത്തി എന്നതാണ് എടുത്തു പറയേണ്ടത്. നമ്മുടെ മുന്നിൽ കുറെ മാതൃകകൾ ഇവർ കാണിച്ചു തന്നു. ഇനി ഈ വഴിയിൽ നമ്മൾ നടന്നാൽ മതി. ‘വഴി എന്നൊന്നില്ല, നടക്കുമ്പോൾ തെളിയുന്നതാണ് വഴി’ എന്ന പ്രചോദനത്തിന്റെ വാക്കുകൾ ഓർക്കാം.

സാങ്കേതിക വിദ്യ എന്നാൽ ജോലികളെ എളുപ്പമാക്കാനുള്ള വഴിയാണല്ലോ. ജോലികൾ എളുപ്പമാവുമ്പോൾ കായിക ശക്തി കുറഞ്ഞവർ എന്ന പഴിചാരി പിന്നിലേയ്ക്ക് പോവേണ്ടതില്ല. ടെക്നോളജി എല്ലാം എളുപ്പമാക്കുകയാണ്.എന്തും പഠിച്ചെടുക്കാൻ പറ്റും എന്ന ആത്മവിശ്വാസത്തോടെ മുന്നേറിയാൽ മാത്രം മതി.




# കുടുംബം : ഒരു തിരിഞ്ഞുനോട്ടം



**ശോഭ**
ഗ്ലൂക്സോ ബയോള
ജിക്കൽസിലെ
ഉദ്യോഗസ്ഥയായിരുന്നു.

കുടുമ്പോൾ ഇമ്പമുള്ളത് കുടുംബം എന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും ഇമ്പത്തിന് കുടുംബത്തിന് പുറത്തുപോകുന്ന ഗതികേടാണ് ഇപ്പോഴുള്ളത്. ഭാര്യയും ഭർത്താവും കുട്ടികളും തമ്മിലുള്ള ബന്ധത്തിന്റെ പര്യായം ആയിട്ടാണ് കുടുംബം എന്ന വാക്കിനെ ഇന്ന് നമ്മൾ കാണുന്നത. അതായത് ഒരു അണുകുടുംബ കാലഘട്ടത്തിൽ . അതുകൊണ്ടുതന്നെ കുടുംബത്തിന്റെ അധികാരഘടനയിലും തൊഴിൽ വിഭജനത്തിലും എല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്ന് പറയുമ്പോൾ അവിടെ ജീവിക്കുന്നവർ തമ്മിലുള്ള സ്നേഹവും പരസ്പരാശ്രിതത്വവും നിഷേധിക്കുന്നതായി വിശ്വസിക്കുന്നു. അതിന്റെ ഭാഗമായി ഇരകളാക്കപ്പെടുന്നവർ പോലും കുടുംബത്തിന്റെ മാറ്റം എതിർക്കുകയും ഭയപ്പെടുകയും ചെയ്യുന്നു.

ഇന്ന് നാം ജീവിക്കുന്ന സമൂഹത്തിലെ അധികാര കേന്ദ്രീകരണത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റാണല്ലോ കുടുംബം. അത് സ്ത്രീകളുടെ ഇഛാനുസരണമായ തെരഞ്ഞെടുപ്പുകളെ നിഷേധിക്കുന്നു. ഈ നിഷേധം പുറത്തു നിന്ന് മാത്രമല്ല, കല്പിത കുടുംബങ്ങളെ ഉണ്ടാക്കാൻ സ്വയം ഇഷ്ടങ്ങളെ നിഷേധിക്കുന്നു. ഈ വിധത്തിൽ വ്യക്തിയെ കണ്ടീഷൻ ചെയ്യുന്നത് തുടങ്ങുന്നത് കുടുംബത്തിൽ നിന്നാണ്. ഒരു വ്യക്തിയിൽ മൂല്യബോധം ആദ്യം രൂപപ്പെടുന്നത് കുടുംബത്തിൽ നിന്നാണ്. ആണധികാരങ്ങളെ സ്വാഭാവീകമായി സ്വീകരിക്കപ്പെട്ട സമൂഹത്തിലെ മൂല്യങ്ങൾ ഇങ്ങനെ കുടുംബത്തിൽ പുനരുല്പാദിപ്പിച്ചു കൊണ്ടിരിക്കുന്നു. കുംബം എക്കാലത്തും ഏകശിലാരൂപങ്ങളല്ല. സാമൂഹ്യ അധികാര ഘടനക്കനുസരിച്ച് ഗോത്രങ്ങളും കൂട്ടുകുടുംബങ്ങളും അണുകുടുംബങ്ങളും സിങ്കിൾ പേരന്റ് കുടുംബങ്ങളുമൊക്കെയായി മാറി കൊണ്ടിരിക്കുന്നു.

നാം ഇന്ന് സ്വാഭാവികമായി പറയുന്ന അച്ഛൻ അമ്മ, കുട്ടികൾ അടങ്ങിയ കുടുംബങ്ങളിൽ പുനരുല്പാദനത്തിന്റെ (മനുഷ്യരുടേയും അവരുടെ അധ്വാനശേഷിയുടെയും നിർമാണം) കുംബത്തിനകത്താണ്. അതിനാവശ്യമായ അധ്വാനവും സമയവും ചെലവഴിക്കാനുള്ള ബാദ്ധ്യത സ്ത്രീയുടേതാണ്. ഒരു പക്ഷേ വ്യവസായിക വിപ്ലവത്തിന് ശേഷം തൊഴിലാളികളെ കൊണ്ട് പരമാവധി സമയം പണിയെടുപ്പിക്കാൻ ഒരുക്കിയ ഒന്നായിരിക്കാമിത്. ശരീര നിർമാണത്തിനുള്ള എല്ലാ അധ്വാനവും സ്ത്രീ കുടുംബത്തിൽ ചെയ്യുന്നതിനാൽ തൊഴിലാളിയായ പുരുഷന്റെ മുഴുവൻ അധ്വാനവും മുതലാളിക്ക് പ്രയോജനപ്പെടുത്താം.

ഗർഭധാരണവും പ്രസവവും മുലയൂട്ടലും അമ്മയുടെ പ്രകൃത്യായുള്ള കഴിവായതിനാൽ സാ

മൂഹ്യ ഉത്തരവാദിത്വമായ പരിചരണം പെണ്ണിന്റെ ബാദ്ധ്യതയാക്കി. സാമൂഹ്യ ഉത്തരവാദിത്വത്തിൽ നിന്ന് വ്യക്തികളിലേക്കും കുടുംബത്തിലേക്കും സ്ത്രീയിലേക്കും ഏറ്റവും പ്രധാനമായ ഇത് ചുരുക്കി. ഉല്പാദന മേഖലയിൽ തൊഴിലാളിയുടെ കഴിവ് പ്രതിഷേധങ്ങൾ ഇല്ലാതെ പരമാവധി ചൂഷണം ചെയ്യാൻ പുന:രുല്പാദനത്തിന്റെ ഈ ക്രമീകരണം സഹായകരമായി. ഉൽപ്പാദന മേഖലയിലക്ക് സ്ത്രീകൾ വന്നപ്പോഴും ഈ ഉത്തരവാദിത്വത്തിന് മാറ്റമുണ്ടായില്ല. മുഖ്യധാരാ അധികാര രാഷ്ട്രീയ പദവികളിൽ പുരുഷന്മാരായതിന്നാൽ ഈ സംവിധാനം അവർക്ക് സൗകര്യപ്രദമായതിനാൽ ഈ പുന:രുല്പാദനത്തിന്റെ ബാധ്യതയും സമയവും അധ്വാനവും മുഖ്യ രാഷ്ട്രീയ വിഷയമാകുന്നില്ല. ഈ ബോധത്തെ നിലനിർത്തി കൊണ്ട് മുതലാളിത്ത സമൂഹം മെക്കനൈസേഷൻ നടത്തി അധ്വാനഭാരം ലഘൂകരിച്ചു കൊണ്ടിരിക്കുന്നു. ഇത് സാമ്പത്തിക മടക്കം പല പ്രതിസന്ധികൾ ഉണ്ടാക്കുന്നു. സ്ത്രീയെ സംബന്ധിച്ചിടത്തോളം കുടുംബം ഒരു ബാദ്ധ്യതയാകുന്നു. വീട്ടിൽ ഭർത്താവും കുട്ടികളും മറ്റ് ബന്ധുക്കളും ഉണ്ട് എന്നത് സ്ത്രീക്ക് അവളുടെ സമയവും അധ്വാനവും ഇഷ്ടത്തിന് പ്രയോജനപ്പെടുത്താനുള്ള സാധ്യതയാകുന്നില്ല. മറിച്ച് ബാദ്ധ്യതയാകുന്നു.

**സാമൂഹ്യ ഉത്തരവാദിത്വത്തിൽ നിന്ന് വ്യക്തികളിലേക്കും കുടുംബത്തിലേക്കും സ്ത്രീയിലേക്കും ഏറ്റവും പ്രധാനമായ ഇത് ചുരുക്കി. ഉല്പാദന മേഖലയിൽ തൊഴിലാളിയുടെ കഴിവ് പ്രതിഷേധങ്ങൾ ഇല്ലാതെ പരമാവധി ചൂഷണം ചെയ്യാൻ പുന:രുല്പാദനത്തിന്റെ ഈ ക്രമീകരണം സഹായകരമായി. ഉൽപ്പാദന മേഖലയിലക്ക് സ്ത്രീകൾ വന്നപ്പോഴും ഈ ഉത്തരവാദിത്വത്തിന് മാറ്റമുണ്ടായില്ല.**



എന്തുകൊണ്ട് അല്ലെങ്കിൽ എങ്ങനെ കുടുംബം സ്ത്രീകൾക്ക് ബാദ്ധ്യതയാകുന്നു? അത് ഒഴിവാക്കാൻ എന്തു ചെയ്യാനാകും എന്ന് പരിശോധിക്കുമ്പോൾ. ഇന്ന് കുടുംബം രൂപപ്പെടുന്നത് തന്നെ ജാതിക്കും മതത്തിനും ആചാരങ്ങൾക്കും അകത്താണ്. കുടുംബം ഒരു സാമൂഹ്യ സ്ഥാപനമാകുന്നു. (കുടുംബത്തിന്റെ രൂപീകരണം, അതിന്റെ ഘടനയിൽ വന്ന മാറ്റങ്ങൾ .... ചരിത്രത്തിലേക്ക് കടക്കുന്നില്ല. ഇന്ന് സ്വീകരിക്കപ്പെട്ട , സർക്കാർ കണക്കിലെ അണു കുടുംബം അടിസ്ഥാനമാക്കിയുള്ള ചിന്തയാണ്.)

ഒന്ന് സ്ഥാപനവൽക്കരിക്കപ്പെടുന്നതോടെ സ്വാഭാവികമായ ഒഴുക്കു നഷ്ടപ്പെടുകയും കെട്ടി നിർത്തപ്പെടുകയും സംഘർഷഭരിതമാകുകയും ചെയ്യുന്നു. സംഘർഷങ്ങൾ വ്യക്തി പ്രശ്നങ്ങളായി ചുരുക്കുകയും പരിഹാരം തേടുകയാണ് ഇന്ന്. ഇത് വ്യക്തിയുടെ മാനസീകവും ശാരീരികവുമായ ആരോഗ്യത്തെ പോലെ ഒരു സമൂഹത്തിന്റെ ആരോഗ്യത്തേയും ബാധിക്കുന്നു. അനാരോഗ്യകരമായ ഒരു സമൂഹത്തിൽ ലഹരിയും വയലൻസും അസമാധാനവും അനിശ്ചിതത്വവും സ്വാഭാവികമാണ്. തിരിച്ചും ഒരു രാഷ്ട്രത്തിന്റെ വികസന ലക്ഷ്യവും പൗരന്മാർക്ക് വിഭവങ്ങളിലുള്ള അവകാശവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും പുന:രുല്പാദനം നടക്കുന്ന കുടുംബത്തെ ആരോഗ്യമുള്ളതാക്കും. അതായത് രാഷ്ട്രത്തിന്റെ അധികാര ഘടനയും വിഭവങ്ങളും വികസന സങ്കല്പങ്ങളും അടങ്ങുന്ന മാക്രോ പൊളിറ്റിക്സും വ്യക്തിയെ നിർമ്മിക്കുന്ന കുടുംബത്തിന്റെ മൈക്രോ പൊളിറ്റിക്

സും പരസ്പര പൂരിതമാണ്. അതുകൊണ്ട് നമ്മൾ എന്നും കേൾക്കുന്ന വ്യക്തി നന്നായാൽ കുടുംബം നന്നാവും കുടുംബം നന്നായാൽ നാട് നന്നാവും നാട് നന്നായിൽ രാജ്യം നന്നാവും എന്നതു പോലുള്ള യാന്ത്രിക വാദങ്ങൾ വിഢിത്തമാകുന്നത്.

ഒരു മനുഷ്യന് ജനിക്കാനും വളരാനും നിലനിൽക്കാനും അധ്വാനവും സമയവും സ്ഥലവും വിഭവങ്ങളും ആവശ്യമാണ്. ഇതിന്റെ ലഭ്യതയും ക്രമീകരണവും ഒരു മുഖ്യധാരാ രാഷ്ട്രീയ വിഷയമാണ്. ജനാധിപത്യ ഭരണത്തിൽ ഇത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. വ്യക്തികളെ ഒരു സാമൂഹ്യ ജീവിയാക്കുന്നതിൽ വിദ്യാഭ്യാസവും കലയും സാഹിത്യവും എല്ലാം തെരഞ്ഞെടുക്കാൻ കഴിയണം. മതങ്ങൾ ജന്മം കൊണ്ടോ ആചരങ്ങൾ കൊണ്ടോ അല്ല അത് ഉന്നയിക്കുന്ന മൂല്യങ്ങൾ ബോദ്ധ്യപ്പെട്ട് വേണമെങ്കിൽ തെരെഞ്ഞെടുക്കാവുന്നതാണ്. ഇതെല്ലാം ദീർഘകാല ലക്ഷ്യങ്ങളാണെങ്കിൽ ഇന്ന് ഇപ്പോൾ മുതൽ തുടങ്ങേണ്ട പലതുമുണ്ട്. പ്രകൃതിയേയും സമൂഹത്തേയും സ്വന്തം ശരീരത്തേയും ആസ്വദിക്കാൻ ശീലിക്കുക. കുടുംബം വീട്ടകം മാത്രമല്ലെന്നും വീടിന് പുറത്തും സൗഹൃദത്തിന്റേയും കൂട്ടായ്മയുടേയും ഇടപെടലിന്റേയും സ്പെയ്സ് ഉണ്ടാകണം. കുടുംബം രൂപം കൊള്ളുന്ന

വിവാഹത്തിന് മുൻപ് തന്നെ വിവാഹം ഒരു ദിവസമല്ല, ഒരു ജീവിതമാണ് എന്ന് തിരിച്ചറിയുക. ഇത് ഒരു സോഷ്യൽ കോൺട്രാക്റ്റ് ആണെന്നും പിരിയാനും സാദ്ധ്യതയുണ്ടെന്ന യാഥാർത്ഥ്യ ബോധം ഉണ്ടാകണം. അങ്ങനെ സംഭവിച്ചാൽ ശൂന്യമാകാതിരിക്കാനുള്ള കരുതൽ വേണം. മദ്യം, മയക്കുമരുന്ന്, സീരിയൽ, ഭക്തി, ആർഭാടം തുടങ്ങിയ ലഹരി കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അസംതൃപ്തമായ കുടുംബ അന്തരീക്ഷം മറികടക്കാൻ സൃഷ്ടിക്കുന്ന രഹസ്യ ബന്ധങ്ങൾ മുതലെടുപ്പുകളിലേക്കും കൂടുതൽ മാനസീക സംഘർഷങ്ങളിലേക്കും നയിക്കുന്നു. ഗവണ്മേന്റ് (ചിലപ്പോൾ രാഷ്ട്രീയ പാർട്ടികൾ) ഔദാര്യം പോലെ വച്ചു നീട്ടുന്ന പദ്ധതികൾ അവകാശമായി പ്രായോഗീകമായി ആസൂത്രണം ചെയ്ത് ഉപയോഗിക്കാൻ കഴിയണം.. പരമ്പരാഗതമായ ജീവിത രീതികളിൽ ഉറച്ചുനിൽക്കാതെ കാലഘട്ടങ്ങൾക്കനുസരിച്ചുണ്ടാകുന്ന മാറ്റങ്ങളെ പരിശോധിക്കാനും ആവശ്യമായ പരിഷ്കരിക്കാനും തയ്യാറാകണം.

നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രം പരിഹാരത്തിന് ഓടുന്നതിന് പകരം പ്രശ്നങ്ങൾ നേരിടുന്നവർക്ക് ഒപ്പം നിൽക്കാനും തയ്യാറാവണം. കുടുംബം ഒറ്റപ്പെട്ട ഒരു സ്ഥാപനമല്ല. അത് സമൂഹത്തിന്റ ഭാഗമാണ്. സമൂഹത്തെ രൂപപ്പെടുത്തുന്നതിന് വലിയ പങ്കുണ്ട്. നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കുടുംബ ബന്ധങ്ങളിലും ഘടനയിലും മാറ്റങ്ങൾ ഉണ്ടാകും. ഇന്ന് മാറ്റങ്ങൾ ഉണ്ടാകുന്നത് അധികാരികളുടെ അധികാരം ഉറപ്പിക്കൽ, കമ്പോളങ്ങളുടെ വിവണനം വർദ്ധിപ്പിക തുടങ്ങിയ ആവശ്യത്തിലാണ്. പൗരന്റെ സ്വാതന്ത്ര്യവും (സ്ത്രീയുടെ സ്വാതന്ത്ര്യവും) വിപണിയിലെ ചരക്കുകൾ വാങ്ങിക്കുന്നതിലേക്ക് ഒതുക്കുന്നു. ഒരു റേഡിയോയിൽ നിന്ന് ഒരു ഗ്രാമം മുഴുവൻ പാട്ടും വാർത്തകളും കേട്ടിരുന്നിടത്തുനിന്ന് ഒരു കുടുംബത്തിലല്ലാ, ഓരോ മുറിയിലും ടി.വി സ്വാതന്ത്ര്യത്തിന്റെ ചിഹ്നമായി. വീട്ടിൽ ഒരു സോപ്പുപെട്ടിയി

**ഒരു മനുഷ്യന് ജനിക്കാനും വളരാനും നിലനിൽക്കാനും അധ്വാനവും സമയവും സ്ഥലവും വിഭവങ്ങളും ആവശ്യമാണ്. ഇതിന്റെ ലഭ്യതയും ക്രമീകരണവും ഒരു മുഖ്യധാരാ രാഷ്ട്രീയ വിഷയമാണ്. ജനാധിപത്യ ഭരണത്തിൽ ഇത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. വ്യക്തികളെ ഒരു സാമൂഹ്യ ജീവിയാക്കുന്നതിൽ വിദ്യാഭ്യാസവും കലയും സാഹിത്യവും എല്ലാം തെരഞ്ഞെടുക്കാൻ കഴിയണം. മതങ്ങൾ ജന്മം കൊണ്ടോ ആചരങ്ങൾ കൊണ്ടോ അല്ല അത് ഉന്നയിക്കുന്ന മൂല്യങ്ങൾ ബോദ്ധ്യപ്പെട്ട് വേണമെങ്കിൽ തെരെഞ്ഞെടുക്കാവുന്നതാണ്.**

ലെ ഒരു സോപ്പിൽ നിന്ന് ഓരോരുത്തർക്കും പല തരം സോപ്പുകളായി. (ഇത് ഫാക്ടറികളിൽ നിന്നു മാത്രമല്ല, കുടുംബങ്ങളിൽ തന്നെ മാലിന്യം വർദ്ധിപ്പിക്കുന്നതിനും കാരണമായി) അതായത് മറ്റുള്ളവരുമായി സഹകരിക്കാനും പങ്കുവക്കാനുമുള്ള മൂല്യം നഷ്ടപ്പെടുത്തിയത് കുടുംബത്തിൽ നിന്നു തന്നെയാണ്. ഉപഭോഗ സംസ്കാരത്തിനും വിപണിയുടെ തന്ത്രത്തിലും പെട്ടുപോയിട്ടുണ്ട്. സ്ത്രീക്ക് മാത്രമല്ല, കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സ്ത്രീകളാണെന്നതിനാൽ വിപണി പരസ്യങ്ങൾ സ്ത്രീയെ കേന്ദ്രീകരിച്ച് നടത്തുന്നു. ഈ വാങ്ങൽ ശേഷിയുടെ പരിമിതികൾ സ്ത്രീകളെ മാനസീകമായി അതൃപ്തരാക്കുന്നു. ഇന്നത്തെ കുടുംബത്തിലെ ആവർത്തന വിരസമായ ജോലികളും അതൃപ്തികളും, സംശയങ്ങളും, ഒറ്റപ്പെടലുകളും, മരണം, കൊലപാതകം, അതിക്രമങ്ങൾ, യുദ്ധങ്ങൾ, ദാരിദ്ര്യം, രോഗങ്ങൾ... അനിശ്ചിതത്വമായ സാമൂഹ്യ ഘടകങ്ങളും കുടുംബത്തിലുണ്ടെങ്കിലും പ്രണയവും പ്രതീക്ഷകളും സ്വപ്നങ്ങളും ഇന്നും കടുംബത്തിൽ തന്നെയാണ് തേടുന്നത്. .



ചർച്ചാവിഷയം

# ചലച്ചിത്രങ്ങളിലെ ബദലിടം



**ഡോ. അനു പാപ്പച്ചൻ**
അധ്യാപിക
എഴുത്തുകാരി

ജനാധിപത്യത്തിന്റെ പ്രത്യേകത അത് എല്ലാക്കാലത്തും പിടിച്ചു വാങ്ങേണ്ടുന്ന ഒന്നാണ് എന്നുള്ളതാണ്! പോരാട്ടങ്ങളുടെ പ്രതിഫലമാകുന്നു സ്വാതന്ത്ര്യം. സിനിമയിലെ സ്ത്രീയുടെ ഇടത്തെപ്പറ്റി ചിന്തിക്കുമ്പോഴും പോരാട്ട വഴികൾ ഓർമ്മിക്കേണ്ടി വരികയാണ്.കാലങ്ങളായി ഉയർത്തിയ ഓരോ ശബ്ദവും, കാറ്റും വെളിച്ചവും കടക്കുന്ന ഇടത്തിനു വേണ്ടിയായിരുന്നു.ആദ്യ നായികയിൽ തുടങ്ങുന്നു അത്. റോസി അശ്ലീല സിനിമയിൽ അഭിനയിച്ചതുകൊണ്ടല്ല ജനം കല്ലെറിഞ്ഞോടിച്ചത്.സ്ത്രീയും ജാതിയും - പാർശ്വവല്ക്കരിക്കപ്പെട്ട രണ്ടിടങ്ങളായിരുന്നു റോസിയുടെ അസ്തിത്വം. സിനിമയിൽ ദളിതയായ സ്ത്രീ അഭിനയിച്ചുവെന്ന ഒറ്റക്കാരണത്താലാണ് ജീവിതാന്ത്യംവരെ അസ്തിത്വം നഷ്ടപ്പെടുത്തി കഴിയേണ്ടിവന്നത്. അതിന്റെ ദൃശ്വത സഹിക്കവയ്യാത്തവർ കയ്യൂക്കു കാട്ടി.

ജ്ഞാനംബികയുടെ ചിത്രീകരണം നടന്നത് 1939 ലാണ്. അതിൽ നായികയായ സി.കെ രാജം ചിത്രീകരണത്തിനായി വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഒരു മടക്ക് പിച്ചാത്തി കയ്യിൽ പിടിച്ചിരുന്നത്രെ! സിനിമയുപേക്ഷിച്ച് നാടകത്തിൽ സജീവമായ രാജത്തിനെ ഒരിക്കൽ കൂത്താട്ടുകുളത്തു വച്ച് ഒരു പ്രമാണി കയ്യിൽ കയറിപ്പിടിച്ചു. പിടിവലിയിൽ കയ്യൊടിഞ്ഞ രാജം സ്വയം രക്ഷയ്ക്ക് കത്തി പിടിച്ചു നടക്കേണ്ടുന്ന അവസ്ഥ ഉണ്ടായ കലായിടമാണിത്. ഇന്നും കലയിൽ പങ്കെടുക്കുന്ന സ്ത്രീയുടെ ശരീരം എങ്ങനെയൊക്കെ ആക്രമിക്കപ്പെടുന്നു എന്നതിന് ഞെട്ടിക്കുന്ന സാക്ഷ്യമാണ് നമ്മൾ ദിലീപ് പ്രതിയായ കേസിൽ കണ്ടത്. അധികാരാണാധിപത്യങ്ങളുടെ രൂക്ഷമായ അധിനിവേശം എത്രമേൽ വിധ്വംസകമാണെന്നു അതിജീവിതയുടെ കേസ് തെളിയിക്കുന്നു.കേരളത്തിന്റെ സാംസ്കാരിക പരിസരത്തിൽ സ്ത്രീയുടെ നിലപാടും അഭിപ്രായവും പങ്കുവക്കുന്ന സാമൂഹിക സാഹചര്യങ്ങൾ കുറെയെങ്കിലും സാധ്യമായതിന്റെ പശ്ചാത്തലത്തിലാണ് ഈ മിണ്ടാട്ടങ്ങൾ ഉണ്ടാവുന്നതുപോലും. അപ്പോഴും സ്വയം ഇൻഡസ്ട്രിയായി നില്ക്കുന്നവരുടെ ആൺ ഗാഥകളും അവരുടെ ഫാൻസ് അസോസിയേഷനും സിനിമക്ക കത്തും പുറത്തും നിർബാധം തുടരുന്ന സ്ത്രീവിരുദ്ധത ഒട്ടുമേ നേർത്തിട്ടില്ല.

ഇന്നും കലാപ്രവർത്തനങ്ങൾക്കായി കുടുംബത്തിന് പുറത്തിറങ്ങുന്ന സ്ത്രീ സംശയക്കണ്ണിലാണ്.കല്ലേറും തുപ്പും വാക്കിലെങ്കിലും പ്രതീക്ഷിക്കണം. അല്ലെങ്കിൽ തന്നെ കുടുംബത്തിന്റെ തകർച്ചയും സ്ത്രീയുടെ സദാചാരലംഘനവുമാണ് ഏറ്റം വലിയ സാമൂഹിക പ്രശ്നമെന്ന് നമ്മുടെ സിനിമകൾ പറയുന്നത് നിർത്തിയിട്ടില്ല...1972 ൽ 'നിർമാല്യ'ത്തിൽ വിഗ്രഹത്തിന്റെ മുഖത്ത് തുപ്പുന്ന വിപ്ലവം വരെ സംഭവിക്കുമ്പോഴും ' എന്റെ രണ്ടു മക്കളെ പെറ്റ നാരായണീ.'. എന്ന ഭാര്യയുടെ പെഴയ്ക്കൽ ആയിരുന്നു അയാളുടെ പ്രശ്നം. അതു വരെ അനുഭവിച്ച ദാരിദ്ര്യവും, നിസഹായതയും അല്ല,ഭാര്യയുടെ ചാരിത്ര്യം സംരക്ഷിക്കാൻ പറ്റാത്തതായിരുന്നു അയാളുടെ ഏറ്റം വലിയ തോൽവിയായി കൺമുന്നിൽ അവതരിപ്പിക്ക

പ്പെട്ടത്. ഇന്നും സിനിമയിൽ പ്രതിപക്ഷ സ്ഥാന ത്തെത്തുന്നത് സ്ത്രീയുടെ പല വിധ 'തെറ്റു'കളാണ്. അസ്തിത്വ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങൾ, തിരഞ്ഞെടുപ്പുകൾ, തിരസ്കാരങ്ങൾ, എല്ലാം ചോദ്യം ചെയ്യപ്പെടുന്നു.

സ്ത്രീയുടെ ചോദനകളെ നിയന്ത്രിക്കുന്ന മൊറാലിറ്റി ഉപകരണമായി പലപ്പോഴും ബോധപൂർവം തന്നെ സിനിമ പ്രവർത്തിക്കുന്നു. കുടുംബത്തിന് പുറത്തു പോകേണ്ടി വരുന്ന ഏത് സ്ത്രീയുീ കടുത്ത പ്രതിസന്ധി നേരിടണം എന്ന് സിനിമ ഉറപ്പിവിതത്തിലെ പ്രോട്ടോക്കോളിൽ ഭർത്താവിനാടീ സീനിയോരിറ്റി .നീ ഏത് കോപ്പിലെ മന്ത്രിയായായാലും.. ചവിട്ടി പുറത്താക്കും കുടുംബത്തിന്ന് ' എന്നാണ്... കമ്യൂണിസ്റ്റ് മന്ത്രിയുടെ നാവിൽ തിരുകുന്ന വാചകമാണ്!രാഷ്ട്രീയ/പുരോഗമന പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്ന സിനിമകളിലും സ്ത്രീകഥാപാത്ര ചിത്രീകരണത്തിന്റെ കാര്യം വരുമ്പോൾ കുടുംബ ചിത്രങ്ങളുടെ ഫോർമുലയിലേക്ക് താനെയെത്തും.സാറായ്ക്കു സിനിമയെടുക്കാൻ തടസം കുടുംബം തന്നെ! സിനിമാ സെറ്റിലെ പ്രാരാബ്ധങ്ങ



ച്ചു പറയുന്നുണ്ട്. നാഗവല്ലിയുടെ നൃത്തത്തിന് കയ്യടിച്ചാലും, ഏതുന്മാദത്തിൽ നിന്നും നാഗവല്ലിമാർ 'ഗംഗ മാത്രമല്ല, ഗംഗാ നകുലൻ എന്ന് പുനർസ്ഥാനപ്പെടുന്നിടത്തേ 'സിനിമ സമാധാനിക്കൂ.കുടുംബത്തിൽ നിന്നു കാലു കവച്ചു വക്കുന്ന നായികയുടെ ബാധ ഒഴിപ്പിച്ചാലേ നായകൻ അടങ്ങു. 'എനിക്കിനി നകുലേട്ടന്റെ മാത്രമായി മാറണം" എന്നാണല്ലോ ബാധ മാറിയ ഗംഗ പറയുന്നത്. നായകന്റെ പേരും പദവിയും മാറി മാറി വരാം.കർമ്മത്തിനു മാറ്റമൊന്നുമില്ല!ആണിന്റെ അരാജകത്വവും, ഭ്രാന്തും ,സാഹസികതയും വീരത്വമായി ആഘോഷിക്കപ്പെടുകയും പെണ്ണിന്റേത് ചികിത്സിക്കേണ്ട ഭ്രാന്തായി അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. 'ഫെമിനിച്ചി' എന്ന പദവി കൊടുത്ത് കൂക്കിവിളിക്കുന്നു.

ജനപ്രിയ സിനിമ ലാൽസലാമിൽ വ്യവസായ മന്ത്രി ടി കെ ആഭ്യന്തര മന്ത്രിയായ ഭാര്യയുമായി വഴക്കിടുമ്പോൾ പറയുന്ന വാചകം "കുടുംബ ജീളല്ല, കുഞ്ഞുകുട്ടി പരാധീനങ്ങളാണ് സംവിധായികയുടെ തടസമായി അവതരിപ്പിക്കുന്നത്. 'ഹോം' സ്വീറ്റ് ഹോം ആവുന്നതും കുട്ടിയമ്മമാർ ഏന്തിവലിച്ചു നടന്നിട്ട് തന്നെ!' പുരുഷന്മാർ യാതൊരു മാറ്റവുമില്ലാതെ അതേപടി തുടരുന്ന, തനിക്കു പറ്റിയ സ്വർണ്ണ വളയിട്ട് പാത്രം കഴുകുന്ന കൈകളെ പകരം കണ്ടെത്തുന്ന, ഗ്രേറ്റ് ഇന്ത്യൻ കിച്ചണുകളിൽ നിന്ന് ഇറങ്ങിപ്പോന്ന് ബദലിടം സൃഷ്ടിക്കേണ്ടുന്ന അധിക ബാധ്യത കൂടി സർഗാത്മകതയുള്ള സ്ത്രീയ്ക്കുണ്ട്.

ആണധികാര ഇടങ്ങളിൽ നിന്നു മാത്രമല്ല, ആണവകാശ ഇടങ്ങളിൽ നിന്നും സ്ത്രീയെ സ്വതന്ത്രമാക്കുന്ന വെല്ലുവിളി ചെറുതല്ല. പ്രിയപ്പെട്ട പെണ്ണിനെ നേടാൻ സിനിമയിൽ നായകന്റെ പ്രധാന ഉത്തരവാദിത്തം തല്ലും മല്ലുമായ അഭ്യാസം തമ്പുരാൻ സിനിമകളിൽ തീർന്നെന്ന് കരുതരുത്. ന്യൂജൻ 'തീവണ്ടി'കളിലും വിഷയമാവർത്തിക്കും.

സിനിമ, സാമ്പ്രദായിക-ആൺ - യാഥാസ്ഥിതികത്വത്തെ നോവിക്കാതെ ആനന്ദിപ്പിക്കുമ്പോൾ തന്നെയാണ് സൂപ്പർ ഹിറ്റാകുന്നത് എന്നാണ് കാല സാക്ഷ്യം ! സ്ത്രീകേന്ദ്രീകൃത സിനിമയെന്ന വ്യാജേന പുരുഷ കാണിയെ തൃപ്തിപ്പെടുത്തുന്ന ചിന്തകൾ മാത്രം ഉത്പാദിക്കുന്ന സിനിമകളായി തടി തപ്പും..ഇനി വലിയ അബദ്ധം പറഞ്ഞില്ലെങ്കിലും, ഉപകാരമോ ഉപദ്രവമോ ഇല്ലായെന്ന മട്ടിൽ നായക നടന്മാരുടെ ഇഷ്ടാനുഷ്ടങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തുന്ന നായികമാർ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നുമുണ്ട്. ലേഡി സൂപ്പർ സ്റ്റാറിനു പോലും അതിൽ നിന്ന് മോചിതയാവാൻ അവസരമില്ല!

അവരുടെ സ്ക്രീൻ ആയുസ് നൈമിഷികവും ആവർത്തന വിരസവുമാക്കി നായകൻമാർ നിന്ന് മനസിലാക്കി, തൊഴിലെടുക്കുന്നവർക്കും തിരയിലെത്തുന്നവർക്കും അവരുടെ ഇടങ്ങൾ ജനാധിപത്യപരമാകാൻ തുടർ പ്രവർത്തനങ്ങൾ നടത്തുകയാണ് പോംവഴി. അത് തിരിച്ചറിഞ്ഞവർ ക്യാമറ എടുത്തിറങ്ങുകയേ ഇനി മാർഗമുള്ളൂ. ആശയം മാത്രം പോര, അത് കലയിൽ പ്രാവർത്തികമാക്കിയേ പറ്റൂ.ഈ ഉത്തരവാദിത്തമേറ്റെടുത്ത് സ്ത്രീകളും അവർക്കൊപ്പം പങ്കുനില്ക്കുന്നവരും സിനിമയെ പുനർനിർമ്മിക്കാൻ ശ്രമിക്കും കാലമാണിത് എന്നത് ശുഭസൂചനയാണ്. 2019 ലാണ് പി കെ റോസിയുടെ പേരിൽ ഒരു ഫിലിം സൊസൈറ്റി കേരളത്തിൽ നിലവിൽ വന്നത് എന്നോർക്കുക. പെണ്ണിന്റെ തൊഴിലിടത്തിൽ തിരുത്തലുകൾ ആവശ്യപ്പെട്ട് ഒരു സ്ത്രീകൂട്ടായ്മ ഉണ്ടാവാൻ, കാലമെത്ര വേണ്ടി വന്നു എന്നോർക്കുക. ഇവയെ



ത്യേന യൗവനമായിരിക്കുന്ന, നായികമാരെ അപ്രത്യക്ഷരാകുന്ന പ്രതിഭാസം മലയാള സിനിമയിൽ തുടരുന്നുണ്ട്.ജനപ്രിയ സിനിമയുടെ പ്രമേയ പരിസരങ്ങളിൽ കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ല എന്നു കാണാഠ. സൂപ്പർ സ്റ്റാർ സിനിമകൾ നായകന്റെ സിനിമയാവുകയും വിജയിക്കുന്ന പെൺ സിനിമകൾ ടീമിന്റെ സിനിമയാകുകയും ചെയ്യുന്ന വിലയിരുത്തൽ സൂത്രവുമുണ്ട്!

ഇങ്ങനെയിരിക്കെ, നിലവിൽ സ്വാതന്ത്ര്യം എന്നു പറയുന്നത് ഒരു ബദലുണ്ടാക്കലാണ്. അഭിനേത്രി അവളുടെ പ്രതിഫലം പറഞ്ഞുവാങ്ങുന്നത് ' അന്യായ 'മായി കരുതുന്നതിന് ബദലുണ്ടാവണം. എന്നാൽ ഒപ്പം തന്നെ, ഒരാൾ മാത്രം കൂടുതൽ പൈസ വാങ്ങുന്നതുമല്ല ജനാധിപത്യം എന്നുകൂടി തിരിച്ചറിയേണ്ടതുണ്ട്.സിനിമയെ, സമൂഹബദ്ധ കലയായി വിലയിരുത്തുമ്പോൾ സിനിമയിലെ സ്ത്രീയുടെ ഇടം ഏറെ പ്രസക്തമാണ് എല്ലാം ഒരർഥത്തിൽ ഇടങ്ങൾക്കുള്ള സ്വാതന്ത്ര്യ സമരങ്ങൾ തന്നെയാണ്.

അതിനേറ്റം വലിയ പിന്തുണ കൊടുക്കേണ്ടത് പ്രേക്ഷകരാണ്. വ്യവസ്ഥയോടു കലഹിക്കുന്ന സ്ത്രീയെ കുറ്റവാളി / സഹതാപ സ്ഥാനത്തു നിന്ന് മാറ്റി സർഗാത്മകമായി അവതരിപ്പിക്കുന്ന സിനിമകൾക്ക് കാണികളുണ്ടാവുന്നു എന്നത് ആരോഗ്യപരമായ കലാസ്വാദനത്തിന്റെ ലക്ഷണമാണ്.സ്ഥൂലമായ പരാമർശങ്ങൾക്കപ്പുറത്ത് സ്ത്രീയുടെ സൂക്ഷ്മജീവിത രാഷ്ട്രീയത്തെകുറിച്ച് സിനിമ ചിന്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് .ഏതാറാട്ടിലും ദൃശ്യ/ ആശയ സാക്ഷരതയുള്ള കാണിക്ക് മലയാളസിനിമയിൽ പുരാഗമനപരമായ തിരുത്ത് നല്കാനാവും.



# കെ.എ. ബീന : ഗിമ്മിക്കുകളില്ലാത്ത എഴുത്തുകാരി



**തസ്മിൻ**
അദ്ധ്യാപിക, എഴുത്തുകാരി, പ്രഭാഷക

ഉച്ചിയിൽ കത്തുന്ന വെയിൽ പോലെ ചിലർ നടപ്പു വഴികളിൽ തെളിഞ്ഞു നിൽക്കും. വല്ലാതെ ഉഷ്ണിച്ചും വിയർത്തും കുറേ വഴികൾ നടന്നു തീർത്തിട്ടും ഇനിയും തണൽ പറ്റാൻ ശ്രമിക്കാതെ മുന്നോട്ട് തന്നെ എന്ന മനോബലത്തോടെ അവർ യാത്ര തുടരും. ഇത്തരം യാത്രകളിൽ നിന്നാണ് അത്ഭുതങ്ങൾ പിറക്കുന്നത്. കാലത്തെ അതിജീവിക്കുന്ന വാക്കുകൾ കണ്ടെടുക്കുന്നത്. എഴുത്തിനും വാക്കിനും വളരാനൊരിടം വേണം. പശിമയുള്ള മനോനിലയും സാഹചര്യവും പ്രോത്സാഹനവും വേണം. ഇത്തരം സാഹചര്യങ്ങളിലൂടെ എഴുത്തിലേയ്ക്ക് കാലൂന്നുന്നത് ഒരു കൊച്ചു പെൺകുട്ടിയാകുമ്പോൾ സമൂഹം കൺമിഴിച്ച് നോക്കും. അവളെഴുതുന്നത് അവളെ കുറിച്ചോ' പൈങ്കിളി' യോ ആകുമെന്ന മുൻധാരണയും.

നാല് പതിറ്റാണ്ടുകൾക്കിപ്പുറത്തും വായനയുടെ രസമാപിനിയിൽ ഒരു കൊച്ചു പുസ്തകം അടയാളപ്പെടുന്നു. അതിലൂടെ ഒരു കൊച്ച് പെൺകുട്ടിയുടെ പേരും. ഇന്നാ കുട്ടി വലുതായെങ്കിലും മലയാളികളുടെ മനസിൽ അവൾ കൊച്ചുബീന തന്നെ.റഷ്യ കണ്ട ഭാഗ്യമുള്ള ബീന.

ബീന അന്ന് റഷ്യ കാണാൻ പോയില്ലായിരുന്നെങ്കിൽ, 'ബീന കണ്ട റഷ്യ' പ്രസിദ്ധീകരിച്ചില്ലായിരുന്നെങ്കിൽ ഇന്ന് എഴുത്തിന്റെ ഭൂപടത്തിൽ ആ പെൺകുട്ടിയുടെ സ്ഥാനം എവിടെയായിരിക്കും? അങ്ങനെയൊന്ന് വെറുതെ ഓർക്കുമ്പോൾ ,സ്വയം പ്രകാശിതമാകാത്തിടത്തോളം ഇരുളടഞ്ഞു പോകുന്ന എഴുത്തുമേൽവിലാസങ്ങൾ മുന്നിൽ പല്ലിളിച്ച് നിൽക്കുന്നു. എത്രയെഴുതി, എന്തെഴുതി, എന്തിനെഴുതി, എങ്ങനെ എഴുതി, അതു കൊണ്ട് സ്വയമോ സമൂഹത്തിനോ നേട്ടമുണ്ടായത് ?ഇങ്ങനെ നൂറ് നൂറ് ചേദ്യങ്ങൾക്കിടയിൽ എന്തെങ്കിലുമൊക്കെ എഴുതി എങ്ങനെയൊക്കെയോ പ്രസിദ്ധീകരിച്ച് പ്രശസ്തരാകുന്ന പ്രഗത്ഭമതികൾക്കിടയിൽ വേറിട്ട് നടക്കാനാവുക എന്നത് അന്തസുള്ള ആർജ്ജവം തന്നെയാണ്.

ഏത് മേഖലയിലും സെൽഫ് പ്രൊമോഷനി

ലൂടെയും സെൽഫ് മാർക്കറ്റിംങിലൂടെയും സ്ഥാനം ഉറപ്പിക്കുന്ന ഇക്കാലത്ത് പ്രത്യേകിച്ച് സാഹിത്യ ലോകത്ത് കെ.എ ബീന താൻപോരിമയോടെ വേറിട്ടു നിൽക്കുന്നു. തന്റെ കാഴ്ചകളും അനുഭവങ്ങളും വസ്തുനിഷ്ഠ വ്യാഖ്യാനങ്ങളിലൂടെ വളരെ നിഷ്ക്കളങ്കമായി കെട്ടുകാഴ്ചകളില്ലാതെ കൊച്ചു ബീന 'ബീന കണ്ട റഷ്യ'യിൽ എഴുതിയതുപോലെ കാലങ്ങൾക്കിപ്പുറവും മാറ്റമില്ലാതെ അവർ എഴുതിക്കൊണ്ടിരിക്കുന്നു.

കെ.എ ബീന എഴുതിയ 'ബീന കണ്ട റഷ്യ' നാൽപ്പത് വർഷം പിന്നിട്ട സാഹചര്യത്തിൽ ആ പുസ്തകം ഇന്നും എറെ വായിക്കപ്പെടുകയും ഓർമ്മിക്കുകയും ചെയ്യുന്നു എന്നത് ശ്ലാഘനീയമാണ്. 'ബീന കണ്ട റഷ്യ'യുടെ അറുപത് പേരെഴുതിയ പല വായനകൾ ഗീത ബക്ഷി എഡിറ്റ് ചെയ്ത് ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കുകയുണ്ടായി. എത്ര ആത്മസമർപ്പണത്തോടെയാണ് അതിലെ ഓരോ കുറിപ്പുകളും ഇഴചേർന്നു നിൽക്കുന്നത് എന്ന അറിവ് ആ പുസ്ത വായനയിൽ അത്ഭുതമോ കൗതുകമോ ആയി അവശേഷിക്കുന്നു. ആ പുസ്തകത്തിലെ പല വായനകൾ സ്വാംശീകരിച്ചാൽ അത് ഒരൊറ്റ വായനയാണ്. കെ.എ.ബീന എന്ന ആത്മ സൗഹൃദത്തിന്റെ തെളിച്ചമുള്ള ഉൾ വായനകൾ. എന്നാൽ കെ.എ.ബീനയുടെ പ്രിയ സുഹൃത്തും ഈ പുസ്തകത്തിന്റെ എഡിറ്ററുമായ ഗീത ബക്ഷി ആമുഖത്തിൽ കോറിയിടുന്ന എന്നാൽ ഉള്ളറിഞ്ഞ് എറിയുന്ന ഒരു ചോദ്യമുണ്ട്.

*'ബീന കണ്ട റഷ്യ എഴുതിയതോടെ പേന ഒടിഞ്ഞു പോയോ? പിന്നെ എന്തേ അതിനെ മറികടക്കുന്ന ഒന്നുമെഴുതിയില്ല?'*

ഈ ചോദ്യം ബീനയ്ക്കൊരു പ്രഹരമായിരുന്നു എന്ന് ഗീത ബക്ഷി രേഖപ്പെടുത്തുന്നു. ഒരു സാധാരണ പെൺകുട്ടിയിലെ അസാധാരണത്വം തിരിച്ചറിഞ്ഞവർക്ക് ഈ ചോദ്യം ചോദിക്കാതിരിക്കാനാവുമോ? കെട്ടുകാഴ്ചകളില്ലാത്ത ഭാഷയുടെ നിഷ്ക്കളങ്കത മലയാളികളുടെ മനസിലേക്ക് ഓടിക്കയറിയത് ബീനയുടെ ആ കൊച്ചു പുസ്തകത്തിലൂടെയായിരുന്നല്ലോ!

രണ്ടു തരം ബീനയെ കണ്ടറിഞ്ഞതിന്റെ അമ്പരപ്പ് ഗീത ബക്ഷിയുടെ എഴുത്തിലുണ്ട്. ആ തിരിച്ചറിവാണല്ലോ പുതിയ സ്വപ്നങ്ങളിലേക്കോ അതിജീവനത്തിലേക്കോ കൈ കൊടുത്തുയർത്താൻ ബീനയ്ക്ക് സൗഹൃദത്തിന്റെ തണൽ വിരിച്ചത്. എന്റെ കട്ടിലിന്റെ ഓരത്ത് ചിരി വറ്റിയ മുഖം ചേർത്ത് ഇരുന്ന ബീനയോട് ഞാൻ പഴയ ചോദ്യം ആവർത്തിച്ചു.

*ഗീതാബക്ഷി : പിന്നെന്തേ എഴുതാത്തത്? പിന്നെന്തേ നാട് കാണാൻ പോകാത്തത്?*

ഉത്തരം നൽകാതെ തന്റെ കൈപ്പടം നോക്കിയിരിക്കുമ്പോൾ ആ വിരലുകൾ കൊണ്ടാണല്ലോ ' ബീന കണ്ട റഷ്യ' ഈ സ്ത്രീ എഴുതിയത്.ഈ തളർന്ന കണ്ണുകളാണ് അന്നൊരിക്കൽ ആ ബുക്കിൽ നിന്ന് പ്രസരിപ്പു നിറഞ്ഞ നോട്ടം കൊണ്ട് എന്റെ മനസിൽ പ്രതീക്ഷയുടെ വിളക്ക് കൊളുത്തിയത്.ഈ സ്വരമാണ് അന്ന് ആർത്തെക്കിൽ ആവേശത്തോടെ പാടിയത് ' ... എന്ന് ഗീത ബക്ഷി ഓർക്കുന്നു. ഇത്രയേറെ ഓർമ്മകളിലൂടെ, അനുഭവങ്ങളിലൂടെ ബീനയുടെ കാല മാറ്റങ്ങളിലൂടെ കണിശസഞ്ചാരം നടത്തിയ ഗീത ബക്ഷിക്ക് ഒപ്പം നിരന്ന ചങ്ങാതിക്കൂട്ടത്തെ ആദരവോടെ ഇവിടെ ചേർത്ത് വയ്ക്കുന്നു. കാരണം, പോരാട്ടങ്ങളുടെയോ ചെറുത്തു നിൽപ്പുകളുടെയോ തിരസ്ക്കാരങ്ങളുടെയോ തോറ്റു കൊടുക്കലുകളുടേതോ ആയ ജീവിതവഴിയിൽ തളരാതെ പിടിച്ചു നിൽക്കുക എന്നതിനുപരി അതിജീവിക്കാനുള്ള കരുത്താർജ്ജിക്കുക കൂടിയാണ് ഒരു സ്ത്രീ ചെയ്യേണ്ടത്. വാക്കുകൾ കൊണ്ടോ അവഗണനകൾ കൊണ്ടോ മനസിനെ തകർക്കാൻ ഒരുക്കൂട്ടി നടക്കുന്ന ചുറ്റുപാടുകളെ മൗനം കൊണ്ട് കരുത്തോടെ പ്രതിരോധിച്ച് സ്വസ്ഥാനം ഉറപ്പിക്കാൻ ഒരുവൾക്ക് ജീവിതത്തിലും സാഹിത്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തും തൊഴിലിടങ്ങളിലും അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ ചെറുതല്ല.




ഇവിടെയാണ് കെ.എ. ബീന എന്ന എഴുത്തുകാരിയായ പെൺകുട്ടിയിൽ നിന്ന് ഇന്ന് നാം കാണുന്ന കരുത്തുറ്റ സ്ത്രീയിലേക്കുള്ള ചുവടുമാറ്റത്തിലേക്ക് സൗഹൃദം വഴിയൊരുക്കിയത്.

'ബീന കണ്ട റഷ്യക്ക് 'ശേഷം എഴുത്ത് മേഖലയിൽ നിന്നും കെ.എ. ബീന മാറി നിന്നെങ്കിലും ഈ കൊച്ചു പുസ്തകം ബീനയെന്ന കുട്ടിയെ കാലങ്ങളോളം രേഖപ്പെടുത്തി.മുതിർന്നവരുടെ വായനയിലും അന്നും ഇന്നും ബീന ചെറിയ പെൺകുട്ടിയാണ്. യാത്ര ഇഷ്ടപ്പെടുന്ന ഈ പെൺകുട്ടി കണ്ണും കാതും മനസും തുറന്ന് വച്ച് നാസാ ഗ്രന്ഥികളെ വിടർത്തി വച്ച് യാത്ര ചെയ്ത ഓരോ ദേശത്തേയും നിഷ്ക്കളങ്കമായും വസ്തുനിഷ്ഠമായും അലങ്കാരമില്ലാതെയും ഭാഷാ ലാളിത്യത്തോടെ തുടർന്നും എഴുതി. ബീന കണ്ട റഷ്യ വന്നതിനു ശേഷം രണ്ടു പതിറ്റാണ്ടുകൾക്കിപ്പുറവും കെ.എ. ബീനയുടെ എഴുത്ത് തനത് മനോനിലയിൽ ഉറച്ചു നില്ക്കുന്നതായി കാണാം. അതു കൊണ്ടാവാം ബീന കണ്ട റഷ്യയെ കുറിച്ച് നാൽപത് വർഷങ്ങൾ

ക്ക് ശേഷം മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ എം.ടി.വാസുദേവൻ നായർ സംസാരിച്ചപ്പോൾ വാക്കുകൾ വാചാലമായത്. ബീനയെന്ന കൊച്ചു പെൺകുട്ടിയെ അത്രമേൽ എം.ടി. ചേർത്ത് പിടിക്കുന്നു എന്ന് ആ വാക്കുകൾ ബോധ്യപ്പെടുത്തുന്നു. 'ബീനയുടെ അനുഭവങ്ങൾ മാത്രമല്ല ഇത്. നമ്മുടെ കുട്ടികൾക്ക് അവരുടെ യാത്രകളും അനുഭവങ്ങളും ഇങ്ങനെ എഴുതാനും പുസ്തകമാക്കാനും പറ്റും.' എന്ന് എം.ടി. പറയുമ്പോൾ ബീന എന്ന കുട്ടിയെ പോലെ നമ്മുടെ വിദ്യാലയങ്ങളിൽ നിന്നും ധാരാളം കുട്ടികൾ ഉണ്ടാകേണ്ടതുണ്ട്. അതിന് വഴികാട്ടിയായി ബീനയും ബീന കണ്ട റഷ്യയും മുന്നിലുണ്ട് എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയായിരുന്നു.കലാകൗമുദി, കേരളകൗമുദി, ഗൃഹലക്ഷ്മി, ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഉദ്യോഗസ്ഥ ആകാശവാണി ,ദൂരദർശൻ ന്യൂസ് എഡിറ്റർ ,തുടങ്ങി ഔദ്യോഗികമായി അധികാരസ്ഥാനങ്ങളിലായിരിക്കുമ്പോഴും സൗഹൃദത്തിന്റെ ഊഷ്മളമായ ചുറ്റുപാടുകളും പൊട്ടിച്ചിരിക്കുന്ന സ്നേഹ ഭാഷണങ്ങളും കരുതലിന്റെ മൃദുസ്പർശനങ്ങളും കൊണ്ട് ഈ സ്ത്രീ എത്ര ഉയരത്തിലാണെന്നതിൽ അതിശയിക്കാനില്ല.

കൊച്ചു കുട്ടികൾക്ക് വേണ്ടി ധാരാളം എഴുതുന്ന ഈ എഴുത്തുകാരി കുട്ടിയായി പരിണമിക്കുന്നതിന്റെ നേർസാക്ഷ്യങ്ങളാണാ രചനകൾ .മകന് പറഞ്ഞു കൊടുത്ത കൊച്ചു കഥകളും അനുഭങ്ങളും കടന്ന് കാലിക പ്രസക്തമായ വിഷയങ്ങളിലേക്കും അനുഭവാന്തരീക്ഷത്തിലേക്കും ജീവിത സാഹചര്യങ്ങളിലേക്കും ഇന്നത്തെ കുട്ടികളെ എത്തിക്കാനും ചിന്തിപ്പിക്കാനും കെ.എ. ബീനയുടെ ബാലസാഹിത്യരചനകൾക്കാവുന്നുണ്ട്. 'ദി റിപ്പോർട്ടർ' കുട്ടികളുടെ അഭിരുചിക്കനുസരിച്ച്, രസകരമായി വായിക്കാവുന്ന കൗതുകം ജനിപ്പിക്കുന്ന രചനയാണ്. മാധ്യമ പ്രവർത്തനത്തെ കുറിച്ച് റിപ്പോർട്ടിങ്ങിനെ കുറിച്ച് ലളിതമായി രസകരമായി കെ.എ.ബീന പുസ്തകത്തിൽ കഥാരൂപത്തിൽ പറഞ്ഞു. അമ്മക്കുട്ടിയുടെ ലോകം, അമ്മക്കുട്ടിയുടെ സ്കൂൾ, അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ, മിലിയുടെ ആകാശം, എന്നീ ബാലസാഹിത്യരചനകൾ കുട്ടികളുടെ ലോകത്ത് ഈ എഴുത്തുകാരിയെ പ്രിയങ്കരിയാക്കുന്നു.

കൗമാരം കടന്നു വരുന്നത്, ശീതനിദ്ര, കഥകൾ എന്നീ ചെറുകഥാ സമാഹാരങ്ങളും ബഷീറിന്റെ കത്തുകൾ, ബഷീർ എന്ന അനുഗ്രഹം, കുട്ടിക്കാലം, പെരുമഴയത്ത്, തുടങ്ങിയ ഓർമ്മകളുടെ സമാഹാരങ്ങളും എന്താണ് സാനിറ്ററി പാഡിന്റെ അന്തിമ രഹസ്യം, ഭൂതക്കണ്ണാടി, അമ്മമാർ അറിയാത്തത്, കടന്നൽ എന്നീ ലേഖന സമാഹാരങ്ങളും ഡേറ്റ് ലൈൻ, ചരിത്രത്തെ ചിറകിലേറ്റിയവർ, റേഡിയോ കഥയും കലയും, വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നത് എന്നീ മാധ്യമ പഠനങ്ങളും ബ്രഹ്മപുത്രയിലെ വീട്, ചുവടുകൾ, നദി തിന്നുന്ന ദ്വീപ് എന്നീ യാത്രാവിവരണങ്ങളും കെ.എബീനയുടേ എഴുത്ത് ജീവിതത്തിന്റെ അടയാളപ്പെടുത്തലുകളാണ്. 'സാനിറ്ററി പാടിന്റെ അന്തിമ രഹസ്യം' എന്ന ലേഖനം ഉരുത്തിരിഞ്ഞു വന്നത് യാത്രാനഭവങ്ങളിൽ നിന്നു തന്നെയാണ്. എത്ര പുരോഗമനം പറയുമ്പോഴും സാങ്കേതിക തികവിൽ ജീവിക്കുമ്പോഴും ഇന്ത്യയിൽ തന്നെ പല സംസ്ഥാനങ്ങളുടെ ഉൾപ്രദേശങ്ങളിലും വെളിച്ചം കടന്നു ചെന്നിട്ടില്ല. കളിമണ്ണ് കൊണ്ട് ആർത്തവരക്തത്തെ തടഞ്ഞു നിർത്തുന്ന സ്ത്രീ സമൂഹം ഇന്ത്യയിൽ ഉണ്ട് എന്ന യാഥാർത്ഥ്യം നമുക്ക് വെറും അതിശയോക്തിയാവാം. എന്നാൽ സാനിറ്ററി പാഡ് എന്തെന്നറിയാത്ത, കാലികമായ മാറ്റങ്ങളെ ഉൾക്കൊള്ളാത്ത, സ്ത്രീയെ പൊതു ഇടങ്ങളിൽ ബഹിഷ്ക്കരിക്കുന്ന ഇടങ്ങളെ കുറിച്ച് വസ്തുനിഷ്ഠമായി എഴുതാൻ യാത്രാനുഭവം കൊണ്ടാകും.

*യാത്ര എത്ര വലിയ അനുഭവങ്ങളാണ് നൽകുന്നത്. കണ്ണും കാതും തുറന്ന് വച്ച് യാത്ര ചെയ്യുന്നത് ഒരു പെണ്ണാകുമ്പോൾ ആ യാത്രയിലെ ഇഷ്ടങ്ങളിലും കാഴ്ചകളിലും അനുഭവങ്ങളിലും എഴുത്തിലും എല്ലാം എന്തെങ്കിലുമൊക്കെ പ്രത്യേകതകൾ കാണില്ലേ?*

യാത്ര ഇഷ്ടപ്പെടുന്ന കെ.എ. ബീനയുമായുള്ള സംഭാഷണം അവരിലേക്കുള്ള വഴിയാണ്. 1977- 78 കാലയളവിലാണ്'ബീന കണ്ട റഷ്യ' എഴുതുന്നത്. അത് കഴിഞ്ഞ് ഇരുപത്തി അഞ്ച് വർഷത്തിനുശേഷമാണ് കെ.എ. ബീന ബ്രഹ്മപുത്രയിലെ വീട് എന്ന യാത്രാവിവരണം എഴുതുന്നത്. എന്നാൽ ബ്രഹ്മപുത്രയിലെ വീടും ബീന കണ്ടറഷ്യയും ഭാഷയിലും കയ്യടക്കത്തിലും ഏകതാനത നിലനിർത്തുന്നതായി കാണാം. അത് ഏത് കാലത്തും അപ്ഡേറ്റ് ചെയ്യപ്പെടുന്ന ഭാഷയാണ് താനും. താനെഴുതിയത് ആദ്യം സ്വയം വായിച്ച് രസിച്ചതിന് ശേഷമേ മറ്റൊരാൾക്ക് കൊടുക്കുകയുള്ളൂ എന്ന് തന്റെ എഴുത്തിനെ കുറിച്ച് പ്രസാദാത്മകമായി പറയുന്ന കെ.എ. ബീന തന്റെയുള്ളിൽ എപ്പോഴും ഒരു കുട്ടി ഉണർന്നിരിക്കുന്നുണ്ടെന്നും ആ കുട്ടിയെ തൃപ്തിപ്പെടുത്തുകയാണ് താൻ ചെയ്യുന്നതെന്നും പറയുന്നു. വായനക്കാരിയുടെ കൗതുകത്തോടെ, യാത്ര ഇഷ്ടപ്പെടുന്ന മനസോടെ കുറച്ച് നേരം കെ.എ ബീനയോട് സംസാരിച്ചതിങ്ങനെ ....

*കെ.എ ബീനയുടെ എഴുത്ത് ലോകം വലുതാണെങ്കിലും ബീന കണ്ട റഷ്യയ്ക്ക് ശേഷം വന്ന പല പുസ്തകങ്ങളും ശ്രദ്ധിക്കപ്പെടാതെ പോയതിന് കാരണം?*

'എന്റെ മനസിൽ ഒരു കുട്ടിയുള്ളത് കൊണ്ടാണ് എഴുതാനും യാത്ര ചെയ്യാനുമൊക്കെ പറ്റുന്ന

ത്. എന്റെ ജീവിതത്തിലും ഞാനിത് ഇഷ്ടപ്പെടുന്നു.രണ്ട് മുഖത്തോടെ എനിക്ക് ജീവിക്കാനാവില്ല. ഞാനെന്റെ ജീവിതം പൂർണമായും ജീവിക്കുന്നു. യാത്ര ചെയ്യുകയാണെങ്കിലും സൗഹൃദത്തിലാണെങ്കിലും സ്നേഹത്തിലാണെങ്കിലും ഞാൻ ഇതെല്ലാം കലർപ്പില്ലാതെ ചെയ്യുന്നു. അത് തന്നെയാണ് എന്റെ എഴുത്തും. എന്റെ മനസിന്റെ ഭാഷയിൽ ,എന്റെ സംസാരരീതിയിൽ തന്നെയാണ് ഞാൻ എഴുതുന്നത്.അതാണോ എന്റെ കുറവ്, അതുകൊണ്ടാണോ എന്റെ പുസ്തകങ്ങൾ ശ്രദ്ധിക്കപ്പെടാത്തത് എന്നെനിക്കറിഞ്ഞുകൂട. ബീന കണ്ട റഷ്യ ഇന്നും കുട്ടികളും മുതിർന്നവരും ഒരുപോലെ വായിക്കുന്നു. ഇന്നത്തെ കാലത്തെ പല എഴുത്തുകളിലും കാണുന്ന അലങ്കാരങ്ങളും ഗിമ്മിക്കുകളും കച്ചവട തന്ത്രങ്ങളും എനിക്കറിയില്ല.'

*സാനിറ്ററി പാഡിന്റെ അന്തിമ രഹസ്യം ലേഖനമാണെങ്കിലും യാത്രാനുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ചിന്തകളല്ലേ ആ എഴുത്തിന് പ്രേരണയായത്?*

അതെ .എന്റെ വലിയൊരു യാത്രയുടെ തുണ്ടാണത്. ഞാൻ ഇന്ത്യയിൽ ഒരു പാട് ഗ്രാമങ്ങളിലൂടെ യാത്ര നടത്തിയിട്ടുണ്ട്. അതിലൊരു യാത്രയിൽ അസംഗഢ് എന്ന ഗ്രാമത്തിലൂടെ സഞ്ചരിക്കുമ്പോൾ എനിക്ക് പിരീഡ്സ് ആയി. കയ്യിൽ സാനിറ്ററി പാഡ് ഇല്ല. അന്ന് ആ ഗ്രാമത്തിൽ ഒരു കടയിലും സാനിറ്ററി പാഡ് ലഭ്യമല്ല. അങ്ങനെയൊന്ന വർക്കറിയുകയേ ഇല്ല. ആ അനുഭവം എന്നെ ചിന്തിപ്പിച്ചു.ഇന്ത്യയിലെ പല സ്ത്രീകളും എങ്ങനെയാവും ജീവിക്കുക എന്ന ആ ചിന്തയിൽ നിന്നും അനുഭവത്തിൽ നിന്നുമാണ് സാനിറ്ററി പാഡിന്റെ അന്തിമ രഹസ്യം എന്ന ലേഖനം ഞാൻ എഴുതിയത്.

*യാത്രയുടെ അനുഭവങ്ങൾ നമ്മളിൽ പരിവർത്തനങ്ങളുണ്ടാക്കും.കെ.എ. ബീന എന്ന യാത്രക്കാരിക്ക് തന്റെ യാത്രകളെ കുറിച്ച് എന്താണ് പറയാനുള്ളത്?*

ആദ്യമൊക്കെ കാഴ്ച കാണാനാണ് ഞാൻ യാത്ര ചെയ്തത്.എന്നാൽ ഇപ്പോൾ അത്തരം ആസ്വാദനത്തിനപ്പുറം മനുഷ്യരെ കാണാൻ യാത്ര ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.ഇന്ത്യ യഥാർത്ഥത്തിൽ ഗ്രാമങ്ങളിലാണല്ലോ ജീവിക്കുന്നത്. അതുകൊണ്ട് ഇന്ത്യയിലെ ഗ്രാമങ്ങളെങ്ങനെ. അവിടുത്തെ ജനങ്ങളുടെ ജീവിതമെങ്ങനെ എന്നൊക്കെയാണ് ഇപ്പോൾ ഞാൻ യാത്രകളിൽ ഏറെ ശ്രദ്ധിക്കുന്ന കാര്യം. കോവിഡിന് മുന്ന് ഞാൻ ധാരാളം യാത്ര ചെയ്തിരുന്നു. മാതൃഭൂമി ഓൺലൈനിൽ ഞാൻ ചെയ്ത ഗ്രാമയാത്രകളെ കുറിച്ച് കോളം എഴുതുന്നുണ്ട്.

*യാത്ര ചെയ്യാൻ ഇഷ്ടപ്പെടുന്ന ധാരാളം സ്ത്രീകളുണ്ടെങ്കിലും പലർക്കും അവസരങ്ങളോ സാഹചര്യങ്ങളോ നിഷേധിക്കപ്പെടുകയല്ലേ?*

എന്നെ പോലെ ഇന്ത്യൻ ഗ്രാമങ്ങളിൽ പോയി അവരുടെ കൂടെ താമസിച്ച് അവരുടെ കാര്യങ്ങളിൽ ഇടപെട്ട് യാത്രചെയ്യുന്ന സ്ത്രീകൾ ഇപ്പോൾ ഉണ്ടോ എന്നറിയില്ല. എന്റെ കുടുംബത്തിൽ ഒരാളുപോലും കേരളം വിട്ടിട്ട് യാത്ര ചെയ്തു എന്ന് തോന്നുന്നില്ല. ഏതെങ്കിലും കുഞ്ഞമ്മ പാലക്കാട് ഒരു കല്യാണത്തിന് പോയിക്കാണും. അമ്മായി കോഴിക്കോട് വരെ ഒന്ന് പോയിക്കാണും .അതിനപ്പുറത്തേക്ക് അവരാരും പോയിട്ടില്ല. എന്റെ കൂട്ടുകാരും അങ്ങനെ തന്നെ .ഞാൻ കുറേ കൂട്ടുകാരെ കൊണ്ട് പോയിട്ടുണ്ട് പല സ്ഥലങ്ങളിലും. എന്റെ പല കൂട്ടുകാരെയും യാത്ര ചെയ്യാൻ ഞാൻ പ്രേരിപ്പിച്ചിട്ടുണ്ട്. എന്നെ ഞാനാക്കിയത് യാത്രകളാണ്. എന്തിനെയും സ്നേഹിക്കാനും എന്തിനെയും ഉൾക്കൊള്ളാനും ഏത് സാഹചര്യത്തിൽ ജീവിക്കാനും നമ്മൾ പഠിക്കുന്നത് യാത്രകളിലൂടെയാണ്. യാത്ര ആത്മീയമായ തലത്തിലാണ് പരിവർത്തനമുണ്ടാക്കേണ്ടത്. നമ്മൾ യാത്ര പോകുമ്പോൾ യാത്ര പോയ അതേ മനസോടെ തിരിച്ച് വന്നിട്ട് കാര്യമില്ലല്ലോ.ഏറ്റവും നന്നായി യാത്ര ചെയ്യാൻ പറ്റുന്നത് സ്ത്രീകൾക്കാണ്. പറിച്ചുനടുന്നിടത്ത് വേരുപിടിക്കാൻ സ്ത്രീക്ക് കഴിയും. നന്നായി അഡ്ജസ്റ്റ് ചെയ്യാനും സ്ത്രീക്ക് സാധിക്കും.എന്നാൽ ശരീരത്തിന്റേതായ ഭയങ്ങളാണ് പല സ്ത്രീകളെയും യാത്രയിൽ നിന്നും മാറ്റി നിർത്തുന്നത് എന്ന് തോന്നുന്നു.

ഞാൻ ബ്രഹ്മപുത്രയിലെ വീടും ചുവടുകളുമൊക്കെ എഴുതുന്ന കാലത്ത് സ്ത്രീകളിങ്ങനെയാത്ര ചെയ്യാറില്ല. അതു കൊണ്ട് ആ യാത്രകൾ എനിക്ക് വലിയ അനുഭവങ്ങളാണ്. എന്നാൽ ഇന്ന് ധാരാളം പെൺകുട്ടികൾ യാത്ര ചെയ്യുന്നുണ്ട്. ഞങ്ങളെ സഞ്ചാരിയാക്കിയത് കെ.എ ബീനയാണ് എന്ന് ഇന്ന് പല പെൺകുട്ടികളും പറയുന്നുണ്ട് എഴുതിയിടുന്നുണ്ട്. എന്റെ യാത്രകളും എഴുത്തും കേരളത്തിലെ സ്ത്രീകളെ അങ്ങനെ ചിന്തിപ്പിക്കാൻ സഹായകമായി എന്നതിൽ സന്തോഷമുണ്ട്.

വക്കുകളിൽ നിഷ്ക്കളങ്കത നിറച്ച് സൗഹൃദത്തിന്റെയും സഹാനുഭൂതിയുടെയും ആർദ്രതയോടെ ഈ വർത്തമാനം അവസാനിപ്പിക്കുമ്പോൾ കെ.എ ബീന എന്ന ഗിമ്മിക്കുകളില്ലാത്ത എഴുത്തുകാരിയിലേക്ക് ഉയരാൻ അവർക്ക് വഴിയൊരുക്കിയ യാത്രകളെ കുറിച്ച് വീണ്ടും ഓർത്തു പോകുന്നു. യാത്ര എഴുത്തുകാരിയാക്കിയ ഒരുവളുടെ ആർജ്ജവത്തിന് ജീവിതത്തിന്റെ ചൂടും ചൂരുമുണ്ട്.

ഞാൻ യാത്ര ആരംഭിക്കുകയാണ് എന്ന് കെ.എ ബീന ഉറച്ച് പറയുമ്പോൾ കേരളത്തിലെ പെണ്ണുങ്ങൾ പറയുന്നു 'നിങ്ങൾ ഞങ്ങളെ സഞ്ചാരികളാക്കി.' അതെ, സ്ഥലകാലങ്ങൾക്കും സമയ വേഗങ്ങൾക്കുമൊപ്പം യാത്ര പോകാൻ നമുക്കും ഒരുങ്ങാം..

പെൺപക്ഷം

# ഈ യുദ്ധം നമുക്ക് ജയിച്ചേ പറ്റൂ!



അജിത കെ.

മാർച്ച് 8 സ്ത്രീകൾക്കായുള്ള വർഷത്തിലെ ഒരേയൊരു ദിവസമാണ്. എല്ലാ വർഷവും ലോകമെമ്പാടുമുള്ള മൊത്തം സ്ത്രീപ്രസ്ഥാനങ്ങളും ഈ ദിനം വൈവിധ്യമാർന്ന വിധത്തിൽ ആചരിക്കുന്നു. സ്ത്രീകളുടെ അവകാശ പ്രഖ്യാപന ദിനമായതിനാൽ സത്യത്തിൽ ആ ദിനം ആഘോഷിക്കപ്പെടേണ്ടതാണ്. എന്നാൽ ആ ദിനമൊഴികെ മറെറല്ലാ ദിനങ്ങളിലും സ്ത്രീകൾക്കു നേരെ നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരിക്കുന്ന അതിനീചമായ ലൈംഗികാതിക്രമങ്ങളുടെ സാഹചര്യങ്ങൾ മാററങ്ങളൊന്നുമില്ലാതെ നില്ക്കുമ്പോൾ എങ്ങനെയാണ് നമുക്ക് ആഘോഷിക്കാൻ കഴിയുക?

ഇത്തവണത്തെ സ്ത്രീദിനം നമുക്കാഘോഷിക്കേണ്ടതുണ്ട്. 2017 ൽ 'സൂപ്പർ സ്റ്റാർ' ദിലീപിന്റെ ക്വട്ടേഷൻ സംഘത്തിന്റെ ക്രൂരവും നീചവുമായ ലൈംഗികാതിക്രമത്തിന് ഇരയാക്കപ്പെട്ട പ്രശസ്ത നടി ഭാവന, അഞ്ചു വർഷക്കാലത്തെ തന്റെ പീഡനപർവ്വം വെടിഞ്ഞുകൊണ്ട് ആത്മാഭിമാനത്തോടെ ലോകത്തോട് പ്രഖ്യാപിച്ചിരിക്കയാണ്, ഞാൻ വെറുമൊരു ഇരയല്ല, അതിജീവിതയാണ് എന്ന്.





എൻ.ഡി.ടി.വി.യിലെ 'വീ ദി പീപ്പിൾ' എന്ന പരിപാടിയുടെ പ്രഗൽഭ അവതാരക ബർഖാദത്തിന്റെ യൂട്യൂബ് ചാനലിന് നല്കിയ അഭിമുഖത്തിൽ ഭാവന വെളിപ്പെടുത്തിയ കാര്യങ്ങൾ ഹൃദയസ്പർശിയായിരുന്നു. നടൻ ദിലീപിന്റെ ക്വട്ടേഷൻ സംഘത്തിന്റെ നിഷ്ഠുരമായ ലൈംഗികാതിക്രമത്തിന് ഇരയാക്കപ്പെട്ട താൻ ഇക്കഴിഞ്ഞ അഞ്ച് വർഷങ്ങളിലൂടെ അനുഭവിച്ച മാനസികവ്യഥകൾ അവർ വിവരിച്ചു. താനാണ് കുറ്റവാളിയെന്ന അധമബോധത്തിന്റെ മുൾമുനയിൽ നിന്ന് എങ്ങനെ തെറ്റുകാരി താനല്ല, തന്നെ ആക്രമിച്ച ക്രിമിനൽ സംഘമാണെന്ന തിരിച്ചറിവിലെത്തിയത് എന്ന് ഭാവന വേദനയോടെ വിവരിച്ചു.

ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ച് മറ്റെല്ലാ കേസുകളിലും പ്രതിയാണ് താൻ കുറ്റം ചെയ്തിട്ടില്ല എന്ന് തെളിയിക്കേണ്ടതെങ്കിൽ ഇത്തരം ലൈംഗികാതിക്രമക്കേസുകളിൽ വാദിയായ, ഇരയാക്കപ്പെട്ട സ്ത്രീയാണ് താൻ നിരപരാധിയാണെന്ന് തെളിയിക്കേണ്ടത്. ഭാവന കോടതിമുറിയിൽ കടന്നുപോയ ആ പതിനഞ്ച് ദിവസങ്ങൾ എത്രമാത്രം ഭയാനകവും ആത്മാഭിമാനത്തെ കുത്തിമുറിവേല്പിക്കുന്നതുമായിരുന്നുവെന്ന് തുറന്നു പറയുന്നു. ആ കോടതിവിചാരണ കഴിഞ്ഞപ്പോഴാണ് താൻ ഇരയല്ല, അതിജീവിതയാണെന്ന തിരിച്ചറിവ് അവൾക്കുണ്ടായത്.

'നമ്മുടെ രാജ്യത്തെ നീതിന്യായ വ്യവസ്ഥയ്ക്ക് തെളിവുകൾ മാത്രം മതി. മനുഷ്യരുടെ വിചാരവികാരങ്ങൾക്കോ മനുഷ്യജീവനോ അവരുടെ നഷ്ടങ്ങൾക്കോ യാതൊരു പരിഗണനയും ലഭിക്കില്ല. ഇതെന്നെ വല്ലാതെ രോഷാകുലയാക്കുകയും വിഷമിപ്പിക്കുകയും ചെയ്തിരുന്നു.

പോരാടുവാനോ സ്വയം ശാക്തീകരിക്കുവാനോ എല്ലായ്പ്പോഴും എനിക്കു കഴിഞ്ഞിരുന്നില്ല. മറ്റു കാര്യങ്ങളിൽ ഇടപെട്ട് എല്ലാം മറക്കാൻ ശ്രമിക്കുക എന്നത് അത്ര എളുപ്പവുമായിരുന്നില്ല. പലതരം ട്രോമകളിലൂടെ കടന്നുപോകുന്നവരെ സംബന്ധിച്ച് അവ പൊതുസമൂഹത്തോട് തുറന്നു പറയുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ആ തുറന്നുപറച്ചിലുകളെ നാം സ്വാഭാവികരീതിയാക്കേണ്ടതുണ്ട്. തുറന്നുപറയാൻ പലരും കാണിക്കുന്ന ധൈര്യത്തെ നാം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ആ ധൈര്യം നോർമലൈസ് ചെയ്യപ്പെടണം.'

'ആ സംഭവത്തിനു ശേഷം എന്നെ സിനിമ രംഗത്തു നിന്നും വിലക്കുകയുണ്ടായി. അവസരങ്ങളൊന്നും ലഭിക്കാതെയായി. എങ്കിലും മറ്റു പല സുഹൃത്തുക്കളും എനിക്ക് അവസരങ്ങൾ നൽകാൻ തയ്യാറായിരുന്നു. സിനിമാ ഇൻഡസ്ട്രിയിലേക്ക് തിരിച്ചുവരാൻ ആവശ്യമായ പിന്തുണകൾ എനിക്ക് ലഭിച്ചിരുന്നു. പക്ഷെ കഴിഞ്ഞ അഞ്ചു വർഷക്കാലമായി എനിക്കൊരു വർക്കും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അത്രയും ഭീകരമായ ട്രോമകളിലൂടെയായിരുന്നു ഞാൻ കടന്നുപോയിക്കൊണ്ടിരുന്നത്. ഒന്നും സംഭവിച്ചില്ലെന്നു നടിച്ചു വീണ്ടും മലയാള സിനിമാ രംഗത്തേക്കു തിരിച്ചുവരാൻ എന്നെക്കൊണ്ടാവില്ലായിരുന്നു. മറ്റു പല ഭാഷകളിലും ഞാൻ തൊഴിൽ ചെയ്തിരുന്നു. മനസ്സമാധാനം ലഭിക്കും വരെ മലയാള സിനിമകളിൽ അഭിനയിക്കാൻ എനിക്കു കഴിയുമായിരുന്നില്ല. ഇപ്പോൾ ഞാൻ മലയാള സിനിമയിലേക്ക് തിരിച്ചുവരികയാണ്. ചില സ്ക്രിപ്റ്റുകൾ വായിച്ചു തുടങ്ങിയിട്ടുണ്ട്. ഞാൻ പോരാട്ടത്തിന്റെ പാതയിലാണ്. സ്ത്രീകൾക്കു വേണ്ടി ഞാൻ ഈ വഴി തുടർന്നേ പറ്റൂ. ഇതിന്റെ അവസാനം എന്തുതന്നെയായാലും പോരാട്ടം തുടരും.' വളരെ ആത്മവിശ്വാസത്തോടു കൂടി ഭാവന ഈ വാക്കുകൾ നിർത്തുന്നു. അതേ, കേരളത്തിലെ സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെ തലയുയർത്തിപ്പിടിക്കാം. ഈ നിമിഷം നമുക്ക് ഉറക്കെ പ്രഖ്യാപിക്കാം– ഞങ്ങളും നിങ്ങളോടൊപ്പമുണ്ട് ഭാവന! നമുക്കീ യുദ്ധം ജയിച്ചേ പറ്റൂ!

വഴിത്താരകൾ




**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# യുദ്ധം എന്ന മഹാദുഃഖം

## ഇയ കിവ എന്ന യുക്രേനിയൻ കവിയുടെ വരികളിലൂടെ

യുദ്ധം ഒരു ജനതയെ തകർത്തെറിയുമ്പോൾ മൊഴിമാറ്റം നിസ്സഹായതയുടെ കരച്ചിലും,സഹാനുഭൂതിയുടെ,ഐക്യപ്പെടലിന്റെ ആവിഷ്കാരവും ആയി മാറുന്നു.അത് കൊണ്ട് യുക്രൈനിൽ ഇപ്പോഴത്തെ യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു എത്രയോ മുൻപ് തന്നെ യുദ്ധ കവിതകൾ എഴുതിയ ഇയാ കീവയുടെ ഒരു കവിതയുടെ അത്ര കൃത്യമല്ലാത്ത പരിഭാഷ വഴിത്താരകൾ വായനക്കാർക്കായി സമർപ്പിക്കുന്നു. റഷ്യൻ/ യുക്രൈനിയൻ ഭാഷകളിൽ ഒരുപോലെ എഴുതുന്ന കവിയുടെ ഈ വരികളിൽ ബോറിസ് പാസ്റ്റർനാക്കിന്റെ നിഴലാട്ടം കാണാം.യുദ്ധത്തെ ദുഃഖമായി ധർമ്മപുരാണത്തിൽ മൊഴിമാറ്റിയ ഒ .വി വിജയനെ പ്രത്യേകം ഓർക്കുന്നു.






ഇയ കിവ

### ഈ ശവപ്പെട്ടി നിനക്കുള്ളതാണ്

ഈ ശവപ്പെട്ടി നിനക്കുള്ളതാണ് ആൺകുഞ്ഞേ, കിടക്കുക ഭയക്കാതെ,
ജീവനാം വെടിയുണ്ടയെ മുഷ്ടിയിൽ ചുരുട്ടിപ്പിടിച്ചു നീ
നോക്ക് , ഞങ്ങൾ മരണത്തിൽ വിശ്വസിച്ചില്ല
തകരത്തകിടുകളാണ് കുരിശുകൾ
കേൾക്കുന്നുണ്ടോ മണിഗോപുരങ്ങളുടെ പിഴുതെടുത്ത നാവുകൾ ?
ഞങ്ങൾ നിന്നെ മറക്കില്ലവിശ്വസിക്കൂ വിശ്വസിക്കൂ വി
നിൻ കുപ്പായകൈയ്യിൻ തുന്നലിലൂടെ വിശ്വാസത്തിൻ ചോര പൊടിയുന്നു
ഈ നശിച്ച ശൈത്യത്തിലും കാക്കി അടിമുടി അണിഞ്ഞ നിൻ
തൊണ്ടയിൽ കുരുങ്ങുന്നു പ്രാർത്ഥനാ മന്ത്രങ്ങളും സ്തുതിഗീതങ്ങളും
മഷി പുരണ്ട ഫെബ്രുവരി ഏങ്ങലടിച്ചു കരയുന്നു
മേശപ്പുറത്തു ഇറ്റുവീഴുന്ന മെഴുകുതിരി എരിഞ്ഞു കത്തുന്നു ...

ചർച്ചാവിഷയം

**ആർച്ച എൻ.ജി.**
കാനഡയിലെ
യൂണിവേഴ്സിറ്റി ഓഫ്
ബ്രിട്ടീഷ് കൊളംബിയയിൽ
ചരിത്ര വിഭാഗത്തിൽ
പി.എച്ച്.ഡി


# വാടക വീടുകളും ഉച്ച ഭക്ഷണവും :

## ജോൺ ഡിഡിയൻ പ്രൗസ്റ്റ് ചോദ്യാവലിക്ക് മറുപടി പറയുന്നു



ജോൺ ഡിഡിയൻ പ്രൗസ്റ്റ്

പത്തൊൻപതാംനൂറ്റാണ്ടിൽ പാരീസിലെ പാർലറുകളിൽ പ്രശസ്തമായിരുന്ന ഒരു കളി ആയിരുന്നു ഈ ചോദ്യാവലി. ഫ്രഞ്ച് ചിന്തകനും എഴുത്തുകാരനും ആയ മാർസെൽ പ്രൗസ്റ്റ് ഈ ചോദ്യാവലിക്കു ഉത്തരം നൽകിയതിലൂടെ ഇതിനു വലിയ പ്രശസ്തി നേടാൻ കഴിഞ്ഞു.ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതോടെ തങ്ങളെ പറ്റിയുള്ള ശരിയായ പ്രകൃതം മനസിലാക്കാൻ സാധിക്കും എന്ന് അദ്ദേഹം വിശ്വസിച്ചു.2009 ൽ വാനിറ്റിഫെയർ ഈ ചോദ്യങ്ങൾ നൂറോളം പ്രശസ്ത വ്യക്തികളോട് ചോദിക്കുകയും അതു പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. സ്നേഹം, മരണം, ആനന്ദം, ജീവിതത്തിന്റെ അർഥം എന്നിവ ആയിരുന്നു ഈ പ്രസിദ്ധീകരണത്തിന്റെകേന്ദ്രബിന്ദു. ഈ പുസ്തകത്തിൽ നിന്ന് ജോൺ ഡിഡിയൻ എന്ന എഴുത്തുകാരിയുടെ ഭാഗം ആണ് ഇവിടെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

ജോൺ ഡിഡിയൻ (ജനനം: 1934)ഒരു അമേരിക്കൻ നോവലിസ്റ്റും, പ്രബന്ധ രചയിതാവും, പത്ര പ്രവർത്തകയും ആയിരുന്നു. തെളിമയാർന്ന ഗദ്യവും ഒപ്പം സാമൂഹിക കലഹങ്ങളെ പറ്റിയുള്ള മൂർച്ചയേറിയ എഴുത്തും അവരെ പ്രശസ്തയാക്കി. Slouching Towards Bethlehem (1968), The Year of Magical Thinking (2005), The White

Album (1979)എന്നിവയാണ് അവരുടെ പ്രധാന കൃതികളിൽ ചിലത്. നാഷണൽ മെഡൽ ആർട്സ് അവാർഡ് ഉൾപ്പെടെ ധാരാളം ബഹുമതികൾ ലഭിച്ചു. 2021 ഡിസംബർ 23നു ന്യൂയോർക്കിൽ വെച്ച് അന്തരിച്ചു.

*എന്താണ് താങ്കളുടെ ഏറ്റവും വലിയ ഭയം?*

പാമ്പുകൾ. എനിക്ക് പാമ്പുകളോട് ഒരു അകാരണമായ ഭയമുണ്ട്. ഞാനും എന്റെ ഭർത്താവും ധാരാളം റാറ്റിൽ സ്നേക്കുകൾ (ഒരുതരം അമേരിക്കൻ വിഷപ്പാമ്പുകൾ) ഉള്ള ഒരു സ്ഥലത്തേക്ക് വീട് മാറിയപ്പോൾ, എല്ലാ ദിവസവും ഞാൻ ഹെർമോസ പാമ്പു വളർത്തൽ കേന്ദ്രത്തിലേക്ക് പോവുകയും അനാക്കോണ്ടകളെ നോക്കി നിൽക്കാൻ എന്നെ തന്നെ നിർബന്ധിക്കുകയും ചെയ്യുമായിരുന്നു. എന്റെ ഭയത്തെ മറികടക്കാൻ ഉള്ള ഒരു ശ്രമം ആയിരുന്നു അത്. അത് ഒരളവു വരെ പ്രാവർത്തികം ആവുകയും ചെയ്തു.പക്ഷെ കുറച്ചു നാളുകൾക്ക് ശേഷം എന്റെ ഗാരേജിൽ നിന്നും ഒരു പാമ്പ് (അത് ഒരു 'നല്ല' പാമ്പ് ആയിരുന്നു, അനാക്കോണ്ടയെ ഒക്കെ പോലെ വിഷമുള്ളത് ആയിരുന്നില്ല) എന്റെ കാറിലേക്ക് വീണു. അപ്പോൾ നാല് വയസുണ്ടായിരുന്ന എന്റെ മകൾ അത് എനിക്ക് കൊണ്ട് കാണിച്ചു തന്നു. പറയുന്നതിൽ നാണക്കേടുണ്ട്, പക്ഷെ ഞാൻ അവിടെ നിന്നും ഓടിപ്പോയി. ഇന്നും ഞാൻ ആലോചിക്കാറുണ്ട്, ഡ്രൈവ് ചെയ്തു തുടങ്ങിയതിൽ പിന്നെ പസഫിക് കോസ്റ്റ് ഹൈവേയിൽ വെച്ചാണ് ഞാൻ എന്റെ ഈ യാത്രക്കാരനെ കാണുന്നത് എങ്കിൽ എന്ത് സംഭവിക്കും എന്ന്.

*സ്വന്തം സ്വഭാവത്തിൽ ഏറ്റവും മോശമെന്ന് കരുതുന്ന കാര്യം എന്താണ്?*

ഞാൻ എല്ലാം മാറ്റി വെക്കും, വൈകിപ്പിക്കും. ഞാൻ കംപ്യൂട്ടറിൽ സോളിറ്റെയർ (ഒരു ചീട്ടു കളി ) കളിക്കും. ഞാൻ ഇടക്ക് ഒരു വിഷാദാത്മകമായ ആലസ്യത്തിലേക്ക് വഴുതിവീഴും. എനിക്കതിഷ്ടമല്ല, എന്നാലും അങ്ങനെ ഒരു സ്വഭാവം ഉണ്ട്.

*ഏതാണ് താങ്കളുടെ ഏറ്റവും പ്രിയപ്പെട്ട യാത്ര?*

ഒരുപാട് കാലം മുൻപ്, വിമാനത്തിൽ സിനിമ കാണിക്കാൻ തുടങ്ങുന്നതിനും ജനൽ മറകൾ അടക്കാൻ തുടങ്ങുന്നതിനും മുൻപ് എനിക്ക് പടിഞ്ഞാറേ ഭാഗത്തേക്ക്(അമേരിക്കയുടെ പടിഞ്ഞാറേ ഭാഗം) വിമാനത്തിൽ പോകാൻ വളരെ ഇഷ്ടമായിരുന്നു.താഴെ ചെസ്സ് ബോർഡുകൾ പോലെ, അറ്റമില്ലാതെ പരന്നു കിടക്കുന്ന വിളനിലങ്ങൾ കാണാൻ കഴിയുമായിരുന്നു. യൂറോപ്പിൽ നിന്ന് ലോസ് ഏഞ്ചലസിലേക്ക് ധ്രുവം വഴി പകൽ സമയം വിമാനത്തിൽ യാത്ര ചെയ്യുന്നതും എനിക്ക് പ്രിയമായിരുന്നു. ആ സമയത്ത് നമുക്ക് പൊങ്ങിക്കിടക്കുന്ന മഞ്ഞു മൂടിയ ദ്വീപുകൾ വളരെ സാവധാനത്തിൽ ഭൂമിയിലെ ഒരു തടാകം ആയി മാറുന്നത് കാണാൻ സാധിക്കും. വീക്ഷണത്തിൽ/കാഴ്ച്ചയിൽ ഉണ്ടാവുന്ന ഈ മാറ്റം എനിക്ക് വളരെ രസകരമായി അനുഭവപ്പെട്ടു.



*ഏതു അവസരത്തിൽ ആണ് താങ്കൾ നുണ പറയുന്നത്?*

കള്ളം എന്ന് പറയുന്നതിനെ എങ്ങനെ വ്യാഖ്യാനിക്കും എന്ന് അനുസരിച്ച് ഇരിക്കും അത്. ഒരു സന്ദർഭം സുഗമമാക്കാനോ മറ്റൊരാൾക്ക് സന്തോഷം കൊടുക്കുന്നതിന് വേണ്ടിയോ ഒക്കെ ആണെങ്കിൽ ഒരുപക്ഷെ, ഞാൻ സ്ഥിരമായി കള്ളം പറയും എന്ന് പറയാം. എന്റെ അമ്മ നുണ പറയാൻ ഒട്ടും കഴിയാത്ത ആളായിരുന്നു. ഒരിക്കൽ ഒരു ഭീകര കൊടുങ്കാറ്റിന്റെ ഇടയ്ക്കു ട ജ ഇ അ തെരഞ്ഞെടുപ്പിന് തനിക്കു പരിചയമുള്ള ഒരു ആൾക്ക് വോട്ട് ചെയ്യാൻ വേണ്ടി പോയി. ഞാൻ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചപ്പോൾ 'ഞാൻ ഡൊറോത്തിയോട് പറഞ്ഞു, ഞാൻ വോട്ട് ചെയ്യും എന്ന്' എന്നാണ് 'അമ്മ പറഞ്ഞത്. 'ഡൊറോത്തി എങ്ങനെ അറിയും അമ്മ വോട്ട് ചെയ്തോ എന്ന്' എന്ന് ഞാൻ ചോദിച്ചപ്പോൾ 'അതിൽ കാര്യമില്ല, ഞാൻ ചെയ്യും എന്ന് പറഞ്ഞതാണ്' എന്നാണ് അമ്മ പറഞ്ഞത്. പറയുന്നതിൽ വിഷമം ഉണ്ട്,പക്ഷെ ഞാൻ വളരെ അധികം അത്ഭുതപ്പെട്ടു പോയി അത് കേട്ടിട്ട്.

*നിങ്ങളുടെ ബാഹ്യ രൂപത്തിൽ നിങ്ങൾ ഇഷ്ടപ്പെടാത്തത് എന്താണ്?*

കുറച്ചു മുൻപ് വരെ, എനിക്ക് പൊക്കം ഇല്ല എന്നത് എനിക്ക് ഇഷ്ടമല്ലായിരുന്നു. എന്നാൽ ഇപ്പൊ അതുമായി ഞാൻ പൊരുത്തപ്പെട്ടു. എന്നാലും ഒരു അഞ്ചടി പത്തു ഇഞ്ച് പൊക്കം ഉണ്ടാവാൻ ആഗ്രഹമില്ല എന്നല്ല അതിനർത്ഥം. അങ്ങനെ ആയിരുന്നെങ്കിൽ നല്ല ഡിസൈനർ വസ്ത്രങ്ങൾ വാങ്ങിക്കാമായിരുന്നു.

*ഏറ്റവും അമിതമായിട്ട് ഉപയോഗിക്കുന്ന വാക്കുകൾ അല്ലെങ്കിൽ വാക്യങ്ങൾ എന്തൊക്കെയാണ്?*

മിക്ക എഴുത്തുകാരും ചില വാക്കുകളോ പദഘടനകളോ ഒക്കെ കൂടുതലായി ഉപയോഗിക്കും. ഒരിക്കൽ അത് സംഭവിച്ചാൽ, അത് അങ്ങനെ തന്നെ ഉറച്ചു പോവുകയും ചെയ്യും. എന്നാൽ അത് ഏതൊക്കെ ആണ് എന്ന് സ്വയം കണ്ടെത്തൽ ഒരു വലിയ ജോലിയാണ്.

*എവിടെ, എപ്പോഴാണ് നിങ്ങൾ ഏറ്റവും സന്തോഷവതി ആയിരുന്നത്?*

ഒരിക്കൽ എന്റെ ഡെമോക്രസി എന്ന നോവലിൽ, അതിലെ പ്രധാന കഥാപാത്രം ഐനെസ്വികൂർ ഇതേ ചോദ്യം സ്വയം ചോദിക്കുന്നുണ്ട്. എന്നാൽ അത് അവൾക്കു വളരെ ബുദ്ധിമുട്ടായിരുന്നു. ഒരു കാപ്പി കുടിച്ചു, സിഗററ്റ് വലിച്ചു, അവൾ അത് ആലോചിക്കുകയും ഈ ഒരു നിഗമനത്തിൽ എത്തുകയും ചെയ്യുന്നുണ്ട്– 'പിന്തിരിഞ്ഞു നോക്കുമ്പോൾ, അവൾ ഏറ്റവും സന്തോഷവതി ആയിരുന്നത് കടം വാങ്ങിയ വീടുകളിലും ഉച്ച ഭക്ഷണ സമയത്തും ആയിരുന്നു. ഒരിക്കൽ ചിക്കാഗോയിൽ മഞ്ഞു പെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ഹോട്ടൽ റൂമിൽ ഒറ്റക്ക് ഇരുന്ന് ഭക്ഷണം കഴിച്ചത് അവൾ ഓർത്തു. ജനൽ പാളികളിൽ വീണിരുന്ന



മഞ്ഞു നോക്കിക്കൊണ്ടിരിക്കുമ്പോൾ അവൾ വളരെ സന്തോഷവതി ആയിരുന്നു. മറ്റൊരിക്കൽ, പാരീസിൽ ഉച്ചഭക്ഷണം കഴിച്ചത് വളരെ അധികം വിശദാംശങ്ങളോട് കൂടി അവൾ ഓർമിച്ചു: മഴ പെയ്യവേ, ഹാരിയോടും ഇരട്ടകളോടും കൂടെ പ്രെകാറ്റലിൻ ൽ ഒരു വൈകിയ ഉച്ച ഭക്ഷണം. ' ഈ മധ്യാഹ്ന ഭക്ഷണങ്ങളും ,വാടകക്ക് എടുത്ത വീടുകളും ഉരുത്തിരിഞ്ഞത് യാദൃശ്ചികമായിട്ടല്ല.

*എന്ത് പ്രാഗൽഭ്യം ആണ് നിങ്ങൾക്ക് ഉണ്ടാവണം എന്ന് ഏറ്റവും ആഗ്രഹിക്കുന്നത്?*

ഇംഗ്ലീഷ് അല്ലാത്ത മറ്റു ഭാഷകളിലും നൈപുണ്യം ഉണ്ടാവണം എന്ന് അതിയായ ആഗ്രഹം ഉണ്ട്. എന്നാൽ അത് നടക്കില്ല എന്ന സത്യവുമായി ഞാൻ പൊരുത്തപ്പെട്ടു കഴിഞ്ഞു. ഒരുപാടു കാര്യങ്ങൾ ഇത് നടക്കുന്നതിനു വിലങ്ങു തടിയായി നിന്നു . അതിൽ ഒന്ന് ഒരു കഠിനമായ ഭയം ആണ്. ചെറുപ്പം മുതൽ തന്നെ എനിക്കുള്ള ഒരു ഗുണം നഷ്ടപ്പെടുമോ എന്ന ഭയം: ഇംഗ്ലീഷ് വാക്യങ്ങൾ എഴുതാൻ ഉള്ള കഴിവ്.

*നിങ്ങളെപ്പറ്റി ഒരു കാര്യം മാറ്റാൻ സാധിച്ചാൽ അത് എന്തായിരിക്കും?*

'ഒരു കാര്യം' എന്ന് പറഞ്ഞു തുടങ്ങുന്നത് അനേകം കാര്യങ്ങളിൽ എത്തും എന്ന് എനിക്ക് തോന്നുന്നു. അതിനാൽ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ സാധിക്കുന്നത് വളരെ അത്യാഗ്രഹം ഉള്ളവർക്ക് മാത്രം ആയിരിക്കും എന്നാണ് എന്റെ അഭിപ്രായം.

*എന്താണ് നിങ്ങളുടെ ഏറ്റവും വിലപിടിച്ച സ്വത്ത് ?*

എന്റെ മകൾ എനിക്ക് തന്ന സാധനങ്ങൾ ആണ് ഞാൻ ഏറ്റവും വിലപിടിച്ചവ ആയി കാണുന്നത്. ഉദാഹരണത്തിന്, Baby Animals and Their Mothers എന്ന പുസ്തകത്തിന്റെ ഒരു ചിത്രം. (ഇത് എന്റെ മേശപ്പുറത്തു ഉള്ളതുകൊണ്ട് ഞാൻ പെട്ടെന്ന് ഓർത്തു).

*താങ്കളുടെ അഭിപ്രായത്തിൽ ദുരിതത്തിന്റെ ഏറ്റവും അഗാധ ഗർത്തം എന്താണ് ?*

ഞാൻ സ്നേഹിക്കുന്ന മനുഷ്യരിൽ നിന്ന് വേർപെടുക എന്നതാണ് ഏറ്റവും വലിയ ദുരിതം. ജോലി ചെയ്യാതിരിക്കുക എന്നതും ഒരു ദുരിതം ആണ്. ഇവ രണ്ടും പരസ്പരം ചേർന്ന് പോകുന്നു.

*എവിടെ താമസിക്കാൻ ആണ് താങ്കൾ ഏറ്റവും ആഗ്രഹിക്കുന്നത്?*

എല്ലാ മാസവും വെവ്വേറെ സ്ഥലങ്ങളിൽ താമസിക്കാൻ ആണ് ഞാൻ ഇഷ്ടപ്പെടുന്നത്. ഇപ്പോൾ ഒവാഹുവിൽ ഉള്ള കൈലുവബീച്ചിൽ താമസിക്കാൻ ആണ് ഞാൻ ആഗ്രഹിക്കുന്നത്. നവംബറിൽ എനിക്ക് പാരീസിൽ താമസിക്കാൻ ആഗ്രഹം ഉണ്ടാവും എന്ന് ഏതാണ്ട് ഉറപ്പാണ്. അവിടെ തന്നെ, ബ്രിസ്റ്റോൾ ഹോട്ടലിൽ. എനിക്ക് ഹോട്ടലുകൾ വളരെ ഇഷ്ടമാണ്. ഞങ്ങൾ ലോസ് ഏഞ്ചൽസിൽ പല വീടുകളിൽ ആയി താമസിച്ചിരുന്നപ്പോൾ , ബെൽ-എയർ ൽ (ലോസ് ഏഞ്ചൽസ്ന്റെ പടിഞ്ഞാറേ ഭാഗം) ഒരു ബംഗ്ളാവ്എടുത്താൽ എത്രത്തോളം പണം ലാഭിക്കാം എന്ന് കണക്കുകൂട്ടുമായിരുന്നു. എന്നാൽ എന്റെ ഭർത്താവിന് അത് അത്ര ബോധ്യമായില്ല.

*ഏറ്റവും ഇഷ്ടപ്പെട്ട ജോലി എന്താണ്?*

എനിക്ക് ഗംബോ (ഒരു അമേരിക്കൻ ഭക്ഷണ വിഭവം) ഉണ്ടാക്കാൻ ഇഷ്ടമാണ്. എനിക്ക് ഉദ്യാനങ്ങൾ നോക്കാൻ ഇഷ്ടമാണ്. എനിക്ക് എഴുതാൻ ഇഷ്ടമാണ്, പ്രതേകിച്ച് അത് നന്നായി നടക്കുമ്പോൾ. ചിലപ്പോൾ, തോട്ടപ്പണിയും പാചകവും പോലെ തന്നെ സ്പർശനക്ഷമമായ കാര്യമാണ് എഴുത്തും എന്നതുകൊണ്ടാവാം.

*താങ്കളുടെ ഏറ്റവും ശ്രദ്ധേയമായ സ്വഭാവ വിശേഷം എന്താണ്?*

മറ്റുള്ളവരുടെ അഭിപ്രായ പ്രകാരം, എന്റെ ഏറ്റവും ശ്രദ്ധേയ വിശേഷണം ഞാൻ വളരെ മെലിഞ്ഞു ഇരിക്കുന്നു എന്നതാണ് എന്ന് തോന്നിയിട്ടുണ്ട്. എന്നാൽ എന്റെ അഭിപ്രായത്തിൽ, എന്റെ ശരീരത്തിന്റെ മെലിയൽ അല്ല, ഒരുതരം വിദൂരത ആണ് ഏറ്റവും പ്രത്യേകമായത്.ഞാൻ എപ്പോഴും ആലോചനയിൽ ലയിച്ചു അശ്രദ്ധമായി ഇരിക്കാറുണ്ട്.

*സാഹിത്യത്തിലെ ഏറ്റവും പ്രിയപ്പെട്ട നായക കഥാപാത്രം ഏതാണ്?*

ജോസഫ് കൊർണാർഡ്ന്റെ വികൂറി എന്ന നോവലിലെ ആക്സിൽ ഹെസ്ട് എന്ന കഥാപാത്രം എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. സുമാത്രയിലെ (സുമാത്ര ആണെന്നാണ് എന്റെ വിശ്വാസം, പക്ഷെ എന്റെ ഓർമ്മ ശക്തി വളരെ കുറവാണ്) ഒരു കപ്പൽ തുറമുഖത്തു നിൽക്കുന്ന ആ കാഴ്ച. അയാളുടെ ഒരു ഗംഭീരമായ ഉദ്യമം, ട്രോപ്പിക്കൽ ബെൽറ്റ് കോൾ കമ്പനി (Tropical Belt Coal Company) നശിച്ചുകൊണ്ടിരിക്കുന്നു . അപ്പോൾ അയാൾ വളരെ ധൈര്യപൂർവം ചിലതു ചെയ്യുന്നു. അത്തരം കാര്യങ്ങൾ ചെയ്യാൻ ഒരാൾക്ക് സാധിക്കുന്നത്, തന്നെ പ്പറ്റിയുള്ള വേവലാതികൾ പൂർണമായി മറികടക്കുമ്പോൾ മാത്രമാണ്.






ഡോ.ജാൻസി ജോസ്

# നമ്മുടെ മക്കൾ സ്വാതന്ത്ര്യം ശ്വസിക്കട്ടെ



വീടും കുടുംബവും മാത്രമായിരുന്ന ഇടത്തിൽ നിന്നും സ്ത്രീകൾ തങ്ങളുടെ ലോകം അതിരുകളില്ലാതാക്കിയിന്റെ തുടക്കം കുറിച്ചതിന്റെ ഓർമ്മപുതുക്കൽ മാർച്ച് എട്ടിന് നമ്മൾ നടത്തിക്കഴിഞ്ഞു.എന്നാൽ നമ്മൾ എന്നുപറഞ്ഞാൽ എത്ര പേർ എന്ന് ആരും കണക്കാക്കുന്നില്ലല്ലോ.അനേക ശതം സ്ത്രീകൾ പുറത്ത് അങ്ങനെയൊരു ലോകമുണ്ടെന്നുപോലും അറിയാത്തവരാണ്. നമ്മൾക്ക് സ്വാതന്ത്ര്യം കിട്ടിയെന്നു പറയാൻ ഒരുനിമിഷം ആലോചിക്കേണ്ടിവരും.കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന ഒരു കുടുംബമാണെങ്കിലും സ്ത്രീകളുടെ സ്ഥിതിക്ക് ഒരു മാറ്റവുമുണ്ടായിരിക്കില്ല.വിവാഹം കഴിക്കാൻ പോകുന്ന ഒരു സ്ത്രീ ആഭരണങ്ങളും ആടകളും അലങ്കാരങ്ങളും ന്യൂജൻ സ്റ്റൈലിൽ തന്നെ വാങ്ങിക്കൂട്ടും. വിവാഹ ചടങ്ങുകളും പരിഷ്കരിച്ച് പുതിയ ട്രെൻഡ് തന്നെ കൊണ്ടു വരും. സ്റ്റേജിൽ വെച്ച് 'നീയെൻ സ്വാമി' തുടങ്ങിയ പാട്ടുകൾക്ക് ചുവടുവെക്കും. ഇതൊക്കെ കാണുമ്പോൾ ഞാൻ കരുതാറുണ്ട് സുഹൃത്തുക്കളേ അടിപൊളി ജീവിതത്തിലേക്കാണ് ആ കുട്ടി കാലെടുത്തുവെക്കുന്നതെന്ന്. എവിടെ, നൂറ്റാണ്ടു പറയാൻ പോലും കഴിയാത്ത പഴഞ്ചൻ രീതികളിലേക്കാണ് ആ കുട്ടിയെ വിളക്ക് പിടിപ്പിച്ച് ആനയിക്കുന്നത്. ഇരുപതു വയസ്സുപോലുമാവാത്ത കുട്ടിയെ ഏതെല്ലാം തരത്തിൽ പീഡിപ്പിക്കുന്നു, സ്നേഹിക്കുന്നു എന്ന് അനുഭവിച്ചവർക്കു മാത്രമേ പറയാൻ കഴിയൂ.

വിവാഹസ്വപ്നങ്ങൾ സ്വപ്നങ്ങൾ മാത്രമായിരുന്നു എന്ന തിരിച്ചറിവിലേക്കെത്തുന്ന കുട്ടികൾ ഒരിക്കലും തല ഉയർത്താനാവാത്തവിധത്തിൽ നിസ്സഹായരായിട്ടുണ്ടാവും.ആരോടും ഒന്നും പറയരുത് എന്ന് പഠിപ്പിച്ചതുകൊണ്ട് തുറന്നുപറയാനും കഴിയാതെ പത്തുവർഷത്തിനിപ്പുറം ഡിപ്രഷന് മരുന്ന് കഴിച്ചു പോരുന്നു കുറച്ചു പേർ. ന്യൂജൻ കുട്ടികൾ അങ്ങനല്ലട്ടോ.സ്ത്രീവാദികൾ മുന്നോട്ടു വെക്കുന്ന വാദമുഖങ്ങളെയൊക്കെ നിരാകരിച്ച് അടിച്ചുപൊളിച്ചു ജീവിച്ചത് കൊണ്ട് ,പിന്നീടു ജീവിതത്തിനേൽക്കുന്ന അടി താങ്ങാതെ ജീവിതം വേണ്ടെന്നു വെക്കാൻ അല്പംപോലും മടിക്കാതെ തീരുമാനമെടുക്കുന്നു. കുടുബജീവിതത്തിൽ ഈ രണ്ടു സാധ്യതകളേ നമ്മെ കാത്തിരിക്കുന്നുള്ളൂ .എതിർത്ത് സമരംചെയ്ത്, പിടിച്ചുവാങ്ങിയെടുക്കേണ്ട ഒന്നുതന്നെയാണ് സ്ത്രീ സ്വാതന്ത്ര്യം എന്ന് അവരെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. വിവാഹത്തിനുമുമ്പ് എല്ലാ സ്വാതന്ത്യവും അനുഭവിക്കുക , ശേഷം വിരുദ്ധമായത് അനുഭവിക്കുക. സഹിക്കാൻപറ്റാത്തതാണെങ്കിൽ ജീവനുംകൊണ്ട് ഓടിപ്പോരാനെങ്കിലും പറഞ്ഞുകൊടുത്തുവിടണേ മക്കളെ പറഞ്ഞയക്കുമ്പോൾ. നമ്മുടെ മക്കൾക്ക് നമ്മളെങ്കിലും തുണയായി നിൽക്കണ്ടേ?

ചർച്ചാവിഷയം



**ഡോ. നീന ജോസഫ്**
മുൻ. ഐ.എം.ജി. ഫാക്കൽറ്റി.
സാമൂഹ്യവിഷയങ്ങളിൽ പഠനങ്ങളും ക്ലാസ്സുകളും നടത്തുന്നു.

# യുദ്ധകാല
# വനിതാദിന ചിന്തകൾ




രണ്ടായിരത്തിമുപ്പതിൽ സുസ്ഥിര വികസനം കൈവരിക്കാൻ പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണല്ലോ നാം. 2022 ലെ ഐക്യരാഷ്ട്രസഭയുടെ സൂത്രവാക്യം തന്നെ 'നാളത്തെ സുസ്ഥിര വികസനത്തിന് ഇന്ന് ലിംഗസമത്വം' എന്നാണല്ലോ.

യുദ്ധഭൂമിയിൽ പെട്ട സ്ത്രീകളുടെ കാര്യത്തിൽ, ഈ പതിനേഴ് ലക്ഷ്യങ്ങളിൽ പറയുന്ന കാര്യങ്ങൾ ഇന്ന് അവരുടെ ജീവിതത്തിൽ എങ്ങനെ അനുഭവപ്പെടുന്നു എന്ന് നോക്കാം. .ഭക്ഷണവും വെള്ളവും ഇല്ല. ബങ്കറിലെ പ്രസവം.. സ്ത്രീകൾക്കാണല്ലോ ശുചിത്വത്തിന്റെ കാര്യത്തിൽ വെള്ളം ഏറെ ആവശ്യം. സാനിട്ടറി പാഡില്ലാതെ വിഷമിക്കുന്നവർ. നമ്മുടെ നാട്ടിലെ പെൺകുട്ടികളെ സംബന്ധിച്ചെടത്തോളം അവരുടെ പഠിപ്പിന്റെ കാര്യത്തിൽ അനിശ്ചിതത്വം ആയി. ആൺകുട്ടികൾക്കും ഈ അവസ്ഥയുണ്ട്. പക്ഷെ നമുക്ക് ഊഹിക്കാം. പെൺകുട്ടികളുടെ പഠിപ്പാണ് മുറിഞ്ഞ് പോകാൻ കൂടുതൽ സാധ്യത. ഒരു രാജ്യത്തെ ഊർജ്ജസ്രോതസ്സുകൾ തകർക്കുക എന്നതാണല്ലോ യുദ്ധത്തിൽ ഒരു രാജ്യത്തെ ബാലഹീനപ്പെടുത്താൻ ഏറ്റവും ഫലപ്രദം. സ്വയം പ്രഖ്യാപിക്കുന്ന കർഫ്യൂ. തകർക്കപ്പെട്ടേക്കാവുന്ന ആണവനിലയം. യുദ്ധഭൂമികയിൽ ഉണ്ടായിക്കാണുമോ ലൈംഗികാതിക്രമങ്ങൾ?ഇനി ഉണ്ടാകുമോ? അനുഭവിക്കുന്നത് റഷ്യൻ വംശജ ആണെങ്കിലും ഉക്രയിൻ വംശജ ആണെങ്കിലും അതുളവാക്കുന്ന ഭീകര പ്രത്യാഘാതങ്ങൾ ഒന്ന് തന്നെയ

ല്ലേ? എത്രയോ വർഷങ്ങളുടെ കഠിനാദ്ധ്വാനത്തി ന്റെ ഫലമായ വസ്തു വകകൾ ആണ് ഒരു ഞൊ ടിയിടയിൽ കത്തി ചാമ്പലാവുന്നത്.

അതിസങ്കീർണമായ വലക്കണ്ണിപോലെ വർ ത്തിക്കുന്ന സാമ്പത്തികവും വിവരവിനിമയപരവും ആയ ശൃംഖലകളും തകർപ്പെടുന്നു. സൈബർ ആക്രമണമാണ് അത്യന്താധുനിക ആയുധം. യു ദ്ധത്തിൽ ഒരു വിധത്തിലും കാരണക്കാരല്ലാത്തവ രും ഇതിന്റെ തിക്തഫലം ഏറ്റു വാങ്ങേണ്ടി വരു ന്നു. സാമ്പത്തികഉപരോധം വഴി നാണയങ്ങളുടെ

രുകുന്നു. വനിതാ അഭയാർഥികളുടെ കാര്യമാണ് കൂടുതൽ കഷ്ടം. തങ്ങളുടെ ഉയിര് കൊടുത്തു പ രിരക്ഷിച്ച മക്കളും മറ്റും ജീവിച്ചിരിക്കുന്നോ എന്നു പോലും അറിയാതെ അല്ലെങ്കിൽ മുമ്പിൽ പിടഞ്ഞു വീഴുന്നത് കണ്ടു കൊണ്ട് ഓടിപ്പോന്നവർ ചിലർ. അഭയാർഥികൾ പലരും ജീവിത കാല സമ്പാദ്യമ ത്രയും ഉപേക്ഷിച്ചിട്ടാണ് എത്തുന്നത്. അഭയം കൊ ടുക്കുന്ന ചിലരെങ്കിലും പകരം അവകാശ ബോധ ത്തോടെ അവരുടെ ശരീരം കവരുന്നു. മരിക്കുന്ന ത് ഉക്രൈൻകാരായാലും റഷ്യാക്കാരായാലും പി



വിലയിടിയുന്നു. വ്യവസായവും തൊഴിലും അവ താളത്തിലാവുന്നു. യുദ്ധപൂർവ കാലത്ത് നില നി ന്നിരുന്ന അസമത്വങ്ങൾ വീണ്ടും വർദ്ധിക്കുന്നു. പലപ്പോഴും സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടാ കുമ്പോൾ സ്ത്രീകളുടെ ആവശ്യങ്ങളാണ് പിന്ത ള്ളപ്പെടുന്നത് , ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാ സം ഒക്കെ. യുദ്ധത്തിൽ ജയിച്ച രാജ്യത്തിലേയും , തോറ്റ രാജ്യത്തിലേയും മറ്റെല്ലാ രാജ്യങ്ങളിലേ യും. സത്യത്തിൽ യുദ്ധത്തിൽ ജയവും തോൽവി യും ഉണ്ടോ? ഉണ്ടാവുന്നത് എല്ലാവരുടെയും പരാ ജയം അല്ലേ? സുസ്ഥിര നഗരങ്ങളും സമൂഹങ്ങ ളും ലക്ഷ്യമിട്ട നമ്മൾ സർവ നാശം കണ്ട് അമ്പ രക്കുന്നു. ഒത്തൊരുമയോടെ ജീവിച്ചു വന്ന ജന ങ്ങൾ ചിതറുന്നു. ഇന്നലെ വരെ മിത്രങ്ങളായവർ ഇന്ന് ശത്രുക്കൾ ആവുന്നു. അഭയാർഥികൾ പെ

ടക്കുന്നത് അമ്മമാരുടെ, ഭാര്യമാരുടെ ഹൃദയങ്ങ ളാണ് .അനാഥരാവുന്നത് മനുഷ്യക്കുഞ്ഞുങ്ങളാ ണ്. ചലിക്കുന്ന ക്രിമട്ടോറിയം ആണ് പട്ടാളക്കാർ ക്ക് അകമ്പടി സേവിക്കുന്നത്. മരിച്ച പട്ടാളക്കാരു ടെ എണ്ണം പുറത്താവരുതല്ലോ. അന്ത്യോപചാര ങ്ങൾക്ക് പോലും അവസരം നിഷേധിച്ചു കൊണ്ടു ള്ള നൃശംസത. ഇതിനിടയിൽ മരിച്ചു വീഴുന്ന സ് ത്രീകളും കുഞ്ഞുങ്ങളും വൃദ്ധരും വികലാംഗരും. ഇതാണോ സുസ്ഥിരവികസനത്തിൽ പറയുന്ന wellbeing?

യുദ്ധം ആർക്കു വേണ്ടി? വിഷലിപ്തമായ പൗ രുഷഭാവത്തിന്റെ ആഘോഷമാണോ ഈ യുദ്ധം? മസിൽ പെരുപ്പിച്ചും, മൃഗങ്ങൾ ആയി മല്ലിട്ടും, ജൂ ഡോ ചെയ്തും, ആഴക്കടലിൽ മുങ്ങിയും രാജ്യ ത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ ജന്മമെടു

ത്ത ഒരു രക്ഷകന്റെ ഈഗോ ആണോ ഇത്? പതിനെട്ടാം നൂറ്റാണ്ടിലെ സാമ്രാജ്യത്വത്തിന്റെ തരിച്ചു വരവോ ഇത്? പഴയ ഒത്തുതീർപ്പുകൾ മറന്ന് കിഴക്കോട്ട് കിഴക്കോട്ട് വികസിച്ചു കൊണ്ടിരിക്കുന്ന നാറ്റോ കൂട്ടുകെട്ടുകൾ ഉയർത്തുന്ന അരക്ഷിതാവസ്ഥയോ? ന്യൂക്ലിയർ ബോംബിന്റെ പ്രയോഗം മാത്രമല്ല, അതിന്റെ ഭീഷണി ഉയർത്തുന്നതും തെറ്റാണ്, ഗാർഹികപീഡനത്തിൽ എന്ന പോലെ തന്നെ. സ്ത്രീകൾക്ക് ഈ അന്താരാഷ്ട്രനിയമം പെട്ടെന്നു മനസ്സിലാകും. കടലിനടിയിലെ ജീവൻ സുസ്ഥിര വികസനത്തിൽ പ്രധാനപ്പെട്ടതാണ്.കരിങ്കടൽ അതിർത്തികളിലെ രാജ്യങ്ങൾ നാറ്റോ അംഗങ്ങൾ ആയിമാറിയപ്പോൾ അതിന്റെ ഗർഭത്തിൽ പേ



റുന്ന ജീവികളെപ്പറ്റി ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? തന്ത്ര പ്രധാനമായ കടൽ എന്നത് മാത്രമായി ഇപ്പോൾ അതിന്റെ പ്രസക്തി. അയൽരാജ്യങ്ങൾ, കാൽ ചവിട്ടി നിന്ന് വെടിവെക്കാൻ ഉതകുന്ന ഭൂമി മാത്രം. അവിടെയുള്ളത് കാടാണോ, സംരക്ഷണം അർഹിക്കുന്ന പരിസ്ഥിതിലോല പ്രദേശമാണോ, ജൈവ വൈവിധ്യം ഉള്ള സ്ഥലമാണോ എന്നൊക്കെ ആർക്കറിയണം?

യുദ്ധത്തിന്റെ വില ആരാണ് കൊടുക്കേണ്ടത് എന്ന് നമുക്ക് വ്യക്തം.

ഈ കാർമേഘങ്ങൾക്കിടയിലും ഉണ്ട് വെള്ളി രേഖകൾ. യുദ്ധമുഖത്ത് പോകേണ്ടി വന്ന ഉക്രൈൻകാരന്റെ ഭാര്യയെയും രണ്ടു കുഞ്ഞുങ്ങളെയും വിട്ടു നാട്ടിലേക്കില്ല എന്ന് വാശിപിടിച്ച മലയാളി പെൺകുട്ടി, നാട്ടിലേക്കു എത്തപ്പെട്ടെങ്കിലും ഉക്രൈനിൽപെട്ടുപോയ സുഹൃത്തുക്കളപ്പറ്റി ആകുലപ്പെടുന്ന കൂട്ടുകാർ, രക്ഷാ പ്രവർത്തനത്തിൽ സർവാത്മനാ ഏർപ്പെടുന്ന പ്രവർത്തകർ.

വേണ്ടേ നമുക്ക് തീരുമാനങ്ങളിൽ ജനാധിപത്യം? തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ കയറി, സ്ഥാപനങ്ങളെ എല്ലാം നോക്കുകുത്തികളാക്കി ഒരു ഫാഷിസ്റ്റ് ഭരണക്രമം കാഴ്ച വെക്കുന്ന ഒരു ഭരണക്രമത്തിനു ബദലായി, പാർലമെന്റിൽ ഒരു ജൈവ വൈവിധ്യം ഒക്കെ വേണ്ടേ? പാലൂട്ടുന്ന അമ്മമാരും, കൈക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്ന പുരുഷന്മാരും ഉള്ള പാർലമെന്റുകളും ഉണ്ട് ഈ ലോകത്തിൽ, മനുഷ്യസൗഹൃദമായവ. ഇത്തരം ഒരു നിയമ നിർമാണ സംവിധാനത്തിൽ ഇരുന്നു ന്യൂക്ലിയർ ബോംബ് ഇടുന്നതിനെ പറ്റി ചർച്ച ചെയ്യാൻ പറ്റുമോ? സമാധാനവും നീതിയും വേണം. എല്ലാ രാജ്യങ്ങളും ഒരുമിച്ചു നിന്ന് നമ്മുടെ ഈ 'common home ' ന്റെ സുസ്ഥിരതക്ക് വേണ്ടി ചെയ്യാനുണ്ട് ഏറെ. തീർന്നിട്ടില്ല ആ മഹാമാരി. IPCC ( Inter Governmental Panel on Climate Change ) നമുക്ക് ബഹുമുഖദുരന്തത്തെപ്പറ്റി മുന്നറിയിപ്പ് തന്നിരിക്കുകയാണ്.ആൽബർട്ട് ഐൻസ്റ്റൈൻ പറഞ്ഞത് ഓർക്കാം 'I know not with what weapons World War III will be fought, but World War IV will be fought with sticks and stones" . സമാധാനത്തിനു വേണ്ടിയുള്ള തീവ്രയജ്ഞമാണ് ഇനി വേണ്ടത് . യുദ്ധക്കെടുതി ഏറ്റവും ബാധിക്കുന്ന സ്ത്രീകളുടെ നേതൃത്വത്തോടെ, അല്ലെങ്കിൽ തുല്യ പങ്കാളിത്തത്തോടെ എങ്കിലും. സുസ്ഥിര വികസനം സാധ്യമാകണമെങ്കിൽ, സ്ത്രീകളുടെ ജീവിതാനുഭവങ്ങളിൽ കൂടി യുദ്ധവും സമാധാനവും മനസ്സിലാക്കിയാലേ പറ്റൂ. സ്ത്രീ പുരുഷ തുല്യത ഇല്ലെങ്കിൽ ഈ മനസ്സിലാക്കൽ സാധിക്കുകയും ഇല്ല.



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# അറിയണം
# എസ്തർ മിറിയം സിമ്മർ ലെഡർബെർഗിനെ



അമേരിക്കൻ മൈക്രോബയോളജിസ്റ്റ്. ലാംഡാ ഫേജ് എന്ന, ബാക്റ്റീരിയകളെ ബാധിക്കുന്ന വൈറസ്സുകളെ കണ്ടെത്തി. ബാക്റ്റീരിയകളിലെ എഫ് പ്ലാസ്മിഡ് ഘടകവും തിരിച്ചറിഞ്ഞു.എന്നാൽ സ്ത്രീയായിപ്പോയതിന്റെ പേരിൽ മാത്രം തന്റെ കണ്ടുപിടിത്തങ്ങളുടെ ക്രെഡിറ്റ് കിട്ടിയില്ല. ഗവേഷണങ്ങൾ അംഗീകരിക്കപ്പെട്ടില്ല. അവിടെയും തീർന്നില്ല വിവേചനം. താൻ കൂടി നിർണ്ണായക പങ്കു വഹിച്ച ഗവേഷണങ്ങൾക്ക് ഗവേഷണ പങ്കാളിയും ജീവിത പങ്കാളിയുമായ ജോഷുവാ ലെഡർബെർഗ് 1958-ൽ വൈദ്യശാസ്ത്ര നൊബേൽ ജേതാവായി. ആ ഗവേഷകയുടെ പേരു നൊബേലിനു പരിഗണിക്കപ്പെട്ടില്ല എന്നു മാത്രമല്ല ഗവേഷണ നേട്ടവുമായി ബന്ധപ്പെട്ട് അവരുടെ പേരു പോലും പരാമർശിക്കപ്പെട്ടില്ല. അവഗണനയുടെയും വിവേചനത്തിന്റെയും കയ്പുനീർ ഏറെക്കുടിക്കേണ്ട വന്ന ആ ഗവേഷകയാണ് എസ്തർ മിറിയം സിമ്മർ ലെഡർബെർഗ്.

റൊമാനിയയിൽ നിന്ന് ന്യൂയോർക്കിലേക്ക് കുടിയേറിയ ഡേവിഡ് സിമ്മറിന്റെയും പൗളിൻ ഗെല്ലറുടെയും മകളായി 1922-ലാണ് എസ്തറിന്റെ ജനനം. കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അത്ര സുഖകരമൊന്നുമായിരുന്നില്ല ആ പെൺകുട്ടിയുടെ കുട്ടിക്കാലം. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഫ്രഞ്ച് ഭാഷയോ സാഹിത്യമോ പഠിക്കാൻ അധ്യാപകർ ഉപദേശിച്ചെ

ങ്കിലും ജനിതകശാസ്ത്രം പഠിക്കാനായിരുന്നു ആ പെൺകുട്ടിയുടെ ഉറച്ച തീരുമാനം. ഇതറിഞ്ഞ പലരും അമ്പരന്നു. കാരണം ശാസ്ത്ര വിഷയങ്ങൾ പഠിക്കുക, അതിൽ ഗവേഷണം നടത്തുക, നല്ല ജോലി നേടുക ഇതൊക്കെ സ്ത്രീകളെക്കൊണ്ട് നടക്കില്ല എന്ന ധാരണ വേരുറച്ചിരുന്നു സമൂഹത്തിൽ. ഇനി എന്തെങ്കിലും നേട്ടങ്ങൾ കൈവരിച്ചാൽത്തന്നെ സ്ത്രീകൾക്ക് അംഗീകാരം ലഭിച്ചിരുന്നുമില്ല.ഏതായാലും ന്യൂയോർക്ക് സിറ്റിയിലെ ഹണ്ടർ കോളേജിൽ സ്കോളർഷിപ്പോടെ പ്രവേശനം നേടിയ എസ്തർ മികച്ച നിലയിൽ ജനിതകശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി.



ബിരുദം നേടിയശേഷം വാഷിങ്ടണിലെ കാർണെജീ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് അസിസ്റ്റന്റ് ആയി. സ്റ്റാൻഫഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും വിസ്കോൺസിൻ സർവ്വകലാശാലയിൽ നിന്ന് ഡോക്റ്ററേറ്റും നേടി. തുടർന്ന് ഭർത്താവായ ജോഷുവാ ലെഡർബർഗിനൊപ്പം ബാക്റ്റീരിയകളുടെ ജനിതക രഹസ്യങ്ങൾ ചുരുൾ നിവർത്തുന്ന ഗവേഷണങ്ങളിൽ മുഖ്യ പങ്കാളിയായി. ലാംഡാ ബാക്റ്റീരിയാ ഫേജ്, ഇ.കോളി ബാക്റ്റീരിയകളിലെ പ്രത്യുല്പാദക സഹായ ഘടകമായ എഫ് ഫാക്റ്റർ ,മൈക്രോബയോളജിയിൽ ഏറെ പ്രാധാന്യമുള്ള റെപ്ലിക്ക പ്ലേറ്റിങ് തുടങ്ങി സുപ്രധാനമായ ഗവേഷണ നേട്ടങ്ങളാണ് 1950-കളിൽ എസ്തർ കൈപ്പിടിയിൽ ഒതുക്കിയത്. ഇതിൽ പല ഗവേഷണ പ്രബന്ധങ്ങളും ജോഷുവാ ലെഡർബെർഗുമായിച്ചേർന്നാണ് പ്രസിദ്ധീകരിച്ചത്. പ്രശസ്ത ശാസ്ത്രജ്ഞനായ ഭർത്താവിന്റെ തണലിൽ ഗവേഷകസഹായിയായി പ്രവർത്തിക്കുന്ന ഭാര്യ! അങ്ങനെയാണ് പലരും എസ്തറിനെ വിലയിരുത്തിയിരുന്നത്. അവരെ ഒരു സ്വതന്ത്ര ഗവേഷകയായിക്കാണാൻ ഗവേഷണ സ്ഥാപനങ്ങൾ പോലും തയ്യാറായില്ല. 1966-ൽ ഫേജ് ആന്റ് ദ് ഒറിജിൻ ഓഫ് മോളിക്കുലാർ ബയോളജി എന്ന പുസ്തകത്തിൽ ഒരു അദ്ധ്യായം എഴുതുന്നതിൽ നിന്നു പോലും എസ്തർ ഒഴിവാക്കപ്പെട്ടു. എസ്തറിന്റേതു കൂടിയായ ഗവേഷണ ഫലങ്ങൾക്ക് നൊബേൽ നേടിയ ജോഷുവാ ലെഡർബെർഗ് പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ തിളങ്ങിയപ്പോൾ അവഗണനയുടെ കൂരിരുട്ടിലായിരുന്നു എസ്തർ. സ്ത്രീഗവേഷകരുടെ നേട്ടങ്ങളുടെ ക്രെഡിറ്റ് പുരുഷഗവേഷകരിൽ മാത്രം അവരോധിക്കപ്പെടുന്ന

**ശാസ്ത്ര വിഷയങ്ങൾ പഠിക്കുക, അതിൽ ഗവേഷണം നടത്തുക, നല്ല ജോലി നേടുക ഇതൊക്കെ സ്ത്രീകളെക്കൊണ്ട് നടക്കില്ല എന്ന ധാരണ വേരുറച്ചിരുന്നു സമൂഹത്തിൽ. ഇനി എന്തെങ്കിലും നേട്ടങ്ങൾ കൈവരിച്ചാൽത്തന്നെ സ്ത്രീകൾക്ക് അംഗീകാരം ലഭിച്ചിരുന്നുമില്ല. ഏതായാലും ന്യൂയോർക്ക് സിറ്റിയിലെ ഹണ്ടർ കോളേജിൽ സ്കോളർഷിപ്പോടെ പ്രവേശനം നേടിയ എസ്തർ മികച്ച നിലയിൽ ജനിതകശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി.**

മെറ്റിൽഡ ഇഫക്റ്റിന്റെ നിഴൽ തന്നെയായിരുന്നു എസ്തറിനെയും കാത്തിരുന്നത്.1968-ൽ ജോഷുവായുമായുള്ള ദാമ്പത്യം അവസാനിപ്പിച്ച എസ്തർ പിന്നീട് മാത്യു സൈമൺ എന്ന എഞ്ചിനീയറെ വിവാഹം കഴിച്ചു.

ഗവേഷണരംഗത്തു മാത്രമല്ല ജോലിസംബന്ധമായും വിവേചനങ്ങൾ നിരവധി നേരിടേണ്ടി വന്നു എസ്തറിന്. അർഹതയും കഴിവുമുണ്ടായിട്ടും സ്റ്റാൻഫഡ് സർവ്വകലാശാലയിൽ തന്റെ യോഗ്യതയ്ക്കനുസരിച്ച് സ്ഥിരതയുമുള്ള ഔദ്യോഗിക പദവി ലഭിക്കാൻ അവർക്ക് ഏറെ പൊരുതേണ്ടി വന്നു. തനിക്കൊപ്പമുള്ള വനിതാ ഗവേഷകർക്കായി ശബ്ദിക്കാനും എസ്തർ തയ്യാറായി. പ്രതിസന്ധികളിലും വിവേചനങ്ങളിലും തളരാതെ ശാസ്ത്രഗവേഷണത്തെ ജീവവായുവായി കൊണ്ടുനടന്ന ആ ശാസ്ത്രജ്ഞ 2006 നവംബർ 11-ന് സ്റ്റാൻഫഡിൽ വച്ച് അന്തരിച്ചു.


AVT
QUALITY YOU CAN TRUST
SINCE 1925
AVT
Green tea
AVT
Select
AVT
PREMIUM
Nature's Cup
AVT
PREMIUM